ഒൻപതാം പദ്ധതി
ജനകീയ പദ്ധതി

വികസന റിപ്പോർട്ട്

കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങൾക്ക്
ജനകീയാസൂത്രണ പ്രസ്ഥാനം

"നമ്മളാണ് പ്രജകളും
നമ്മളാണ് ഭരണവും
നമ്മളാണ് നമ്മളുടെ
നന്മതിന്മ തീർക്കുക"

അധികാരം ജനങ്ങൾക്ക്
ഒൻപതാം പദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണ പ്രസ്ഥാനം

കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട്

കാരണവന്മാരുടെ യോഗത്തിൽ പങ്കെടുത്തവർ

തേരത്ത് രാമകൃഷ്ണപിള്ള

വി.കെ. പിള്ള

നാടിയൻപറമ്പിൽ മൈതീൻ കുഞ്ഞ്

കെ.ആർ. നാണു

കൊച്ചുവാഴപ്പള്ളി നാരായണപിള്ള

വി. ബാലകൃഷ്ണൻ

തേക്കേഅറ്റത്ത് രാജു

ഉണ്ണുണ്ണി

കെ. അപ്പുക്കുട്ടൻ പിള്ള

ഭാസ്കരൻ പിള്ള

ജി. അപ്പുക്കുട്ടൻ പിള്ള

പഠന പര്യടനത്തിൽ പെങ്കെടുത്തവർ

സൂസൻ കോടി

എസ്. രാധാകൃഷ്ണൻ

ടി. രാധാമണി

എൻ. അജയകുമാർ

എ. അബ്ദൽ ലത്തിഫ്

എ. അൻവർ

എസ്. ശശിധരൻ പിള്ള

അനിൽകുമാർ

കെ. വിജയമ്മ

ശോഭാ ജഗദപ്പൻ

അനുരാധാ സരസൻ

ഗാന്ധിസം എന്നൊന്നില്ല.
എന്റെ കാലശേഷം എന്നെ പിൻതുടരുന്ന
ഏതെങ്കിലുമൊരു പ്രത്യേക വിഭാഗം
ഉണ്ടായിരിക്കണമെന്നും
എനിക്കാഗ്രഹമില്ല. എന്തെങ്കിലും
പുതിയ തത്ത്വമോ സിദ്ധാന്തമോ
സ്വയം കണ്ടുപിടിച്ചതായി ഞാൻ
അവകാശപ്പെടുന്നില്ല.
സനാതന സത്യങ്ങൾ നമ്മുടെ
ദൈനംദിന ജീവിതത്തിലും
പ്രശ്നങ്ങളിലും എന്റെ സ്വന്തമായ
മാർഗ്ഗത്തിൽ കൂടി പ്രയോഗിച്ചു നോക്കുക
മാത്രമാണ് ഞാൻ ചെയ്തിട്ടുള്ളത്.

–ഗാന്ധിജിയുടെ ആത്മകഥയിൽ നിന്ന്

ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിലാണ്

–ഗാന്ധിജി

വിഷയ വിവരം

1. ആമുഖം
2. ചരിത്രപശ്ചാത്തലം
3. ഭൂപ്രകൃതി
4. കൃഷിയും ജലസേചനവും
5. മൃഗസംരക്ഷണം - മത്സ്യബന്ധനം
6. വിദ്യാഭ്യാസം
7. പൊതുജനാരോഗ്യം, കുടിവെള്ളം
8. വ്യവസായം
9. ഊർജ്ജം, ഗതാഗതം, മാർക്കറ്റ്
10. പാർപ്പിടം, സാമൂഹ്യക്ഷേമം
11. സംസ്ക്കാരം
12. വനിത
13. സഹകരണം
14. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം
15. വിഭവസമാഹരണം.

എഡിറ്റോറിയൽ ബോർഡ്

സൂസൻ കോടി

എം. സുഗതൻ

ആർ. രവീന്ദ്രൻപിള്ള

എസ്. രാധാകൃഷ്ണൻ

ജി. സത്യനേശൻ

കെ. പരമേശ്വരൻ പിള്ള

എൻ. സുരേന്ദ്രൻ

കെ. വിജയമ്മ

പി. സോമദത്തൻ

എൻ. സുഭാഷ്.

കരുനാഗപ്പള്ളി പഞ്ചായത്ത് അതിർത്തികളും വാർഡുകളും



നിലവിലുള്ള പഞ്ചായത്ത് കമ്മിറ്റി

സൂസൻ കോടി
പ്രസിഡന്റ്

റ്റി. രാധാമണി
വൈസ് പ്രസിഡന്റ്

ഏ. അജയകുമാർ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

എം. ഹമീദു കുഞ്ഞ്

എസ്. ശശിധരൻ പിള്ള

കെ.ജി. അജിത്കുമാർ

എച്ച്. സലീം

കെ. രാജു

ഡി. പൊന്നൻ

തങ്കമ്മ പുരുഷോത്തമൻ

എസ്. ഉണ്ണികൃഷ്ണപിള്ള

അനുരാധാ സരസൻ

ശോഭാ ജഗദപ്പൻ

മുനമ്പത്തു വഹാബ്

എ. അബ്ദൽ ലത്തീഫ്

കെ. കുമാരൻ
സെക്രട്ടറി

ആമുഖം

ആസൂത്രണ ചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം എഴുതി ചേർത്തുകൊണ്ട് വന്വിച്ച സാമൂഹ്യമുന്നേറ്റത്തിന് കളമൊരുക്കുകയാണ് നമ്മുടെ സംസ്ഥാനം. ജനപങ്കാളിത്തത്തോടെ താഴെതട്ടിൽനിന്നും ആസൂത്രണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരളസർക്കാർ ആവിഷ്കരിച്ച ജനകീയആസൂത്രണപരിപാടി വിജയകരമായി നടപ്പാക്കുവാൻ കരുനാഗപ്പള്ളി പഞ്ചായത്തിന്റേതായ പങ്ക് ആത്മാർത്ഥമായി നിറവേറ്റുന്നു.

നമ്മുടെ ചുറ്റുപാടുമുള്ള ഭൗതികവും സാമൂഹികവുമായ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാനും വ്യാഖ്യാനിക്കാനും അങ്ങനെ സ്വന്തം ഭാവിയെ സംബന്ധിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളാനും കിട്ടിയ അസുലഭമായ സന്ദർഭമാണിത്. ഒൻപതാം പദ്ധതിയുടെ മുഖമുദ്രയായ വികേന്ദ്രീകൃത ആസൂത്രണത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി സ്വന്തം ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമത്തിൽ നിരവധി പ്രവർത്തനങ്ങൾ ഈ പഞ്ചായത്ത് ഇതിനകം നിറവേറ്റിയിട്ടുണ്ട്. സംസ്ഥാന, ജില്ലാ തലങ്ങളിൽ പരിശീലകരെ പങ്കെടുപ്പിച്ച് പഞ്ചായത്തുതലത്തിൽ ശില്പശാലകൾ നടത്തി നിരവധി പ്രദേശികപരിശീലകരെ ജനകീയാസൂത്രണപ്രവർത്തനത്തിന്റെ വിജയത്തിനുവേണ്ടി പങ്കെടുപ്പിക്കുവാനും അനവധി തവണ യോഗംചേർന്ന് വികസനപ്രവർത്തനങ്ങൾക്കുള്ള ആക്കം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

ഒൻപതാം പദ്ധതിയുടെ രൂപവത്ക്കരണത്തിനുള്ള ജനകീയാസൂത്രണത്തിന്റെ ഒന്നാംഘട്ടമായ പഞ്ചായത്തു ഗ്രാമസഭകൾ ഈ പഞ്ചായത്തിലെ 15 വാർഡുകളിലും വർദ്ധമാനമായ ജനപങ്കാളിത്തത്തോടെ നടത്തി. അതതു പ്രദേശത്തെ വികസനപ്രവർത്തനങ്ങൾ തിട്ടപ്പെടുത്തുകയും സാദ്ധ്യമായ പരിഹാരനിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയുമാണ് ഗ്രാമസഭകളിൽ ചെയ്തത്. ഈ വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾക്കും, സാദ്ധ്യമായ പരിഹാരനിർദ്ദേശങ്ങൾക്കും കൂടുതൽ വ്യക്തത കിട്ടുവാൻ ദ്വിതീയ വിവര ശേഖരണം, പഠനപര്യടനം, കാരണവന്മാരുടെ പ്രത്യേക സമ്മേളനം തുടങ്ങിയവ സമയബന്ധിതമായി നടത്തി. ഒന്നാം ഘട്ടത്തിൽ നടത്തിയ വിശേഷാൽ ഗ്രാമസഭയിൽ വനിതകളുടെയും പിന്നോക്കവിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. സാക്ഷരതയെത്തുടർന്ന് നടപ്പാക്കിയ ഭൂസാക്ഷരതയുടെ ഭാഗമായി പഞ്ചായത്തിൽ നിർമ്മിച്ച വിഭവഭൂപടം പഞ്ചായത്തിലെ നിലവിലുള്ള വിഭവങ്ങളെ തിരിച്ചറിയുവാൻ ഒട്ടൊക്കെ സഹായിച്ചു. സാമ്പത്തിക- സാമൂഹിക സർവ്വേ കൂടി ഫലപ്രദമായി നടത്തിയിരുന്നു എങ്കിൽ ചിത്രം കുറേക്കൂടി വ്യക്തമാകുമായിരുന്നു. സമയച്ചുരുക്കം അതിനനുവദിച്ചില്ല.

വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ ആർജ്ജിക്കുന്ന അറിവും അനുഭവവും ഉപയോഗിച്ച് സമ്പത്തുൽപ്പാദനത്തിൽ പങ്കെടുത്ത് നാളിതുവരെ ഇല്ലാത്ത വിധത്തിൽ വിഭവങ്ങൾ ഉണ്ടാക്കുകയും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയും ചെയ്യുന്ന യജ്ഞത്തിൽ പഞ്ചായത്ത് സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ഗ്രാമത്തിന് കൂടുതൽ ശക്തിയും ചൈതന്യവും പ്രദാനം ചെയ്യത്തക്കവണ്ണം പഞ്ചായത്തുതല വികസനസെമിനാർ ആഘോഷപൂർവം സംഘടിപ്പിക്കുവാനും കർമ്മസമിതിയുടെ പ്രവർത്തനംവഴി പഞ്ചായത്തിന്റെ ഭാവി ചൈതന്യവത്താക്കുവാനും നാം ആത്മാർത്ഥമായി ശ്രമിക്കുന്നു.







അവലംബം : വിദഗ്ദ്ധപഠനം, സെന്സസ്

കരുനാഗപ്പള്ളി ഒറ്റ നോട്ടത്തിൽ

പഞ്ചായത്തിന്റെ പേര്	കരുനാഗപ്പള്ളി
സ്ഥാനം	ഉത്തര അക്ഷാംശം 9 ഡിഗ്രി 1 മിനിട്ടിനും 9 ഡിഗ്രി 4 മിനിട്ടിനും പൂർവരേഖാംശം 76 ഡിഗ്രി 30 മിനിട്ടിനും 76 ഡിഗ്രി 33 മിനിട്ടിനും മദ്ധ്യേ
റവന്യൂ വില്ലേജുകൾ	1. അയണിവേലിക്കുളങ്ങര 2. കരുനാഗപ്പള്ളി
ബ്ളോക്ക് പഞ്ചായത്ത് ഡിവിഷൻ	കരുനാഗപ്പള്ളി എ, ബി, സി.
ബ്ളോക്ക് പഞ്ചായത്ത്	കരുനാഗപ്പള്ളി
താലൂക്ക്	കരുനാഗപ്പള്ളി
ജില്ല	കൊല്ലം
അസംബ്ളി മണ്ഡലം	കരുനാഗപ്പള്ളി
വിസ്തീർണ്ണം	18. 65 ച. കി. മീറ്റർ
ജനസംഖ്യ	43801 (സ്ത്രീ: 22193. പു: 21608.)
വാർഡുകളുടെ എണ്ണം	15
പ്രസിഡന്റ്	ശ്രീമതി സൂസൻ കോടി
വൈസ് പ്രസിഡന്റ്	ശ്രീമതി ടി. രാധാമണി
സ്റ്റാ. ചെയർമാൻ	ശ്രീ. എ. അജയകുമാർ
അതിരുകൾ	വടക്ക്- കുലശേഖരപുരം പഞ്ചായത്ത് വടക്കുകിഴക്കും കിഴക്കും- തൊടിയൂർ പഞ്ചായത്ത് തെക്കുകിഴക്കും തെക്കും- പന്മന പഞ്ചായത്ത് പടിഞ്ഞാറ്- ആലപ്പാട് പഞ്ചായത്ത്

(പന്മന പഞ്ചായത്തും ആലപ്പാടു പഞ്ചായത്തും വട്ടക്കായൽ, കന്നേറ്റി കായൽ, കായംകുളം കായൽ എന്നിവയാൽ വേർപെട്ടു കിടക്കുന്നു.)

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

	സർക്കാർ	എയിഡഡ്	അൺഎയിഡഡ്
1. കോളേജ്	–	–	1
2. സാങ്കേതിക വിദ്യാഭ്യാസം	–	–	3
3. ഹയർ സെക്കണ്ടറി	1	–	–
4. സെക്കണ്ടറി	1	3	–
5. അപ്പർ പ്രൈമറി	4	1	–
6. ലോവർ പ്രൈമറി	5	2	1
7. നഴ്സറി	3	–	8

ആരോഗ്യ മേഖല

ആശുപത്രികൾ

	സർക്കാർ	സ്വകാര്യം
അലോപ്പതി	1	7
ഹോമിയോ	1	–
ആയുർവേദം	–	2
വെറ്റിനറി	1	–

ബാങ്കുകൾ

ദേശസാൽകൃതം	–	3	എൽ. ഐ. സി.	–	1
ഷെഡ്യൂൾഡ്	–	3	ഫിനാൻഷ്യൽ എന്റർപ്രൈസസ്	–	1
സഹകരണം	–	5	രജിസ്റ്റേഡ് സ്വകാര്യ ചിട്ടിസ്ഥാപനം	–	11
സഹകരണസംഘങ്ങൾ	–	17			

ഇതരസ്ഥാപനങ്ങൾ

പോസ്റ്റോഫീസ്	–	3	പോസ്റ്റൽ ഡെലിവറി കേന്ദ്രം	–	1
മാവേലി സ്റ്റോർ	–	1	ഹാൻഡ്ലൂം വ്യവസായയൂണിറ്റ്	–	1
ഖാദി വ്യവസായയൂണിറ്റ്	–	1	സിനിമാ തിയേറ്റർ	–	4
ആട്ട്-പൊടിപ്പു മില്ലുകൾ	–	9	തടി അറുപ്പു മിൽ	–	6
ഗ്രന്ഥശാലകൾ	–	5	ക്ളബ്ബുകൾ	–	26
ക്ഷേത്രങ്ങൾ	–	17	ടെലിഫോൺ എക്സ്ചേൻജ്	–	2
മുസ്ലിം പള്ളികൾ	–	5	കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ	–	1
ക്രിസ്ത്യൻ പള്ളികൾ	–	4	വില്ലേജാഫീസുകൾ	–	2
ടെലിഫോൺ ഓഫീസ്	–	2	മിനി സിവിൽ സ്റ്റേഷൻ	–	1
ഇലക്ട്രിസിറ്റി ഓഫീസുകൾ	–	2			

റോഡുകൾ

നാഷണൽ ഹൈവേ	–	2.5	കി.മീ.
പി. ഡബ്ളിയു. ഡി. റോഡുകൾ	–	8.5	കി.മീ.
പഞ്ചായത്ത് റോഡ്	–	178	കി.മീ.
തോടുകൾ	–	13	കി.മീ.
കുളങ്ങൾ - പഞ്ചായത്ത്	–	13	
ടി - സ്വകാര്യം	–	57	
ചാലുകൾ	–	12	
കിണർ - പഞ്ചായത്ത്	–	45	
ടി - സ്വകാര്യം	–	1386	

കടത്തുകൾ

പി. ഡബ്ളിയു. ഡി.	–	1
പഞ്ചായത്ത്	–	2
ബോട്ടുജെട്ടികൾ	–	3

ചരിത്ര പശ്ചാത്തലം

കരുനാഗപ്പള്ളിക്ക് കൊല്ലവർഷത്തേക്കാൾ പഴക്കമുണ്ട്. വേണാടിന്റെ പഴയകാല ചരിത്രം അജ്ഞാതമാണെങ്കിലും കൊല്ലവർഷാരംഭം മുതലുള്ള ചരിത്രരേഖകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. അതിൽ വേണാടിന്റെ അതിർത്തി തെക്ക് തിരുവന്തപുരം മുതൽ വടക്ക് കന്നേറ്റി വരെ വ്യാപിച്ചുകിടന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. കന്നേറ്റി, കരുനാഗപ്പള്ളി പഞ്ചായത്തിന്റെ തെക്ക് കിഴക്കേ അറ്റത്തായി ഇന്നും സ്ഥിതി ചെയ്യുന്നു.

പഴയ തിരുവിതാകൂർ സംസ്ഥാനത്തെ നാലു ഡിവിഷനുകളായി വിഭജിച്ചിരുന്നതിൽ കൊല്ലം ഡിവിഷനിൽ കരുനാഗപ്പള്ളി പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. ഡിവിഷൻ പേഷ്ക്കാരുടെ ഭരണത്തിലായിരുന്ന കരുനാഗപ്പള്ളി 1949 ൽ തിരു-കൊച്ചി രൂപം കൊണ്ടപ്പോൾ കൊല്ലം ജില്ലാകളക്ടറുടെ ഭരണത്തിലായി. അന്ന് കൊല്ലം ജില്ലയിൽ കൊല്ലം, കൊട്ടാരക്കര, പത്താനാപുരം, ചെങ്കോട്ട, കുന്നത്തൂർ, പത്തനംതിട്ട, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര, തിരുവല്ല, അമ്പലപ്പുഴ, ചേർത്തല എന്നിങ്ങനെ 12 താലൂക്കുകൾ ഉണ്ടായിരുന്നു. 1956 ൽ ഭാഷകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ പുനർവിഭജനം നടന്നപ്പോൾ ചെങ്കോട്ട മദിരാശി (ഇന്നത്തെ തമിഴ്നാട്) സംസ്ഥാനത്തിന്റെ ഭാഗമായി. അതോടൊപ്പം തിരുവല്ലയുടെ ഒരു ഭാഗം ചെങ്ങന്നൂർ താലൂക്ക് ആകുകയും ചെയ്തു. 1957 ൽ ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല എന്നീതാലൂക്കുകൾ ചേർന്ന് ആലപ്പുഴ ജില്ല നിലവിൽ വന്നു. 1983 ൽ പത്തനംതിട്ട ജില്ലയുടെ ആവിർഭാവത്തോടുകൂടി കൊല്ലം ജില്ലയിൽ കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, കുന്നത്തൂർ, കരുനാഗപ്പള്ളി എന്നീ അഞ്ചു താലൂക്കുകൾ മാത്രം അവശേഷിച്ചു.

ഉണ്ണനീലി സന്ദേശം, ശുകസന്ദേശം മുതലായ പ്രാചീനകൃതികളിൽ വേണാട്ട് രാജാക്കൻമാരെ കൂപകാധീശ്വരന്മാർ എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. ചോളരാജാക്കൻമാരുടെ ചില ശാസനങ്ങിൽ വേണാട്ടരചനെ കൂപകത്തരചൻ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂപകം എന്ന സംസ്കൃത പദത്തിന് പാമരം, തോണികൾ, കരയോട് ചേർത്തു കെട്ടുന്ന സ്തംഭം എന്നിങ്ങനെ അർത്ഥമുള്ളതുകൊണ്ട് വഞ്ചികളും കപ്പലുകളും അടുക്കുന്ന നാട് എന്ന വിവക്ഷയിലായിരിക്കാം വേണാടിന് കൂപകം എന്നുകൂടി പേരുണ്ടായത്. കരുനാഗപ്പള്ളിയുടെ തീരപ്രദേശം, കന്നേറ്റികടവ്, പണ്ട്യാലകടവ്, ചന്തക്കടവ് എന്നിവ ഇന്നും അതിന് തെളിവുകളാണ്. കൊല്ലവർഷം 474 വരെ വേണാട് വാണ ജയസിംഹന്ശേഷം അദ്ദേഹത്തിന്റെ സ്മരണ നിലനിറുത്തുന്നതിന് വേണാടിനെ ദേശിങ്ങനാട് (ജയസിംഹന്റെ നാട്) എന്നപേരിൽ അറിയപ്പെട്ടിരുന്നു.

കൊല്ലവർഷം 428 ന് മേൽ 474 വരെയുള്ള വേണാടിന്റെ ചരിത്രത്തിന് വ്യക്തമായ രേഖകളില്ല. 474 മുതൽ 488 വരെ നാടുവാണ സംഗ്രാമധീര രവി വർമ്മ വേണാട്ടുരാജാക്കൻമാരിലെ ഏറ്റവും പ്രതാപശാലിയായിരുന്നു. തിരുവന്തപുരം, ശ്രീരംഗം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും അദ്ദേഹത്തിന്റെ ശാസനങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ഇതിൽ നിന്നും ദേശിങ്ങനാടിന്റെ വ്യാപ്തി തെക്ക് തിരുവന്തപുരം വരെ എത്തിയതായി അനുമാനിക്കാം

ഏ.ഡി. 1720 ൽ മാർത്താണ്ഡവർമ്മ തിരുവതാംകൂറിന്റെ ഭരണാധികാരിയാകുമ്പോൾ വേണാട് നാല് ശാഖകളായി പിരിഞ്ഞു. തിരുവിതാംകൂർ, ദേശിങ്ങനാട്, ഇളയിടത്ത് സ്വരൂപം (കൊട്ടാരക്കര) പേരകം (നെടുമങ്ങാട്) എന്നിങ്ങനെ അവ അറിയപ്പെട്ടിരുന്നു.

മാർത്താണ്ഡവർമ്മ തിരുവിതാംകൂറിൽ അധികാരം ഏല്ക്കുമ്പോൾ ദേശിങ്ങനാട് ഭരിച്ചിരുന്നത് ഉണ്ണി ക്കേരളവർമ്മയായിരുന്നു. അദ്ദേഹം അക്കാലത്ത് ഒരു പ്രബലശക്തിയായിരുന്ന കായംകുളം രാജാവുമായി ദത്തെടുക്കൽ വഴി ബന്ധം സ്ഥാപിച്ചിരുന്നു. കായംകുളം രാജാവുമായുള്ള ബന്ധത്തിന്റെ ബലത്തിൽ മാർത്താണ്ഡവർമ്മയ്ക്ക് അവകാശപ്പെട്ടിരുന്ന കിഴക്കേക്കല്ലട അദ്ദേഹം സ്വന്തമാക്കി. ദത്ത് അസ്ഥിരപ്പെടുത്തണമെന്നും കല്ലട നിന്നും ഒഴിഞ്ഞു പോകണമെന്നും ദേശിങ്ങനാട് രാജാവിനോട് മാർത്താണ്ഡവർമ്മ ആവശ്യപ്പെട്ടു. ഉണ്ണിക്കേരളവർമ്മ കൂട്ടാക്കിയില്ല. തുടർന്ന് തിരുവിതാംകൂർ സൈന്യം ദളവ അറുമുഖൻപിള്ളയുടെ നേതൃത്വത്തിൽ കൊല്ലത്തേക്ക് നീങ്ങി. കായകുളം രാജാവിന്റെ മന്ത്രി അച്യുതവർമ്മയുടെ നേതൃത്വത്തിലുള്ള ദേശിങ്ങനാട് സൈന്യത്തെ നശിപ്പിച്ച് കൊല്ലം കീഴടക്കി. കായംകുളത്ത് നിന്നുള്ള ദത്ത് റദ്ദ് ചെയ്യാമെന്നും തിരുവിതാംകൂറിന് കപ്പം കൊടുത്തു കൊള്ളാമെന്നും ഉണ്ണിക്കേരളവർമ്മ സമ്മതിച്ചു. തന്റെ മരണശേഷം ദേശിങ്ങനാട് തിരുവിതാകൂറിനോട് ചേർത്തു

കൊള്ളാനും അദ്ദേഹം അനുവാദം നൽകി. എന്നിട്ടും മാർത്താണ്ഡവർമ്മ അദ്ദേഹത്തെ തിരുവന്തപുരത്ത് കൊണ്ടുപോയി വലിയ കോയിക്കൽ കൊട്ടാരത്തിൽ പാർപ്പിച്ചതിന് ശേഷം അറുമുഖൻപിള്ളയുടെ നേതൃത്വത്തിൽ തിരുവിതാംകൂർ സൈന്യം കരുനാഗപ്പള്ളി പിടിച്ചടക്കി.

കൊല്ലത്തേയും കരുനാഗപ്പള്ളിയിലേയും ഈ സംഭവങ്ങൾ കായംകുളം രാജാവിനെ ചൊടിപ്പിച്ചു. ഉണ്ണിക്കേരളവർമ്മയുടെ നഷ്ടപ്പെട്ട സിംഹാസനം വീണ്ടെടുത്തുകൊടുക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. കൊച്ചിയിലേയും പുറക്കാട്ടേയും വടക്കുംകൂറിലേയും രാജാക്കൻമാരുമായി ഒരു സഖ്യം ഉണ്ടാക്കി. ചാരൻമാർ മുഖേന ഉണ്ണിക്കേരളവർമ്മയുമായി ബന്ധപ്പെട്ടു. ഉണ്ണിക്കേരളവർമ്മ തടവിൽ നിന്നും രക്ഷപ്പെട്ട് കായംകുളം രാജാവുമായി സന്ധിച്ചു. കായംകുളം രാജാവിന് ഡച്ചുകാരുടെ സഹായവും ഉണ്ടായിരുന്നു. തുടർന്നുണ്ടായ യുദ്ധത്തിൽ കൊല്ലത്ത് വച്ച് മാർത്താണ്ഡവർമ്മ നേരിട്ട് നയിച്ച തിരുവിതാംകൂർ സൈന്യത്തെ പരാജയപ്പെടുത്തി ഉണ്ണിക്കേരളവർമ്മയെ വീണ്ടും രാജാവാക്കി. എങ്കിലും ഇടയ്ക്ക് വച്ച് കായംകുളം രാജാവ് കരുനാഗപ്പള്ളി കൈവശപ്പെടുത്തി.

പ്രതികാരദാഹിയായ മാർത്താണ്ഡവർമ്മ കൊല്ലവും കായംകുളവും ഒരേ സമയം ആക്രമിക്കുവാൻ തീരുമാനിച്ചു. യുദ്ധത്തിൽ കായംകുളം രാജാവിനെ വധിച്ചുവെങ്കിലും കൊല്ലവും കായംകുളവും തന്റെ അധീനതയിൽ കൊണ്ടുവരുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഇതിനിടെ ദേശിങ്ങനാട് രാജാവായ ഉണ്ണിക്കേരളവർമ്മ മരിക്കുകയും 1731 ലെ ദത്തനുസരിച്ച് കായംകുളത്തെ പുതിയ രാജാവ് കൊല്ലം ഉൾപ്പെടെയുള്ള പ്രദേശത്തെ രാജാവായി സ്വയം പ്രഖ്യാപിക്കുകയും ചെയ്തു.

തിരുവിതാംകൂറിന് ഭീഷണിയായി നിന്ന ഡച്ചുസൈന്യത്തെ 1741 ആഗസ്റ്റ് 10 ന് നടന്ന കുളച്ചൽ യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം ദയനീയമായി പരാജയപ്പെടുത്തി. കായംകുളം രാജാവുമായി തുടർന്നുണ്ടായ സംഘട്ടനത്തിൽ രാജാവിന് പിടിച്ചു നിൽക്കാൻ കഴിയാത്ത അവസ്ഥയിൽ സന്ധിക്ക് അപേക്ഷിച്ചു. 1742 ൽ മാന്നാറിൽ വച്ചുണ്ടായ സന്ധി അനുസരിച്ച് കായംകുളം രാജാവ് മാർത്താണ്ഡവർമ്മയുടെ സാമന്തനാകുകയും ദേശിങ്ങനാടു തിരുവിതാംകൂറിന് വിട്ടുകൊടുക്കുകയും ചെയ്തു. അങ്ങനെ വീണ്ടും കരുനാഗപ്പള്ളി മാർത്താണ്ഡവർമയുടെ ഭരണത്തിലായി.

1765 ൽ തെക്കൻ തിരുവിതാംകൂറിൽ തലക്കുളത്തെ ഒരു പുരാതനകുടുംബത്തിൽ ജനിച്ച തമ്പി വേലായുധൻ ചെമ്പകരാമൻ (വേലുത്തമ്പി) ഇന്ത്യയിലെ ബ്രിട്ടിഷ് ആധിപത്യത്തിനെതിരായ സമരത്തിന്റെ ആദ്യകാലനായകന്മാരിൽ പ്രമുഖനാണ്. വേലുത്തമ്പിയുടെ കാലത്ത് കൊല്ലമായിരുന്നു തിരുവിതാംകൂറിന്റെ ഭരണകേന്ദ്രം.

രാജ്യ.ത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ നിരന്തരം ഇടപെട്ടുകൊണ്ടിരുന്ന ബ്രിട്ടീഷുകാരേയും അവരുടെ പ്രതിനിധിയായ റസിഡന്റ് മെക്കാളെപ്രഭുവിനേയും അമർച്ച ചെയ്തു രാജ്യത്തിന്റെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുവാൻ തന്നെ അദ്ദേഹം തീരുമാനിച്ചു. ഇംഗ്ലീഷ്കാരോട് ശക്തിയായ വിദ്വേഷത്തിലായിരുന്ന കൊച്ചിരാജാവുമായി ധാരണയിലെത്തി. കമ്പനിക്കെതിരെ കലാപം ഉയർത്താൻ കൊച്ചിയിലെ മന്ത്രി പാലിയത്തച്ചൻ വേണ്ട സഹായം നല്കാമെന്ന് സമ്മതിച്ചു. തിരുവിതാംകൂറിന്റെ തെക്കും വടക്കും ഭാഗങ്ങളിൽ നിന്നും ഒരു പോലെ പടയാളികൾ കൊല്ലത്ത് എത്തുവാൻ ഏർപ്പാട് ചെയ്തതിന് ശേഷം വേലുത്തമ്പി ആലപ്പുഴ നിന്നും കൊല്ലത്തേക്ക് വരുമ്പോൾ കൊല്ലത്തേക്കുള്ള മാർഗ്ഗം നീണ്ടകര വച്ച് നിരോധിച്ചിരിക്കുന്നത് മനസ്സിലാക്കി. തുടർന്ന് കരുനാഗപ്പള്ളി, കൊട്ടാരക്കര, കുണ്ടറവഴി അദ്ദേഹം കൊല്ലത്ത് എത്തിച്ചേർന്നു.

രാജ്യത്ത് സംജാതമായ സ്ഥിതിവിശേഷം ജനങ്ങളെ അറിയിക്കാനും ഇംഗ്ലിഷ്കാർക്കെതിരായ സമരത്തിൽ അവരുടെ മുഴുവൻ സഹകരണവും നേടാനും അദ്ദേഹം 1809 ജനുവരി 16 ന് പ്രസിദ്ധമായ കുണ്ടറ വിളംബരം പ്രഖ്യാപിച്ചു.

ദേശിങ്ങനാട് രാജാക്കന്മാരായിരുന്ന ജയസിംഹനോടും കായംകുളം രാജാവിനോടും മാർത്താണ്ഡവർമ്മയോടും, രാമയ്യൻദളവ, വേലുത്തമ്പിദളവ എന്നീ ദേശാഭിമാനികളായ ഭരണാധികാരികളോടും സ്വാതന്ത്ര്യ സമര നായകരോടും കരുനാഗപ്പള്ളിയുടെ ചരിത്രം ബന്ധപ്പെട്ടിരിക്കുന്നു.

പടയ്ക്ക് ആവശ്യമായ നായകന്മാരേയും നായന്മാരേയും തെരെഞ്ഞെടുത്ത കരുനാഗപ്പള്ളിയിലെ പടനായർകുളങ്ങര ഇന്നും ചരിത്രസാക്ഷ്യമായി നിലകൊള്ളുന്നു. ദളവാമാർ താമസിച്ചു പടകളെ തിരഞ്ഞെടുത്ത ദളവാമഠങ്ങളും പടകൾക്ക് ആവശ്യമായ ആയുധാഭ്യാസം നൽകിയ തിരുവൂർ കളരി, കുറുങ്ങാട്ട് കളരി എന്നിവയുടെ അവശിഷ്ടങ്ങളിന്നും ഈ പഞ്ചായത്തിൽ കാണാം.

രാജാവിന്റെ പടയിലേക്ക് നായന്മാരേയും നായകന്മാരേയും തെരെഞ്ഞെടുത്തതിന്റെ പാരിതോഷികമായി വസ്തുക്കൾ കരമൊഴിവായി വിട്ടുകൊടുക്കുന്ന സമ്പ്രദായം കരുനാഗപ്പള്ളിയിൽ നിലനിന്നിരുന്നു. രാജകൊട്ടാരത്തിലേക്ക് ഉത്സവത്തിനും സദ്യക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനും മറ്റ് സേവനങ്ങൾക്കും വേണ്ടിയാണ് ഈ വിരുത്തി സമ്പ്രദായം ഏർപ്പെടുത്തിയത്. 1904 ൽ നിയമം മൂലം നായർ വിരുത്തി സമ്പ്രദായം അവസാനിപ്പിച്ചെങ്കിലും കൈവശക്കാർക്ക് കൈവശാവകാശം ലഭിച്ചു.

വാളും പരിചയും കൊണ്ടുള്ള പഴയ ആയോധനവിദ്യ കരുനാഗപ്പള്ളിയിൽ നിന്നും ലഭിച്ചിരുന്നു എന്നതിന്റെ തെളിവാണ് ഇന്നും അത് ഉത്സവചടങ്ങായി ഓച്ചിറ പടനിലത്തിൽ ആഘോഷിക്കുമ്പോൾ കരുനാഗപ്പള്ളിയുടെ പങ്കാളിത്തം.

പ്രാചീന ബുദ്ധപ്രതിമ കണ്ടുകിട്ടിയത് കരുനാഗപ്പള്ളി പഞ്ചായത്തിലെ മരുതൂർ കുളങ്ങരനിന്നാണ്. ഈ ബുദ്ധവിഗ്രഹം കൊണ്ട് ആകർഷിച്ച പള്ളിക്കലും കരുനാഗപ്പള്ളി മരുതൂർകുളങ്ങര തന്നെ. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പള്ളിക്കൽക്കാവ് ഇന്ന് സ്വകാര്യ വ്യക്തികളുടെ കൈവശമാണ്. പ്രസിദ്ധമായ പള്ളിക്കൽകുളം പഞ്ചായത്തിന്റെ അധീനതയിലും. പള്ളിക്കൽ കാവിൽ നിന്നും കണ്ടെടുത്ത ബുദ്ധപ്രതിമയായ പള്ളിക്കൽപുത്രനെ അന്നത്തെ കരുനാഗപ്പള്ളി തഹസീൽദാരായിരുന്ന തമ്പുരാൻ പടനായർകുളങ്ങര ക്ഷേത്രപരിസരത്തുസ്ഥാപിച്ചു. പ്രസ്തുത ബുദ്ധപ്രതിമയിൽ ദലൈലാമ പുഷ്പമാലചീർത്തിയിട്ടുണ്ട്. ഇന്നും ആ പ്രതിമ കൃഷ്ണപുരം പുരാവസ്തു പരിരക്ഷണ കേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുന്നു.

ഒരു കാലത്ത് ബുദ്ധജൈനമതങ്ങൾ കേരളത്തിൽ പ്രചരിച്ചിരുന്നു. അവയിൽ ബുദ്ധമതം സാർവത്രിക പ്രചാരം നേടി. അതിന്റെ കേന്ദ്രങ്ങളായിരുന്നു കരുനാഗപ്പള്ളിയും മരുതൂർകുളങ്ങരയും. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി താലൂക്കുകളുടെ ഭാഗങ്ങൾ ചേർന്നതായിരുന്ന കരുനാഗപ്പള്ളി ദേശവഴിയുടെ ആസ്ഥാനം മരുതൂർകുളങ്ങരയായിരുന്നു. കരുനാഗപ്പള്ളി ദേശത്തിലുൾപ്പെട്ട മരുതൂർകുളങ്ങര മഹാദേവർക്ഷേത്രം ഒരു കാലത്ത് ദേശവാഴികളുടെ ആഢ്യത്വത്തിന്റെ പ്രതീകമായിരുന്നു. അകവൂർ മനയ്ക്കലുമായി ബന്ധപ്പെട്ട പതിനായിരക്കണക്കിന് ഏക്കർ ഭൂമി ഈ ദേവസ്വത്തിനുണ്ടായിരുന്നു. ഇന്ന് അവയൊക്കെ കൈവശക്കാർക്ക് പതിച്ചു നൽകി. ക്ഷേത്രഭിത്തികളിൽ കാണുന്ന വട്ടെഴുത്തും ചുരുക്കെഴുത്തും പണ്ഡിതന്മാരുടെ പഠനത്തിനു വിധേയമായികൊണ്ടിരിക്കുന്നു. ബുദ്ധമതപ്രചാരത്തിന് തടയിടാൻ ഹൈന്ദവപുനരുദ്ധാരണ പ്രവർത്തകർ ഈ ക്ഷേത്രത്തെ ഉപയോഗിച്ചിരുന്നതായി ഐതിഹ്യം ഉണ്ട്.

മതത്തിന് അതീതമായി മനുഷ്യരെ സ്വീകരിക്കാനും ആദരിക്കാനും പൊതുവേ കരുനാഗപ്പള്ളിക്കാരിൽ കാണുന്ന വാസന ബുദ്ധമത പാരമ്പര്യത്തിൽ നിന്നും ലഭിച്ചതാണ്..

കേരളത്തിലെ ഒരു പെരുമാൾ ഇസ്ലാംമതം സ്വീകരിച്ചതായി നാം കേട്ടിട്ടുണ്ട്. എ.ഡി. 8-ാം ശതകത്തിൽ ഇസ്ലാം മതം കേരളത്തിൽ എത്തിയതായി വിശ്വസിക്കപ്പെടുന്നു. റഹ്ലത്തുൽ മുലൂക്കിൽ പറയുന്നതനുസരിച്ച് ആദ്യകാലത്ത് കേരളത്തിൽ സ്ഥാപിച്ച 18 പള്ളികളിൽ രണ്ടെണ്ണം കൊല്ലത്തായിരുന്നു. കൊല്ലവും കരുനാഗപ്പള്ളിയും ദേശിങ്ങനാട്ടിൽ ഉൾപ്പെട്ടിരുന്നതാകയാൽ ഇസ്ലാംമതം സ്വഭാവികമായി കരുനാഗപ്പള്ളിയിൽ എത്തിയിരുന്നു. പേരുകേട്ട കരുനാഗപ്പള്ളി സിയാറത്തു പള്ളിയും ഐതിഹ്യങ്ങളുടെ കലവറയായ വായാറത്തു പള്ളിയും കരുനാഗപ്പള്ളി പഞ്ചായത്തിന്റെ മുതൽക്കൂട്ടാണ്.

ഐതിഹ്യമനുസരിച്ച് എ.ഡി. 52 ൽ കേരളത്തിൽ വന്ന തോമാശ്ലീഹ ഇവിടെ സ്ഥാപിച്ച ഏഴരപ്പള്ളികളിൽ ഒന്നു കൊല്ലത്തായിരന്നു. തോമാശ്ലീഹ കൊല്ലത്ത് സ്ഥാപിച്ചതായി പറയുന്ന പള്ളി ഇന്നില്ല. പറങ്കികൾ കൊല്ലത്തെത്തി ദേശിങ്ങനാടിന്റെ പലഭാഗത്തും പള്ളികൾ സ്ഥാപിച്ചു. അതിലൊന്ന് ഇന്നും കുറഞ്ഞോരു കാലം മുമ്പ് വരെ കരുനാഗപ്പള്ളി വില്ലേജിലുൾപ്പെട്ടിരുന്നതും ഇപ്പോൾ ആലപ്പാടു പഞ്ചായത്തിൽ പണ്ടാരത്തുരുത്തിൽ സ്ഥിതി ചെയ്യുന്നതുമായ പോർട്ടുഗീസ് പള്ളിയാണ്. അതിന്റെ തുടർച്ചയായി മരുതൂർകുളങ്ങര ത്രി രാജപുരം പള്ളിയും സ്ഥിതിചെയ്യുന്നു. റോമൻകത്തോലിക്ക്, സിറിയൻ ക്രിസ്റ്റ്യൻ തുടങ്ങി ക്രിസ്തീയ വിഭാഗത്തിന്റെ നിരവധി ദേവാലയങ്ങൾ ഈ പഞ്ചായത്തിന്റെ പൗരാണിക സംസ്ക്കാരത്തിന്റെ ഭാഗമായി ഇന്നും നിലകൊള്ളുന്നു.

നാം വിശദീകരിച്ച ചരിത്ര വസ്തുതകളിലും അവയുടെ വിശദീകരണങ്ങളിലും കരുനാഗപ്പള്ളിയുടെ നൂറ്റാണ്ടുകളിലൂടെയുള്ള സംസ്ക്കാര പരിണാമത്തിന്റെ ബാഹ്യരേഖകൾ കാണാം.

ശ്രീ നാരായണ ഗുരുവിന്റെയും ശ്രീ ചട്ടമ്പിസ്വാമികളുടേയും ആർഷപ്രഭാവം ഈ പഞ്ചായത്തിനെ

ധന്യമാക്കിയിട്ടുണ്ട്. ജീർണ്ണിച്ച ചാതുർവർണ്ണ്യത്തിന് എതിരായി സാർവ്വലൗകീക മനുഷ്യസമത്വത്തിന്റെ പ്രചോദനമായ സന്ദേശങ്ങൾ അവരുടെ വേദാന്തചിന്തകളിൽ പ്രസരിക്കുകയുണ്ടായി. ഇതിനുതക്ക വണ്ണം കരുനാഗപ്പള്ളിയെ പാകപ്പെടുത്താൻ ഗുരുസ്വാമിയും ചട്ടമ്പിസ്വാമിയും യശഃശരീരനായ പന്നിശ്ശേരി നാണുപിള്ളയുടെ പഠനകളരി സന്ദർശിച്ചു അനുഗ്രഹിച്ചിട്ടുണ്ട്. അവർണ്ണർക്ക് കൂടി ക്ഷേത്രപ്രവേശനം അനുവദിക്കണമെന്നുള്ള അവകാശ വാദം തിരുവിതാംകൂറിൽ ആദ്യമായുയർന്നത് ഇവിടെ നിന്നാണ്.

തിരുവിതാം കൂറിലെ സാമൂഹിക പരിവർത്തനത്തിലും രാഷ്ട്രീയ സംഭവവികാസങ്ങളിലും നിർണ്ണായക പങ്കു വഹിച്ച നിവർത്തന പ്രക്ഷോഭത്തിന് മൂർച്ച കൂട്ടിയത് ഇവിടെ നിന്നാണ്. നിവർത്തനമെന്നാൽ പിൻമാറി നിക്കൽ എന്നാണർത്ഥം. സാരാശംത്തിൽ അതൊരു നിസ്സഹകരണ പ്രസ്ഥാനം തന്നെയായിരുന്നു.

1886 ൽ തിരുവിതാംകൂറിൽ ശ്രീമൂലം പ്രജാസഭ ആരംഭിച്ചു. അതിൽ ഹിന്ദു സമുദായത്തിലെ ഈഴവർ തുടങ്ങിയ പിന്നോക്ക വിഭാഗങ്ങൾക്കും മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും നാമമാത്രമായ പ്രാതിനിധ്യം പോലും ഉണ്ടായിരുന്നില്ല. യോഗ്യതയുണ്ടായിരുന്നിട്ടും പിന്നോക്ക സമുദായങ്ങൾക്ക് സർക്കാർ ജോലി നിഷേധിക്കപ്പെട്ടു. പ്രജാസഭയിലേയും സർക്കാർ സർവ്വീസിലേയും ഈ അവഗണനയ്ക്കെതിരെ ശബ്ദമുയർത്തിയവരിൽ ഏറ്റവും കൂടുതൽ പീഡനം അനുഭവിച്ച ധീരദേശാഭിമാനിയാണ് യശഃശരീരനായ കോപണിക്കത്ത് കൊച്ചുവേലുപിള്ള. യശഃശരീരരായ കൃഷ്ണദാസ്, രാമചന്ദ്രദാസ് എന്നിവരും ഈ രംഗത്ത് ആദരണീയരായ പ്രവർത്തകരായിരുന്നു.

സാമൂഹിക പ്രവർത്തനങ്ങളുടെ ചരിത്രരേഖകളിൽ സുവർണ്ണലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ടതാണ് കരുനാഗപ്പള്ളിയുടെ അഭിമാനസ്തംഭമായ സി. എസ്. സുബ്രഹ്മണ്യൻപോറ്റിയുടെ നാമധേയം. നമ്പൂരി സമുദായത്തെ പരിവർത്തനത്തിന്റെ പാതയിലേക്ക് നയിക്കുവാൻ വി.ടി. ഭട്ടതിരിപ്പാടും, ഇ.എം.എസ്സും ഇറങ്ങി തിരിക്കുന്നതിന് മുമ്പ് തന്നെ സി. എസ്സ് സുബ്രഹ്മണ്യൻപോറ്റി കുമാരമംഗലത്ത് നീലകണ്ഠൻ നമ്പൂതിരിപ്പാടിനൊപ്പം ആ പ്രവർത്തനത്തിന് തുടക്കമിട്ടിരുന്നു. അധ്യാപകൻ, ഗ്രന്ഥകർത്താവ്, സാഹിത്യനായകൻ, സാമൂഹ്യപരിഷ്കർത്താവ് അതിലുപരി കറപുരളാത്ത മനുഷ്യസ്നേഹി എന്നീ നിലകളിൽ കരുനാഗപ്പള്ളിയും കേരളവും നിറഞ്ഞുനിന്ന സി. എസ്സ് സുബ്രഹ്മണ്യൻപോറ്റിയെ ഈയവസരത്തിൽ വിനയപൂർവ്വം സ്മരിക്കുന്നു.

ഒരു സമൂഹ്യമാറ്റത്തിന് വേണ്ടി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത നിരവധി ദേശാഭിമാനികൾ നമുക്കുണ്ട്. യശഃശരീരരായ കുമ്പളത്തു ശങ്കുപ്പിള്ള, മാരാരിത്തോട്ടത്ത് രാഘവൻപിള്ള, എം.കെ.രാമൻ, ഡോ. വി.വി. വേലുക്കുട്ടി അരയൻ, കേശവൻപോറ്റി, വി.കെ.പിള്ള തുടങ്ങിയവരെ ഈ തരുണത്തിൽ സ്മരിക്കുന്നു.

സാഹിത്യപ്രവർത്തനം കൊണ്ട് കൈരളിയെ ധന്യമാക്കിയ യശഃശരിരനായ സാഹിത്യസമ്രാട്ട് പന്നിശ്ശേരിൽ നാണുപിള്ള, മുഴങ്ങോട്ടുവിള കൃഷ്ണപിള്ള, പണ്ഡിറ്റ് കെ.കെ. പണിക്കർ, വിദ്വാൻ ഇസഹാക്ക്, സി.പി. അരുമനായക പണിക്കർ എന്നിവർ ഈ നാടിന്റെ സൃഷ്ടിയാണ്.

സാർവ്വദേശിയരംഗങ്ങളിൽ കരുനാഗപ്പള്ളിയുടെ പ്രശസ്തിയെ ഉയർത്തിപ്പിടിച്ച ദേശാഭിമാനിയാണ് തേരേത്തു ശ്രീ. രാമകൃഷ്ണപിള്ള. യു. എൻ. ഉപദേഷ്ടാവ് എന്ന നിലയിൽ അദ്ദേഹം സന്ദർശിക്കാത്ത രാജ്യങ്ങളില്ല. തനിക്ക് കിട്ടിയ അറിവും സമ്പത്തും സാധാരണ ജനതയുമായി പങ്കിടുന്നതിൽ അദ്ദേഹം വഹിക്കുന്ന പങ്ക് സ്തുത്യർഹമണ്.

സാംസ്ക്കാരിക പ്രവർത്തനത്തിൽ കരുനാഗപ്പള്ളിയുടെ തിലകക്കുറിയാണ് ലാലാജി സ്മാരക ഗ്രന്ഥശാല. ഇന്ത്യൻ സ്വാതന്ത്ര്യ സമരനായകനും ധീരദേശാഭിമാനിയുമായ ലാലാലജ്പത്റായിയുടെ സ്മരണയക്ക് വേണ്ടി നിർമ്മിച്ച ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനസമ്മേളനം നടന്നത് 26.10.1929 ലാണ്. യശഃശരീരനായ പിണറുംമൂട്ടിൽ കുഞ്ഞുപിള്ള അവർകളുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ഉദ്ഘാടനം ചെയ്തത് പ്രശസ്ത ദേശിയനേതാവായ കരുനാഗപ്പള്ളി തേവലക്കരയിൽ ജനിച്ച ബാരിസ്റ്റർ ഏ. കെ. പിള്ളയാണ്. അഴകത്ത് ശ്രീ. എൻ. ബാലകൃഷ്ണൻ ഉണ്ണിത്താനാണ് ഗ്രന്ഥശാലയുടെ ആദ്യത്തെ സെക്രട്ടറി. ഗ്രന്ഥശാലയ്ക്ക് വേണ്ട സ്ഥലം സംഭാവന ചെയ്തത് ചിരസ്മരണീയനായ തയ്യിൽ ശ്രീ. നാരായണപിള്ളയും. ഇതിനുവേണ്ടി ചേർന്ന യോഗത്തിൽ സംബന്ധിച്ചവരേയും നാം ഓർക്കേണ്ടതുണ്ട്. പന്നിശ്ശേരിൽ ശ്രീ. നാണുപിള്ള, മഹാകവി അഴകത്ത് ഈ. പത്മനാഭകുറുപ്പ്, ആക്കനാട്ട് നീലകണ്ഠ

പിള്ള, വിരുതറ കേശവൻ വൈദ്യൻ തുടങ്ങിയവരായിരുന്നു ആദ്യത്തെ സഹായികൾ.

ഗ്രന്ഥശാല സന്ദർശിച്ച ദേശിയ നേതാക്കളിൽ മഹാത്മാഗാന്ധി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ശ്രീമതി ഇന്ദിരാഗാന്ധി, പുരുഷോത്തമദാസ് താണ്ടൻ തുടങ്ങിയവർ ഉൾപ്പെടുന്നു.

ഇന്നും ഈ സ്ഥാപനം കരുനാഗപ്പള്ളിയുടെ അഭിമാനമാണ്. ഇതിനെ ആധുനികവൽക്കരിക്കുന്നതിൽ യശഃശരീരനായ കുറ്റിക്കാട്ടിൽ നാരായണപിള്ള വഹിച്ച പങ്ക് പ്രശംസനീയമാണ്.

താളിയോലഗ്രന്ഥങ്ങളുൾപ്പെടെ നിരവധി ഗ്രന്ഥശേഖരങ്ങളുള്ള ഈ ഗ്രന്ഥശാല ഗവേഷണ വിദ്യാർത്ഥികൾക്ക് ഒരു റിസർച്ച് സെന്ററായി അനുദിനം വളർന്നുകൊണ്ടിരിക്കുന്നു.

പഞ്ചായത്ത് ഭരണ ചരിത്രം

ഇന്നത്തെ കരുനാഗപ്പള്ളി പഞ്ചായത്ത് രൂപം കൊള്ളുന്നത് 1953 ലാണ്. അതിനുമുമ്പ് നിലനിന്നിരുന്നത് വില്ലേജ് യൂണിയനായിരുന്നു. വില്ലേജ്യൂണിയന്റെ പ്രവർത്തന പരിധിയിൽ ആലപ്പാട്ട് പഞ്ചായത്തിലെ വെള്ളനാതുരുത്ത് മുതൽ ആലക്കോട്ട് വരെയുള്ള പ്രദേശങ്ങൾ കൂടി ഉൾപ്പെട്ടിരുന്നു. വില്ലേജ്യൂണിയന്റെ ആദ്യത്തെ പ്രസിഡന്റ് യശഃശരീരനായ ശ്രീ. കുറ്റിക്കാട്ടിൽ ചന്ദ്രശേഖരപിള്ളയാണ്.

24.10.1953 ൽ നിലവിൽ വന്ന കരുനാഗപ്പള്ളി പഞ്ചായത്തിലെ ആദ്യപ്രസിഡന്റ് യശഃശരീരനായ ശ്രീ. വി. എസ്. ഗോപാലനായിരുന്നു. എട്ടു വാർഡുകളും സംവരണം ഉൾപ്പെടെ ഒൻപത് സീറ്റുകളുമാണ് അന്നുണ്ടായിരുന്നത്. പുതിയ പഞ്ചായത്ത് കെട്ടിടം സ്ഥാപിക്കുന്നതുവരെ വില്ലേജ് യൂണിയൻ പ്രവർത്തിച്ചിരുന്നത് ഇന്നത്തെ പെട്രോൾ പമ്പിന് വടക്കുവശമുള്ള കേശവപ്പണിക്കരുടെ കെട്ടിടത്തിലായിരുന്നു.

24.10.93 ൽ നിലവിൽ വന്ന പഞ്ചായത്ത് കമ്മറ്റിയുടെ പ്രസിഡന്റ് ശ്രീ. വി.എസ്സ്. ഗോപാലൻ ആയിരുന്നു എന്ന് പറഞ്ഞുവല്ലോ. അദ്ദേഹത്തോടൊപ്പം യശഃശരീരനായ ശ്രീ. ചെറുവിലിൽ ഗോപാലൻ, ഷൺമുഖൻഭാഗവതർ, ഗോവിന്ദൻ വീട്ടിൽ ഗംഗാധരൻപിള്ള, എച്ച്. എ. ഖാദർ, കൊച്ചുരാമൻ, പനയറ മുഹമദ്കുഞ്ഞ് എന്നിവരും സർവ്വശ്രീ കെ. അപ്പുകുട്ടൻപിള്ള, പുത്തൻപുരയിൽ നൂറുദ്ദീൻകുഞ്ഞ് എന്നിവരും പഞ്ചായത്ത് കമ്മറ്റിയിൽ പ്രവർത്തിച്ചിരുന്നു,

കുറച്ചുകാലം ശ്രീ. കേശവപ്പണിക്കരുടെ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്ത് ആഫീസ് കൂടുതൽ സൗകര്യത്തിന് വേണ്ടി ലാലാജി ജംഗ്ഷനിലുള്ള ആലും മൂട്ടിൽ ശ്രീ. ശേഖരന്റെ വാടകക്കെട്ടിടത്തിലേക്ക് മാറ്റി. അവിടെ പ്രവർത്തിക്കുമ്പോഴാണ് ഇന്നത്തെ പഞ്ചായത്ത് കെട്ടിടത്തിനാവശ്യമായ സ്ഥലം യശഃശരീരനായ തയ്യിൽ (പേരശ്ശേരിൽ) ശ്രീ. കേശവപിള്ളയിൽ നിന്നും വളരെ കുറഞ്ഞ വിലയ്ക്ക് വാങ്ങിയത്.

പ്രസിഡന്റുമാർ

1.	സർവ്വശ്രി	വി.എസ്. ഗോപാലൻ
2.		പനയറ മുഹമദ്കുഞ്ഞ്
3.		കവറാട്ട് മാധവൻപിള്ള
4.		കെ. എൻ. ബാലകൃഷ്ണപിള്ള
5.		ടി.എസ്. പുരുഷോത്തമൻ
6.		എം. ഹമീദ്കുഞ്ഞ്
7.		എം. ശിവരാമൻ
8.		പി.എം. വിജയരാജൻ
9.		സൂസൻ കോടി.

മുൻകാല ഭരണസമിതികൾ

1953 – 1963

1. വി.എസ് ഗോപാലൻ (പ്രസിഡന്റ്)
2. എം. മുഹമ്മദ്കുഞ്ഞ്
3. കെ. അബ്ദുൾ റഹിമാൻകുഞ്ഞ് കാദിയർ
4. കെ. അപ്പുക്കുട്ടൻപിള്ള
5. എൻ. ഗോപാലൻ
6. പി.കെ. ഷൺമുഖം
7. എം. നൂറുദ്ദീൻകുഞ്ഞ്
8. എൻ. ഗംഗാധരൻപിള്ള
9. കൊച്ചുരാമൻ

1964 – 1979

1. പനയറമുഹമ്മദ്കുഞ്ഞ് (പ്രസിഡന്റ്, 64 – 65)
2. കവറാട്ട് മാധവൻപിള്ള (പ്രസിഡന്റ്, 65 – 79)
3. കെ. ആർ. നാണു
4. ബി.എം. ഷെരീഫ്
5. എൻ. രാഘവൻപിള്ള
6. ടി.കെ. മാത്യു
7. കെ. ദിവാകരൻ
8. എസ്. പത്മനാഭൻ
9. എം.പി. കോയാക്കുഞ്ഞ്
10. കെ.ജി. ഭാസ്കരൻ നായർ
11. എൻ. പത്മനാഭനുണ്ണിത്താൻ

1979–1984

1. കെ. എൻ. ബാലകൃഷ്ണപിള്ള (പ്രസി., 79 – 83)
2. ടി.എസ്. പുരുഷോത്തമൻ (പ്രസി., 83 – 84)
3. ജി. ദിവാകരൻ
4. എം. ഹമീദ്കുഞ്ഞ്
5. എൻ. ശിവരാജൻ
6. സി.എ. കേശവൻ
7. കെ.ജി.രവി
8. വൈ. പൊടിക്കുഞ്ഞ്
9. എൻ. ഓമന
10. എസ്. സോമൻപിള്ള
11. പി. ഗോപിനാഥൻ ഉണ്ണിത്താൻ
12. എം. സിദ്ദിക്ക്

1988 – 1995

1. എം. ഹമീദ്കുഞ്ഞ് (പ്രസി., 88 – 90)
2. എം. ശിവരാമൻ (പ്രസി., 90 – 93)
3. പി.എം. വിജയരാജൻ (പ്രസി., 93 – 95)
4. ഡി. പൊന്നൻ
5. ഡി. മുരളിധരൻ
6. പി.രാജമ്മ
7. വി. രാമചന്ദ്രൻ
8. കെ. ദേവയാനി
9. മുനമ്പത്ത് വഹാബ്
10. ജി. അപ്പുക്കുട്ടൻപിള്ള
11. മാത്യു തോമസ്
12. ടി. ഓമനക്കുട്ടൻ
13. എച്ച്. സലീം
14. ബി. എ. ഷരീഫ്.

പഞ്ചായത്തീരാജ് സംവിധാനം ഏർപ്പെടുത്തിയശേഷം ആദ്യമായി നടന്ന പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ 33% വനിതകൾക്ക് സംവരണം ചെയ്യപ്പെട്ടു. ഒരു സീറ്റ് ഹരിജൻ സംവരണവും മറ്റൊന്ന് ഹരിജൻ വനിതാ സംവരണവുമാണ്. അങ്ങിനെ പഞ്ചായത്തിലെ 15 വാർഡുകളിൽ 5 എണ്ണം വനിതാ സംവരണമണ്ഡലങ്ങളായി മാറി. 1995 സെപ്തംബറിൽ നടന തെരഞ്ഞെടപ്പിൽ താഴെപറയുന്നവർ 15 വാർഡുകളിൽ നിന്നായി തെരെഞ്ഞെടുക്കപ്പെട്ടു.

വാർഡ്	അംഗം	വാർഡ്	അംഗം
1.	എം. ഹമീദ്കുഞ്ഞ്	2.	എ. അജയകുമാർ
3.	ശശിധരൻപിള്ള	4.	സൂസൻകോടി
5.	കെ.ജി. അജിത്കുമാർ	6.	എച്ച്. സലീം
7.	കെ.രാജു	8.	ഡി. പൊന്നൻ
9.	തങ്കമ്മ പുരുഷോത്തമൻ	10.	എസ്. ഉണ്ണികൃഷ്ണപിള്ള
11.	അനുരാധ സരസൻ	12.	ശോഭാ ജഗദപ്പൻ
13.	മുനമ്പത്ത് വഹാബ്	14.	ടി. രാധാമണി
15.	അബ്ദുൽ ലത്തീഫ്		

ശ്രീമതി. സൂസൻ കോടിയെ പഞ്ചായത്ത് പ്രസിഡന്റായും ശ്രീമതി ടി. രാധാമണിയെ വൈസ്പ്രസിഡന്റായും ശ്രീ. അജയകുമാറിനെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായും തെരഞ്ഞെടുത്തു. ഇവരുടെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ സർവ്വതോമുഖമായ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഭൂപ്രകൃതി

സമുദ്രനിരപ്പിൽ നിന്നും 20 മീറ്ററിൽ താഴെ ഉയരത്തിൽ ആണ് പഞ്ചായത്തിന്റെ എല്ലാപ്രദേശങ്ങളും സ്ഥിതിചെയ്യുന്നത്. വടക്കുകിഴക്ക് ഭാഗത്തുനിന്നും തെക്കുപടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്ന ഒരു തീരസമതല പ്രദേശമാണ് ഇവിടം. തോടുകൾ വടക്കുനിന്നും തെക്കോട്ടും അവിടെ നിന്നും പടിഞ്ഞാറോട്ടും ഒഴുകുന്ന രീതിയാണ് കാണുന്നത്. കാർഷിക മേഖലകളാക്കി തരം തിരിക്കുമ്പോൾ ഓണാട്ടുകര മേഖലയിലാണ് കരുനാഗപ്പള്ളി ഉൾപ്പെടുന്നത്.

1990 മുതൽ 1996 വരെയുള്ള വർഷങ്ങളിലെ കാലാവസ്ഥ വിലയിരുത്തിയാൽ ഓരോ വർഷവും കാലാവസ്ഥയിൽ സാരമായ മാറ്റം സംഭവിക്കുന്നതായി കാണാം. 1990 – 91 വർഷത്തിൽ മഴക്കുറവും 1992 – 93 വർഷത്തിൽ മഴ കൂടുതലും ആയിരുന്നു. കഴിഞ്ഞ ആറ് വർഷങ്ങളിൽ ലഭിച്ച മഴയുടെ അളവിനെ സൂചിപ്പിക്കുന്ന പട്ടികയും രേഖാചിത്രങ്ങളും ചുവടേ ചേർക്കുന്നു.

1990–91	365	585	80.4	74.2	350.5	42.7	12.9	32.8	35	83	4.4	356	2021.9
1991–92	1214	527.8	297	12.9	248.8	11.5	1	ഇല്ല	20	88.0	7.2	289	2718.1
1992–93	580	680.8	280	345	289.9	ഇല്ല	ഇല്ല	ഇല്ല	140.1	313.2	2.6	651.6	3283.2
1993–04	572	747.6	137	96.4	502.3	347.3	61	ഇല്ല	13.5	63	2	251.2	2793.3
1994–95	365	737.4	262	123.4	123.4	368.4	110	6.5	4.6	114.4	64.7	392.8	2669.6
1995–96	455	372	317	221.1	221.1	170.7	142.3	24.2	96.1	301.5	4.4	191.7	2517.1

വർഷം (ജൂൺ–മെയ്)	ലഭിച്ച മഴ സെ:മീറ്ററിൽ	കൂടുതൽ മഴ ലഭിച്ചമാസം	കുറച്ചു മഴ ലഭിച്ചമാസം	മഴ ലഭിക്കാത്ത മാസം
1990–91	202.19	ജൂലൈ	ഏപ്രിൽ 0.44	ഇല്ല
1991–92	271.81	ജൂലൈ	ഡിസംബർ 0:1	ജനുവരി
1992–93	328.32	ജൂലൈ	ഏപ്രിൽ 0.26	നവംബർ, ഡിസംബർ, ജനുവരി
1993–94	279.33	ജൂലൈ	ഏപ്രിൽ 0.2	ജനുവരി
1994–95	266.96	ജൂലൈ	ഫെബ്രുവരി 0.46	ഇല്ല
1995–96	251.71	ജൂൺ	ഏപ്രിൽ 0.44	ഇല്ല.



	1995							1996				
മാസം	ജൂൺ	ജൂ	ആ	സെ	ഒ	ന	ഡി	ജ	ഫെ	മാ	ഏ	മേ
ലഭിച്ച മഴ മി.മി.	455	372	317	221.1	221.1	170.7	142.3	24.2	96.1	301.5	4.4	191.7



എല്ലാവർഷവും ജൂൺ ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചത്. ജനുവരി മാസങ്ങളിൽ പൊതുവെ മഴലഭ്യമല്ല. ഫെബ്രുവരി ഏപ്രിൽ മാസങ്ങളിലും നേരിയ തോതിലുള്ള മഴ മാത്രമേ ലഭിച്ചിട്ടുള്ളു. രണ്ടു വർഷങ്ങളിൽ മാർച്ച്മാസത്തിൽ ശക്തമായ വേനൽ മഴ ലഭിച്ചിട്ടുണ്ട്. മഴക്കാലത്ത് ഇടവപ്പാതിയിലാണ് കൂടുതൽ മഴ കിട്ടുന്നത്. ഇടവപ്പാതി ജൂൺ മുതൽ സെപ്റ്റംബർ വരേയും തുലാവർഷം ഒക്ടോബർ മുതൽ നവംബർ മാസങ്ങളിലും ആണ്. ഡിസംബർ ജനുവരി ഫെബ്രുവരി മാസങ്ങൾ തണുപ്പുകാലവും മാർച്ച് ഏപ്രിൽ മെയ് മാസങ്ങൾ വേനൽ കാലവും ആകുന്നു. താപനിലയിലും പ്രകടമായ മാറ്റങ്ങളാണ് കാണുവാൻ സാധിക്കുന്നത്.

താപനിലയെ കാണിക്കുന്ന പട്ടികയും രേഖാ ചിത്രങ്ങളും ചുവടേ ചേർക്കുന്നു.

താപനില													
	മാസം												
	വർഷം	ജനു	ഫെ	മാർ	ഏ	മേ	ജൂ	ജുലൈ	ആ	സെ	ഒ	ന	ഡി
കൂടിയ താപനില	1990	32.8	34.3	34.7	34.3	31.4	31.3	30.1	30.8	31.1	41.4	32.4	33.3
	1991	33.4	34.3	34.9	32.5	34.4	29.6	30.5	30.1	32.3	31.2	32.4	33
	1992	33.2	32.4	34.1	32.5	32.1	30.6	29.9	30	30.5	30.9	31.3	32.9
	1993	32.6	32.9	34.1	34	32.5	30.4	29.6	30.1	30.9	30.9	31	31
	1994	33	31.9	33.7	33.4	32	30.6	29.9	30.4	31.3	30.9	32.4	33.7
	1995	33.6	33.9	34.1	33.9	32.7	31.1	30.3	30.2	31.1	31.6	31.5	33.6
കുറഞ്ഞ താപനില	1990	13.4	15.3	17.6	18.9	17.7	17.2	16.1	16.3	16.4	16.2	15.6	13.8
	1991	16.5	20.7	24	24.1	24.4	23	21.8	22.2	22.6	21.4	20.9	18.6
	1992	16.6	19.8	20.1	21.6	21.4	20.9	19.3	23.2	19.6	19.4	18.9	10
	1993	14.1	16.5	18.4	19.7	19.3	18.6	16.1	18	22.8	22.9	22.9	22
	1994	20.4	22.6	23.1	24	23.8	23.4	22.7	23.4	23.5	23.1	22.9	20.2
	1995	21.4	22.9	23.4	23.8	25	24.2	23.5	23.5	23.5	23.7	22.5	19.3



1990



1991



1992



1993



1994



1995

ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മേയ് മാസങ്ങളിലാണ് പൊതുവേ ചൂടുകൂടുതൽ. ചൂട് കുറവ് ഡിസംബർ ജനുവരി മാസങ്ങളിലാണ്. 1990 മുതൽ 1995 വരെയുള്ള വർഷങ്ങളിൽ ഏറ്റവും കൂടിയ താപനില (41.4) 1990 ഒക്ടോബർ മാസത്തിലും ഏറ്റവും കുറഞ്ഞതാപനില (10.) 1992 ഡിസംബറിലുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇവിടുത്തെ പ്രധാന ജലസ്രോതസ്സുകൾ തോടുകളും കുളങ്ങളും ആണ്. ഏകദേശം 5 മീറ്റർ വീതിയുള്ള തോടുകളുടെ ആകെ നീളം 13 കിലോമീറ്ററുകളോളമാണ്. പഞ്ചായത്തുവക പതിമൂന്ന് കുളങ്ങളും പന്ത്രണ്ട് ചാലുകളും ഉണ്ട്. പഞ്ചായത്തുവക കുളങ്ങളിൽ പലതും ഇപ്പോൾ പൂർണ്ണമായോ ഭാഗികമായോ നികത്തപ്പെട്ടിരിക്കുകയാണ്. ആരാധനാലയങ്ങളോടു ചേർന്ന് 10 ഓളം കുളങ്ങളും 3-ചിറകളും സ്വകാര്യ വ്യക്തികുളുടേതായി നിരവധി കുളങ്ങളും ഉണ്ട്. പഞ്ചായത്തുവക 45 ഉം സ്വകാര്യഉടമകളുടേതായി 1386 ഉം കുണറുകൾ ഉണ്ട്. 217 കിണറുകൾ ഉണക്ക് കാലത്ത് വറ്റുന്നതും ആണ്. പഞ്ചായത്തിന്റെ തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ഉപ്പുരസം കലർന്ന വെള്ളമാണ് ലഭിക്കുക.

ജലസമ്പത്തിനെ കാണിക്കുന്ന പട്ടിക

ഭൂഗർഭ ജലവിതാനത്തിന്റെ പട്ടികയും രേഖാചിത്രവും ചുവടെ ചേർക്കുന്നു.
(ആഴം മീറ്ററിൽ)

	കിണർ	കുളം	തോട്	ചാല്	
പഞ്ചായത്തു വക	45	13	14*	12	*പ്രധാന തോടുകൾ അഞ്ചെണ്ണം
സ്വകാര്യ വ്യക്തികളുടേത്	1386	57	---	--	

വാർഡ്	1	2	3	4	5	6	7	8	9	10	11	12	13	14	15
കൂടിയത്	10	3.4	3.3	1.6	1.6	4	4	2.1	6.1	5.6	10.3	2.9	5	5	4
കുറഞ്ഞത്	1.7	1.2	1.1	0.8	0.4	1.7	0.2	1	1.7	1.7	3.5	1.5	2.9	0.4	1.7



വാർഡ് നമ്പർ

\+ കൂടിയ ആഴം

− കുറഞ്ഞ ആഴം

അവലംബം - വിഭവഭൂപടം - സെസ്

Waterm Column Thickness															
മീറ്റ റിൽ	1	2	3	4	5	6	7	8	9	10	11	12	13	14	15
0–1	11	18	7	11	66	27	9	0	0	70	32	4	24	14	20
1–2	11	9	1	19	6	1	29	4	9	0	0	0	18	9	5
2–3	1	0	0	0	0	0	13	18	0	0	0	0	1	1	1
3–4	0	0	0	0	0	0	3	5	0	0	0	0	0	0	0
അവലംബം വിഭവഭൂപടം – സെഡ്															

പഞ്ചായത്തിന്റെ ഭൂരിഭാഗപ്രദേശങ്ങളിലും മണലും കളിമണ്ണ് കലർന്ന മണലും ആകുന്നു. വടക്കുകിഴക്കുഭാഗത്തായി. ചെമ്മണ്ണ് കലർന്ന മണലും ഉണ്ട്. ഈ പഞ്ചായത്തിൽ മണ്ണ് പരിശോധന പൂർണ്ണമായി നടത്തി റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ ശാസ്ത്രീയ ഘടനയെ സംബന്ധിച്ച് പരാമർശിക്കുവാൻ സാധിക്കുന്നില്ല.

ഈ പഞ്ചായത്തിന്റെ 325 ഹെക്ടർ പുറം പോക്ക് ഭൂമിയിൽ 0.16 ഹെക്ടർ സ്ഥലം കാവും 0.52 ഹെക്ടർ ചാലും 39.87 ഹെക്ടർ റോഡുകളും (N.H.47 ന്റെ ഭാഗം ഉൾപ്പെടെ) 6.4 ഹെക്ടർ കുളങ്ങളും 12.7 ഹോക്ടർ തോടുകളും 190 ഹെക്ടർ കായലും ആകുന്നു.

കൃഷിചെയ്യുന്ന സ്ഥലങ്ങളുടെ ഭൂവിനിയോഗത്തെ സംബന്ധച്ച ഒരു ചിത്രം താഴെ കൊടുത്തിരിക്കുന്നു.



മിശ്ര കൃഷി	–	934 ഹെക്ടർ
തെങ്ങ് കൃഷി	–	293 ഹെക്ടർ
നെൽകൃഷി	–	127 ഹെക്ടർ
നിലം നികത്തി തെങ്ങ് കൃഷ്	–	127 ഹെക്ടർ
നിലം നികത്തി മിശ്രകൃഷി	–	127 ഹെക്ടർ
മിശ്ര വൃക്ഷകൃഷി	–	31 ഹെക്ടർ
കവുങ്ങ് കൃഷി	–	34 ഹെക്ടർ
കായൽ	–	300 ഹെക്ടർ

അവലംബം – വിഭവഭൂപടം – സെസ്

പഞ്ചായത്തിലെ തെക്കുഭാഗങ്ങളിലും പടിഞ്ഞാറുഭാഗങ്ങളിലും തൊണ്ടുതല്ലു മില്ലുകളിൽനിന്നും ചകിരുചോറ് കായലിൽ ഇട്ട് നികത്തുന്നതു കാരണം കായലിന്റെ വീതികുറയുകയും മത്സ്യബന്ധനത്തിന് തടസമുണ്ടാക്കുകയും മത്സ്യസമ്പത്ത് കുറയുകയും ചെയ്യുന്നു. യമഹ എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ ഉപയോഗിക്കുന്നതുകാരണം വെള്ളത്തിൽ മണ്ണെണ്ണ കലരുന്നു. തോടുകളും കുളങ്ങളും നികത്തുന്നതുകാരണം ശുദ്ധജലക്ഷാമവും നീർകെട്ടുകളുടെ വർദ്ധനവും ഉണ്ടാകുന്നു. ഇവയാണ് ഭൂപരിസ്ഥിതി പ്രശ്നങ്ങൾ. ആരോഗ്യപരിസ്ഥിതിപ്രശനങ്ങൾ ആരോഗ്യമേഖലയിൽ പ്രതിപാദിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 11 ശതമാനത്തോളം പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്. സ്ത്രീകളും പുരുഷൻമാരും ഏകദേശം തുല്യമാണ്. സന്നദ്ധ പ്രവർത്തനത്തിന് തയ്യാറുള്ള തൊഴിൽ രഹിതർ ഈ പഞ്ചായത്തിലുണ്ട്.

ഓരോ മേഖലയിലേയും വിശദവിവരങ്ങൾ തുടർന്നു പേജുകളിൽ പ്രതിപാദിക്കുന്നു

കൃഷിയും – ജലസേചനവും

പള്ളിയ്ക്കലാറും, വട്ടക്കായലും, കെ.കെ.കനാലും കിഴക്ക്, തെക്ക്, പടിഞ്ഞാറു ഭാഗങ്ങളിലായി നിലനിന്നുകൊണ്ട് സംരക്ഷിക്കപ്പെടുന്ന ഭൂപ്രകൃതിയോടുകൂടിയ കരുനാഗപ്പള്ളി ഒരു കാർഷികമേഖലയായിരുന്നു. ഏകദേശം മൂന്ന് ദശകങ്ങൾക്ക് മുമ്പ് വരെ ഈ ഗ്രാമത്തിലെ 90% ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. കായകുളും രാജാവിന്റെ പടയാളികൾക്കുള്ള ഭക്ഷ്യകലവറയായിരുന്നു കരുനാഗപ്പള്ളി (ഓണാട്ടുകര) യിലെ പാടശേഖരങ്ങൾ. ഭൂരിഭാഗവും സമതലപ്രദേശമായ മണൽമണ്ണും, കളിമണ്ണും ചേർന്ന പ്രകൃതിയോടുകൂടിയതുമായ ഈ മേഖലയിൽ കൃഷിയുടെ വ്യാപനം ഗണ്യമായി കുറഞ്ഞുവരുന്നു. ഈ കാര്യം ഗൗരവതരമായ പരിഗണനയർഹിക്കുന്നു.

1953 ലെ കണക്കുപ്രകാരം 938 ഹെക്ടർ നിലവും 808 ഹെക്ടർ പുരയിടവും ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് നിലങ്ങളുടെ വിസ്തൃതി 375 ഹെക്ടർ ആയി ചുരുങ്ങി. ഫലത്തിൽ 60 ശതമാനം നിലങ്ങളും നികത്തപ്പെടുകയോ തരിശായി ഇടുകയോ ചെയ്യുന്നു.

ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ			
ഇനം	വിസ്തീർണ്ണം ഹെക്ടറിൽ 1952 - 53	1995 - 96	വ്യത്യാസമുണ്ടാകാനുള്ള കാരണത്തിന്റെ നിഗമനം
നിലം	938	375	60% കൂടുതൽ നിലങ്ങൾ നികത്തപ്പെടുകയോ തരിശാക്കി ഇടുകയോ ചെയ്യുന്നു.
പുരയിടം	808	1489	80% വർദ്ധനവ് നിലങ്ങൾ, കായൽ, കുളങ്ങൾ തുടങ്ങിയവ നികത്തിയതു മൂലം
കൃഷിയോഗ്യതരിശ്	ഇല്ല	150	കൃഷി ചെയ്യുന്നതിനുള്ള വൈമുഖ്യം.
കൃഷിയോഗ്യമല്ലാത്ത തരിശ്	7.26	75	ഭൂമി കൃഷിയോഗ്യമാക്കി സംരക്ഷിക്കാതിരുന്നതിനാൽ
ആകെ	1753.26	2089	



അവലംബം വില്ലേജ് ഓഫീസ്, കൃഷിഭവൻ

നെൽ പാടങ്ങൾ തെങ്ങിൻ തോപ്പുകളായും കെട്ടിടനിർമ്മാണത്തിനായും വഴികൾക്കുവേണ്ടിയും നികത്തൽ പ്രക്രിയയുടെ തുടക്കം 1960 കളുടെ അവസാനത്തിലായിരുന്നു. 1980 കളുടെ ആരംഭത്തോടെ ഇത് വ്യാപകമായി. ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയതോടുകൂടിയും കൂട്ടുകുടുംബ സമ്പ്രദായം ഇല്ലാതായതോടുകൂടിയും കൃഷിയിടങ്ങൾ തുണ്ടുവൽക്കരിക്കപ്പെട്ടു. ഈ കാരണങ്ങളാൽ കൃഷിയോഗ്യമായ സ്ഥലങ്ങളുടെ വിസ്തീർണ്ണം ചുരുങ്ങിക്കൊണ്ടരിക്കുന്നു.

ഈ ഗ്രമാത്തിലെ പ്രധാനകൃഷികൾ നെല്ല്, തെങ്ങ് എന്നിവയാണ്. നിലങ്ങളിൽ ഇടവിളകളായി എള്ള്, പയറ് എന്നിവയും പുരയിടങ്ങളിൽ ഇടവിളകളായി മരച്ചീനി, വാഴ, കുരുമുളക്, കമുക്, എന്നിവയുമുണ്ട്. ഹ്രസ്വകാലവിളകൾ വിട്ട് ദീർഘകാല വിളകളിലേക്ക് മാറിയപ്പോൾ നെല്ല്, ഇടവിളകൃഷികൾ എന്നിവയുടെ ഉല്പാദനം കുറഞ്ഞു വരികയാണ്. മണ്ണ്, വെള്ളം, സൂര്യപ്രകാശം, ഭൂതലപ്രകൃതി എന്നീ കാര്യങ്ങളിൽ ഏറെ സമ്പന്നമായ നമ്മുടെ ഗ്രാമത്തിലെ ഈ സമ്പത്തുകളുപയോഗിച്ച് കൃഷിയുടെ കാര്യത്തിൽ പ്രത്യേകിച്ച് നെല്ല്, നാളികേരം എന്നിവയുടെ ഉല്പാദന ക്ഷമത കൂട്ടാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞുവരേണ്ടതാണ്.

വിളവിസ്തീർണ്ണവും ഉല്പാദനവും 1995 – 96			
വിള	വിസ്തീർണ്ണം ഹെക്ടറിൽ	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത (ഹെക്ടറിൽ)
നെല്ല്	350	612.5 മെ.ട	1750 കി.ഗ്രാം.
നെല്ല് (ഒന്നാം വിള)	375	712.5 മെ.ട	1900 കി.ഗ്രാം.
നെല്ല് (രണ്ടാം വിള)	ഇല്ല	ഇല്ല	ഇല്ല
പയർ	20	11.മെ.ട	550. കി.ഗ്രാം.
പച്ചക്കറികൾ	5	31 മെ.ട	6250 കി.ഗ്രം
തെങ്ങ്	1140	42.63 ലക്ഷം	3740 എണ്ണം.
വാഴ	8	54.4 മെ.ട	6800 കി.ഗ്രാം.
മരച്ചീനി	47	423 മെ.ട	9000 കി.ഗ്രാം.
പ്ളാവ്	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല
കശുമാവ്	25	12.75 മെ.ട	510 കി.ഗ്രാം.
മാവ്	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല
റബ്ബർ	ഇല്ല	ഇല്ല	ഇല്ല
കവുങ്ങ്	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല
എള്ള്	110	23.1 മെ. ട	210 കി.ഗ്രാം
കുരുമുളക്	11	2.64 മെ. ട	240 കി. ഗ്രാം
അവലംബം – കൃഷിഭവൻ			

നെൽകൃഷി

'പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
പാടത്തു പുഞ്ചക്കുതേവുന്നുരണ്ടുപേർ
ഒന്നൊരു വേട്ടുവാൻ, മറ്റേതവൻ വേട്ട
പെണ്ണിവർ പാരിന്റെ പാദം പണിയുവോർ'

ഈ പ്രദേശത്തെ നിലങ്ങളിൽ ഭൂരിഭാഗവും വിവിധ ദേവസ്വങ്ങളുടെ സ്വത്തായിരുന്നു. പാട്ടവ്യവസ്ഥയിലായിരുന്നു അവർ കുടിയാന്മാർക്ക് കൃഷിഭൂമി വിട്ടുകൊടുത്തിരുന്നത്. ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതോടെ ഈ നിലക്ക് മാറ്റം വന്നു. കൃഷിക്കാർക്ക് കൃഷിഭൂമിയിൽ അവകാശം ലഭിക്കുകയും സ്വന്തമായി കൃഷിചെയ്യാൻ തുടങ്ങുകയും ചെയ്തു. ഹ്രസ്വകാലവിളകൾ വിട്ട് ദീർഘകാല വിളകളിലേക്കു വന്നതിനാൽ ഉല്പാദന ക്ഷമത കുറയുകയും ഉല്പാദന ചെലവ് കൂടുകയും ചെയ്തു. കാലാവസ്ഥ ആശ്രയിച്ച് കൃഷിചെയ്യേണ്ടിവന്നതിനാലും ജലസേചന ജലനിർഗ്ഗമന സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലും നെൽകൃഷി ലാഭകരമല്ലാതായി. ഈ കാരണത്താൽ നിലങ്ങൾ നികത്തുന്നതിനുള്ള പ്രവണത കൂടിവന്നു. കാർഷികവൃത്തിയിൽ നിന്നുള്ള വരുമാനത്തേക്കാൾ ആകർഷണീയമായ മറ്റ് ഇതര മേഖലകൾ കണ്ടെത്തിയതോടെ കാർഷിക മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവന്നു.

ചാത്തൻ വയൽ പാടം, കാഞ്ഞിരവേലിപ്പാടം, യക്ഷിപ്പാടം, കുന്നത്തുപ്പാടം, കല്ലാങ്ങൽ പാടം, പള്ളിക്കൽ പാടം, കണ്ണംമ്പള്ളിപാടം, കമ്പറപ്പാടം, തോണ്ടതറപ്പാടം, നീലികുളം എന്നീ പാടങ്ങൾ കൂടാതെ പ്രദേശത്തെ പ്രധാന തോടുകളായ മൂന്നു തഴത്തോടുകളുടെ ഇരുവശവുമുള്ള തഴവയൽ, കിഴക്ക്, തെക്ക്, പടിഞ്ഞാറ് അതിർത്തികളായ ജലാശയങ്ങളുടെ സമീപ പ്രദേശങ്ങളിൽ ഉള്ള വയലുകൾ എന്നിവിടങ്ങളിലായിരുന്നു നെൽകൃഷി ചെയ്തിരുന്നത്. ഇവിടങ്ങളിൽ യഥാക്രമം ഇരുപ്പു കൃഷിയും ഒരുപ്പുകൃഷിയും ഉണ്ടായിരുന്നു. ഈ വയലുകളിൽ ആഘോഷപരമായിട്ടായിരുന്നു കൃഷിയിറക്കുന്നതും വിളവെടുക്കുന്നതും. ഈ സമയങ്ങളിൽ

"എന്നെ നട്ടുവളർത്തിയതാരോ
എന്നെ തഴുകിപോറ്റിയതാരോ
എന്നെ കാത്തുകിടന്നവരാരോ
ഞാനൊരു കാലം ചെന്നെത്തും."

എന്നു തുടങ്ങിയ നാടൻ ശീലുകൾ പാടാറുണ്ടായിരുന്നു. ആകാലത്ത് പ്രദേശത്തെ നെല്ല്ഉൽപ്പാദനം 3000 മെട്രിക് ടൺ ആയിരുന്നു. മേൽ സൂചിപ്പിച്ച വയലുകളിൽ കുറെ ഭാഗം നികത്തിയതുകാരണം ഇപ്പോൾ അവശേഷിക്കുന്ന നിലങ്ങളിൽ ജല നിർഗ്ഗമന സൗകര്യങ്ങൾ ഇല്ലാതെയായി. കൂടാതെ പഞ്ചായത്തിലെ ജലസ്രോതസ്സുകളായ പ്രധാനവും അപ്രധാനവുമായ തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കാതെ വന്നതിനാൽ ബണ്ടുകൾ ഇടിഞ്ഞും കാടും പടലും പിടിച്ചും തൊണ്ട്, ഓല എന്നിവ അഴുക്കിയും അവയുടെ ജലനിർഗ്ഗമനശേഷിയെ കുറച്ചു. തോടുകളിൽ നിന്നും മണ്ണെടുക്കുന്നതും ജലനിർഗ്ഗമനശേഷിക്കുറവിന് ഒരു കാരണമായി. ഈ പ്രശ്നം മേഖലയുടെ മദ്ധ്യഭാഗത്തുള്ള നിലങ്ങളിൽ കൂടുതലായി ഉണ്ട്.

പഞ്ചായത്തിലെ ആറ്, ഏഴ്, എട്ട്, ഒൻപത്, പതിനൊന്ന്, പന്ത്രണ്ട്, പതിനാല് എന്നീ വാർഡുകളിലുള്ള നിലങ്ങളെ കൂടുതലും കൃഷിയോഗ്യമല്ലാതാക്കുന്നത് ഈ പ്രദേശങ്ങളിൽ ജലനിർഗ്ഗമനത്തിനുള്ള അപര്യാപ്തതയാണ്. മൂന്നാം വാർഡിന്റെ തെക്കുകിഴക്കുഭാഗത്തു കന്നേറ്റികായലിൽ നിന്നും അഞ്ചാം വാർഡിലെ റെയിൽവേ ലൈനിലുള്ള ഓടകളിൽകൂടിയും

തീരദേശവാർഡുകളിലെ തഴത്തോടുകളിൽ കൂടിയും ഓരുവെള്ളം കയറി കൃഷികൾക്ക് തടസ്സം ഉണ്ടാകുന്നു. ചില ഭാഗങ്ങളിൽ പാടങ്ങൾക്ക് അടുത്തുകൂടിയുള്ള ഓടകൾ സ്വകാര്യവ്യക്തികൾ നികത്തുന്നതുകാരണവും വെള്ളം ഒഴുക്കിവിടാൻ കഴിയുന്നില്ല. നെൽകൃഷിക്ക് സഹായകമായിരുന്ന തോടുകളിലെ ചീപ്പുകളും ബണ്ടുകളും പൂർണ്ണമായും ഉപയോഗശൂന്യമായതും കൃഷി നശിക്കുന്നതിന് കാരണമായി. ബ്ലാസ്റ്റ്, മുഞ്ഞ, ഓലചുരുട്ടി പുഴു എന്നീ രോഗങ്ങളും ശാസ്ത്രീയ കൃഷി രീതിയുടെ അഭാവവും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും മൂലം ഈ പ്രദേശത്തെ നെല്ലുൽപാദനം പ്രതിവർഷം 3000 മെട്രിക് ടണ്ണിൽ നിന്നും 1325 മെട്രിക് ടണ്ണായി കുറഞ്ഞു. മൊത്തത്തിൽ ഭൂരിഭാഗം കൃഷിക്കാരുടേയും കാർഷികവരുമാനം വളരെ തുഛമാണ്. ഈ കാരണത്താൽ കൃഷിക്കാർക്ക് കൃഷിചെയ്യുന്നതിനുള്ള താല്പര്യം കുറഞ്ഞുവരുന്നു. അതിനാൽ കൃഷിഭൂമി തരിശിടുന്നതിനുള്ള പ്രവണത കൂടിവരുകയും ചെയ്യുന്നു. നെൽപാടങ്ങളിൽ മൂന്നാം വിളയായി എള്ളുകൃഷി ചെയ്തിരുന്നുവെങ്കിലും അതിപ്പോൾ ചിലഭാഗങ്ങളിൽ മാത്രമായി ഒതുങ്ങിയിരിക്കുകയാണ്.

തെങ്ങ്

"വിനതയുടെ വിഷാദം നീക്കുവാനായ് തത്
തത് തനയൻ അമൃതകുംഭം പണ്ടുപോയ് കൊണ്ടുവന്നു
ജനകജനനിമാർ തൻ ദുഃഖം ആറ്റിടുവാനീ
തനയർ അയുതലക്ഷം തത്ഘടം പേറിടുന്നു."

(വള്ളത്തോൾ കവിതകളോട് കടപ്പാട്)

എന്ന് മഹാകവി വള്ളത്തോൾ പാടിയതുപോലെ ഓണാട്ടുകരയിൽ കേരവൃക്ഷങ്ങൾ അന്ന് നമുക്ക് ആശ്വാസം പകർന്നിരുന്നു.

തെങ്ങ് കൃഷി വിസ്തീർണ്ണം	തെങ്ങുകളുടെ എണ്ണം			രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണം				
	കായ്ക്കുന്നത്	കായ്ക്കാത്തത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	ആകെ
1140 ഹെ	160808	107248	268056	33551	114840	13393	16	161800







അവലംബം - കൃഷിഭവൻ

എന്നാൽ നിലം നികത്തി തെങ്ങുകൃഷി വ്യാപകമായി എങ്കിലും തെങ്ങിന്റെ ഉല്പാദന ക്ഷമത വർദ്ധിക്കുകയുണ്ടായില്ല. കെട്ടിട നിർമ്മാണത്തിനും അശാസ്ത്രീയമായ റോഡുനിർമ്മാണത്തിനും തെങ്ങുകൃഷിക്കും വേണ്ടിയുള്ള പാടം നികത്തൽ വ്യാപകമായി. ഇത് ജല നിർഗ്ഗമന മാർഗങ്ങൾ അടച്ചു. ഇത് തെങ്ങിന്റെ ഉല്പാദനക്ഷമത കുറയാൻ കാരണമായി. കൂടാതെ അശാസ്ത്രീയമായ കാർഷികമുറകൾ, കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലമഞ്ഞളിപ്പ് തുടങ്ങിയ രോഗങ്ങളാലും നാളികേര ഉല്പാദനം കുറഞ്ഞു.

ഇപ്പോൾ ഒരു തെങ്ങിൽ നിന്ന് പ്രതിവർഷം ശരാശരി 15 നാളികേരം ആണ് ലഭിക്കുന്നത്. എന്നാൽ ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചാൽ നാളികേര ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും എന്നു തെളിയിച്ച പ്രമുഖ കർഷകനാണ് നാടിയൻ പറമ്പിൽ മുഹമ്മദുകുഞ്ഞ്.

ഇടവിളകൃഷിയിൽ പ്രഥമസ്ഥാനത്തുനിന്നിരുന്ന മരച്ചീനികൃഷി ഇപ്പോൾ നാമമാത്രമായി. എല്ലാ കിഴങ്ങു വർഗ്ഗങ്ങളും പച്ചക്കറികളും ഈ മണ്ണിൽ ഇടവിളകളായി വിളയിച്ചെടുക്കാം.

പ്രഥമ മേഖലയായ കൃഷിയെ പുഷ്ടിപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിച്ച് ലാഭകരമാക്കി തീർക്കേണ്ടത് ഈ പഞ്ചായത്തിന്റെ അടിയന്തര പ്രാധാന്യമുള്ള വിഷയമാണ്.

ഈ മേഖലയിലെ പ്രശ്നങ്ങൾ

1. കൃഷിയിടങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.
   a. നിലം നികത്തലും അമിതമായ നിലം കുഴിക്കലും
   b. പ്രകൃതിജന്യമായ ജലസ്രോതസുകൾ സംരക്ഷിക്കപ്പെടാതിരിക്കൽ
   c. ശാസ്ത്രീയമായ വള പ്രയോഗത്തിന് ആവശ്യമായ മണ്ണ് പരിശോധന നടത്താറില്ല
   d. ജൈവ വള പ്രയോഗക്കുറവ്

II. ജലസേചന ജലനിർഗമന മാർഗങ്ങളുടെ അപര്യാപതത

III. ശാസ്ത്രീയമായി കൃഷിചെയ്യുന്നതിനുള്ള ബോധവൽക്കരണക്കുറവ്

IV. കൃഷിയിടങ്ങൾ തരിശാക്കിയിടുന്ന പ്രവണത

V. കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവ്

VI. ഉല്പാദന ക്ഷമത കൂടിയതും ഉയർന്ന രോഗപ്രതിരോധശേഷിയുള്ളതുമായ നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്

VII. ആധുനിക കാർഷികോപകരണങ്ങളുടെ ഉപയോഗക്കുറവ്

VIII. എലി, താറാവ്, കോഴി, തുടങ്ങിയവ കൃഷി നശിപ്പിക്കുന്നു

IX. രോഗനിർണയ അടിസ്ഥാനത്തിലുള്ള കീടനാശിനികളുടെ പ്രയോഗം ഇല്ലായ്മയും അവയുടെ വിലക്കൂടുതലും

X. ഉല്പാദന ചിലവിന് ആനുപാതികമായി ഉല്പന്നങ്ങൾക്ക് വേണ്ടത്ര വില ലഭിക്കുന്നില്ല. വിപണനത്തിന്റെ അപര്യാപ്തത.

XI. കാർഷികഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങളുടെ അഭാവം.

സാധ്യതകൾ

1. ജനകീയ സമിതികളുടെ സഹായത്തോടെ നിലംനികത്തൽ തടയുന്ന നിയമം കർശനമായി നടപ്പാക്കുക.
2. നിലങ്ങളിൽ നിന്നും അമിതമായി മണ്ണെടുക്കുന്നത് തടയാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുക.
3. പഞ്ചായത്തിലുള്ള എല്ലാ തോടുകളുടേയും വീതി ആവശ്യാനുസരണം വർദ്ധിപ്പിക്കുകയും സൈഡ്വാൾ കെട്ടി വൃത്തിയാക്കി വേണ്ട സ്ഥലങ്ങളിൽ ചീപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.
4. ചാലുകൾ കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകളിൽ തൊണ്ട്, ഓല തുടങ്ങിയവ അഴുക്കുന്നതിന് ഉപയോഗിക്കാതിരിക്കുകയും അവയെ ജലസേചന സൗകര്യത്തിനു വേണ്ടി ഉപയോഗപ്രദമാക്കുകയും ചെയ്യുക.
5. ഗ്രൂപ്പ് ഇറിഗേഷൻ സമ്പ്രദായം നടപ്പിലാക്കി ജലസേചന സമ്പ്രദായം വർദ്ധിപ്പിക്കുക.
6. എല്ലാ പാടശേഖരങ്ങളിലും ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ശക്തിപ്പെടുത്തുക.
7. എല്ലാ വാർഡിലും കേരവികസന സമിതികൾ രൂപീകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുക.
8. മഴവെള്ളം പാഴായി പോകാതെ സംഭരിച്ച് നിർത്തുന്നതിനുവേണ്ടി സൗകര്യമായ സ്ഥലങ്ങളിൽ ചെറുകുളങ്ങൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
9. ജല നിർഗമനത്തിനുവേണ്ടി ഉണ്ടായിരുന്ന കൈചാലുകൾ ഓടകൾ, എന്നിവ തെളിക്കുകയും പുതിയവ ഉണ്ടാക്കുകയും ചെയ്യുക.
10. ഓരുവെള്ളം കൃഷിയിടങ്ങളിലേക്ക് കയറുന്നത് തടയുന്നതിനുവേണ്ടി ആവശ്യമായ സ്ഥലങ്ങളിൽ ബണ്ടുകൾ, ക്രോസ്ബാറുകൾ എന്നിവ നിർമ്മിക്കുക.
11. കൃഷിഭവനുകളുടെ സഹായത്തോടെ മൂന്ന് മാസത്തിലൊരിക്കൽ വാർഡ്തലത്തിൽ കർഷകരെ വിളിച്ചുകൂട്ടി ആവശ്യമായ നിർദേശങ്ങൾ നൽകുകയും അതാത് കാലയളവിലെ കൃഷിയെ സംബന്ധിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും വേണം.
12. പഞ്ചായത്തുതലത്തിൽ യോഗ്യതയുള്ള തൊഴിൽ രഹിതർക്ക് ആവശ്യമായ പരിശീലനം നൽകി അവരെ ഉപയോഗിച്ച് മണ്ണ് പരിശോധന നടത്തുക.
13. ജൈവവളങ്ങൾ ലഭ്യമാകുന്നതിന് പച്ചില വളങ്ങളുടെ കൃഷിയെ പ്രോത്സാഹിപ്പിക്കുക.
14. പഞ്ചായത്തിന്റെ ഠൗൺ പ്രദേശം കേന്ദ്രീകരിച്ച് ഉണ്ടാകുന്ന ചപ്പുചവറുകൾ ഉപയോഗിച്ച് വാർഡുകളിൽ കമ്പോസ്റ്റ് കുഴികൾ ഉണ്ടാക്കുക.
15. കന്നുകാലികൃഷി പ്രോത്സാഹിപ്പിക്കുക.
16. ഓടകളിൽകൂടി ഒഴുകിവരുന്ന മലിനജലം ടാങ്കുകളിൽ സംഭരിച്ച് തെളിയുമ്പോൾ കായലിലേക്ക് പമ്പുചെയ്തുവിടുകയും ശേഷിക്കുന്ന എക്കൽ ശേഖരിച്ച് വളമായി ഉപയോഗിക്കുകയും ചെയ്യുക.
17. കൃഷിയോഗ്യമായ തരിശുഭൂമികൾ കൃഷിചെയ്യുന്നതിന് മനുഷ്യവിഭവമായ കർമ്മസേന രൂപീകരിക്കുക.

18. കൃഷിപ്പണിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണവും പരിശീലനവും നടത്തുകയും സമാന മേഖലയിലെ കൂലിനിരക്കുമായി ബന്ധപ്പെടുത്തി പഞ്ചായത്തുതലത്തിൽ ഒരു ഏകീകൃത വേതനഘടന ഉണ്ടാക്കി കർമ്മസേനകൾ രൂപീകരിച്ച് കർഷക തൊഴിലാളികളുടെ കുറവ് നികത്തുകയും ചെയ്യുക.

19. സൗകര്യപ്രദമായ സ്ഥലങ്ങളിലും ആവശ്യമായ സന്ദർഭങ്ങളിലും ആധുനിക കാർഷികോപകരണങ്ങൾ ഉപയോഗിക്കത്തക്ക സംവിധാനം ഉണ്ടാക്കുക.

20. നല്ലയിനം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് നൽകുവാൻ തയ്യാറുള്ള കർഷകർ നമ്മുടെ പഞ്ചായത്തിൽ ഉള്ളതുകൊണ്ട് അത്തരം സൗകര്യം പ്രയോജനപ്പെടുത്തി ആവശ്യമുള്ള കർഷകർക്ക് നടീൽ വസ്തുക്കൾ എത്തിക്കുക.

21. പഞ്ചായത്തിൽ ഒരു സീഡ് ബാങ്ക് തുടങ്ങുക.

22. കൃഷിഭവന്റെ സഹായത്തോടെ രോഗനിർണയം നടത്തുന്നതിനുള്ള വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും കീടനാശിനികൾ കുറഞ്ഞനിരക്കിൽ യഥാസമയം ലഭ്യമാക്കുകയും ചെയ്യുക.

23. രാസവളങ്ങൾ യഥാസമയങ്ങളിൽ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക.

24. രോഗം ബാധിച്ച തെങ്ങുകൾ പൂർണ്ണമായും വെട്ടിമാറ്റുന്നതിന് ആവശ്യമായ നടപടികൾ വിപുലീകരിക്കുക.

25. എലിനശീകരണം ഏകസമയ പ്രവർത്തനമാക്കുക.

26. ഉൽപാദനചെലവുകൾക്കനുസൃതമായി ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിച്ച് അവ സംഭരിക്കുവാനും വിപണനം നടത്തുവാനും ആവശ്യമായ കേന്ദ്രങ്ങൾ പഞ്ചായത്തിൽ രൂപീകരിക്കുക.

27. തെങ്ങിൽ നിന്ന് ലഭിക്കുന്ന കരിക്ക് ഉപയോഗിച്ച് ഒരു ശീതളപാനിയ ശൃംഖല വ്യാവസായിക അടിസ്ഥാനത്തിൽ ഉണ്ടാക്കാവുന്നതാണ്.

28. നാളീകേരത്തിന്റെ ഉപ ഉൽപന്നമായ ചിരട്ട ഉപയോഗിച്ചുള്ള വ്യവസായസംരംഭം ആരംഭിക്കുക.

29. ഇടവിളകൃഷികൾ, കുരുമുളക് കൃഷി, പൈനാപ്പിൾ കൃഷി, എന്നിവ പ്രോത്സാഹിപ്പിക്കുക.

30. വട്ടക്കായൽ കൃഷിയോഗ്യമാക്കുന്നതിനും മത്സ്യകൃഷി നടത്തുന്നതിനും അനുയോജ്യമായ പദ്ധതിക്ക് രൂപം കൊടുക്കണം.

31. ചെറുതും വലുതുമായ പച്ചക്കറികൃഷി പഞ്ചായത്തിലെ എല്ലാ വീടുവളപ്പിലും ആരംഭിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്. ഈ ഭൗതികസാഹചര്യം ഉപയോഗപ്പെടുത്താൻ കൃഷിഭവനും പഞ്ചായത്തുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കണം.

32. മുല്ലപ്പൂവ്, പിച്ചിപ്പൂവ്, റോസ്, ജമന്തി, ഓർക്കിഡ്, തുടങ്ങിയ പുഷ്പസസ്യ കൃഷി പ്രോത്സാഹിപ്പിക്കുക

34. ആയുർവേദ മരുന്നുകളുടെ ഉത്പാദനത്തിന് സഹായിക്കുന്ന ഔഷധസസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

മൃഗസംരക്ഷണം – മത്സ്യബന്ധനം

കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനിടയിൽ കാലിവളർത്തലിൽ ഗണ്യമായ മാറ്റങ്ങൾ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. മുമ്പ് നാടൻ കാലികളെ മിക്ക വീടുകളിലും വളർത്തിയിരുന്നു. ഉഴുന്നതിനും വണ്ടിവ ലിക്കുന്നതിനും ചക്ക് ആട്ടുന്നതിനും മറ്റും കാളകളേയും സംരക്ഷിച്ചു വന്നു. പാലിനും വളത്തിനും ഒരേ പ്രാധാന്യം കൽപിച്ചാണ് അക്കാലത്ത് കർഷകർ കാലികളെ വളർത്തിയിരുന്നത്. 1.5 – 2 ലിറ്റർ പാൽ തരുന്ന ചെറിയ ഇനം പശുക്കൾ, കാള, എരുമ, ആട്, പട്ടി, ഇവയായിരുന്നു പ്രധാന വളർത്തു മൃഗങ്ങൾ.

എന്നാൽ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയ്ക്ക് ഗണ്യമായ ചില മാറ്റങ്ങൾ ഈ രംഗത്തുണ്ടായി. നാടൻ കാലികളുടെ സ്ഥാനത്ത് അത്യുല്പാദന ശേഷിയുള്ള സിസ് ബ്രൗൺ, ജഴ്സി തുടങ്ങിയ പശു ക്കൾ വന്നു. താരതമ്യേന രോഗപ്രതിരോധശേഷികുറഞ്ഞ ഇവയെ സംരക്ഷിക്കാൻ മെച്ചപ്പെട്ട തൊഴു ത്തുകളും ഉണ്ടായി. കാലിവളർത്തൽ ചിലവേറിയ ഒരു തൊഴിലായി മാറിയപ്പോൾ ഒട്ടുമിക്ക കർഷ കരും രംഗം വിട്ടു. വർദ്ധിച്ച തോതിൽ ഉൽപ്പാദിപ്പിച്ചുതുടങ്ങിയ പാൽ സംഭരിക്കാനും വിപണനം ചെയ്യാനും സഹകരണ സംഘങ്ങൾ നിലവിൽ വന്നു. കാലികളുടെ ചികിത്സയ്ക്കും കൃത്യമബീജസങ്ക ലനത്തിനും ഉള്ള സൗകര്യങ്ങളും ലഭ്യമായി. ഒപ്പം സാമ്പത്തിക നേട്ടം ലക്ഷ്യമാക്കിയുള്ള ഒരു കാലി വളർത്തൽ രീതി വളർന്നു വന്നു. ആട് എരുമ തുടങ്ങിയ മൃഗങ്ങൾ ഗണ്യമായി കുറഞ്ഞു.

പാലിന്റെ ഉല്പാദനം വർദ്ധിച്ചതും വിപണനസൗകര്യം ഉണ്ടായതും കർഷകർക്ക് ആശ്വാസം പകർന്നു. എന്നാൽ കാലികളുടെ രോഗാതുരത പുതിയ പ്രശനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. കന്നേറ്റി വെറ്റനറി ഹോസ്പിറ്റലിനെയാണ് പഞ്ചായത്തു മുഴുവനുമുള്ള കർഷകർ ആശ്രയിക്കുന്നത്. താച്ചയിൽ മുക്കിൽ ഒരു സ്വകാര്യ ആനിമൽ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്.

നമ്പരുവികാലക്ഷീര സംഘമുമായി ബന്ധപ്പെട്ട ഒരു അനിമൽ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്.

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ 7 എണ്ണം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 5 എണ്ണം മിൽമയുമായി അഫിലിയേഷൻ ഉള്ളവയാണ്. ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സമിതിയും പാൽ സംഭരിച്ച് വിതരണം ചെയ്യുന്നുണ്ട്.

വളർത്തു പക്ഷികളിൽ കോഴിയാണ് പ്രധാനം. പഞ്ചായത്തിന്റെ പടിഞ്ഞാറും തെക്കും കായ ലോരങ്ങളിൽ ചെറിയതോതിൽ താറാവിനെ വളർത്തുന്നുണ്ട്. വ്യവസായികാടിസ്ഥാനത്തിൽ മുട്ടകോഴി വളർത്തൽ പഞ്ചായത്തിൽ ഇല്ല. എന്നാൽ ഇറച്ചിക്കോഴികളേയും പന്നികളേയും വളർത്തുന്ന ഏതാനം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

കാലിവളർത്തൽ പ്രോത്സാഹിപ്പിക്കാനായി ക്ഷീരവികസന വകുപ്പും മൃഗസംരക്ഷണ വകുപ്പും ചില പദ്ധതികൾ നടത്തിവരുന്നുണ്ട്. പുൽവിത്തും പുൽക്കടയും ഉപയോഗിച്ചുള്ള പുൽകൃഷി മാതൃ കാഡയറിയൂണിറ്റ് മാതൃകാ കാലിതൊഴുത്ത്, കർഷകസമ്പർക്കപരിപാടി ക്ഷീരോല്പന്നനിർമ്മാണപ രിശീലനം, പട്ടികജാതിക്കാർക്കു വേണ്ടിയുള്ള മാതൃകാഘടകപദ്ധതി തുടങ്ങിയവ ക്ഷീരവികസന വകുപ്പ് ഈ പഞ്ചായത്തിൽ നടപ്പാക്കി വരുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റേതായി ആടുവളർത്തൽ, പേവിഷ നിർമ്മാർജ്ജനം, ഗോരക്ഷാ ക്യാമ്പ്, സമഗ്രകോഴിവളർത്തൽ തുടങ്ങിയ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

ഈ സഹായപദ്ധതികളൊന്നും തന്നെ യഥാർത്ഥ ഗുണഭോക്താക്കളിൽ പലരും അറിയുന്നില്ലെന്നും അതിനാൽ അവർക്കീസഹായങ്ങൾ ലഭിക്കുന്നില്ലെന്നും അഭിപ്രായമുണ്ട്.

പേവിഷനിർമ്മാർജന പദ്ധതിയുടെ നടത്തിപ്പ് രീതി അശാസ്ത്രീയമാണ്. ചുരുക്കത്തിൽ ഒരു സാമൂഹ്യ ഇടപെടലിന്റെ ആവശ്യകത ഈ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമാണെന്നു കാണുന്നു.

വളർത്തുമൃഗങ്ങളുടെ രോഗാതുരത 1995

	പശു	എരുമ	ആട്	കോഴി
ദഹനസംബന്ധം	449	99	139	22
ശ്വാസകോശസംബന്ധം	187	29	86	232
ഉപാപചയം	143	–	–	–
ത്വക്ക് രോഗങ്ങൾ	93	–	–	–
പാദരോഗങ്ങൾ	492	–	65	239
പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ	234	–	–	–
വന്ധ്യത	62	–	–	–
അകിടുവീക്കം	110	2	44	–

അവലബം:- മൃഗാശുപത്രിയിൽനിന്ന് ലഭിച്ച ദ്വിതീയവിവരകണക്കുകൾ

പ്രധാനപ്രശ്നങ്ങൾ

1. കാലിതീറ്റയുടെ വിലവർദ്ധന
2. മൃഗസംരക്ഷണത്തിനുള്ളു സൗകര്യങ്ങളുടെ അപര്യാപ്തത.
3. മൃഗാശുപത്രിയുടെ സേവനം ഗുണഭോക്താവിന്റെ വീട്ടിൽ ലഭ്യമാകുന്നില്ല, പകൽമുഴുവനും ലഭ്യമാകുന്നില്ല.
4. നല്ലയിനം മുട്ടക്കോഴികുഞ്ഞുങ്ങൾ ലഭ്യമാകുന്നില്ല.
5. പാൽ സംഭരണ വിപണനത്തിനുള്ള സൗകര്യം അപര്യാപ്തമാണ്.
6. പാലിന് ഏകീകൃത വില ലഭിക്കുന്നില്ല.
7. വൈക്കോലും പുല്ലും വേണ്ടത്ര ലഭ്യമല്ല.

സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് ന്യായവിലയ്ക്ക് കാലിതീറ്റ ലഭ്യമാക്കണം.

2. പാൽ സംഭരണ വിപണനത്തിന് എല്ലാ വാർഡിലും സഹകരണ സംഘങ്ങൾ ഉണ്ടാവണം. സംഘം വഴി തീറ്റ, പുല്ല്, കച്ചി ഇവലഭ്യമാക്കണം.

3. മൃഗാശുപത്രിയുടെ സേവന ശേഷിവർദ്ധിപ്പിക്കണം.

a. സ്വന്തമായ, ആവശ്യത്തിന് സൗകര്യങ്ങളുള്ള കെട്ടിടം ഉണ്ടാവണം. ഇത് പഞ്ചായത്തിൽ എല്ലായിടത്തും സേവനം ഒരു പോലെ ലഭ്യമാക്കാൻ പറ്റുന്ന ഇടത്ത് സ്ഥാപിക്കണം.

b. സ്റ്റാഫിന്റെ എണ്ണം ഇരട്ടിയാക്കണം.

b. സ്വന്തമായി വാഹനം ഉണ്ടാവണം

c. കഴിയുന്നത്ര മരുന്നുകൾ ആശുപത്രിയിൽ ലഭ്യമാക്കണം.

d. പ്രവർത്തന സമയം 2 ഷിഫ്റ്റ് (പകൽ മുഴുവൻ) ആകണം.

4. മുട്ടക്കോഴികളേ ഉൽപാദിപ്പിക്കുന്ന 1–2 വനിതായൂണിറ്റുകൾ തുടങ്ങണം.

5. രോഗപ്രതിരോധത്തിന് വ്യാപകവും സമയോചിതവുമായ നടപടികൾ സ്വീകരിക്കണം

6. രോഗപ്രതിരോധശേഷിയുള്ള കാലികളെ പ്രചരിപ്പിക്കണം.

7. കന്നുകാലികൾക്ക് പഞ്ചായത്തുതലത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തണം.

8. വായ്പ്പ ലഭ്യമാക്കാനുള്ള നടപടികൾ ലളിതമാക്കണം.

9. ടൗണിലെ വേസ്റ്റ് പ്രയോജന പ്പെടുത്തി 1–2 പന്നിവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങണം.

10. പൊതുവിപണിയിലെ മരുന്ന് വില നിയന്ത്രിക്കണം.

മത്സ്യബന്ധനം

കരുനാഗപ്പള്ളി പഞ്ചായത്തിൽ പടിഞ്ഞാറും തെക്കും കിഴക്കും അതിരുകളിലായി ഏതാണ്ട് 10 കിലോമീറ്റർ നീളത്തിൽ കായൽ പ്രദേശങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുകയാണ്. കെ.കെ. കനാൽ എന്ന റ്റി. എസ്. കനാലും വട്ടക്കായലും പള്ളിക്കലാറും ചേർന്നതാണി ജലസഞ്ചയം. ഇതിന്റെ തീരത്ത് അധിവ സിക്കുന്നവരിൽ നല്ലൊരുവിഭാഗം പ്രകൃതി ജന്യമായി ലഭിച്ചിട്ടുള്ള ഈ ജല സ്രോതസ്സിൽ നിന്നും മീൻ പിടിച്ചും കക്കാ വാരിയും ജീവിക്കുന്നവരായിട്ടുണ്ട്. ആസൂത്രിതമായി പടുത്തുയർത്തിയ മത്സ്യ വളർത്തൽ കേന്ദ്രങ്ങളൊന്നും പഞ്ചായത്തിൽ ഇല്ല. ചില സ്വകാര്യകുളങ്ങൾ ഉള്ളതൊഴിച്ചാൽ പൊതുവേ മത്സ്യം വളർത്തൽ കുളങ്ങൾ ഇല്ലെന്ന് തന്നെ പറയാം. തഴത്തോടുമായി ബന്ധപ്പെട്ടുകിടക്കുന്ന കുള ങ്ങളിൽ മത്സ്യം വളരാറുണ്ടെങ്കിലും ഓലചീയിക്കൽ തുടങ്ങിയുള്ള ഇടപെടൽ കാരണം അത് ഫലപ്ര ദമാകുന്നില്ല. പഞ്ചായത്തിൽ നിലനിന്നിരുന്ന മിക്ക പൊതുകുളങ്ങളും നികത്തപ്പെട്ടുപോയിട്ടുണ്ട്.

കടൽ മത്സ്യബന്ധനത്തിന് പഞ്ചായത്തിൽ സൗകര്യമില്ലെങ്കിലും പുറത്തുപോയി കടൽ മത്സ്യ ബന്ധനം തൊഴിലാക്കി ജീവിക്കുന്ന ധാരാളം പേർ പഞ്ചായത്തിൽ താമസിക്കുന്നുണ്ട്. കായൽ മത്സ്യമായി പ്രധാനമായി ലഭിക്കുന്നത് കരിമീൻ, കണമ്പ്, ഞണ്ട് മുതലായവയാണ്. കക്കയും ധാരാള മായി ലഭിക്കുന്നുണ്ട്. കായലിനോടടുത്തുള്ള വെള്ള കെട്ടുകളിൽ മുൻമ്പ് ധാരാളമായി ലഭ്യമായിരുന്ന കൊഞ്ച് , ബ്ലാഞ്ചി, ആരകൻ, പള്ളത്തി, കരട്ടി, വരാൽ മുശി, കാരി, എന്നിവയിൽ ബ്ലാഞ്ചി, ആരകൻ എന്നിവ തീരെ അന്യം നിന്നു കഴിഞ്ഞു. വരാൽ രോഗഗ്രസ്തമായി നശിച്ചു തുടങ്ങി. മറ്റുള്ളവയും ദുർലഭമായിതുടങ്ങി. സിലോപ്യ (തിലോപ്യാ) എന്ന പുതിയ ഒരിനത്തിന്റെ വരവ് പ്രത്യേകം എടുത്തു പറയേണ്ടതാണ്. കക്കയെയും ഞണ്ടിനേയും പോലെ തന്നെ ഗുണാംശ മുണ്ടായിരുന്ന നത്തയ്ക്ക നമ്മുടെ വയലുകളിൽ നിന്നും അപ്രത്യക്ഷമായികഴിഞ്ഞു. ഇതിനെല്ലാമുള്ള കാരണങ്ങളും സാഹചര്യങ്ങളും ഇനിയും നാം പഠനവിഷയമാക്കേണ്ടതാണ്. കെ.കെ.കനാൽ ദേശിയ ജലപാതയാക്കി വികസിപ്പിക്കുന്ന നടപടികളും എച്ച്. പി. എൽ. ന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഇടപെടലുകളും ഈ പ്രദേശത്തെ

മത്സ്യ വിഭവ കൃഷി വർദ്ധിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും മുള്ള സാധ്യതയ്ക്ക് മങ്ങലേല്പിക്കുന്നു. പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ ഫലപ്രദമായ കൃഷിക്കുപയുക്തമല്ലാത്ത ചതിപ്പ്നിലങ്ങളിൽ ആസൂത്രിത മത്സ്യകൃഷിക്ക് വേണ്ടത്ര സൗകര്യം ഉണ്ട്. ആവശ്യമായ ഭൗതിക സാഹചര്യങ്ങളും സാമ്പത്തിക സൗകര്യങ്ങളും ലഭ്യമാക്കിയാൽ സ്വകാര്യ മേഖലയിൽ മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ താല്പര്യമുള്ളവർ പഞ്ചായത്തിലുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഒരു മത്സ്യബന്ധന സഹകരണ സംഘവും ഒരു മത്സ്യ സംസ്കരണ സഹകരണ സ്ഥാപനവും ഇപ്പോൾ തന്നെ രജിസ്റ്റർ ചേയ്തിട്ടുണ്ട്. ഒരു വനിതാ മത്സ്യ വ്യവസായ സഹകരണ സംഘത്തിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇതിനെല്ലാം ആവശ്യമായ പ്രോത്സാഹനം നൽകി വികസിപ്പിക്കുന്നത് പഞ്ചായത്തിന്റെ മത്സ്യസമ്പത്ത് വികസിപ്പിക്കാൻ സഹായകരമായിരിക്കും.

പ്രശ്നങ്ങൾ

1. മത്സ്യലഭ്യതയിൽ ഗണ്യമായ കുറവുണ്ട്. ലഭിക്കുന്ന മത്സ്യത്തിന്റെ വലുപ്പം കുറയുന്നുണ്ട്. ചില ഇനം മത്സ്യം തീരെ ലഭ്യമല്ലാതായിത്തീരുന്നുണ്ട്.
2. യമഹകളുടെ സാന്നിദ്ധ്യം,തൊണ്ടഴുക്കൽ, കായൽ നികത്ത് ഇവമൂലം മത്സ്യഉല്പാദനത്തിലും ലഭ്യമാകുന്ന മത്സ്യങ്ങളുടെ ഗുണത്തിലും ഇടിവ് സംഭവിക്കുന്നു.
3. ശുദ്ധമായ പച്ചമത്സ്യം ലഭിക്കുന്നില്ല.
4. മത്സ്യവിപണി ഏതാണ്ട് പൂർണ്ണമായും നിയന്ത്രിക്കുന്നത് ഇടനിലക്കാരാണ്.
5. കയർവ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ച പരോക്ഷമായി മത്സ്യഉല്പാദന രംഗത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. തൊണ്ടഴുക്കൽ മൂലമുള്ള മലിനീകരണം ചകിരിചോറിട്ട് കായൽ നികത്തുന്നതുമൂലമുള്ള പരിസ്ഥിതിപ്രശനങ്ങൾ.

സാധ്യതകൾ

1. കായൽ മത്സ്യ ഉല്പാദനം (പ്രജനനവും വളർച്ചയും) മെച്ചപ്പെടുത്താനുതകുന്ന ഭൗതിക സാഹചര്യങ്ങൾ കായലോരത്ത് പുനസ്ഥാപിക്കണം.
2. ഓരുവെള്ളക്കെട്ടിൽ ലാഭകേരമായിനടത്താവുന്ന ചെമ്മീൻ കൃഷി ഉൾപ്പടെയുള്ള മത്സ്യകൃഷി വ്യാപകമക്കാനുതകുന്ന ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കൂടുതൽ ആൾക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കാവുന്നതാണ്.
3. ശുദ്ധജല മത്സ്യസമ്പത്ത് വർധിപ്പിക്കാനുതകുന്ന വിധം ശുദ്ധജല തടാകങ്ങൾ സംരക്ഷിക്കുകയും അവിടങ്ങളിൽ മീൻ കൃഷി ചെയ്യാൻ ആവശ്യമായ പരിശീലനവും മറ്റ് സൗകര്യങ്ങളും ഒരുക്കി താല്പര്യമുള്ള കൂടുതൽ ആൾക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കണം.
4. നല്ല മത്സ്യം ലഭിക്കുന്നതിനുള്ള സംഭരണ-വിതരണ കേന്ദ്രങ്ങൾ പൊതു ഉടമസ്ഥയിൽ സ്ഥാപിക്കാവുന്നതാണ്.
5. വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകൃഷിപോഷിപ്പിക്കുമ്പോൾ തന്നെ പരമ്പരാഗത മത്സ്യ സമ്പത്തുകളും ജനുസ്സുകളും നഷ്ടപ്പെടാതിരിക്കാനും സംരക്ഷിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിദ്യാഭ്യാസം

വിദ്യാഭ്യാസമേഖലയിൽ മുൻപന്തിയിൽ നിന്നിരുന്ന ഒരു ഗ്രാമമായിരുന്നു നമ്മുടേത്.

നൂറ്റിഇരുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പാണ് ആദ്യമായി പഞ്ചായത്തിൽ ഒരു പ്രൈമറി സ്കൂൾ തുടങ്ങിയത്. അത് സ്വകാര്യമേഖലയിൽ ആയിരുന്നു.(കന്നേറ്റി സി. എം. എസ്., എൽ. പി. എസ്.) കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി(1891) പൊതുമേഖലയിൽ ഒരു പ്രൈമറി സ്കൂൾ ആരംഭിച്ചു. ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്തുതന്നെ പൊതുമേഖലയിൽ മൂന്നും സ്വകാര്യമേഖലയിൽ നാലും പ്രൈമറി സ്കൂളുകൾ ആരംഭിച്ചിരുന്നു. വിദ്യാഭ്യാസം നടത്തുന്നത് ഏതെങ്കിലും ഉദ്യോഗത്തിനോ ഉപജീവനമാർഗ്ഗം നേടുന്നതിനോ അല്ലാതിരുന്ന അക്കാലത്ത് എഴുത്തും വായനയും വശമാക്കി മനുഷ്യനെ ഒരു പുതിയ സംസ്കാരത്തിലേക്കു നയിക്കുവാൻ ഈ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു കഴിഞ്ഞു. ഈ മേഖലയിൽ അമൂല്യസംഭാവനകൾ നല്കിയ പരേതനായ ശ്രീ. സി. എസ്. സുബ്രഹ്മണ്യൻ പോറ്റിയെ ഈ അവസരത്തിൽ സ്മരിക്കേണ്ടിയിരിക്കുന്നു.

1913 ൽ ഇംഗ്ളീഷും മലയാളവും തമിഴും ഐച്ഛികമായി എടുത്ത് ഈ പഞ്ചായത്തിലെ.ആദ്യത്തെ ബിരുദാനന്തരബിരുദം(എം. എ.) നേടിയ അദ്ദേഹം സ്കൂൾ തുടങ്ങുന്നതിനാവശ്യമായ സ്ഥലം വിട്ടുകൊടുക്കുകയും, പൊതുജനപങ്കാളിത്തത്തോടെ കെട്ടിടം നിർമ്മിക്കുകയും സ്കൂളിന്റെ പ്രവർത്തനം സുഗമമായ രീതിയിൽ നടത്തുന്നതിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തിരുന്നു. അവർണ്ണസമുദായങ്ങളിലെ ചെറ്റപ്പുരകളിലെത്തി ബാലികാബാലന്മാരെ സ്കൂളിൽ ചേർക്കാൻ അദ്ദേഹം പ്രേരിപ്പിച്ചിരുന്നു. തൊഴിൽപരിശീലനത്തിനുള്ള സൗകര്യങ്ങളും സംവിധാനവും ലഭ്യമാക്കാനും ചില വിദ്യാലയങ്ങളിൽ(കരുനാഗപ്പള്ളി താലൂക്കിലെ) കാർഷികവൃത്തിയുടെ അഭ്യസനത്തിനു പ്രത്യേക ക്ളാസ്സുകൾ സംഘടിപ്പിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിന് ഊന്നൽ കൊടുത്തുകൊണ്ട് കരുനാഗപ്പള്ളി പഞ്ചായത്തിൽ നമ്പരുവികാലാ വാർഡിൽ ശ്രീ രാമചന്ദ്രദാസ് ഹരിജൻ വെൽഫെയർ പ്രൈമറി സ്കൂൾ സ്ഥാപിച്ചു. ടി സ്കൂളിന് സ്ഥലം കൊടുക്കുവാൻ ആരും തയ്യാറാകാതെ വന്നപ്പോൾ തന്റെ താമസസ്ഥലം വിട്ടുകൊടുത്തുകൊണ്ടാണ് ഈ സ്കൂളിന് ഇടം ഉണ്ടാക്കിയത്. ഇപ്പോൾ ഈ സ്കൂൾ അപ്ഗ്രേഡു ചെയ്ത് വെൽഫെയർ യു. പി. എസ്. ആയി പ്രവർത്തിക്കുന്നു. ഇങ്ങനെ ദേശീയപ്രസ്ഥാനങ്ങളോട് ജനങ്ങളെ അടുപ്പിക്കുന്നതിന് അന്നത്തെ വിദ്യാഭ്യാസമേഖലയ്ക്ക് കഴിഞ്ഞു.

അനൗപചാരിക വിദ്യാഭ്യാസത്തിന് ഈ ദശകത്തിന്റെ ആദ്യം മുതൽക്കേ ഇവിടെ പ്രാധാന്യം നല്കിയിരുന്നു. ആ ലക്ഷ്യത്തോടെയാണ് വിദ്യാഭ്യാസസ്ഥാപനങ്ങളും ഗ്രന്ഥശാലകളും ഇവിടെ ആരംഭിച്ചിരുന്നത്. 1929 ന്റെ അന്ത്യത്തിൽ സ്ഥാപിതമായ ലാലാജി സ്മാരക ഗ്രന്ഥശാല, അതിനു ശേഷം രൂപംകൊണ്ട ആലുംകടവിലെ ബോധോദയം ഗ്രന്ഥശാല, കോഴിക്കോട്ടെ കലാവിലാസിനി ഗ്രന്ഥശാല, പന്നിശ്ശേരിൽ നാണുപിള്ള മെമ്മോറിയൽ ഗ്രന്ഥശാല തുടങ്ങിയവ ഈ രംഗത്തു നല്കിയ സംഭാവനകൾ വളരെ വലുതാണ്. 1954-ൽ കോഴിക്കോട് കേന്ദ്രീകരിച്ച് ഒരു യുവജനസംഘടന വയോജനവിദ്യാഭ്യാസം നടത്തിയിരുന്നു. 1965-നു മുമ്പ് ആലുംകടവ് ബോധോദയം ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട് വയോജനവിദ്യാഭ്യാസ ക്ളാസ്സുകളും രാഷ്ട്രഭാഷാപഠനവും നടത്തിയിരുന്നു. 1972-73 കാലഘട്ടത്തിൽ കോഴിക്കോട് കലാവിലാസിനി വായനശാലയുടെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കുവേണ്ടി പ്രവൃത്ത്യുന്മുഖ സാക്ഷരതാപദ്ധതി നടപ്പിലാക്കിയിരുന്നു. ഇതിൽ കൂടി ആ പ്രദേശത്തെ ധാരാളം സ്ത്രീകൾക്ക് അക്ഷരം പഠിക്കുവാൻ സാധിച്ചു. 1990-ൽ ആരംഭിച്ച സാക്ഷരതാപ്രവർത്തനത്തിനു മുമ്പുതന്നെ ഈ പ്രവർത്തനം ഇവിടെ നടന്നിരുന്നു.

ഔപചാരിക വിദ്യാഭ്യാസമേഖലയെപ്പറ്റി പരാമർശിക്കുമ്പോൾ ദേശീയ അവാർഡും സംസ്ഥാന അവാർഡും നേടിയ കരുനാഗപ്പള്ളി ഹൈസ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്ററായ ശ്രീ. വി. എ. നാരായണപിള്ള, ദേശീയ അവാർഡു നേടിയ യു. പി. ജി. എസ്സ്. ലെ ഇപ്പോഴത്തെ ഹെഡ്മാസ്റ്ററായ ശ്രീ. ആർ. രഘുനാഥൻ എന്നിവരെ സ്മരിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിദ്യഭ്യാസസ്ഥാപനങ്ങളുടെ ലിസ്റ്റ് താഴെ ചേർത്തിട്ടുണ്ട്.

പഞ്ചായത്തിലെ സ്കൂളുകൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	സ്ഥിതി ചെയ്യുന്ന വാർഡ്	ഉടമസ്ഥത	പഠന മാധ്യമം	ക്ലാസ് വിഭാഗങ്ങൾ
	സി. എം. എസ്. എൽ. പി. സ്കൂൾ, കരനേറ്റി	5	എയിഡഡ്	മലയാളം	ലോവർ പ്രൈമറി
2	ഗവ: എൽ. പി. എസ്. എസ്, മരുതൂർകുളങ്ങര	8	സർക്കാർ	മലയാളം	ലോവർപ്രൈമറി 5-ാം സ്റ്റാൻഡേർഡ്
3	ആലപ്പാട് ഗവ: എൽ. പി. എസ്., ആലുംകടവ്	9	സർക്കാർ	മലയാളം	ലോവർപ്രൈമറി
4	ഗവ: എൽ. പി. എസ്, കോഴിക്കോട്		സർക്കാർ	മലയാളം	ലോവർപ്രൈമറി 5-ാം സ്റ്റാൻഡേർഡ്
5	എസ്. എൻ. വി. എൽ. പി. എസ്, കോഴിക്കോട്	14	എയിഡഡ്	മലയാളം	ലോവർപ്രൈമറി
6	ടൗൺ. എൽ. പി. എസ്, കരുനാഗപ്പള്ളി	2	സർക്കാർ	മലയാളം	ലോവർപ്രൈമറി
	ഗവ: മുസ്ലീം. എൽ. പി. എസ്	1	സർക്കാർ	മലയാളം	ലോവർപ്രൈമറി
8	കാനോസ കോൺവെന്റ് ഇംഗ്ലീഷ് മീഡിയം എൽ. പി. എസ്	2	അൺ എയിഡഡ്	ഇംഗ്ലീഷ്	നഴ്സറി ലോവർപ്രൈമറി
9	യു. പി. ജി. എസ്. കരുനാഗപ്പള്ളി	2	സർക്കാർ	മലയാളം	നഴ്സറി ലോവർപ്രൈമറി അപ്പർപ്രൈമറി
10	ഗവ: ഡബ്ലു. യു. പി. എസ്. നമ്പരുവികാല	7	സർക്കാർ	മലയാളം	ലോവർപ്രൈമറി, അപ്പർപ്രൈമറി
11	എസ്. എൻ. യു. പി. എസ്. മരുതൂർകുളങ്ങര	11	എയിഡഡ്	മലയാളം	ലോവർപ്രൈമറി, അപ്പർപ്രൈമറി
12	ഡബ്ലു. യു. പി. എസ്. പടനായർകുളങ്ങര	3	സർക്കാർ	മലയാളം	പ്രീപ്രൈമറി ലോവർപ്രൈമറി അപ്പർപ്രൈമറി
13	ഗവ: എസ്. കെ. വി. യു. പി. എസ്, കോഴിക്കോട്	10	സർക്കാർ	മലയാളം	ലോവർപ്രൈമറി അപ്പർപ്രൈമറി
	എച്ച്. എസ്. ഫോർ ബോയിസ്, കരുനാഗപ്പള്ളി	2	എയിഡഡ്	മലയാളം	അപ്പർപ്രൈമറി സെക്കന്ററി
15	ഗേൾസ് ഹൈസ്കൂൾ കരുനാഗപ്പള്ളി	2	എയിഡഡ്	മലയാളം	അപ്പർപ്രൈമറി സെക്കന്ററി
16	ജെ. എഫ്. കെ. എം. എച്ച്. എസ്. അയണിവേലികുളങ്ങര		എയിഡഡ്	മലയാളം	അപ്പർപ്രൈമറി സെക്കന്ററി
17	ഗവ: ഹയർ സെക്കന്ററി സ്കൂൾ. കരുനാഗപ്പള്ളി	2	സർക്കാർ	മലയാളം ഇംഗ്ലീഷ്	അപ്പർപ്രൈമറി സെക്കന്ററി ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി

അവലംബം:- പഞ്ചായത്ത് രേഖ

ഇതരവിദ്യാഭ്യാസ സ്ഥാപനങ്ങൾ

ക്രമ നമ്പർ	ഇനം	എണ്ണം	സ്വഭാവം
1	കോളേജ്	1	സ്വകാര്യസ്വാശ്രയം
2	ഐ. ടി. ഐ	3	സ്വകാര്യം
3	ഇതരസാങ്കേതികം	4	സ്വകാര്യം
4	കോളേജ്തല സമാന്തരം	8	സ്വകാര്യം
5	സ്കൂൾതല സമാന്തരം	12	സ്വകാര്യം
6	നഴ്സറികൾ	11	സർക്കാർ 2 പഞ്ചായത്ത് 1 സ്വകാര്യം 8
7	ബാലവാടി	4	എയ്ഡഡ്
8	കുടിപള്ളിക്കൂടം	4	സ്വകാര്യം
9	ഡേ. കെയർഹോം	1	സ്വകാര്യം
10	നഴ്സറി ട്രയിനിംഗ് സ്കൂൾ	1	ഭാരത് സേവക്സമാജ്

പഞ്ചായത്തിൽ സർക്കാർ ഉടമയിൽ രണ്ടു നഴ്സറി സ്കൂളുകളും പഞ്ചായത്തു വക ഒരു നഴ്സറി സ്കൂളും ഉണ്ട്. ഒരു അംഗനവാടി ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇവ കൂടാതെ സ്കൂൾക്ളാസ്സുകൾ മാത്രം കൈകാര്യം ചെയ്യുന്ന പന്ത്രണ്ടോളം സമാന്തരവിദ്യാലയങ്ങളും, കോളേജ് ക്ളാസ്സുകൾ മാത്രം കൈകാര്യം ചെയ്യുന്ന എട്ടോളം സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ട്.

സെക്കൻഡറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉണ്ടായത് 1939-40 വർഷത്തോടെയാണ്. വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടായത് 1987-88 വർഷത്തിലാണ്. ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിനു സൗകര്യം ഉണ്ടായത് 1991-92 വർഷത്തിലാണ്. 1994-95 വർഷത്തിൽ ഒരു സ്വാശ്രയ കോളേജ് തുടങ്ങി.

പ്രൈമറി-സെക്കൻഡറി വിഭാഗങ്ങളിൽ ഇവിടത്തെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്ഥിതിവിവരക്കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

കുട്ടികൾ	സ്റ്റാൻഡേർഡ്										ആകെ
	1	2	3	4	5	6	7	8	9	10	
	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	
ആൺ	389	432	442	521	514	493	512	807	794	606	5510
പെൺ	353	394	437	457	447	448	462	764	801	659	5222
ആകെ	742	826	879	978	961	941	974	1571	1595	1265	10732

പട്ടികജാതി–പട്ടികവർഗ്ഗകുട്ടികൾ

കുട്ടികൾ	സ്റ്റാൻഡേർഡ്										ആകെ
	1	2	3	4	5	6	7	8	9	10	
	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	
ആൺ	35	45	44	46	61	42	66	80	60	58	537
പെൺ	33	39	54	46	52	48	56	89	85	60	562
ആകെ	68	84	98	92	113	90	122	169	145	118	1099

പഠനം നിർത്തിയവർ (കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ ആകെ എണ്ണം)

കുട്ടികൾ		സ്റ്റാൻഡേർഡ്										ആകെ
		1	2	3	4	5	6	7	8	9	10	
		എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	
പട്ടികജാതി പട്ടികവർഗ്ഗം	ആൺ	1	3	0	1	2	4	4	9	11	0	35
	പെൺ	2	0	0	0	0	0	2	5	8	2	19
മറ്റുള്ളവർ	ആൺ	7	3	0	5	4	2	1	29	41	12	104
	പെൺ	12	4	1	1	4	4	1	28	32	4	91
	ആകെ	22	10	1	7	10	10	8	71	92	18	249

അവലംബം:- സ്കൂളുകളിൽനിന്ന് ലഭിച്ച ദ്വിതീയവിവരശേഖരണക്കുറികൾ

1996-97 ലെ ക്ലാസ്സ്തല വിദ്യാർത്ഥികളുടെ എണ്ണം



അവലംബം- സ്കൂളുകളിൽ നിന്ന് ലഭിച്ച ദ്വിതീയ വിവരകണക്കുകൾ

ആൺകുട്ടി, പെൺകുട്ടി അനുപാതം സൂചിപ്പിക്കുന്ന ചിത്രം



അവലംബം:– സ്കൂളുകളിൽനിന്ന് ലഭിച്ച ദ്വിതീയവിവരകണക്കുകൾ

ഇതിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുവാൻ സാധിക്കുന്ന വസ്തുതകൾ:–

1. കഴിഞ്ഞ അഞ്ചു വർഷങ്ങളായി സ്കൂളുകളിൽ എത്തിച്ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ നേരിയ കുറവ് അനുഭവപ്പെടുന്നു. അടുത്ത കാലത്തായി ഇംഗ്ളീഷ്മീഡിയത്തിലുള്ള വിദ്യാഭ്യാസത്തോട് രക്ഷാകർത്താക്കളുടെ അമിതാവേശം കാരണം ഗ്രാമ പഞ്ചായത്തിനു വെളിയിലുള്ള ഇംഗ്ളീഷ്മീഡിയം സ്കൂളുകളിലേക്കു കുട്ടികൾ പോകുന്നതാണ് ഇതിനൊരു കാരണം.
2. സെക്കൻഡറി വിഭാഗത്തിൽ അയൽപഞ്ചായത്തുകളിൽ നിന്നും ഇവിടേക്കു കുട്ടികൾ പഠിക്കുവാൻ വരുന്നുണ്ട്.

ഇവിടെയുള്ള പതിനേഴു സ്കൂളുകളിലായി 379 അദ്ധ്യാപകരുണ്ട്. അതിൽ 287–ം സ്ത്രീകളാണ്. പുരുഷന്മാർ 92 മാത്രമേയുള്ളൂ.

ഉത്തമ ഭാരതപൗരനെ വാർത്തെടുക്കുന്നതിന് അടിസ്ഥാനമിടുന്ന നമ്മുടെ വിദ്യാഭ്യാസശ്രേണിയിലെ സ്കൂളുകളുടെ ഭൗതികസാഹചര്യം വിലയിരുത്തുമ്പോൾ നമ്മുടെ പഞ്ചായത്തിൽ പോരായ്മകളുടെ കഥകളേ പറയാനുള്ളൂ. പ്രൈമറി സ്കൂളുകളിൽ സൗകര്യപ്രദമായി പാചകപ്പുരകൾ ഇല്ല. നിലവിലുള്ള കെട്ടിടങ്ങൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന ജീർണ്ണത തടയുവാൻ വേണ്ട അറ്റകുറ്റപ്പ

ണികൾ നടക്കുന്നില്ല. ആവശ്യത്തിനുള്ള ബഞ്ചും ഡെസ്കും ഇല്ല. കഥകളും കവിതകളും ഇഷ്ടപ്പെടുന്ന കുട്ടികളെ വേണ്ട വിധത്തിൽ പരിപോഷിപ്പിക്കുവാൻ പ്രൈമറി സ്കൂളുകളിൽ ബാലസാഹിത്യകൃതികൾ ഒന്നും തന്നെ ലഭ്യമല്ല. മൂത്രപ്പുരയുടെ പോലും സൗകര്യം വേണ്ടത്ര ഇല്ലാത്ത സ്കൂളുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

ആവശ്യത്തിനുള്ള ക്ളാസ്സുമുറികൾ, പഠനോപകരണങ്ങൾ, ലബോറട്ടറികൾ, കളിസ്ഥലം തുടങ്ങിയവ ഇല്ല. പഞ്ചായത്തിലെ ഏക ഹയർ സെക്കൻഡറി സ്കൂളിൽ, അപ്പർ പ്രൈമറി, സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ വിഭാഗങ്ങളിൽ കുട്ടികൾ പഠിക്കുന്നുണ്ട്. എന്നാൽ എല്ലാ വിഭാഗങ്ങൾക്കും കൂടി പ്രവർത്തിക്കത്തക്ക സ്ഥലസൗകര്യമോ കെട്ടിടസൗകര്യമോ മറ്റു ഭൗതികസൗകര്യങ്ങളോ ഇല്ല.

മിക്കവാറും എല്ലാ സ്കൂളുകളിലും പി. ടി. എ. പ്രവർത്തിക്കുന്നുണ്ട്. ഗവ. എൽ. പി. എസ്. മരുതൂർക്കുളങ്ങര, ഠൗൺ എൽ. പി. എസ്. കരുനാഗപ്പള്ളി, ഗവ. മുസ്ലിം എൽ. പി. എസ്. കരുനാഗപ്പള്ളി, യു. പി. ജി. എസ്. കരുനാഗപ്പള്ളി, ഗവ. ഡബ്ളിയു. യു. പി. എസ്. നമ്പരുവികാലാ, ഗവ. എസ്. കെ. വി. യു. പി. എസ്. കോഴിക്കോട്; എച്ച്. എസ്. ഫോർ ബോയ്സ് കരുനാഗപ്പള്ളി, ഗേൾസ് ഹൈസ്കൂൾ കരുനാഗപ്പള്ളി, ഗവ. ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലെ പി. ടി. എ. കൾ മോശമല്ലാത്ത പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. ഇവയിൽ ഭൂരിപക്ഷം പി. ടി. എ. കളും നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലേയും പി. ടി. എ. ശക്തിപ്പെടേണ്ടിയിരിക്കുന്നു.

പാഠ്യേതരപ്രവർത്തനങ്ങളിൽ യു. പി. ജി. എസ്. കരുനാഗപ്പള്ളി, കരുനാഗപ്പള്ളി ഠൗൺ എൽ. പി. എസ്., ഗേൾസ് ഹൈസ്കൂൾ കരുനാഗപ്പള്ളി, ഗവ. എച്ച്. എസ്. എസ്. കരുനാഗപ്പള്ളി, ബോയ്സ് എച്ച്. എസ്സ്. കരുനാഗപ്പള്ളി, എസ്. കെ. വി. യു. പി. എസ്.കോഴിക്കോട് തുടങ്ങിയ സ്കൂളുകൾക്ക് കലാരംഗത്തും ശാസ്ത്രമേളകളിലും മറ്റും പങ്കെടുത്ത് ഓവറാൾ ചാമ്പ്യൻഷിപ്പും ട്രോഫികളും കരസ്ഥമാക്കിയിട്ടുണ്ട്. എന്നാൽ കായികമേഖലയിൽ എടുത്തുപറയത്തക്ക നേട്ടങ്ങൾ കുറവാണ്.

പഞ്ചായത്തിലെ സ്കൂളുകളിലെ എസ്. എസ്. എൽ. സി. വിജയശതമാനം സംസ്ഥാനാടിസ്ഥാനത്തിൽ താരതമ്മ്യം ചെയ്യുമ്പോൾ അത്ര മോശമല്ല.

എസ്. എസ്. എൽ. സി. വിജയശതമാനം

സ്കൂൾ	വർഷം			
	1992 - 93	93 - 94	94 - 95	95 - 96
ഗവ: എച്ച്. എസ്. എസ്. കരുനാഗപ്പള്ളി	46.5	45.4	43.5	42.5
ഗേൾസ്. എച്ച്. എസ്. കരുനാഗപ്പള്ളി	52.6	53	56.1	60.1
ബോയിസ് ഹൈസ്കൂൾ കരുനാഗപ്പള്ളി	30	48	38	45
ജെ. എഫ്. കെ. എം. എച്ച്. എസ് അയണിവേലികുളങ്ങര	30	32	38	45

അവലംബം:- സ്കൂളുകളിൽ നിന്ന് ലഭിച്ച ദ്വിതീയവിവരകണക്കുകൾ

സ്കൂൾതലത്തിലും കോളേജ് തലത്തിലും ക്ളാസ്സുകൾ നടത്തുന്ന സമാന്തര വിദ്യാലയങ്ങളുടെ പ്രവർത്തനവും വിജയശതമാനും കണക്കാക്കുമ്പോൾ മോശമല്ല.

വിദ്യാലയങ്ങളുടെ പ്രവർത്തനനിലവാരം വിലയിരുത്തുമ്പോൾ സംസ്ഥാനതലത്തിലുള്ള പ്രവർത്തനവും വിലയിരുത്തേണ്ടിയിരിക്കുന്നു. കേട്ടും കണ്ടും പറഞ്ഞും കളിച്ചും പഠിക്കേണ്ട ബാല്യകാലത്തിൽ അവരെ മുറികളിൽ പിടിച്ചിരുത്തി, മാതൃഭാഷ പഠിപ്പിക്കാതെ ഇംഗ്ളീഷ് ഭാഷയിലുള്ള പഠനം നടത്തുന്ന ഇംഗ്ളീഷ്മീഡിയം നഴ്സറി(അംഗീകൃതമല്ലാത്ത) സ്കൂളുകളിലേക്ക് രക്ഷാകർത്താക്കൾ കുട്ടികളെ വിടുന്നു. ഇതിൽ മാറ്റം വരുത്തി മാതൃഭാഷയിലൂടെ ആശയവിനിമയം നടത്തിയുള്ള പ്രീപ്രൈമറി സമ്പ്രദായമാണ് നമുക്കു വേണ്ടത്

'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ
മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലെ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ'

– വള്ളത്തോൾ

പ്രൈമറി വിദ്യാഭ്യാസഘട്ടത്തിൽ പഴഞ്ചൊല്ലുകൾ ചൊല്ലിക്കേൾപ്പിക്കുകയും (പ്രത്യേകിച്ച് കൃഷിയുമായി ബന്ധപ്പെടുന്നവ) അവ വിശദീകരിക്കുകയും കുട്ടികളെക്കൊണ്ടു ചൊല്ലിക്കുകയും വേണം. കളിയിലൂടെ വേണം വിദ്യാഭ്യാസം. കുട്ടികളിൽ ദേശസ്നേഹം വളർത്താൻ കുട്ടിക്കാല കവിതകളും ദേശീയനേതാക്കളുടെ ലഘുരൂപത്തിലുള്ള ചരിത്രവും പറഞ്ഞുകൊടുക്കണം. പ്രധാന ദിനങ്ങൾ അതാതിന്റെ പ്രാധാന്യം അനുസരിച്ച് ആഘോഷിക്കുവാൻ പ്രേരിപ്പിക്കണം. പരിസരത്തുള്ള സസ്യമൃഗാദികളെ പരിചയപ്പെടുത്തിക്കൊണ്ടും പ്രാദേശികവസ്തുക്കൾ പ്രായോഗികപരിശീലനത്തിനുപയോഗിച്ചുകൊണ്ടും ആയിരിക്കണം വിദ്യാഭ്യാസം. പ്രീ-പ്രൈമറി വിദ്യാഭ്യാസം നിർബന്ധിതവും സാർവത്രികവും ആക്കണം. പഞ്ചായത്തിൽ കുട്ടികളുടെ പാർക്ക് കുറഞ്ഞത് രണ്ടെങ്കിലും വേണം.

പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഒടുവിൽ ജില്ലാടിസ്ഥാനത്തിലോ സ്റ്റേറ്റടിസ്ഥാനത്തിലോ പൊതുപരീക്ഷ നടത്തുകയും ഗ്രേഡു തിരിച്ചുള്ള സർട്ടിഫിക്കറ്റ് കൊടുക്കുകയും വേണം.

സെക്കൻഡറി തലം മുതൽ വിദ്യാർത്ഥികൾക്ക് അഭിരുചിയുള്ളതും തൊഴിൽഘടനയ്ക്ക് അനുസൃതവുമായ വിദ്യാഭ്യാസസമ്പ്രദായം വേണം. എല്ലാ പൊതുപരീക്ഷകളിലും ഗ്രേഡുസമ്പ്രദായം ഏർപ്പെടുത്തണം. മാർക്കിനെ മാത്രമാക്കിയുള്ള അദ്ധ്യാപനവും പഠനവും മാറ്റി വിദ്യാഭ്യാസത്തെ അതിന്റെ ശരിയായ അർത്ഥത്തിൽ ഉൾക്കൊണ്ട് അദ്ധ്യാപനവും പഠനവും പുന:ക്രമീകരിക്കണം.

സ്കൂൾ സമൂഹത്തിലെ ഒരു സ്ഥാപനമായതിനാൽ പരിസരവുമായി ബന്ധപ്പെടുത്തി സമൂഹത്തിന്റെ ഉറ്റബന്ധത്തോടെയായിരിക്കണം അതിന്റെ പ്രവർത്തനം. അദ്ധ്യാപകനും രക്ഷാകർത്താക്കളും വിദ്യാർത്ഥികളും കൂട്ടായി സഹകരിച്ചുകൊണ്ടു മാത്രമേ ഇതു സാദ്ധ്യമാകൂ. സാമ്പത്തികശക്തികൊണ്ട് എളുപ്പം സമ്പാദിക്കാവുന്ന ഒരു ഉപജീവനമാർഗ്ഗമാണ് അദ്ധ്യാപകവൃത്തി എന്ന സ്ഥിതി മാറണം. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:25 എന്ന അനുപാതത്തിലേ ആകാവൂ.

പ്രീ-പ്രൈമറി, പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസമേഖലകളിൽ ഓരോന്നും പഞ്ചായത്തുതലത്തിൽ കേന്ദ്രീകരിപ്പിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടത് ആവശ്യമാണ്.

സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടെ വിവരണം

സ്കൂളിന്റെ പേര്	സ്കൂൾ സ്ഥാപിച്ച വർഷം	കെട്ടിടങ്ങളുടെ എണ്ണം			ആകെയുള്ള ക്ലാസ്സ്മുറികൾ			ഓഫീസ് മുറി ഉണ്ടോ ഇല്ലയോ	ഓഫീസ് മുറിയുടെ വിസ്തീർണ്ണം ച.മീ	ലൈബ്രറി ഉണ്ടോ ഇല്ലയോ	ലൈബ്രറിയിലെ പുസ്തകങ്ങളുടെ എണ്ണം	ലൈബ്രറിയിൽ ഇരുന്ന് വായിക്കാനുള്ള സൗകര്യം	ലൈബ്രറിയിൽ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള അലമാരകൾ	കുടിവെള്ള സൗകര്യം	ടോയ്ലറ്റ് സൗകര്യം	ടോയ്ലറ്റുകളുടെ എണ്ണം	വൈദ്യുതീകരിച്ചിട്ടുണ്ടോ ഇല്ലയോ	കളിസ്ഥലം ഉണ്ടോ ഇല്ലയോ	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം ച.മീ	ചുറ്റുമതിൽ ഉണ്ടോ ഇല്ലയോ	ചുറ്റുമതിലിന്റെ നീളം മീ	ചുറ്റുമതിൽ ഇല്ലെങ്കിൽ വേലിയുടെ നീളം മീ	ഗേറ്റ് ഉണ്ടോ ഇല്ലയോ	ഗേറ്റിന്റെ വീതി മീ	കുടിവെള്ള സൗകര്യത്തിന്റെ വിവരം	ടോയ്ലറ്റുകളുടെ വിവരം	വൈദ്യുതീകരണത്തിന്റെ വിവരം	കളിസ്ഥലത്തിന്റെ വിവരം	ചുറ്റുമതിലിന്റെ വിവരം	ഗേറ്റിന്റെ വിവരം	മറ്റ് സൗകര്യങ്ങൾ
		സ്ഥിരം	താൽക്കാലികം	ആകെ	സ്ഥിരം	താൽക്കാലികം	ആകെ																						
കൊയ്ത്തുപുരയ്ക്കൽ എൽ. പി. എസ്	4	1			വിവരമില്ല																								
ഗവ. ടി. എസ്. മൈനാഗപ്പള്ളി	13	2			10																								
ഗവ. ടി. എസ്. കുലശേഖരപുരം	9				8																								
എസ്. എൻ. വി. എൽ. പി. എസ്. കോഴിക്കോട്	7	3			4																								
ഗവ. എൽ. പി. എസ്. കോഴിക്കോട്	6				4																								
എസ്. എൻ. വി. എൽ. പി. എസ്. കോഴിക്കോട്	7	3			9																								
ഗവൺ എൽ. പി. എസ്. കല്ലുമാംമൂട്ടിൽ	4	1			ഹാൾ 2 ഒറ്റ 2																								
ഗവ. മുസ്ലിം എൽ. പി. എസ്.	9	2			10																								
കരോണ മേരോണിന്റെ ഇംഗ്ലീഷ് മീഡിയം സ്കൂൾ	8	8			14																								
യു. പി. ജെ. എസ്. കല്ലുമാംമൂട്ടിൽ	24	2	2		10	2																							
ഗവ. വെസ്റ്റ് യു. പി. എസ് നടുവുവിലേമ	18	3			15	4																							
എസ്. എൻ. ഡി. പി. എസ്. മൈനാകപുരം	14	2	1		10	4																							
വിജ്ഞാ യു. പി. എസ്. പടനായർകുളങ്ങര	10	മുഴുവൻ		1	12																								
ഗവ എസ്. കെ. വി. യു. പി. എസ് കൊറിയോട്ട്	23	3			18																								
ബോയിസ് എച്ച് എസ് കല്ലുമാംമൂട്ടിൽ	26	11			30																								
മാർത്തോമ എച്ച് എസ്. കല്ലുമാംമൂട്ടിൽ	32	9			41																								
ഒ. എച്ച് കെ. എച്ച് എച്ച് എസ് അയണിവേലിക്കുളങ്ങര	15																												
ഗവ എച്ച്. എസ്. കല്ലുമാംമൂട്ടിൽ	51	4	2	3	12	2	3	46																					

അവലംബം: സ്കൂളുകളിൽനിന്ന് ലഭിച്ച ദ്വിതീയ സ്ഥിതിവിവരകണക്കുകൾ

സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഭേദപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുമ്പോൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നതിനുള്ള അവസരം ഈ ഗ്രാമപഞ്ചായത്തിനു നിഷേധിച്ച രീതിയിലാണ് കാണപ്പെടുന്നത്. ഓരോ വർഷവും 230-ഓളം കുട്ടികൾ 60% ത്തിൽ കൂടുതലും 270-ഓളം കുട്ടികൾ 60% ത്തിനും 50% ത്തിനും ഇടയിലും മാർക്കു നേടി എസ്. എസ്. എൽ. സി. പരീക്ഷ പാസ്സാകുന്നു. ആകെ 700-ഓളം കുട്ടികളാണ് ഓരോ വർഷവും നമ്മുടെ പഞ്ചായത്തിൽ എസ്. എസ്. എൽ. സി. പരീക്ഷ പാസ്സായി പുറത്തു വരുന്നത്. ഇവിടെയുള്ള ഏക ഹയർ സെക്കൻഡറി സ്കൂളിൽ, ഹയർ സെക്കൻഡറി വിഭാഗത്തിൽ 61-ഉം (ഹ്യൂമാനിറ്റീസ് ഗ്രൂപ്പ്) വൊക്കേഷണൽ ഹയർ സെക്കൻഡറി ഗ്രൂപ്പിൽ 51-ഉം കുട്ടികൾക്കാണ് പഠിക്കുവാൻ അവസരം കിട്ടുന്നത്. ദൂരസ്ഥലങ്ങളിലുള്ള കോളേജുകളിലേക്ക് കുട്ടികളെ അയയ്ക്കുന്ന ഫീഡർ സ്കൂളുകളാണ് ഇവിടത്തെ ഹൈസ്കൂളുകൾ.

ഇങ്ങനെയുള്ള അപര്യാപ്തതകൾ പരിഹരിച്ചും പ്രവർത്തനങ്ങൾ കൂടുതൽ കൂടുതൽ ശക്തിപ്പെടുത്തിയും നമ്മുടെ വിദ്യാഭ്യാസമേഖല മെച്ചപ്പെടുത്തുവാൻ സാധിക്കും.

പ്രശ്നങ്ങൾ

1. ഗുണമേന്മയുള്ള പ്രീ-പ്രൈമറി വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അപര്യാപ്തത.
2. ഭൗതികസൗകര്യങ്ങളുടെ കുറവ്.
3. വ്യക്തിത്വവികാസത്തിന് ശ്രദ്ധ കേന്ദ്രീകരിക്കാത്തത്.
4. പ്രായോഗിക പരിശീലനത്തിന്റെ അപര്യാപ്തത.
5. കൂട്ടായ്മയുള്ള സമീപനം ഇല്ലാത്തത്.
6. അദ്ധ്യാപകരും കുട്ടികളും തമ്മിലുള്ള ആശയവിനിമയത്തിലെ വിടവ്.
7. തിങ്ങി നിറഞ്ഞിരിക്കുന്ന ക്ളാസ് മുറികൾ.
8. ചുറ്റപാടുകൾക്ക് അനുസൃതമല്ലാത്ത വിദ്യാഭ്യാസം
9. അർത്ഥപൂർണ്ണമായ പി. ടി. എ.കളുടെ അഭാവം
10. കളിസ്ഥലങ്ങളുടെയും കളിക്കോപ്പുകളുടെയും അഭാവം
11. അനൗപചാരിക വിദ്യാഭ്യാസം വേണ്ട രീതിയിൽ സംഘടിപ്പിക്കാത്തത്
12. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്.

സാദ്ധ്യതകൾ

1. ഗുണമേന്മയുള്ള പ്രീ-പ്രൈമറി വിദ്യാഭ്യാസസ്ഥാപനങ്ങൾ വാർഡുതലങ്ങളിൽ സ്ഥാപിക്കുക
2. ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുക
3. പൊതു പരീക്ഷകളിൽ ഗ്രേഡ് സമ്പ്രദായം ഏർപ്പെടുത്തുക.
4. അഭിരുചിക്ക് അനുസരണമായ വിദ്യാഭ്യാസം നല്കുക.
5. തൊഴിൽ മേഖലകളുമായി ബന്ധപ്പെടുത്തിയുള്ള വിദ്യാഭ്യാസം നല്കുക.
6. പഠിക്കുന്നവ പ്രായോഗികതലത്തിൽ പരിശോധിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുക.
7. മന:പാഠ പഠനരീതി ഒഴിവാക്കുക.
8. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.
9. പി.ടി.എ ശക്തിപ്പെടുത്തി സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തുക.

10. കളിസ്ഥലങ്ങളും കളിക്കോപ്പുകളും ഉണ്ടാക്കുക.

11. അവധികാലസമയത്ത് സ്കൂൾ കേന്ദ്രീകരിച്ച്, കാർഷിക സെമിനാറുകൾ, വ്യവസായികസെമിനാറുകൾ, വിദ്യാഭ്യാസസെമിനാറുകൾ, കുട്ടികൾക്കും അദ്ധ്യാപകർക്കും ഉപയോഗപ്രദമായ വർക്ക്ഷോപ്പുകൾ തുടങ്ങിയവ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

12. സ്കൂൾ കോപ്ലക്സുകൾ രൂപീകരിക്കുക

13. രക്ഷകർത്താവ് ഒര് ടേമിൽ ഒരു പ്രാവശ്യമെങ്കിലും പ്രധാന ക്ലാസ് അദ്ധ്യാപകനുമായി പ്രവർത്തന സമയത്തുതന്നെ കണ്ടു തന്റെ കുട്ടിയുടെ പൊതുസ്ഥിതി വിലയിരുത്തുന്നതിനുള്ള അവസരം ഉണ്ടാക്കുകയും, നിർബന്ധിതമാക്കുകയും ചെയ്യുക.

14. എല്ലാസെക്കന്ററി സ്കൂളുകളിലും ഹയർസെക്കന്ററിവിഭാഗം ആരംഭിക്കുക.

15. ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക.

പൊതുജനാരോഗ്യം, കുടിവെള്ളം

'ആരോഗ്യമുള്ള മനസ്സിനേ ആരോഗ്യമുള്ള ശരീരമുണ്ടാകൂ'

ആയുർവേദ ചികിത്സാരംഗത്ത് മഹത്തായ സേവനങ്ങൾ സംഭാവന ചെയ്തിരുന്ന പുന്നുത്തറ ശ്രീ. മാധവൻ വൈദ്യരുടേയും കന്നേറ്റിൽ ശ്രീ. രാഘവൻ പിള്ളവൈദ്യരുടേയും പാരമ്പര്യം അവകാശപ്പെടാവുന്ന പ്രദേശമാണ് നമ്മുടെ ഗ്രാമം.

ആരോഗ്യസംരക്ഷണത്തിന് അനുകൂലമായ ഭൂപ്രകൃതിയുള്ള കരുനാഗപ്പള്ളി പഞ്ചായത്തിൽ "രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം" എന്ന ആശയം സഫലീകൃതമാക്കാൻ ആവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ കൂടുതൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു പ്രദേശത്തിന്റെ ആരോഗ്യനിലവാരത്തിന്റെ അംഗീകൃത മാനദണ്ഡങ്ങൾ ശിശുമരണ നിരക്കും ആയുർദൈർഘ്യവും രോഗാതുരതയുമാണ്. ഈ അളവുകോലുകൾ വെച്ച് പരിശോധിച്ചാൽ പഞ്ചായത്തിൽ പൊതുവേ ആരോഗ്യനിലവാരം മെച്ചപ്പെട്ടതാണ്. വനിതകളുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരം ഭൂപരിഷ്കരണത്തിലൂടെ ഗ്രാമീണരുടെ ജീവിതനിലവാരം ഉയർത്തിയത് ദുർബല ജനവിഭാഗങ്ങളുടെ ഉയർന്ന അവകാശബോധം, അവശ്യവസ്തുക്കളുടെ മെച്ചപ്പെട്ട പൊതുവിതരണ സമ്പ്രദായം തുടങ്ങിയ സാമൂഹ്യ ഘടകങ്ങളും നമ്മുക്ക്ലഭിച്ചിരുന്ന സാർവ്വത്രികവും സൗജന്യവുമായ ആരോഗ്യസേവനങ്ങളും മൂലമാണ് മേൽ സൂചിപ്പിച്ച മെച്ചപ്പെട്ട ആരോഗ്യനിലവാരം നമ്മുടെ പ്രദേശത്ത് ലഭ്യമാക്കാൻ കഴിഞ്ഞത്. എന്നാൽ ആരോഗ്യരംഗത്തെ എല്ലാ പ്രശനങ്ങളും പരിഹരിക്കപ്പെട്ടുഎന്ന് പറയാൻ കഴിയുന്നില്ല. മരണനിരക്ക് കുറഞ്ഞുവെങ്കിലും രോഗമുള്ളവരുടെ എണ്ണം കൂടിവരികയാണ്. മഞ്ഞപ്പിത്തം, വയറിളക്കം, ക്ഷയം, തുടങ്ങിയ ദരിദ്രജന്യരോഗങ്ങളും തൊഴിൽ ജന്യരോഗങ്ങളും ക്യാൻസർ, പ്രമേഹം, ഹൃദയബന്ധരോഗങ്ങൾ തുടങ്ങിയവയും കൂടുതലായികണ്ടുവരുന്നുണ്ട്. ഉഷ്ണസമയങ്ങളിൽ വൈറൽ ഫീവർ കണ്ണുദീനം എന്നിവയും കൂടുതലായികണ്ടുവരുന്നു. പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾ മുതിർന്നവരിലും കുട്ടികളുടെയിടയിലും നാമമാത്രമായേ കണ്ടുവരുന്നുള്ളു.

ശുചിത്വമില്ലായ്മയാണ് മേൽ സൂചിപ്പിച്ച പല പകർച്ച വ്യാധികളും ഉണ്ടാകാൻ കാരണം. രോഗപ്രതിരോധത്തിന്റെ ഒരു ഘടകമാണെല്ലോ ശുചിത്വം. ശുചിത്വം വേണ്ടത്ര ശ്രദ്ധയോടെ നമ്മുടെ പഞ്ചായത്തിൽ പരിപാലിക്കപ്പെടുന്നില്ല. ഇതിന്റെ ദൃഷ്ടാന്തമാണ് പഞ്ചായത്ത് ആസ്ഥാനമായ ഠൗൺ പ്രദേശം. ഇവിടങ്ങളിൽ മലിനവസ്തുക്കളും ചപ്പുചവറുകളും കുന്നുകൂടുന്നു. ഹോട്ടലുകളിൽനിന്നും കടകളിൽനിന്നും ചിലവീടുകളിൽ നിന്നു പോലും മലിന വസ്തുക്കൾ റോഡുകളിലേക്കും ഓടകളിലേക്കും വലിച്ചെറിയുന്നു. ട്രാൻസ്പോർട്ട് സ്റ്റാൻഡ്, സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ മലിന വസ്തുക്കൾ കുന്നുകൂടുന്നത് തടയുവാൻ ബന്ധപ്പെട്ട അധികാരികൾ വേണ്ടത്ര ശ്രദ്ധകാണിക്കുന്നില്ല. ഇതിനേക്കാൾ ഗുരുതരമാണ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ മാലിന്യപ്രശ്നങ്ങൾ രോഗികളെ ശുശ്രൂഷിക്കാൻ വരുന്നവർ രോഗികളായി മാറുന്ന തരത്തിൽ മാലിന്യത്താലുണ്ടാകുന്ന പരിസ്ഥിതിപ്രശ്നം നേരിടുന്ന സ്ഥാപനമാണ് പ്രദേശത്തെ ഏക സർക്കാർ ആതുരാലയമായ കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി. മിക്ക സ്വകാര്യ ആശുപത്രികളുടേയും സ്ഥിതി ഇതിൽനിന്നും അത്ര മെച്ചമല്ല. വീടുകളും പരിസരപ്രദേശങ്ങളും ശുചിയായി സംരക്ഷിക്കുന്നതിൽ ഗ്രാമവാസികൾ കൂടുതൽ ശ്രദ്ധിക്കേണ്ടതായിരിക്കുന്നു.

പഞ്ചായത്തിൽ അലോപ്പതി വിഭാഗത്തിൽ സർക്കാർ മേഖലയിൽ ഒരു ആശുപത്രിയും മൈനാഗപ്പള്ളി കമ്മ്യൂണിറ്റിഹെൽത്ത്സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന സബ്സെന്ററുകളും ഹോമിയോ വിഭാഗത്തിൽ ഒരു ആശുപത്രിയും രണ്ട് ഡിസ്പെൻസറികളും ഹോമിയോവിഭാഗത്തിൽ ഒരാശുപത്രിയും രണ്ടു ഡിസ്പൻസെറികളും ആണ് ഉള്ളത്. സ്വകാര്യമേഖലയിൽ ഏഴ് അലോപ്പതി ആശുപത്രികളും രണ്ട് ആയുർവേദ ആശുപത്രിയും ഉണ്ട്. ഇവ കൂടാതെ എല്ലാവിഭാഗത്തിലും നിരവധി ക്ലിനിക്കുകളുണ്ട്. പഞ്ചായത്തിലെ ഏക സർക്കാർ ആതുരാലയമായ താലൂക്കാശുപത്രിയുടെ പോരായ്മകൾ പരിഹരിച്ച് നമ്മുടെ ആരോഗ്യപാരമ്പര്യത്തിന്റെ പ്രതീകമായി അതിനെ വളർത്തേണ്ടിയിരിക്കുന്നു. അവിടെ ഇന്നുള്ള പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി കെട്ടിടങ്ങളുടെ അപര്യാപ്തത പരിഹരിച്ച് ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കി, രക്തബാങ്ക് സ്ഥാപിച്ച് പ്രശ്നങ്ങളെല്ലാം പരിഹരിക്കണം

കുടിവെള്ളം

പഞ്ചായത്തിലെ കുടിവെള്ളത്തിന്റെ പ്രധാന സ്രോതസ്സ് കിണറുകളാണ്. പഞ്ചായത്തിലെ 50%ത്തിലതികം വീടുകളിലും കിണറുകളുണ്ട്. ബാക്കിയുള്ളവർ പൊതുജലവിതരണ സംവിധാനത്തെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. വേനൽക്കാലത്ത് മിക്കവാറും എല്ലാവാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ജലദൗർലഭ്യമല്ല മറിച്ച് ഓരിന്റെ അംശമുള്ള ജലത്തിന്റെ സാന്നിദ്ധ്യമാണ് 3-ാം വാർഡിന്റെ കിഴക്കും തെക്കും ഭാഗത്തും 5, 9, 11, 12, 13, 14, 15 വാർഡുകളിലും കൂടുതലായി അനുഭവപ്പെടുന്നത്. പഞ്ചായത്തിലാകെ നാല് ശുദ്ധജല ശൃംഖലകളാണുള്ളത്. കരുനാഗപ്പള്ളിമാർക്കറ്റിലുള്ള ട്യൂബ് വെൽ താച്ചയിൽ മുക്കിലും ആലും കടവിലും കുരീപ്പുഴയിലും ഉള്ള ട്യൂബുവെല്ലുകളും ടാങ്കുകളുമാണ് ഇവ. ഇവയിലൂടെ വേനൽകാലത്ത് ആവശ്യത്തിന് കുടിവെള്ളം ലഭിക്കാറില്ല. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ അത്യന്താപേക്ഷിതമാണ് എന്നുള്ള ശക്തമായ അഭിപ്രായം ഗ്രാമസഭകളിലെ ചർച്ചകളിലൂടെ ഉയർന്നുവന്നിട്ടുണ്ട്.

കക്കൂസുകൾ

പൊതുജനാരോഗ്യആവശ്യമായ മറ്റൊരു ഘടകമാണ് കക്കൂസുകൾ നമ്മുടെ പഞ്ചായത്തിൽ 75% വീടുകളിലും സ്വന്തമായി കക്കൂസുകൾ ഉണ്ട്. എങ്കിലും ഡ്രെയിനേജ് സൗകര്യം ഫലപ്രദമായല്ല പ്രവർത്തിക്കുന്നത്. കായലോരത്തുള്ള വാർഡുകളിലാണ് ഏറ്റവും കൂടുതൽ കക്കൂസില്ലാത്ത വീടുകളുള്ളത്. നീർക്കെട്ടുകൾ ഉള്ള ഈ പ്രദേശങ്ങളിൽ പ്രത്യേകതരം കക്കൂസുകൾ ആവശ്യമാണ്. കക്കൂസുകളുടെ നിർമ്മാണം മുൻഗണനാക്രമത്തിൽ അടിയന്തിര പ്രാധാന്യത്തോടുകൂടി നടപ്പാക്കേണ്ടതാണ്. കൂടുതൽ വീടുകളിലും മലിന ജലം ഒഴുക്കി വിടുന്നതിനും ഖരമാലിന്യങ്ങൾ കത്തിച്ചുകളയുന്നതിനും ശ്രദ്ധകാണിക്കാറില്ല.

പ്രശ്നങ്ങൾ

1. മലിനവസ്തുക്കൾ കുന്നുകൂടുന്നതുമൂലംമുണ്ടാകുന്ന ആരോഗ്യപരിസ്ഥിതി പ്രശ്നങ്ങൾ
2. പഞ്ചായത്തിൽ കായിക വ്യായാമത്തിനുള്ള സൗകര്യങ്ങൾ ഇല്ല.
3. സ്കൂളുകളിൽ കളിസ്ഥലങ്ങളോ കായികോപകരണങ്ങളോ ഇല്ല.
4. പഞ്ചായത്തിന്റെ പൊതുസ്ഥലങ്ങളിൽ മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഇല്ല.
5. കയർ, കൈത്തറി തൊഴിലാളികളുടെ മേഖലയിലുള്ള തോഴിൽ ജന്യരോഗങ്ങൾ
6. സ്വതന്ത്ര കക്കൂസുകൾ കുടിവെള്ളത്തിന് ഭീഷണിയാകുന്നു.
7. കുടിവെള്ളത്തിന്റെ കേന്ദ്രീകൃത വിതരണസ്വഭാവം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

8. കുടിവെള്ളം മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത്.

9. ശുദ്ധജല വിതരണ ശൃംഗലയുടെ അറ്റകുറ്റ പണികളുടെ പോരായ്മ.

10. കുടിവെള്ളം ലഭ്യമല്ലാത്തഇടത്തേക്ക് പൊതുവിതരണ ശൃംഖല എത്തിച്ചിട്ടില്ല.

11. എല്ലാവീടുകളിലും ഫലപ്രദമായ കക്കൂസുകളില്ല.

12. ഫ്ളഷ് ടാങ്കുകളിൽ ഉപയോഗിക്കുന്ന ജലത്തിന്റെ വർദ്ദിച്ച അളവ്.

13. പ്രഥമശുശ്രൂഷയുൾപ്പടെയുള്ള ആരോഗ്യ പരിസ്ഥിതികാര്യങ്ങളിൽ സാധാരണ ജനങ്ങൾക്ക് ആവശ്യമായ ധാരണയില്ല.

സാദ്ധ്യതകൾ

1. പഞ്ചായത്തിലെ പ്രധാന കവലകളിലും ട്രാൻസ്പോർട്ട് സ്റ്റാന്റ്, സിവിൽസ്റ്റേഷൻ, ആശുപത്രികൾ, ചന്ത തുടങ്ങിയ പൊതുജന സമ്പർക്ക സ്ഥലങ്ങളിലും ചപ്പ്ചവറുകൾ ഇടുന്നതിന് ചവറുകുട്ടകൾ സ്ഥാപിക്കണം.

2. ഈ ചവറുകൾ കൃത്യമായി സംഭരിച്ച് സംസ്ക്കരിച്ച് വളമാക്കിമാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

3. പഞ്ചായത്ത് ശ്മശാനത്തിന് അനുബന്ധമായ ഒരു ചവറ് സംസ്കരണ യൂണിറ്റ് (ഇൻസിനേറ്റർ) സ്ഥാപിച്ച്. ആശുപത്രികളിലെ മലിന വസ്തുക്കൾ അവിടെ എത്തിച്ചത് സംസ്ക്കരിക്കുവാനാവശ്യമായ നടപടികൾ ഉണ്ടാകണം.

4. ഓടകളിലെ മലിന ജലം ഒഴുകിപ്പോകുവാനുതകും വിധം ഡ്രേയിനേജ് സിസ്റ്റം പരിഷ്കരിയ്ക്കണം.

5. കൊതുക് നശീകരണപ്രവർത്തനങ്ങൾ വ്യാപകമാക്കണം

6. സ്കൂൾ കുട്ടികൾക്ക് വ്യായാമ ഉപകരണങ്ങൾ ലഭ്യമാക്കി അവ ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കണം.

7. ഡ്രിൽ തുടങ്ങിയുള്ള പാഠ്യേതര വിഷയങ്ങൾക്ക് എല്ലാ സ്കൂളുകളിലും പരിശീലകരെ നിയമിക്കുക.

8. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്ക് വേണ്ടിയുള്ള സംവിധാനം വേണം

9. തൊഴിൽജന്യ രോഗങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി തൊഴിലാളികളുടെ ഇടയിൽ ആവശ്യമായ ബോധവൽക്കരണം നടത്തണം.

10. ഓരോ കക്കൂസിനും ഓരോ സേഫ്റ്റി ടാങ്ക് എന്നതിനുപകരം ഒരു പ്രദേശത്ത് ഏതാനം കക്കൂസുകൾക്ക് ഒരു സേഫ്റ്റി ടാങ്ക് എന്ന സംവിധാനം ഏർപ്പെടുത്തണം.

11. കുറഞ്ഞ അളവ് ജലം കൊണ്ട് പ്രവർത്തിക്കുന്ന ഫ്ളാഷ് ടാങ്കുകൾ വ്യാപകമായി പ്രചരിപ്പിക്കുക.

12. വൻപിച്ച ചിലവ് വരുന്ന കേന്ദ്രീകൃത ജല വിതരണ സമ്പ്രദായത്തിനു പകരം എല്ലാ വാർഡുകളിലും ചെറുകിട കമ്മ്യൂണിറ്റി ജലവിതരണ സംവിധാനം ഏർപ്പെടുത്തുക. (60 മീറ്റർ താഴ്ചയിൽ ബോർവെല്ലുകൾ സ്ഥാപിച്ച് അതിൽ നിന്നും ലഭ്യമാകുന്ന ജലം ഒരു പ്രദേശത്തുള്ള 50-ൽ അതിലധികം വീടുകൾക്ക് ശുദ്ധജലം നൽകണം.

13. കൃഷി, മൃഗപരിപാലനം കെട്ടിടനിർമ്മാണം തുടങ്ങിയുള്ള ഉപയോഗത്തിനുവേണ്ടി കുടിവെള്ളം പാഴാക്കുന്നത് തടയണം.

14. ജലവിതരണശൃഖലയിലെ അറ്റകുറ്റപണികൾ കാലേക്കൂട്ടി കണ്ട് പരിഹരിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം.

15. പ്രാഥമിക ശുശ്രൂഷ ഉൾപ്പടെയുള്ള കാര്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം വ്യാപകമായി സംഘടിപ്പിക്കണം.

16. ആശുപത്രി കേന്ദ്രീകരിച്ച് സന്നദ്ധ-പ്രവർത്തനം നടത്താൻ താത്പര്യമുള്ളവരെ സംഘടിപ്പിച്ച് കൊണ്ട് പൊതു അപകടങ്ങളും മറ്റും ഉണ്ടാകുമ്പോൾ ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കാൻ സംവിധാനം ഉണ്ടാക്കണം. ഈ സന്നദ്ധപ്രവർത്തകർക്ക് നിയമപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിയ്ക്കാനാവശ്യമായ പരിരക്ഷനല്കണം.

17. ടൗൺ കേന്ദ്രീകരിച്ച് പരിസര ശുചീകരണം പരിസ്ഥിതിപ്രശനങ്ങൾ തുടങ്ങിയിട്ടുള്ള ദൈനംദിന പ്രശ്നങ്ങളെ വീക്ഷിക്കുന്നതിനും ഇടപെടുന്നതിനും പഞ്ചായത്തു സമതി, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സംയുക്താഭിമുഖ്യത്തിൽ ഒരു സ്ഥിരം സമിതി രൂപീകരിക്കണം.

18. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയ്ക്ക് ആവശ്യമായ പുതിയ കെട്ടിടവും കൂടുതൽ കിടക്കകളും ചികിത്സയ്ക്കാവിശ്യമായ ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തണം.

19. പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന താലൂക്ക് ആശുപത്രിയിൽ നിന്നും വളരെയകലെയുള്ള വാർഡുകളിൽ ഹെൽത്ത് യൂണിറ്റുകൾ സ്ഥാപിക്കണം

20. ഹെൽത്ത് ഇൻസ്പക്ടർമാർ തുടങ്ങിയ ആരോഗ്യപ്രവർത്തകർ അവരുടെ ചുമതല കാര്യക്ഷമമായി നിരർവഹിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാക്കണം.

21. പാരമ്പര്യചികിത്സാ സമ്പ്രദായമായ ആയുർവേദത്തിന് വ്യപകമായ പ്രചാരം ലഭിച്ചു കൊണ്ടിരിക്കുനന്ന ഈകാലത്ത് കരുനാഗപ്പള്ളിയിൽ അത് ലഭ്യമാക്കാൻ ഉതകും വിധം 50 കിടക്കകളും മറ്റ് ചികിത്സാസൗകര്യങ്ങളും ഉള്ള ഒരു ആയുർവേദ ആശുപത്രി സ്ഥാപിയ്ക്കണം.

22. കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വോട്ടേഴ്സ് ഹോസ്പിറ്റൽ അപ്ഗ്രേഡ് ചെയ്ത് എല്ലാവിഭാഗ ചികിത്സയ്ക്കും ആവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കണം.

വ്യവസായം

ചരിത്രപരമായി കരുനാഗപ്പള്ളി പഞ്ചായത്ത് ഒരു വ്യവസായിക മേഖല അല്ലായിരുന്നു. എന്നിരുന്നാലും കൃഷി കഴിഞ്ഞാൽ ബഹുഭൂരിപക്ഷം സാധാരണക്കാരും ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്നത് രണ്ട് പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ ആയിരുന്ന കയറും കൈത്തറിയും ആയിരുന്നു. ഇതിനുപുറമെ നാടൻ ചക്കിൽ എണ്ണയാട്ട്, കക്കാനീറ്റ്, വള്ളംകെട്ട്, ബോട്ട്നിർമ്മാണം, എന്നീ ചെറുകിടവ്യവസായങ്ങളും ഈ പ്രദേശത്തുണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിൽ സ്വകാര്യമേഖലയിലോ പൊതുമേഖലയിലോ, വൻകിടവ്യവസായ യൂണിറ്റുകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. 35 വർഷത്തിലധികം പഴക്കമുള്ള ഗംഗടൈൽ ഫാക്ടറി യാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന ചെറുകിടയൂണിറ്റ്. ഇത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. നാളീകേര സംസ്കരണത്തിനു വേണ്ടിയുള്ള ചാപ്രാപുരകൾ പഞ്ചായത്തിലാകമാനം ഇപ്പോഴും നിലവിലുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ മേഖലയായിരുന്ന നമ്മുടെ പ്രദേശത്ത് ആധുനിക ചെറുകിട കുടിൽ വ്യവസായ സംരംഭങ്ങളായ തീപ്പെട്ടി, മെഴുകുതിരി, ചന്ദനത്തിരി, അലുവ, അലുമനിയം ഫാക്ടറി ബ്രഡ്സ്, ബേക്കറിസാധനങ്ങൾ, ആർട്ടിസ്റ്റ് ബ്രഷ്, ആയുർവേദമരുന്ന്, ഹോളോബ്രിക്സ്, സ്റ്റീൽ ഫാബ്രിക്കേഷൻ, എൻജിനീയറിംഗ് വർക്ക്ഷോപ്പുകൾ റെഡീമെയ്ഡ് വസ്ത്രങ്ങൾ, എന്നിവയുടെയെല്ലാം നിർമ്മാണയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവകൂടുതലും സ്വാകാര്യമേഖലയിലാണ്. തഴപ്പായ് നെയ്ത്ത് തൊഴിലാക്കിയവരും പ്രദേശത്ത് അങ്ങിങ്ങായി ഉണ്ട്. മുകളിൽ സൂചിപ്പിച്ച എല്ലാവ്യവസായ യൂണിറ്റുകളിലും ഭൂരിഭാഗവും സ്ത്രീകളാണ്. തൊഴിലെടുക്കുന്നത്.

കയർ

കയർ വ്യവസായത്തിനാണ് പരമ്പരാഗത മേഖലയിൽ പ്രമുഖസ്ഥാനം. ഈ മേഖലയ്ക്ക് വികസനത്തിന്റേതായ ഒരു ചരിത്രമുണ്ടായിരുന്നു. കയറിന്റെ അസംസ്കൃത പദാർത്ഥമായ തൊണ്ടിന് വർഷങ്ങൾക്കുമുമ്പെ ദൗർലഭ്യം അനുഭവപ്പെട്ടിരുന്നു. പ്രദേശത്ത് ലഭ്യമായ തൊണ്ട് അഴുക്കി എടുക്കുന്നതോടൊപ്പം ആറാട്ടുപുഴ നിന്നും കടയ്ക്കാവൂരിൽ നിന്നും അഴുക്കിയ തൊണ്ട് കൊണ്ടുവരികയും ചെയ്തിരുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള കായലിനോടുചേർന്ന പ്രദേശത്താണ് തൊണ്ട് അഴുക്കിയിരുന്നത്. അഴുകിയ തൊണ്ട് തല്ലി ചകിരിയാക്കിമാറ്റുന്ന തൊണ്ടുതല്ലൽ മൂൻകാലങ്ങളിൽ കോഴികൂവുന്നതിന് മുമ്പുതന്നെ ആരംഭിക്കുമായിരുന്നു. കൊട്ടുവടി ഉപയോഗിച്ചാണ് തൊണ്ടു തല്ലിയിരുന്നത്. അന്നത്തെ തൊണ്ട് തല്ലിനെ മനസിൽ നിന്നും മായിക്കാത്ത രീതിയിൽ നമ്മുടേ പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ പാടികേട്ടിരുന്ന ഈരടികളും വളരെ പ്രസിദ്ധങ്ങളായിരുന്നു.

ഉദാ

കാലത്ത് നാലഞ്ച് ബാലത്തരുണിമാർ
തൊണ്ടുകടവിലും വന്നിറങ്ങി
തൊണ്ടുകടവിലും വന്നിറങ്ങിയവർ
കൊടുവടി യെടുത്തടി തുടങ്ങി.

"തൊണ്ട് തല്ലി ചകിരിയാക്കി ചകിരി പിച്ചി ഉണക്കി മാടിയൊതുക്കി ചകിരി ഊരി ഇഴയാക്കി ഉമിച്ചാരം മേമ്പൊടി ചേർത്ത് കയ്യിലിട്ട് തേച്ച് എടുക്കുന്ന പൊന്നിൻനൂല് പോലുള്ള ആലപ്പാടൻ കയർ"

വളരെ പ്രസിദ്ധമായിരുന്നു. ആലപ്പാടൻകയറിന്റെ പ്രധാന വിപണനകേന്ദ്രങ്ങളിൽ പ്രമുഖമായിരുന്ന ആലുംകടവും കോഴിക്കോടും കന്നേറ്റിയും നമ്മുടെ പഞ്ചായത്തിലാണ്. മാടിയ കയറും തോളിലേന്തി ജാഥയായി എത്തുന്ന കയർതൊഴിലാളികളെ സ്വീകരിക്കുവാൻ വെള്ളിയുടെ അംശംപോലുമില്ലാത്ത വെള്ളിക്കോലുമായി നിരന്നുനിൽക്കുന്ന കയറ് കോളുകാരും അതിനനുബന്ധമായി ഉപ്പുതൊട്ട് കർപ്പൂരം വരെ ലഭ്യമായ ഉത്സവ പ്രതീതി ജനിപ്പിക്കുന്ന അന്തിചന്തകളും അന്നത്തെ നിത്യകാഴ്ചകളായിരുന്നു.

കയർമേഖല വളരാൻ തുടങ്ങിയത് റാട്ടുകളുടെ വരവോടെയാണ്. ഈ മേഖലയുടെ കേന്ദ്രീകരണം വളർച്ചയ്ക്ക് ആക്കം കൂട്ടി. നാടൻ ചകിരിപിച്ച് യന്ത്രത്തിന്റെ വരവോട് കൂടി വളർച്ച ദ്രുതഗതിയിലായി. ഇത്തരത്തിൽ സംപുഷ്ടമായിരുന്ന കയർമേഖലയിലേക്ക് തൊണ്ട്തല്ല് യന്ത്രത്തിന്റെ വരവ് പ്രശ്നങ്ങൾ സൃഷ്ടിച്ചു. തൊണ്ട്തല്ല് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാൻ തുടങ്ങി. വ്യവസായമേഖലയാകെ സംഘർഷപൂരിതമായി. ഇതിന്റെ പരിഹാരദശയിൽ തന്നെ സഹകരണസംഘങ്ങളോടൊപ്പം കൂടുതൽ കൂടുതൽ സ്വകാര്യവ്യക്തികളേയും ഈ മേഖലയിലേക്ക് ആകർഷിച്ചുതുടങ്ങി. റാട്ടുകളുടെ എണ്ണം കൂടി. ഉല്പാദനത്തിന്റെ ഗതിമാറി. തൊണ്ടുതല്ല് മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടവർ റാട്ടിൽ പിരിക്കുന്ന പിരിപ്പ് തൊഴിലാളികളായി മാറി. അങ്ങനെ തൊണ്ട്തല്ല് യന്ത്രം ഒരാവശ്യവസ്തുവായിമാറുകയും അതിന്റെ മേലുള്ള എതിർപ്പ് അവസാനിക്കുകയും ചെയ്തു. ഉല്പാദനം വർദ്ധിച്ചതോടുകൂടി ചകിരിയുടെ ദൗർലഭ്യം രൂക്ഷമായി. ഈ പ്രശ്നപരിഹാരത്തിനുവേണ്ടി അന്യപ്രദേശങ്ങളിൽനിന്ന് ചകിരി ഇറക്കുമതിചെയ്യുന്ന സാഹചര്യത്തിലാണ് ഇന്നീ പരമ്പരാഗത വ്യവസായം നിലനില്ക്കുന്നത്.

ഇപ്പോൾ സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും വ്യക്തിഗത പിരുപ്പു കേന്ദ്രങ്ങളിലുമായി ഏതാണ്ട് രണ്ടായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇതിൽ 90% വും സ്ത്രീകളാണ്. ക്ഷേമനിധിപോലുള്ള ആനുകൂല്യങ്ങൾ ഏർപ്പെടുത്തുയിട്ടുണ്ടെങ്കിലും സംഘടിതമേഖലയിലെ തൊഴിലാളിക്ക് ലഭിക്കുന്ന മിക്ക ആനുകൂല്യങ്ങളും ലഭിക്കേണ്ടതുണ്ട്.

കൈത്തറി

നമ്മുടെ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുള്ള വാർഡുകളിൽ ഏതാണ്ട് എല്ലാ വീടുകളിലും വ്യാപിച്ചുകിടന്ന ഒരു പരമ്പരാഗത വ്യവസായമേഖലയാണ് കൈത്തറി. പുരയിടങ്ങളുടെ അതിരുകളെ ലംഘിച്ചുനീളുന്ന നിറം മുക്കിയ പാവുകളുടെ നിരകളും 'ടക്-ടക്' എന്നുള്ള ഓടങ്ങളുടെ നിരന്തര സംഗീതമുയരുന്ന കുടിലുകളുടെ നിരകളും ഈ പ്രദേശത്തിന്റെ നിത്യാനുഭവമായിരുന്നു. കുടിൽവ്യവസായമായിരുന്ന കൈത്തറി സ്വകാര്യ-സംയുക്ത മേഖലയിലേക്കും സഹകരണമേഖലയിലേക്കും മാറികഴിഞ്ഞിരിക്കുന്നു. കയർമേഖലയെ പോലെ കൈത്തറിയും തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് രണ്ടായിരത്തോളം തറികൾ പ്രവർത്തിച്ചിരുന്നു. മൂവായിരത്തോളം തൊഴിലാളികൾ പണിയുമെടുത്തിരുന്നു. പവ്വർലൂമുകളുടെ കടന്നുകയറ്റം ഈ വ്യവസായത്തിന്റെ നട്ടെല്ല് ഒടിക്കുകയായിരുന്നു. നൂലിന്റെ അസഹനീയമായ വിലക്കയറ്റവും വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും പ്രശനങ്ങൾ സൃഷ്ടിക്കുന്നു. ചായങ്ങളുടെ വിലയിലുണ്ടായ വർദ്ധന (പത്തുവർഷത്തിനുള്ളിൽ ഏതാണ്ട് ഇരുപതിരട്ടി) ഒരു പക്ഷെ മറ്റൊരു വസ്തുവിന്റെ മേലും ഉണ്ടായിക്കാണില്ല. തുച്ഛമായ കൂലി നിരക്ക് തൊഴിലാളികളെ ഈ മേഖലയിൽ നിന്നും അകറ്റികൊണ്ടിരിക്കുന്നു. തൊഴിൽ ജന്യരോഗങ്ങൾ ഇനിയും നിലനിൽക്കുന്ന തൊഴിലാളികളെ ഭയചകിതരാക്കുന്നു ഈ വ്യവസായത്തിലും ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ് പണിയെടുക്കുന്നത്. ഇപ്പോഴീമേഖലയിൽ ഏതാണ്ട് 150 തറികളിലായി അഞ്ഞൂറിൽ താഴെ തൊഴിലാളികൾ മാത്രമാണ് പണിയെടുക്കുന്നത്. അതിൽ 450ലധികവും സ്ത്രീകൾ. കൂടുതൽ വില്പനസാദ്ധ്യതയുള്ള മുണ്ട് ബഡ്ഷീറ്റ്, കൈലി, തോർത്ത്, എന്നിവയാണിവിടുത്തെ ഉല്പന്നങ്ങൾ. ഈ വ്യവസായത്തിന്റെ പ്രതിസന്ധികൾ മുറിച്ച് കടന്ന് കൂടുതൽ പുഷ്ടിപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ ഈ പ്രദേശത്തെ ജനങ്ങളുടെ നിലനില്പിനുതന്നെ ഒഴിച്ചുകൂടാനാവാത്തതാണ്.

ഇതരമേഖലകൾ

ആധുനിക വ്യവസായ സംരഭം എന്ന നിലയിൽ ഇതിനകം തന്നെ അഖിലേന്ത്യാവ്യാപകമായി പ്രശസ്തമായ ഹോട്ട് പോയിന്റ് മണ്ണെണ്ണ സ്റ്റൗന്റെ നിർമ്മാണത്തിനാവിശ്യമായ ഒരു ഘടകം നിർമ്മിക്കുന്ന യൂണിറ്റും അതിന്റെ ആസ്ഥാന കേന്ദ്രവും നിലനിൽക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്.

ഉല്പാദനത്തിന് വൈദ്യുതി ആവശ്യമില്ലാത്ത വിലകൂടിയ യന്ത്ര സാമഗ്രികൾ ആവശ്യമില്ലാത്ത, വളരെയതികം ആളുകൾക്ക് തൊഴിൽ നൽകാൻ സാദ്ധ്യതയുള്ള, വിറ്റഴിക്കാൻ യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടാത്ത ഒരു ആർട്ടിസ്റ്റ് ബ്രഷ് നിർമ്മാണ കേന്ദ്രവും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിനെ കൂടുതൽ വിപുലീകരിക്കുവാൻ ആവശ്യമായ സാമ്പത്തികസഹായം നർകണം. ഇതിനുവേണ്ടിയിരിക്കുന്ന ഏക അസംസ്കൃത വസ്തുവായ പന്നിരോമം ലഭ്യമാകുന്നതിനുവേണ്ടി പന്നിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് ഇരട്ടഗുണം ചെയ്യുന്ന ഒരു അനുബന്ധ വ്യവസായമായിമാറും

തെങ്ങ് പ്രധാനകൃഷിയായിട്ടുള്ള നമ്മുടെ പഞ്ചായത്തിൽ ചിരട്ട സുലഭമാണ്. ഇതുപയോഗച്ചുള്ള ബാക്ക്ലൈറ്റ് നിർമ്മാണയൂണിറ്റും കരകൗശലവസ്തുക്കളുണ്ടാക്കുന്ന യൂണിറ്റും സ്ഥാപിച്ചാൽ ധാരാളം ആൾക്കാർക്ക് തൊഴിൽ സാധ്യത ഉണ്ടകും. തേങ്ങ വെട്ടുമ്പോൾ പാഴാക്കിക്കളയുന്ന തേങ്ങാവെള്ളവും കരിക്കിൻ വെള്ളവും ഉപയോഗിച്ചുള്ള ശീതളപാനിയ നിർമ്മാണം വളരെയധികം സാധ്യതകളുള്ള മേഖലയാണ്.

കെട്ടിടനിർമ്മാണം വളരെയധികം നടക്കുന്ന നമ്മുടെ പഞ്ചായത്തിൽ അതിനാവശ്യമുള്ള വകകളെല്ലാം പുറത്തുനിന്നും കൊണ്ടുവരികയാണ്. ഹോളൊബ്രിക്സ് നിർമാണയൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ കെട്ടിടനിർമ്മാണത്തിനാവിശമായ ഹോളൊബ്രിക്സ് പ്ലമ്പിംഗിനാവശ്യമായ ഫിറ്റിംഗ്കൾ കോൺക്രീറ്റ് കട്ടള, ജനൽ തുടങ്ങി എല്ലാ വകകളും നമ്മുടെ പഞ്ചായത്തിൽതന്നെ ഉല്പാദിപ്പിക്കാവുന്നതാണ്. അതിനുള്ള ശ്രമം അടിയന്തിരമായി ആരംഭിക്കണം.

നമ്മുടെ പഞ്ചായത്തിൽ അഭ്യസ്തവിദ്യരായ വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നത് ലക്ഷ്യമാക്കി റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ ആരംഭിക്കുന്നതിനും അതിന് സഹായകമായിട്ടുള്ള പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കണം. ഇലക്ട്രോണിക്ക് ഉല്പന്നങ്ങളുടെ ചെറുകിട യൂണിറ്റുകൾ ഖാദി ബോർഡിന്റേയും കെൽട്രോണിന്റേയും മറ്റും സഹായസഹകരണത്തോടെ തുടങ്ങാവുന്നതാണ്. വിവിധയിനം വ്യവസായയൂണിറ്റ്കളെ ഏകോപിപ്പിക്കുന്നതിന് സഹായകരമായി മിനി ഇൻഡസ്ട്രീയൽ എഡ്റ്റേറ്റുകൾ സ്ഥാപിക്കുന്നത് പുതിയ വ്യവസായ സംരംഭകർക്ക് പ്രോത്സാഹജനകമായിരിക്കും ഇതുമായി ബന്ധപ്പെട്ട് പാൽ അനുബന്ധ ഉൽപന്നങ്ങൾ, കാർഷികോപകരണങ്ങൾ, മത്സ്യ സംസ്കരണ യൂണിറ്റ്, കളിപ്പാട്ട നിർമ്മാണ കേന്ദ്രങ്ങൾ, ചെരിപ്പ് നിർമ്മാണ യൂണിറ്റ്, മീൻവലനിർമ്മാണയൂണിറ്റ്, അടയ്ക്കാ സംസ്കരണയൂണിറ്റ്, തുടങ്ങിയവ ആരംഭിക്കാൻ താല്പര്യമുള്ളവരെ സഹായിക്കാൻ ഇത് ഉതകും. തീരദേശവുമായി ബന്ധപ്പെട്ട് ബോട്ട്, വള്ളം എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. നമ്മുടെ കായലിൽനിന്നു ലഭ്യമാകുന്ന കക്ക ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ കക്കാനീറ്റ് കേന്ദ്രങ്ങൾ ആരംഭിച്ചാൽ കൃഷിക്കും പരിസരശുചീകരണത്തിനും കെട്ടിടനിർമ്മാണത്തിനും ആവശ്യമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും അതിലൂടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

വ്യവസായിക രംഗത്ത് നിലനിൽക്കുന്ന പ്രശനങ്ങൾ

1. വ്യവസായയൂണിറ്റുകൾ ആരംഭിക്കാനുള്ള സൗകര്യപ്രദമായ സ്ഥലം ലഭിക്കാനുള്ള വിഷമം.
2. വൈദ്യുതി കണക്ഷൻ ലഭിക്കുവാനും ലഭിച്ചാൽതന്നെ മുടക്കം കൂടാതെ ലഭിക്കുവാനും ആവശ്യത്തിന് വോൾട്ടേജ് ലഭ്യമാക്കാനും കഴിയാതെ വ്യവസായസംരംഭകർ വിഷമിക്കുന്നുണ്ട്.
3. വ്യവസായത്തിനാവശ്യമായ മുടക്കുമുതൽ വായ്പയായിയലഭിക്കാനുള്ള ബുദ്ധിമുട്ട് ഉണ്ട് വായ്പാനിയമങ്ങൾ കഠിനമാണ്.

4. വിദഗ്ധ തൊഴിലാളികളുടെ അഭാവം പല വ്യവസായ സംരംഭങ്ങൾക്കും തടസമാകുന്നുണ്ട്.

5. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം കയർ കൈത്തറിപോലുള്ള പരമ്പരാഗത വ്യവസായങ്ങൾ പോലും പ്രതിസന്ധിയിലാണ്.

6. അനാകർഷകമായ കൂലി നിരക്ക് പല തൊഴിൽമേഖലകളിൽനിന്നും തൊഴിലാളികളെ പിൻതിരിപ്പിക്കുന്നു.

7. ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകളുടെ ഉല്പനങ്ങൾക്ക് വൻകിട കുത്തക ഉല്പാദകരുടെ ഉല്പനവുമായി കമ്പോളത്തിൽ മത്സരിക്കുവാൻ സാധിക്കുന്നില്ല.

8. സമയാസമയങ്ങളിൽ ഉൽപന്നങ്ങൾ വിറ്റഴിക്കപ്പെടാതിരിക്കുന്നതുമൂലം യൂണിറ്റുകൾക്ക് നിലനിൽക്കാൻ കഴിയാത്ത അവസ്ഥയുണ്ട്.

പരിഹാരനിർദേശങ്ങൾ

1. സംരംഭകരുടെ സൗകര്യാർത്ഥം ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

2. വൈദ്യുതിക്ഷാമം പരിഹരിക്കാനുതകും വിധം പ്രാദേശികമായി വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് തെർമൽ പവർ സ്റ്റേഷൻ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക

3. വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

4. വ്യവസായിക വായ്പാനിയമം ലളിതമാക്കി ആകർഷകമായ പലിശനിരക്കിൽ ആവശ്യത്തിന് ലോൺ നൽകുക

5. വ്യവസായികാഭിവൃദ്ധി ലക്ഷ്യമാക്കിയുള്ള പരിശീലന കോഴ്സുകൾ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നൽകുക.

6. ഓരോ വാർഡിലും തൊഴിൽ രഹിതരായ ചെറുപ്പക്കാരെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ മുൻകൈ എടുക്കുക.

7. നമ്മുടേ പഞ്ചായത്തിൽ ലഭ്യമായ കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കി അനുബന്ധ വ്യവസായങ്ങൾ തുടങ്ങുക.

8. ചെറുകിടവ്യവസായികളുടേയും സഹകരണ വ്യവസായ സ്ഥാപനങ്ങളുടേയും പുതിയ വ്യവസായ സംരംഭകരുടേയും ഉല്പനങ്ങൾ ശേഖരിക്കുവാനും വിപണനം നടത്തുവാനും വിതരണം നടത്തുവാനും കേന്ദ്രങ്ങൾ സ്ഥാപിക്കുക.

9. വിദേശത്തുജോലിചെയ്യുന്ന ആൾക്കാരുടെ നിക്ഷേപം പരമാവധി പ്രത്യല്പാദനപരമായ വ്യവസായ സംരംഭങ്ങളിൽ നിക്ഷേപിക്കുവാൻ പ്രേരിപ്പിക്കുക.

10. തെങ്ങ് കൃഷിക്കുള്ള തടസങ്ങൾ നീക്കി തെങ്ങ് കൃഷി പുഷ്ടിപ്പെടുത്തുക

11. ഒരു തൊണ്ടുപോലും പാഴായിപോകാത്ത വിധം ശേഖരിക്കുകയും കയർവ്യവസായം ഇല്ലാത്ത തൊട്ടടുത്തപ്രദേശങ്ങളിൽ നിന്നും തൊണ്ടുകൾ ശേഖരിക്കുവാനും ചകിരി ഇറക്കുമതി ഒഴിവാക്കും വിധം ഇവിടെ തന്നെ ഉല്പാദിപ്പിക്കുവാനും നടപടിസ്വീകരിക്കുക.

12. കയർവ്യവസായവുമായി ബന്ധപ്പെട്ടുള്ള മലിനീകരണം ഒഴിവാക്കും വിധം ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ചുകൊണ്ട് ഉല്പാദന മേഖലയെ നവീകരിക്കുക

13. പാഴ് വസ്തുവായ ചകിരിചോറും കേരളത്തിൽ ലഭ്യമായിട്ടുള്ള റബ്ബറും ഉപയോഗിച്ചുള്ള കുഷ്ൻ ബഡ്സ് ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക.

14. കയർ ഉല്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.

15. കൈത്തറിവ്യവസായത്തിൽ കാലോചിതമായ നവീകരണം നടത്തി ഉല്പാദനം വർദ്ധിപ്പിക്കുക.

16. മാന്യമായ വേതനം കയർ-കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കണം.

17. കയർ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ, ഗ്രൂപ്പ് ഇൻഷുറൻസ്, ഗ്രാറ്റുവിറ്റി, മാന്യമായ പെൻഷൻ ഇവലഭ്യമാക്കണം.

18. കൈത്തറി വ്യവസായത്തിന് ആവശ്യമായ നൂൽ, കളർ എന്നിവ നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കുക

ഊർജ്ജം

നമ്മുടെ ഗ്രാമത്തിൽ ഈ നൂറ്റാണ്ടിന്റെ മദ്ധ്യഭാഗം വരെ പാചകാവശ്യങ്ങൾക്ക് വീടിന്റെ ചുറ്റുപാടിൽനിന്നും ലഭിച്ചിരുന്ന കാർഷികാവശിഷ്ടങ്ങളും വിളക്ക് തെളിയ്ക്കുന്നതിന് വിളക്കെണ്ണ, പുന്നയ്ക്ക എണ്ണ എന്നിവയുമാണ് ഉപയോഗിച്ചിരുന്നത്. മണ്ണെണ്ണ സ്റ്റൗകളുടെ വരവ് മാറ്റത്തിന് തുടക്കം കുറിച്ച അടുക്കളയിലേക്ക് തുടർന്ന് ഗോബർഗ്യസും വൈദ്യുത ഹീറ്ററുകളും പ്രകൃതിവാതക അടുപ്പും കടന്നുവന്നു. കൂട്ടത്തിൽ സൗര ഊർജ്ജവും ഇടയ്ക്ക് കടന്നുവന്നിട്ടുണ്ട്. വൈദ്യുതിയുടെ വരോവോടുകൂടി വെളിച്ചത്തിനു വേണ്ടി എണ്ണകളെ ആശ്രയിക്കുന്നത് പടിപടിയായി ഒഴിവായിക്കൊണ്ടിരിക്കുന്നു. വെളിച്ചത്തിനുപരി വൈദ്യുതിയെ എല്ലാവിധ ഗാർഹിക ആവശ്യങ്ങൾക്ക് വേണ്ടിയും ഉപയോഗിക്കുന്നു. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനുതകുന്ന കാർഷിക വ്യവസായിക മേഖലകളിൽ വൈദ്യുതിയുടെ ഉപയോഗം വളരെ കുറവാണ്. നിലം നികത്തി നാളീകേര കൃഷി വ്യാപകമായതോടുകൂടി പാചകത്തിന് ആവശ്യമായ വിറക് ലഭിക്കുന്നതിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ടെങ്കിലും വിറകിന്റെ വില വർദ്ധന മൂലം പാചകവശ്യത്തിന് ഇതര ഊർജ്ജത്തെ ആശ്രയിക്കേണ്ടി വന്നിരിക്കുന്നു.

ഇന്നും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദ്യുച്ഛക്തി എത്തിയിട്ടില്ല. (പട്ടിക–അവലംബം ഗ്രാമസഭാരിപ്പോർട്ട്). പ്രേഷണ നഷ്ടവും വൈദ്യുതിയുടെ ദുർവിനിയോഗവും നിലനിൽക്കുന്നു. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ വിവരങ്ങൾ ലഭിക്കാത്തതിനാൽ ഈ രംഗത്തെ നടപ്പു പദ്ധതികളേ സംബന്ധിച്ച വിവരങ്ങളോ അവലോകനങ്ങളോ ചേർക്കാൻ കഴിഞ്ഞിട്ടില്ല.

വൈദ്യുതി എത്താത്ത സ്ഥലങ്ങൾ

വാർഡ്	സ്ഥലം
1.	കോടിയാട്ട് ജംങ്ഷൻ, കലിംങ്ങൽ ജംങ്ഷൻ പുത്തൻ പുര ജംങ്ഷൻ, കെ.ഐ.പി. ജംങ്ഷൻ മാടൻ കാവ് ജംങ്ഷൻ, അറുപതിൽ ജംങ്ഷൻ തിരുവാലി ജംങ്ഷൻ, തട്ടാന്റയ്യത്ത് ജംങ്ഷൻ, റയിൽവേ റോഡിന് സൈഡിൽ
3	കുന്നത്ത് കിഴക്ക് വശം മുതൽ ആലും മൂട് വരെ കരിമ്പാലികിഴക്ക് വശം 250 മീറ്റർ ദൂരം അലുവാമുക്ക് റയിൽവേ കോളനി YMCA കോളനിയുടെ കിഴക്ക് വശം വടക്കോട്ട്. മണ്ണാത്തികായൽ വരമ്പുകാലിൽ ആക്കാക്കുന്നിൽ തെക്കുവശം
4	തോണ്ടലിൽ തെക്കുവശം മുതൽ മണ്ണൂർ തെക്കുവശം വരെ പാലമൂട്ടിൽ ജംങ്ഷനു തെക്കുവശം മുതൽ പടിഞ്ഞാറോട്ട് പുത്തൻ കണ്ടത്തിൽ ജംങ്ഷൻ വരെ പാലമൂട്ടിൽ തെക്കുവശം മുതൽ പിണറും മൂട്ടിൽ മുക്ക് വരെ ഒട്ടത്തിൽ മുക്കിന് തെക്ക് കുന്നേൽ വീട് മുതൽ പടിഞ്ഞാറോട്ട് വയൽ വരെ
5	നഗരി അമ്പലത്തിന് വടക്കുശം പത്ത് വീടിന് വൈദ്യുതി വേണം. മനയശേരിൽ വീട്ടിൽ നിന്നും കിഴക്കോട്ട് 100 മീറ്റർ

6	അയണിവേലിക്കുളങ്ങര വില്ലേജാഫീസിന് പടിഞ്ഞാറ് വശം റോഡിൽ തെക്കെ അറ്റം വൈദ്യുതി എത്തണം
7	വേലശ്ശേരിൽ കോളനി. വെൽഫയർ സ്കൂളിന് വടക്കുവശം കിഴക്കോട്ടുള്ള റോഡ് ക്ഷേത്രത്തിന് കിഴക്കുശം വടക്കോട്ട് ആലുംതറ മുക്ക് വരെ. മക്കാട്ട് ഹരിജൻ കോളനി മയ്യനാട്ട് കോളനി ലക്ഷം വീട് കിഴക്കേ ബ്ലോക്ക് ചെട്ടിയാർ മഠത്തിന് തെക്കുവശം കൂടി പടിഞ്ഞാറോട്ട് പഴവൂർ കോളനി.
9	1 കൊന്നേത്തറ മുക്ക്. തോണ്ടപ്പുറത്ത് ഭാഗം 2 അമ്പിത്തെക്കതിൽ മുക്ക് കുഴിമുണ്ടകത്തിൽ ഭാഗം 3 കോട്ടയ്ക്കകം മുതൽ വെട്ടുകാട്ട് വരെ പനയറ പടിഞ്ഞാറ് ഭാഗം പുലത്തറ ഭാഗം എന്നിവടങ്ങളിൽ വൈദ്യുതി എത്തണം
10	1 പഴവൂർ കിഴക്കുവശം മുതൽ പടിപ്പുരമുക്ക് വരെ. 2 കുറ്റിയിൽ മുക്ക് മുതൽ പടിഞ്ഞാറോട്ട് ചിറയ്ക്കാട്ട് മുക്ക് വരെ 3 മുണ്ടപ്പള്ളി മുക്ക് മുതൽ ആലുംമൂട് മുക്ക് വരെ 4 കൊച്ചുചക്കാലയിൽ വീടിന്റെ പരിസരത്തുള്ള 10 വീടുകൾ. 5 മാൻനിന്നവിള ലക്ഷം വീട്
11	1 കണിയാപറമ്പിൽ മുക്ക് മുതൽ മണ്ണേത്ത് ജംങ്ഷൻ വരെ ക്രിസ്ത്യൻ പള്ളി മുതൽ കായൽ തീരം വരെ
12	1 കോച്ച്മാംമൂട് - മറവനാൽ മുക്ക് 2 തോപ്പിൽ മണ്ണേക്കടവ് - ഊട്ടുതറ റോഡ് 3 വളായിൽ ജംങ്ഷന് വടക്കോട്ടുള്ള റോഡ് 4 തുറയിൽ കുന്ന് പണിക്കർ കടവ് റോഡ് 5 വരമ്പ് കാലിൽ ജംങ്ഷൻ പീടികത്തറ റോഡ് 6 കൊല്ലശ്ശേരിമുക്ക് ഒറ്റപ്പടന്ന വടക്ക് വശം
14	1 ഐ.ആർ.ഇ. സെറ്റിൽമെന്റ് കോളനിയിലേക്ക് വൈദ്യുതി എത്തണം.
15	1 എസ്.കെ.വി. മുതൽ മദ്രസ്സ വരെ 2 പെരുമാനം മുക്ക് പീടികമുക്ക് 3 മനയിലേത്ത് മുതൽ കോട്ടക്കുഴി തെക്കുവരെ 4 SKVUPS മുക്കുമുതൽ നെടിയത്ത് ജംങ്ഷൻ വരെ 6 വാഴയ്ലേത്ത് മുക്ക് മുതൽ പെല്ലിപ്പുറത്ത് മുക്ക് വരെ.

വഴിവിളക്കുകൾ ഇല്ലാത്ത സ്ഥലം

വാർഡ്	സ്ഥലം
2	1 കൃഷ്ണാത്ത് ജംങ്ഷൻ - കോടിയാട്ട് ജംങ്ഷൻ 2 കൃഷ്ണാത്ത് ജംങ്ഷൻ - കൈതവളാലിൽ ജംങ്ഷൻ 3 അമ്പലശ്ശേരി മുക്ക് - ഒന്നാം തഴത്തോട് 4 ആറ്റുപുറത്ത് - വില്ലേജ് ജംങ്ഷൻ 5 ഇടശ്ശേരി പുരയിടത്തിന് തെക്കുവശം

6 ആദിക്കാട്ട് ജംങ്ഷൻ – വലിയത്ത് ജംങ്ഷൻ
7 മാമ്പഴ ജംങ്ഷൻ – പുന്നുത്തറ ജംങ്ഷൻ
8 വാളന്തറ ജംങ്ഷൻ – ഇടശ്ശേരിൽ ജംങ്ഷൻ

3 1 വടക്കടത്ത് പടിഞ്ഞാറേ ജംങ്ഷൻ മുതൽ വടക്കോട്ട്
2 മണ്ണാടിക്കൽ കോളനി
3 ആലുംമൂട് YMA കോളനി
4 കോയിക്കത്തറ വരമ്പുകാൽ

4 1 തെക്കടത്തു കിഴക്കുവശം മുതൽ മൂന്ന് തെങ്ങിൽ കിഴക്ക് വശം വരെ
2 തറയിൽ മുക്കിൽ നിന്ന് തോണ്ടലിൽ കിഴക്കുവശം വരെ

5 1 കേശവപുരം കോളനി – അയണിവേലികുളങ്ങര കേശവപുരം തോടിന് ഇരുവശത്തും
2 വെട്ടത്ത് മുക്കിൽ നിന്നും തെക്കോട്ട് വട്ടക്കായൽ വരെ

7 1 വെൽഫയർ സ്കൂളിന് വടക്കുവശം കിഴക്കോട്ടുള്ള റോഡിൽ വഴിവിളക്കില്ല

8 1 ക്ഷേത്രചിറയുടെ കിഴക്കുവശവും പടിഞ്ഞാറ് വശവും മാളേക്കൽ മുതൽ ആലുംമൂട്ടിൽ മുക്ക് വരെ.
2 ആലുംതറ മുക്ക് മുതൽ നമ്പരുവികാല വരെ
3 കൊച്ചുപുര മുതൽ കിഴക്കോട്ടും വടക്കോട്ടും

12 1 കാവനാൽ ലക്ഷം വീട്ടിൽ വഴിവിളക്കില്ല.

പ്രശ്നങ്ങൾ

1. വൈദ്യുതിമേഖല നേരിടുന്ന പ്രധാന പ്രശനമാണ് വോൾട്ടേജ് ക്ഷാമം.
2. അപേക്ഷകർക്ക് യഥാസമയം വൈദ്യുത കണക്ഷൻ കിട്ടുന്നില്ല.
3. വൈദ്യുത ബില്ല് അടയ്ക്കുന്നതിനുള്ള സൗകര്യകുറവ്.
4. പാചകാവശ്യത്തിനുള്ള വിറക് തുടങ്ങിയ ജൈവഇന്ധനങ്ങളുടെ കുറവ്.
5. വൈദ്യുതി ലഭിക്കാത്ത വീടുകളിൽ വെളിച്ചത്തിനും മറ്റും മണ്ണെണ്ണ വേണ്ടത്ര ലഭിക്കുന്നില്ല.

സാധ്യതകൾ

1. വോൾട്ടേജ് ക്രമീകരിക്കാൻ ആവശ്യമായ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.
2. വൈദ്യുത പ്രേക്ഷണത്തിന് മെച്ചപ്പെട്ട ഉപകരണങ്ങൾ ഉപയോഗിച്ച് കറന്റ് ഫെയിലുവർ ഒഴിവാക്കുക.
3. വൈദ്യുതിയുടെ ദുർവിനിയോഗം കുറയ്ക്കുക.
4. മെച്ചപ്പെട്ട വിറക് അടുപ്പുകൾ സ്ഥാപിച്ച് കൊണ്ട് പാചകരംഗത്ത് നിന്നും വൈദ്യുതി, ഗ്യാസ്, എണ്ണ തുടങ്ങിയ സാന്ദ്രീകൃത ഊർജ്ജ രൂപങ്ങളെ ഒഴിവാക്കുക.
5. സൗര അടുപ്പുകളും സൗര വിളക്കുകളും സ്ഥാപിക്കുക. ഊർജ്ജ ആസൂത്രണ ത്തിനാവശ്യമായ ബോധവൽക്കരണം നടത്തുക.
6. കോമ്പാക്ട് ഫ്ലൂറസന്റ് ലാമ്പുകൾ പ്രചരിപ്പിച്ച് വൈദ്യുതി ഉപയോഗം കുറയ്ക്കുക.

ഗതാഗതം

റോഡ് ഗതാഗതവും ജലഗതാഗതവും ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന രണ്ട് ഗതാഗത മാർഗങ്ങളാണ്. പഞ്ചായത്തിന്റെ ലഭ്യമായ ഫണ്ടിൽ ഭൂരിഭാഗവും റോഡ് നിർമ്മാണത്തിനും അവയുടെ വികസനത്തിനും വേണ്ടിയാണ് ഉപയോഗിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ധാരാളം ഗ്രാമീണ റോഡുകളും ഉണ്ടായി. പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന ചഒ 47 ആണ് ഏറ്റവും പ്രധാനപ്പെട്ട റോഡ്. ഇത് 2.5സാ നീളം വരും. 8.5സാ നീളം വരുന്ന ജണഉ റോഡും 178 സാ നീളം പഞ്ചായത്ത് റോഡുമാണുള്ളത്. ഇതിൽ 34.6ഹാ ടാർ ചെയ്തതും ബാക്കി ഗ്രാവൽ റോഡുമാണ്. റെയിൽവേ ഗതാഗതം നമ്മുടെ പഞ്ചായത്തിലില്ല. 3,31/2 പതിറ്റാണ്ടുകൾക്ക് മുൻപ് ഇവിടെ ഒരു ഗ.ട.ഞ.ഠ.ഇ. യുടെ ബസ് സ്റ്റാൻഡ് ഉണ്ടായിരുന്നു. വിപുലമായ തോതിലുള്ള ഇന്നത്തെ ബസ് സ്റ്റാൻഡ് 1987 ലാണ് പ്രവർത്തനം തുടങ്ങിയത്. ഇത് കരുനാഗപ്പള്ളിയുടെ വികസനത്തിന് വഴിതെളിയിച്ചു. റോഡ്ഗതാഗതം പിന്നീട് മെച്ചപ്പെട്ടുവെങ്കിലും ജലഗതാഗതം താരതമ്യേന കുറഞ്ഞു. എന്നാൽ കൊല്ലം കോട്ടപ്പുറം ദേശിയ ജലപാതയിൽ ഉൾപ്പടുത്തി പഞ്ചായത്തിലൂടെയുള്ള ജലഗതാഗതം മെച്ചപ്പെടുത്താനുള്ള സാദ്ധ്യത തെളിഞ്ഞു വരുന്നു.

പഞ്ചായത്തിലെ റോഡുകളുടെ നീളവും എണ്ണവും വർദ്ധിച്ചെങ്കിലും മേന്മകുറയുകയാണുണ്ടായത്. അശാസ്ത്രിയമായ റോഡുനിർമ്മാണമാണ് റോഡിന്റെ സ്ഥിതി മോശമാകാനും പലസ്ഥലങ്ങളിടേയും നീർവാർച്ച നഷ്ടപ്പടുവാനും കാരണമായത്. പ്രദേശത്ത് അനവധി, ടാക്സികളും ഓട്ടോറിഷകളും, ലോറി, ടെമ്പോ എന്നീ വാഹനങ്ങളും ഏറെയുണ്ടെങ്കിലും അവയ്ക്ക് അംഗീകൃത സ്റ്റാൻഡുകൾ ഇല്ല. ഒരു പ്രൈവറ്റ് ബസ്സ്റ്റാൻഡ് ഉണ്ടെങ്കിലും അത് പ്രവർത്തന രഹിതമാണ്. ചരക്കുഗതാഗതത്തെ പ്രോഹ്താസാഹിപ്പിക്കുന്നതിന് സഹായകമായ പാർസൽ ഏജൻസികൾ പഞ്ചായത്തിലുണ്ട്. ആലുംകടവ്, കോഴിക്കോട്, പത്മനാഭൻ ജെട്ടി, എന്നീ ബോട്ടുജട്ടികൾ ഉണ്ട്.

വാർഡ്	നിലവിലുള്ള റോഡുകൾ	ആവശ്യമുള്ള റോഡുകൾ
വാർഡ് 1	3Km PWD ടാർ	
	1Km ബ്ലോക്ക്	
	0.5Km ഗ്രാവൽ	കോടിയാട്ട് ജംഗ്ഷൻ മുതൽ ഇടത്തിട്ട ജംഗ്ഷൻ വരെ. തിരുവാലി ജംഗ്ഷൻമുതൽ കുന്നിക്കൽ ജംഗ്ഷൻ വരെ.
വാർഡ് 2	4.5Km PWD ടാർ	
	1.5Km പഞ്ചായത്ത് ടാർ	തഴത്തോടിന് സമാന്തരമായി തെക്കോട്ട് ഒന്നാംപാലം വരെ
വാർഡ് 3	3Km PWD ടാർ	
	5Km പഞ്ചായത്ത് ടാർ	വടക്കടത്ത് പടിഞ്ഞാറെ ജംഗ്ഷൻ-KIP ജംഗ്ഷൻ
വാർഡ് 4	4Km PWD ടാർ	
	3Km പഞ്ചായത്ത് ടാർ	
	7.5Km ഗ്രാവൽ റോഡ്	പാലമൂടിന് വടക്കുവശം കിഴക്കോട്ട് വയലിലൂടെ. കണ്ണമ്പളളികിഴക്കുവശം പാലത്തിന്റെ സൈഡിലൂടെ തോണ്ടലിൽ തെക്കുവശം വരെ. കുറ്റീലേത്ത് റോഡിന് തെക്കുവശംമുതൽ കിഴക്കോട്ട് തറയിൽ മുക്ക് വരെ.
വാർഡ് 5	1Km PWD ടാർ	
	3Km പഞ്ചായത്ത് ടാർ	

	15Km ഗ്രാവൽ റോഡ്	കേശവപുരം ഹരിജൻകോളനിയിലേക്ക്. തോടിൻന്റെ സൈഡുവാൾ രണ്ടുവശവും വട്ടകായൽ വരെ നീട്ടണം. കറ്റകളികയിൽനിന്നും ശ്മശാനം വരെ. മനയശ്ശേരിൽ പടിഞ്ഞാറുവശം മുതൽ കുറ്റികുളങ്ങര പടിഞ്ഞാറുവശം വരെ. ശവരിക്കാംമുട്ടിൽ തെക്കുവശംനിന്നും പടിഞ്ഞാറോട്ട്. കോടികോളനി ചെമ്പകശ്ശേരി റോഡുമായി ബന്ധിപ്പിക്കുക. ചാമ്പുർ വടക്കുവശം മുതൽ പടിഞ്ഞാട്ട്. ഉച്ചാടത്ത് ജംഗ്ഷൻ മുതൽ പനച്ചുർ റോഡുവരെ.
വാർഡ് 6	1Km ടാർ	
	7.6Km ഗ്രാവൽ റോഡ്	പുത്തൻവീട് ജംഗ്ഷൻ-തുപ്പാശ്ശേരിവടക്കുവശം വരെ. ചിറ്റയ്ക്കാട്ട് കിഴക്കുവശംകുടി കണ്ണംമ്പള്ളി ജംഗ്ഷൻ വരെ.
വാർഡ് 7	5Km PWD ടാർ	
	1.5 പഞ്ചായത്ത് ടാർ	
വാർഡ് 8	6Km PWD ടാർ	
	15Km ഗ്രാവൽ റോഡ്	മച്ചിനാട് കോളനി-ആലുംതറമുക്ക്. വരമ്പേൽമുക്ക് -നമ്പരുവികാല, മാമ്പോഴി ലക്ഷംവീട്-മുല്ലശ്ശേരികിഴക്കുവശം ആലുംതറമുക്ക്, കൊച്ചുപുര മുക്കിൽനിന്നും ആലുംതറമുക്ക് വരെ, വിളയശ്ശേരിൽ തെക്കുവശം കുടി മുന്നാംമുട്ടിൽ വടക്കുവശം വരെ, പണ്ട്യാലമുക്ക്-കവറാട്ട്മുക്ക്.
വാർഡ് 9		ആലുംകടവ്-കാക്കത്തുരുത്ത് ബണ്ട്, കാവിൽമുക്ക് -കുറ്റിതെക്കതിൽ മുക്ക്, ചിറ്റയ്ക്കാട്ട് തെക്കുവശം-ധന്യാതിയറ്റർ, ചാത്തൻവയൽമുക്ക്-ആക്കനാട്ട് മുക്ക്, കൊച്ചയ്യത്ത് മുക്ക്-കൊല്ലശ്ശേരിൽ കുളം.
വാർഡ് 10	1.25Km PWD ടാർ	
	3Km പഞ്ചായത്ത് ടാർ	
	25Km പഞ്ചായത്ത് ഗ്രാവൽ	കുന്നടിയിൽകിഴക്കുവശം-ഉത്താംപള്ളികിഴക്കുവശം, പ്ലാനുള്ളികിഴക്കുവശം-കനാൽവരെ.
വാർഡ് 11		ചുളുരേത്ത്മുക്ക്-കായക്കാട്ട് മുക്ക് വരെ, അഴീക്കൽ തുറമുഖവുമായി ബന്ധിപ്പിക്കുന്ന ദേശിയ ജലപാതയ്ക്ക് സമാന്തരമായി പുതിയ റോഡ്.
വാർഡ് 12		കാട്ടിൽ കിഴക്കുഭാഗംമെയിൻ റോഡിലേക്ക്, തോക്കുമണ്ണേൽ കടവുമുതൽ SKV ജംഗ്ഷൻ വരെ, തറയിൽ തെക്കേ പടിഞ്ഞാറെവശം-പണിക്കർകടവു റോഡ് വരെ. തുറയിൽകുന്ന് ക്ഷേത്രം-വളാലിൽ ജംഗ്ഷൻ വരെ. പുത്തൻപുര പടിഞ്ഞാറുവശം-തോട്ടുതറ പടിഞ്ഞാറുവശം. പെല്ലിപുറത്ത് തെക്കുവശം-കുഞ്ഞാപ്പള്ളി ജംഗ്ഷൻ.
വാർഡ് 13	1Km PWD ടാർ	
	1.5Km {ഗാവൽ റോഡ്	

വാർഡ് 14	1Km ടാർ റോഡ് 14Km ഗ്രാവൽ	
വാർഡ് 15		SKVUPS ജംഗ്ഷൻ-നെടിയത്ത് ജംഗ്ഷൻ, അമ്പു വിള തെക്കുവശം-തങ്കേത്തിൽ ജംഗ്ഷൻ, ഫിഷ റീസ് സ്കൂളിന് കിഴക്കുവശം നിർത്തി സ്കൂളിന് വടക്കുഭാഗം വരെ.

ആവശ്യമുള്ള നിർമ്മാണ-അറ്റകുറ്റപ്പണികൾ

വാർഡ് 1

ടാറിംഗ് - ഓട

S.N.D.P. ജംഗ്ഷൻ, T.B. ക്ലിനിക്ക് റോഡ്, S.N.D.P. ജംഗ്ഷൻ-KIP റോഡ്, തിരുവാലിമുക്ക്-തണ്ടാൻന്റെയ്യത്ത് മുക്ക്, കാട്ടുപറമ്പിൽ ജംഗ്ഷൻ വാലയ്യത്ത് ജംഗ്ഷൻ, പൊട്ടന്റയ്യത്ത് ജംഗ്ഷൻ-കരോട്ടിൻകര ജംഗ്ഷൻ.

ഗ്രാവലിംഗ്

ചിറ്റുമുല കൽവർട്ട് മുതൽ മാടൻകാവ് വരെ

മറ്റ്നിർമ്മാണ പ്രവർത്തനം

ടി.ബി. ക്ലീനിക്ക്-പറങ്കിമാംമൂട്-മാർക്കറ്റ് വഴി ബസ്റ്റാന്റിലേക്കുള്ള റോഡ് ഹൈവേക്ക് പാരലൽ ആയി വികസിപ്പിക്കണം

വാർഡ് 2

ടാറിംഗ്

കോടിയാട്ട്-കൃഷ്ണാത്ത്-കൈതവളാലിൽ റോഡ്, വാട്ടർടാങ്ക് ഇളശ്ശേരിമഠം റോഡ്, കോഴിശ്ശേരിക്ഷേത്രത്തിന് മുന്നിലൂടെയുള്ള റോഡ്, പുന്നൂത്തറ ജംഗ്ഷൻ മുതൽ പഴയാട്ടുതറയിൽ കിഴക്കുവശം വരെ, അമ്പലശ്ശേരിജംഗ്ഷൻ തഴത്തോട് ജംഗ്ഷൻ, ആദിക്കാട്ട് ജംഗ്ഷൻ-വലിയത്ത് ജംഗ്ഷൻ, ആറ്റുപുറത്ത് ജംഗ്ഷൻ-വട്ടതറ ജംഗ്ഷൻ, ആദിക്കാട്ട് ജംഗ്ഷൻ-വാളന്തറ ജംഗ്ഷൻ.

മറ്റുനിർമാണപ്രവർത്തനങ്ങൾ

ഗവ:ഹോസ്പിറ്റൽ, ചാങ്ങേമുക്ക് റോഡ് ഗതാഗതയോഗ്യമാക്കണം, കൃഷ്ണാത്ത്-കൈതവടായിൽ റോഡും അമ്പലശ്ശേരിൽ റോഡും വീതികൂട്ടി ബന്ധിപ്പിക്കണം, ടെച. സർവീസ് സ്റ്റേഷന് വടക്കോട്ടുള്ളറോഡ് ഓട കെട്ടി ആലുംകടവ് റോഡുമായി ബന്ധിപ്പിക്കണം, പോലീസ് സ്റ്റേഷന് മുന്നിൽ ട്രാഫിക്ക് ഐലന്റ് സ്ഥാപിക്കണം, ആശുപത്രി മുക്കിലും ഹൈസ്ക്കൂൾ മുക്കിലും ഡിവൈഡർ നിർമ്മിക്കണം, ആശുപത്രി മുക്ക് ചാങ്ങേൽമക്കക്ക് റോഡിലും കോടിയാട്ട് മുക്ക് കൃഷ്ണാത്ത് മുക്ക് റോഡിലും ഓട നിർമ്മിച്ച് തഴത്തോട് മായി ബന്ധിപ്പിക്കണം, ആശുപത്രിമുക്ക് ഹൈസ്ക്കൂൾ മുക്ക് റോഡും ആശുപത്രി മുക്ക് ചാങ്ങേൽമുക്ക് റോഡും ടാർ ചേയ്ത് ആലുംകടവ് റോഡുമായി ബന്ധിപ്പിക്കണം.

വാർഡ് 3

ടാറിംഗ്

എക്സൈസ് ആഫീസ് മുതൽ കിഴക്കോട്ട് തോണ്ടത്ര ജംഗ്ഷൻ വരെയും C.S. കടവ് വടക്കടത്തുമുക്ക് വരെയുള്ള റോഡുകൾ, SBM ആശുപത്രി-ഗായത്രീ റോഡ്, മാർക്കറ്റ് ജംഗ്ഷൻ-കുന്നത്ത് ജംഗ്ഷൻ

ഗ്രാവലിംഗ്

ആലന്തറമുക്ക് മുതൽ റെയിൽവേകോളനിവരെ, പ്രയ്വറ്റ് ബസ്റ്റാന്റിന് തെക്കോട്ടുള്ള റോഡ്, കൊട്ടയ്ക്കാട്ട്-കരിമ്പാലിൽ റോഡ്, കരോട്ടി ജംഗ്ഷൻ-റെയിൽവെ ജംഗ്ഷൻ, ലീലാടാക്കീസിന് കിഴക്കോട്ടുള്ള റോഡ്, YMC കോളനി ആലുംമൂട് റോഡ്, പുത്തൻപുരമുക്ക്-വടക്കെടുത്ത് മുക്ക്, KIP ജംഗ്ഷൻ കുന്നത്ത് മുക്ക്

ഓട

കല്ലിങ്കൽ തോടുമുതൽ കുന്നത്തുതോടുവരെയുള്ള ഭാഗം, KSRTC ബസ്റ്റാന്റിന് തെക്കുവശം മുതൽ കായൽ വരെ, നാഷണൽ ഹൈവയിൽ കരോട്ടുമുക്കിൽ നിന്നും പള്ളിക്കൽ ആറുവരെ.

മറ്റുനിർമ്മാണ പ്രവർത്തനങ്ങൾ

റെയിൽവേ റോഡിനു സമാന്തരമായി മാർക്കറ്റിൽ ബൈപ്പാസ് റോഡ് ഉണ്ടാകണം, ചന്തക്കടവിൽ PWD കടത്ത് ഏർപ്പെടുത്തണം

വാർഡ് 4

ഗ്രാവലിംഗ്

വിജയാബാറിന്റെ സൈഡിലൂടെ പടിഞ്ഞാറോട്ടുള്ള റോഡ്, കുന്നയ്ത്ത് കിഴക്കുവശം മുതൽ പരപ്പാടി കിഴക്കുവശം വരെ, ലാലാജിമുക്കിന് പടിഞ്ഞാറുവശം തഴത്തോടിന് തെക്കോട്ടുള്ള റോഡ്, കൊച്ചുതോണ്ടലിന് കിഴക്കോട്ട് തോടിന് സൈഡിലൂടെ യുള്ള റോഡ്.

ഓട

സഹകരണബാങ്കിന്റെ തെക്കുവശത്തുകൂടി പടിഞ്ഞാട്ട്, ലാലാജിജംഗ്ഷൻ പടിഞ്ഞാട്ട് പാലം വരെ, കുറ്റീലയ്ത്ത് ജംഗ്ഷനിൽ നിന്നും തോടുവരെ ചക്കാലമുക്കിൽ നിന്നും തെക്കോട്ട്, പിണറുംമൂട്ടിൽ തെക്കുവശത്തുനിന്നും പടിഞ്ഞാട്ട്, വിജയാബാറിന്റെ പടിഞ്ഞാറോട്ടുള്ള റോഡ്.

മറ്റുനിർമ്മാണപ്രവർത്തനങ്ങൾ

തറയിൽ ജംഗ്ഷൻ-തോണ്ടലിന് കിഴക്കുവശം-മണ്ണൂർ തെക്കുവശമവരെയുള്ള റോഡിൽ പാലം, ഓട, ഗ്രാവലിംഗ്, ഒട്ടത്തിമുക്കിനും കുറ്റീലേത്ത് മുക്കിനും ഇടയുലുള്ള ആറ് റോഡുകളും സഞ്ചാര ടോഗ്യം ആക്കാണം. ഒട്ടത്തി മുക്കിന് കിഴക്കുവശമുള്ള പാലം പുതുക്കി പണിയണം,തോണ്ടലിൽ കാവിലെ റോഡിലേക്ക് ചാഞ്ഞുനിൽക്കുന്ന മരം മുറിക്കണം.

വാർഡ് 5

ടാറിംഗ്

കരോട്ടു മുക്കു മുതൽ കേശവപുരം ശ്മശാനം വരെയുള്ള റോഡ്, വെട്ടത്തുമുക്ക്-ചെമ്പക ശ്ശേരിമുക്ക്, കെന്നടി സ്കൂൾ-കന്നേറ്റി കമ്പോളം വരെയുള്ള റോഡുകൾ

ഗ്രാവലിംഗ്

കൃഷ്ണൻനട-കുറ്റിക്കുളങ്ങര, കണ്ണൻപിള്ളി-കണ്ണാടിമുക്ക്, കുഴിവേലിമുക്ക്-വരമ്പേൽക്കട, കെന്നടി സ്കൂൾ-കറ്റകടി പാലം, കൊച്ചുപുരപടിഞ്ഞാട്ട് പീടികവീടുവരെയുള്ള റോഡുകൾ

ഓട

വെട്ടത്തിൽമുക്ക്-പള്ളിവാതിൽക്കൽ വരെയുള്ള റോഡ്

വാർഡ് 6

ടാറിംഗ്

കുറ്റീലേത്ത് ജംഗ്ഷൻ-കുളക്കട-വാഴക്കാലി ജംഗ്ഷൻ റോഡ്, കിഴക്കേവിള സ്കൂൾ-വടക്കോട്ട് ചക്കാല വടക്കുവശം വരെയുള്ള റോഡ്

ഗ്രാവലിംഗ്

വാഴക്കാലിൽ ജംഗ്ഷൻ-മഠത്തിൽ ജംഗ്ഷൻ, കുറിച്ചിയിൽ ജംഗ്ഷൻ പടിഞ്ഞാട്ട് അഞ്ചുതറ മദ്രസ്സ വരെയുള്ള റോഡുകൾ

ഓട

കോടശ്ശേരി തെക്കുവശം മുതൽ ആലായിൽ വരെയുള്ള റോഡ്, കല്ലുംപുറത്തു മുതൽ കോഴിക്കോട് എൽ. പി. എസ്. വരെയുള്ള റോഡ്.

വാർഡ് 7

ടാറിംഗ്

കോട്ടക്കുഴി-ആലുംതറ മുക്ക്, മരു: കൈത്തറി സൊസൈറ്റി-വാട്ടർ ടാങ്ക് റോഡ്

ഗ്രാവലിംഗ്

വെളിയിൽ ജംഗ്ഷനു പടിഞ്ഞാറോട്ടുള്ള റോഡ് മണ്ണാശ്ശേരി മുക്കു വരെ

മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ

നമ്പരുവികാലാ സ്കൂളിനു കിഴക്കുവശത്തുള്ള പാലം പുതുക്കി പണിയണം. ഒട്ടത്തിൽമുക്കിന് കിഴക്കുവശമുള്ള പാലം പുതുക്കി പണിയണം.

വാർഡ് 8

ടാറിംഗ്

ആലുംതര ജംഘ്ഷൻ മുതൽ കിഴവൂർ ജംഗ്ഷൻ വരെയുള്ള റോഡ.

ഗ്രാവലിംഗ്

ആലുംതറ മുക്ക്-നമ്പരുവികാലാ റോഡ്, ആലുംമൂട് ജംഗ്ഷൻ-മാളിയേക്കൽ ജംഗ്ഷൻ, ആലുംതറ മുക്ക്-കവറാട്ടു മുക്ക്, മണ്ണുത്തറ-ഭവാനിസാറിന്റെ വീടു വരെയുള്ള റോഡുകൾ

ഓട

മണ്ണുത്തറ വടക്കുവശത്തുള്ള റോഡ്, ഗോവിന്ദൻവീട്ടിൽ വടക്കുവശത്തുള്ള റോഡ്, മുക്കട വടക്കുവശത്തുള്ള റോഡ്, വരമ്പേൽമുക്ക് കിഴക്കോട്ടു തഴത്തോടു വരെ, മാറനാട് കോളനി മുതൽ കിഴക്കോട്ടുള്ള റോഡു വരെ, കണ്ടനാടു കിഴക്കുവശത്ത്, വിളയിൽശേരി തെക്കുവശം മുതൽ ചാത്തൻവയൽ പാടം വരെ.

വാർഡ് 9

ഗ്രാവലിംഗ്

മണ്ണേക്കടവ്-ആലുംകടവ് റോഡ്, മുണ്ടുതറ ക്ഷേത്രം-ആനേപ്പിൽ റോഡ്, ആലുംകടവ് ഗുരുമന്ദിരം-ഷെറഫ് മൻസിൽ വരെ, ചാലിൽതെക്കുവശം മുതൽ കുറ്റീമുക്കു വരെയുള്ള റോഡ്.

മറ്റിനം

പ്ളാശ്ശേരിപ്പാലം പുതുക്കി പണിയണം

വാർഡ് 10

ടാറിംഗ്

ചെറുവേലിമുക്ക്-പടിപ്പുരമുക്ക്, പ്ളാനുള്ളിൽമുക്ക്-വാഴക്കാലിൽമുക്ക് റോഡുകൾ.

ഗ്രാവലിംഗ്

കാളിപ്പറമ്പിൽ വടക്കുവശം-പുത്തൻപുര പടിഞ്ഞാറ്, പടിപ്പുര വടക്കുവശം-ഇല്ലത്തിന്റെ കടവരെ, കുറ്റീത്തെക്കേ വശം-ചിറ്റക്കാട്ടുതെക്കുവരെ, ചെറുലിമുക്ക്-വാഴക്കാലിൽമുക്ക്-കോട്ടയം മുക്ക്,

ഇടക്കോട് ജംഗ്ഷൻ-തരണക്കാടു മുക്കു വരെ, നീലേവീട്ടിൽ മുക്ക്-പന്നിശ്ശേരി മുക്ക്, മുണ്ടശ്ശേരി വടക്കുവശം-ആലുംമൂട്ടിൽ വടക്കു വശം വരെ, പുലിപ്പറവടക്ക്-ദൈവപ്പുര ക്ഷേത്രം, നെടിയവിള അമ്പലത്തിന്റെ കിഴക്കുവശം മുതൽ കുറ്റീകിഴക്കുവശം വരെയുള്ള റോഡുകൾ.

ഓടകൾ

പടിപ്പുരക്കിഴക്കുവശം-കൊച്ചാലും മൂട്, മാൻനിന്ന വിള-തെക്കോട്ട്, പുലിപ്പറവടക്കുവശം-ദൈവപ്പുര ക്ഷേത്രം വരെ, കുളക്കട വീട്-കിഴക്കോട്ടു വയൽ വരെ, മുണ്ടപ്പിള്ളി വടക്ക്-ആലുംമൂട്ടിൽ വടക്കുവരെ, പറമ്പിൽവക്ക്-ചെറുവേലിൽ മുക്കു വരെ.

വാർഡ് 11

ഗ്രാവലിംഗ്

വാടയിൽ കടവിൽ നിന്നും പീടികമുക്കു വരെയും മരുന്നൂർകുളങ്ങര മുസ്ലിം പള്ളി മുതൽ പനായിൽ വരെ.

മറ്റു നിർമ്മാണപ്രവർത്തനങ്ങൾ

കല്ലുംമൂട്ടിൽ കടവു പാലവും, പണിക്കർകടവിനെ തുറയിൽക്കുന്നുമായി ബന്ധിപ്പിക്കുന്ന റോഡും പ്രവർത്തനക്ഷമമാക്കണം

വാർഡ് 12

ടാറിംഗ്

പണിക്കർകടവ്-പറശ്ശേരിക്കടവ് റോഡ്, ഐക്കര മുക്ക്-കാവനാൽ ലക്ഷംവീട് റോഡ്, പേരോളിൽ പടിഞ്ഞാറുവശം മുതൽ തെക്കോട്ട് വേലിയിൽ കിഴക്കേ മുക്കു വരെ, കെച്ചുമാമൂട്-നെടിയത്തു മുക്കു റോഡുകൾ.

ഓട

കുത്തന്നൂർ തെക്കുവശം മുതൽ കായൽ വരെ, വരമ്പുകാൽ മുതൽ പീടികത്തറ ജംഗ്ഷൻ വരെ, കൊച്ചുമാമൂട് ജംഗ്ഷൻ മുതൽ കുത്തന്നൂർ ജംഗ്ഷൻ വരെ തെക്കോട്ട്.

മറ്റു നിർമ്മാണപ്രവർത്തനങ്ങൾ

അരയശ്ശേരി പടിഞ്ഞാറേ വശം മുതൽ പുത്തൻവീട്ടിൽ കടവുവരെ ഫുട്പാത്ത്, തുറയിൽക്കുന്നു മുതൽ സെൻട്രൽ ജെട്ടി വരെ ഫെറി സർവീസ്, തുറയിൽക്കുന്ന്-എസ്. കെ. വി. സ്കൂൾ വഴി കരുനാഗപ്പള്ളിയിലേക്ക് ബസ് സർവീസ്.

വാർഡ് 13

ടാറിംഗ്

എസ്. വി. മാർക്കറ്റ്-പോക്കാട്ടു മുക്ക്, പീടിക മുക്ക്-പെരുമന മുക്ക്, തേവറ മുക്ക്-വെംബ്ളാവിൽ ക്ഷേത്രം വരെയുളള റോഡുകൾ.

ഗ്രാവലിംഗ്

പള്ളി മുതൽ കണ്ടത്തിൽ മുക്കു വരെ, പണിക്കർകടവിനു തെക്കോട്ട് കയർ സംഘം വരെ, പറവനാൽ മുക്കു മുതൽ കല്ലൂർ ജംഗ്ഷൻ വരെയുള്ള റോഡുകൾ

ഓട

പെല്ലിപ്പുറം മുക്ക്-കണ്ടത്തിൽ മുക്ക്, മിൽമാ ജംഗ്ഷൻ-വെബ്ളാവിൽ ക്ഷേത്രം, മനേലേഴത്ത്മുക്ക്-തൈക്കാവ് ജംഗ്ഷൻ, ചക്കാലപ്പാടം-ഓണിയാട്ടുഭാഗം വരെയുള്ള റോഡുകൾ

മറ്റിനം

എസ്. വി. മാർക്കറ്റിൽ നിന്നും കൊല്ലത്തേക്കും കായംകുളത്തേക്കും കൂടുതൽ ബസ് സർവീസുകൾ.

വാർഡ് 14

ടാറിംഗ്

പീടികജംഗ്ഷൻ-കന്നാലിക്കടവ്, മങ്ങാട്ടേത്തു മുക്ക്-കടുക്കര മുക്ക്, കൊറ്റംകുളങ്ങര മുക്ക്-ഊട്ടുകരക്കടവ് റോഡുകൾ

ഗ്രാവലിംഗ്

കന്നാലിക്കടവ്-ഐ.ആർ.ഇ. പുനരധിവാസ കോളനി, വായനശ്ശേരിൽ ജംഗ്ഷൻ-മാവലശ്ശേരിൽ കിഴക്കുവശം വരെയുള്ള റോഡുകൾ

ഓടകൾ

കുറിച്ചിയിൽ മുക്ക്-കണ്ണാത്തറ മുക്ക്, പീടികജംഗ്ഷൻ-കായിക്കര വടക്കു വശം-കായൽ വരെ, ആൽത്തറമുക്ക്-കായിക്കരക്കടവ്, കന്നേത്ത് മുക്ക്-വട്ടത്തറ മുക്ക്, ശാസ്താംനട ജംഗ്ഷൻ-കോട്ടൂർ മുക്ക്, മണ്ണേത്ത് മുക്ക്-കായൽ വരെ, ആൽത്തറ മുക്ക്-അമ്മാച്ചേരി മുക്ക് വഴി കായൽ വാരം വരെ, അഴീക്കലത്ത് ജംഗ്ഷൻ മുതൽ വാരണത്ത് ജംഗ്ഷൻ വരെ, മങ്ങാട്ടേത്ത് മുക്ക്-കൂട്ടുതറകടവ്, പള്ളീടെ ജംഗ്ഷൻ-കണ്ണേത്ത്ചിറക്കാല റോഡ്, പള്ളീടെ ജംഗ്ഷൻ സൂര്യൻപറമ്പിൽ റോഡുകളിൽ.

മറ്റിനം

പത്മനാഭൻ ജെട്ടിയിൽ ഉണ്ടായിരുന്ന കടത്ത് പുനരാരംഭിക്കണം. ചകിരിച്ചോറ് ദേശിയജലപാതയിൽ തള്ളുന്നത് തടയണം. കോഴിക്കോട് നിന്നും കൊല്ലത്തേക്കും കായംകുളത്തേക്കും ബസ് സർവീസ്സ് വേണം. കന്നാലികടവിൽ നിന്നും ആലുംകടവ്, കാട്ടിൽകടവ്, തുറയിൽകടവ്, വള്ളിക്കാവ് വഴി ഓച്ചിറയ്ക്ക് ബസ് സർവീസ് ആരംഭിക്കണം. കൊല്ലം ആലപ്പുഴ ബോട്ട് സർവീസ് പുനരാരംഭിക്കണം.

വാർഡ് 15

ഗ്രാവലിംഗ്

S.K.V.U.P.S. -കോട്ടക്കുഴി മദ്രസാ, പെരുമന മുക്ക്-പീടികമുക്ക്, ഇലവുങ്കത്തറ-പുതുക്കാട്ടുതറ, വെമ്പ്ലകാവ് മുക്ക്-ചെട്ടുശ്ശേരി വഴി തട്ടാരത്തു ജംഗ്ഷൻ, തട്ടാരത്തു ജെഗ്ഷൻ-താനിക്കൽ മുക്ക്, പോട്ടക്കുഴി തൈക്കാവുമുതൽ വടക്കോട്ട്, കണ്ണങ്കര ജംഗ്ഷൻ-തട്ടാരത്തുജെഗ്ഷൻ, വഴപ്ലേത്ത്, പെല്ലിപ്പുറത്ത് ജംഗ്ഷൻ,

കൊച്ചുവടേക്കാട്ട് കിഴക്കുവശം-കളിയിലിൽ പടിഞ്ഞാറുവരെ, കാട്ടോളി ജംഗ്ഷൻ-നെടിയത്തു ജെഗ്ഷൻ വരെയുള്ള റോഡുകൾ

ഓടകൾ

പള്ളിക്കുടംമുക്ക്മുതൽ മറവനാൽ ജെഗ്ഷൻ വരെ, കോട്ടക്കുഴി തൈക്കാവ് ഭാഗത്തുള്ള റോഡ്, തങ്കേത്തിപ്പാടം, കളീക്കൽ പ്പാടം, എന്നിവിടങ്ങളിൽ

പ്രശ്നങ്ങൾ

1. പ്രദേശത്തെ പല പഞ്ചായത്തുറോഡുകളും ചില P.W.D. റോഡുകളും മഴക്കാലത്ത് ഉപയോഗയോഗ്യമല്ല.
2. ടാർറോഡുകളുടെ റിപ്പയർ യഥാസമയം നടത്തുന്നില്ല.
3. താലൂക്ക് ആശുപത്രിമുതൽ ലാലാജി ജഗ്ഷൻ വരെയുള്ള ഹൈവേയുടെ ഭാഗത്ത് ഗതാഗതകുരുക്കുണ്ടാകുന്നു.
4. റോഡുകളുടെ സൈഡുകൾ വർക്ഷോപ്പുകളായി ഉപയോഗിക്കുന്നു.
5. വഴിയോരവാണിഭം റോഡ് ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നു.

സാദ്ധ്യതകൾ

1. ആവശ്യമുള്ള സ്ഥലങ്ങളിൽ റോഡുകൾ ഉയർത്തുകയും ഓടകളും കലങ്ങുകളും നിർമ്മിക്കുകയും ചെയ്യണം.
2. റോഡുകൾ ടാർ ചെയ്യുമ്പോൾ ടാറിംഗിന്റെ ഇരുവശവും ഗ്രാവൽ ഇട്ട് ബലപ്പെടുത്തണം.
3. ഗ്രാമീണറോഡുകളുടെ നിർമ്മാണം അറ്റകുറ്റപ്പണികൾ എന്നിവ ബഹുജന സഹകരണത്തോടുകൂടി നടപ്പാക്കുക.
4. ഇനിയുള്ള റോഡുനിർമ്മാണം. ശാസ്ത്രീയമായും മുൻഗണനാക്രമത്തിലും ബഹുജനപങ്കാളിത്തത്തോടും കൂടി നടത്തണം.
5. പുള്ളിമാൻ ജംഗ്ഷൻ മുതൽ ലാലാജി ജംഗ്ഷൻ വരെയുള്ള നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലും ഫുട്പാത്തുകൾ നിർമ്മിക്കുക.
6. ഹൈസ്ക്കൂൾ ജംഗ്ഷൻ, സിവിൽ സ്റ്റേഷന്റെ മുൻവശം ഗ.ട.ഞ.ഠ.ഇ. ബസ് സ്റ്റാൻഡിന്റെ തെക്കുപടിഞ്ഞാറെ ഭാഗം ലാലാജി ജംഗ്ഷൻ എന്നിവിടങ്ങളിൽ ട്രാഫിക്ക് സംവിധാനം ഉണ്ടാക്കുക.
7. എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഉണ്ടാക്കുക.
8. പ്രധാന ബസ് സ്റ്റോപ്പുകളിലെല്ലാം വെയിറ്റിംഗ് ഷെഡുകൾ കെട്ടുക. ഇതിന് സാദ്ധ്യമാവുകയാണെങ്കിൽ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കണം.
9. വർക്ക് ഷോപ്പുകൾക്ക് അംഗീകാരം കൊടുക്കുമ്പോൾ വ്യക്തമായ മാനദണ്ഡം വെയ്ക്കുക.
10. പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ അടിയന്തര പ്രാധാന്യത്തോടുകൂടി നടപ്പാതകൾ ഉണ്ടാകേണ്ടതുണ്ട്. (സ്ഥലം പട്ടികയിൽ ചേർത്തിട്ടുണ്ട്.)
11. വഴിയോരത്ത് വാണിഭം മൂലമുള്ള ഗതാഗത തടസം ഒഴിവാക്കാൻ സഹായകരമായരീതിയിൽ ബങ്കുകൾ വിതരണം ചെയ്ത് സൗകര്യപ്രദമായ ഇടങ്ങളിൽ സ്ഥാപിക്കാൻ നടപടിയുണ്ടാകണം.

മാർക്കറ്റ്

പഞ്ചായത്തിന്റെ ആംഗീകാരത്തോടുകൂടിയ മൂന്ന് ചന്തകൾ ഈ പ്രദേശത്തുണ്ട്. ശ്രീരാമവർമ്മപുരം, എസ്. വി. മാർക്കറ്റ്, ആലുംകടവ് എന്നിവയാണത്. ഇതിൽ ശ്രീരാമവർമ്മപുരം ചന്തയിൽ ആഴ്ചയിൽ രണ്ട് ആഴ്ചചന്തകൾ നടക്കുന്നുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്തുള്ള ഈ ചന്തയിൽ മുൻകാലങ്ങളിൽ തൊട്ടടുത്ത കുന്നത്തൂർ താലൂക്കിലും സമീപപ്രദേശങ്ങളിലും ഉല്പാദിപ്പിച്ചിരുന്ന എല്ലാ കാർഷിക വിഭവങ്ങളും വിറ്റഴിച്ചുവന്നിരുന്നു. സമീപസ്ഥലങ്ങളിൽ ഏറ്റവും കൂടുതൽ കരുപ്പെട്ടി വിറ്റിരുന്നത് ഈ ചന്തയിൽ ആയിരുന്നു. എന്നാൽ ഈ ചന്ത ഇപ്പോൾ തീരെ ശോഷിച്ചിരിക്കുകയാണ്. വഴിയോരകച്ചവടവും ഗ്രാമപ്രദേശങ്ങളിൽ കച്ചവടസ്ഥാപനങ്ങളും വ്യാപിച്ചത് ചന്തകളുടെ ശോഷിപ്പിന് കാരണമാകുന്നു. കയർ വ്യവസായത്തിന്റെ മാന്ദ്യം ആലുംകടവിലും കോഴിക്കോട്ടും ഉള്ള ചന്തകളുടെ പ്രവർത്തനത്തിന് പ്രതികൂലമായി ബാധിച്ചു. ഇപ്പോൾ ഈ ചന്തകളിൽ നാമമാത്രമായ വ്യാപാരമേ നടക്കുന്നുള്ളു.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ തെരുവോരങ്ങളിൽ യാതൊരു നിയന്ത്രണനുമില്ലാതെ മത്സ്യ-മാംസ വിപണനവും പച്ചക്കറി ചന്തകളും നടക്കുന്നുണ്ട്. ഗതാഗതതടസ്സവും പരിസരമലിനീകരണവും ഉണ്ടാകുന്ന ഇത്തരം കേന്ദ്രങ്ങളെ നിയന്ത്രിക്കണം. സൗകര്യപ്രദമായ ഇടങ്ങളിൽ മത്സ്യ-മാംസമാർക്കറ്റുകളും അന്തിചന്തകളും തുടങ്ങി പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കാൻ കഴിയണം. താലൂക്ക് കേന്ദ്രം എന്ന നിലയിൽ പ്രവർത്തിക്കുന്ന ഒരു മാവേലിസ്റ്റോർ മാത്രമാണ് പഞ്ചായത്തിലുള്ളത്. എല്ലാ വാർഡിലെയും ജനങ്ങൾക്ക് മരുന്നുൾപ്പടെയുള്ള നിത്യോപയോഗസാധനങ്ങൾ നിയന്ത്രിത വിലയ്ക്കു ലഭ്യമാകും വിധം, കഴിയുമെങ്കിൽ ഒരു വാർഡിൽ ഒന്നു വീതം എന്ന രീതിയിൽ മാവേലിസ്റ്റോറുകൾ ആരംഭിയ്ക്കണം. പച്ചക്കറി നിയന്ത്രിത വിലയ്ക്ക് ഉത്സവക്കാലത്ത് മാത്രം ലഭ്യമാക്കുന്ന രീതിക്ക് പകരം എല്ലാക്കാലത്തേക്കുമായി ആരംഭിക്കണം പഞ്ചായത്ത് പ്രദേശത്ത് ഉല്പാദിപ്പിക്കപ്പെടുന്ന കാർഷക-വ്യവസായിക ഉല്പന്നങ്ങൾ മാന്യമായ വിലയ്ക്ക് സംഭരിക്കുന്നതിനും നിയന്ത്രിത വിലയ്ക്ക് വിറ്റഴിക്കുന്നതിനുമുള്ള സംഭരണ-വിതരണ കേന്ദ്രങ്ങൾ ചന്തകൾ കേന്ദ്രീകരിച്ച് ആരംഭിക്കണം.

സാമൂഹ്യക്ഷേമം- പാർപ്പിടം

ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുക എന്ന ലക്ഷ്യമാണ് സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾക്കുള്ളത്. അതിനാവശ്യമായ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തിയേ മതിയാകൂ. ആഹാരം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, എന്നിവയുടെ ലഭ്യത ക്ഷേമപ്രവർത്തനങ്ങളിലൂടെ മെച്ചപ്പെടുത്തണം.

കയർ, കശുവണ്ടി, കൈത്തറി, മത്സ്യബന്ധനം, തീപ്പെട്ടി നിർമ്മാണം, തുടങ്ങിയ മേഖലകളിൽ, പണിയെടുക്കുന്ന നിരവധി തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. അവരുടെ ജീവിത നിലവാരത്തെ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങൾ അപര്യാപ്തമാണ്.

കുട്ടികൾക്കും അമ്മമാർക്കും, വൃദ്ധജനങ്ങൾക്കും വികലാംഗങ്ങൾക്കും വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾക്കു മുൻഗണന നൽകണം.

നിലവിൽ നിരവധി ദാരിദ്ര്യനിർമാർജ്ജന പരിപാടികളുണ്ട്. അവയൊക്കെ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തുന്നുണ്ടോ എന്നു പരിശോധിക്കണം. പെൻഷനുകളുൾപ്പടെയുള്ള സഹായധനങ്ങളിലും വിവേചനപരമായ സമീപനം നിലനില്ക്കുന്നു. അർഹരായവർക്കുലെഭിക്കാതെയും അനർഹർനനുഭവിക്കുകയും ചെയ്യുന്ന വൈരുദ്ധ്യം നിലനില്ക്കുന്നു.

മഹിളാസമാജങ്ങളുടെ പ്രവർത്തനവും ക്ഷേമപ്രവർത്തനങ്ങളെ ലാക്കാക്കിയുള്ളതാണ്. യഥാർത്ഥഗുണഭോക്താക്കളെ കണ്ടുപിടിക്കാനും അവരെ സഹായിക്കാനും മഹിളാസംഘടനകൾ കുറേക്കൂടി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. 60 വയസ്സിനുമുകളിലുള്ളവർക്കു സൗജന്യവൈദ്യസഹായം ലഭ്യമാക്കുക. അവരുടെ ആരോഗ്യപ്രവർത്തനങ്ങളെ ശ്രദ്ധിക്കുക എന്നതു ഒരു സാമൂഹ്യബാധ്യതയായി കരുതുന്നില്ല
2. അറിവും അനുഭവവും വേണ്ടത്രയുള്ള മുതിർന്നവർക്കു അർഹമായ പരിഗണനനൽകി അവരുടെ കഴിവുകൾ സമൂഹത്തിന്റെ സമ്പത്താക്കി മാറ്റണം.
3. വൃദ്ധജനങ്ങൾക്കു ഇന്നു പൊതുവായ വിശ്രമകേന്ദ്രങ്ങൾ ഇല്ല.
4. നാടൻകലകൾ നാടൻശീലുകൾ, പഴഞ്ചൊല്ലുകൾ തുടങ്ങിയവയുടെ പരിഭോഷണത്തിനു വൃദ്ധജനങ്ങളെ ഉപയോഗിക്കുന്നില്ല
5. സാമൂഹ്യക്ഷേമപദ്ധതികളെക്കുറിച്ചുള്ള വിവരം സാധാരണ ജനങ്ങൾക്ക് യഥാസമയം വേണ്ടവിധം ലഭിക്കാതിരിക്കുന്നു. യുവാക്കളുടെ ക്ഷേമ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു ഘടകമാണ്. അവരുടെ വൈവാഹിക ജീവിതം. വിവാഹത്തിനുമുമ്പ് അവരുടെ രക്തഗ്രൂപ്പ് നിർണ്ണയം നടത്തുന്നില്ല.

   കയർ, കശുവണ്ടി, കൈത്തറി, മത്സ്യബന്ധനം തീപ്പെട്ടി നിർമ്മാണം തുടങ്ങിയ വേലകളിൽ പണിയെടുക്കുന്നവർക്കു ഇന്നും തൊഴിൽസ്ഥിരത ഉറപ്പുവരുത്തിയിട്ടില്ല. പെൻഷൻഉൾപ്പെടുയുള്ള ക്ഷേമപ്രവർത്തനങ്ങൾ അപര്യാപ്തമാണ്.
7. ക്ഷേമാനുകൂല്യങ്ങൾ കൃത്യസമയത്തു ലഭ്യമാകുന്നില്ല.

സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ഒരു വൃദ്ധസദനം എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടി ആരംഭിക്കണം.
2. കലാരംഗത്തെ പ്രവർത്തനങ്ങൾക്ക് അവരുടെ ഉപദേശം തേടണം.
3. വിവാഹിതരാകുന്ന യുവതീയുവാക്കളുടെ രക്തഗ്രൂപ്പ്നിർണ്ണയം നിർബന്ധമാക്കണം.
4. പെൻഷൻ പദ്ധതികളുടെ അപാകതകൾ പരിഹരിക്കണം.
5. 60 വയസ്സ് കഴിയുന്ന എല്ലാവിഭാഗം ജനങ്ങൾക്കും ഏതെങ്കിലും ഒരു പെൻഷൻ ആനുകൂല്യം ഉറപ്പാക്കണം.
6. ഇന്നുനൽകുന്ന പെൻഷൻ തുകകൾ കാലികമായി വർദ്ധിപ്പിച്ച് നൽകണം.
7. പെൻഷൻആനുകൂല്യങ്ങൾ എല്ലാമാസവും കൃത്യമായി ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുവാനുള്ള നടപടി സ്വീകരിക്കണം.
8. കായിക-മാനസികവികസനത്തിനാവശ്യമായ സ്പോർട്ട്സ് പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സ്റ്റേഡിയം ഉണ്ടാക്കുകയും അവിടേക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
9. LIC പോലുള്ള ധനകാര്യ സേവന സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമപദ്ധതികളെ കുറിച്ചുള്ള അറിവ് എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കുംവിധം വേണ്ടത്രപ്രചരണം കൊടുക്കാൻ പഞ്ചായത്തുകൾ മുൻകയ്യെടുക്കണം.
10. പണിപൂർത്തിയായിക്കൊണ്ടിരിക്കുന്ന പൊതു ശ്മശാനം എത്രയും വേഗം പൂർത്തിയാക്കി ഉപയോഗിച്ചുതുടങ്ങണം.
11. സർക്കാർ സഹായത്താൽ ഭവനം ലഭിച്ച ദരിദ്രവിഭാഗത്തിന്റെ വീടുകൾ അറ്റകുറ്റപണി ചെയ്യിക്കാൻ സർക്കാർ ധനസഹായം നൽകണം.
12. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ജനവിഭാഗത്തിനും വസ്തുവും വീടും നൽകാൻ നടപടിയുണ്ടാകണം.

പാർപ്പിടം

അരനൂറ്റാണ്ടിന് മുമ്പ് വരെ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളും ചെറ്റക്കുടിലുകളായിരുന്നു. തറകെട്ടാത്ത ഓലപ്പുരകളും, കളിമണ്ണും പുഴിയും കലർത്തിനിർമ്മിക്കുന്ന ഫൗണ്ടേഷന്റെ പുറത്ത് ഉണ്ടാക്കിയ ഓലപുരകളും ഉണ്ടായിരുന്നു. വെട്ടുകല്ലുകൾകൊണ്ട് ഫൗണ്ടേഷൻ നിർമ്മിച്ച് അതിന്മേൽ വാസ്തുശില്പചാതുരിയോടുകൂടിയ നിരപുരകളും ഉണ്ടായിരുന്നു.

സ്വാതന്ത്ര്യാനന്തരകാലത്ത് ഭവനനിർമ്മാണ ശൈലിക്ക് മാറ്റം വന്നു. മണൽ ചുവരുകളുടെ സ്ഥാനത്ത് വെട്ടുകല്ലും കുമ്മായവും ഉപയോഗിച്ചുള്ള ഭിത്തികൾ ഉയർന്ന് വന്നു. അതിൻമേൽ ഓലയ്ക്ക് പകരം ഓട് മേഞ്ഞ മേൽകൂരയായി. 1950 നും 60 നും ഇടയ്ക്കുള്ള ഘട്ടത്തിൽ കോൺക്രീറ്റ്മന്ദിരങ്ങളുടെ ആവിർഭാവമായി. ഭൂപരിഷ്കരണനിയമം പ്രാബല്ല്യത്തിൽ വന്നതിന്റെ ഫലമായി സ്വന്തമായി ഭൂമിയും അതിലൊരുവീടും എന്ന സങ്കല്പം യാഥാർത്ഥ്യമായി. വീടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു. ഇവയധികവും ചെറ്റപ്പുരകൾ തന്നെയായിരുന്നു. അനന്തരഘട്ടത്തിൽ ദുർബലവിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി പ്രകാരം സർക്കാരിന്റേയും ധനകാര്യസ്ഥാപനങ്ങളുടേയും സഹായം സ്വീകരിച്ച് മെച്ചപ്പെട്ട നിരവധി വീടുകൾ ഉണ്ടായി.

പഞ്ചായത്തിലെ ഏകദേശം 13500 വീടുകളിൽ ഏതാണ്ട് 8500 എണ്ണവും നികുതി നൽകുന്ന ഓടുമേഞ്ഞതോ, കോൺക്രീറ്റ് മേൽകൂരയുള്ളതോആണ്. ഇപ്പോൾ പഞ്ചായത്തിൽ നിരവധി കോൺക്രീറ്റ് മന്ദിരങ്ങൾ ഉയരുന്നുണ്ട്. ഇവ വമ്പിച്ച പണച്ചിലവ് ഉള്ളതാണ്.

ഇതേസമയം കയറികിടക്കാൻ മാന്യമായ ഒരിടം പോയിട്ട് ഓലപ്പുരപോലും ഇല്ലാത്തവർ ഈ പഞ്ചായത്തിൽ ഏറെയുണ്ട്. ദുർബ്ബല വിഭാവങ്ങളുടെ ഭവനനിർമ്മാണത്തിന് അനവധി പദ്ധതികൾ നടപ്പാക്കിയെങ്കിലും ഈ വിഭാവങ്ങളുടെ 'വീടെന്ന സങ്കല്പം' സാക്ഷാത്കരിക്കാൻ ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു. ലക്ഷം വീട് കോളനികളും. ഹരിജൻ കോളനികളും ഉണ്ടായെങ്കിലും അവിടങ്ങളിലെ പരിമിതികൾ പരിഹരിക്കപ്പെടാതെ കിടക്കുന്നു. നിലവിലുള്ള കോളനികളുടെ നവീകരണം ആവശ്യപ്പെടുന്നതോടൊപ്പം 'ഇനിയൊരു കോളനിവൽക്കരണം വേണ്ടാ'യെന്നുള്ളതാണ് ഗ്രാമസഭകളിൽ ഉയർന്നുവന്ന അഭിപ്രായം. ഗ്രാമസഭകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പഞ്ചായത്തിലെ എല്ലാവാർഡുകളിലും സ്വന്തമായി ഭൂമിയില്ലാത്തവരുണ്ട്. നാമമാത്രമായി ഭൂമിയുള്ളവർക്കുതന്നെ സ്വന്തമായി വീട് വെയ്ക്കാൻ ശേഷിയില്ലാത്തവരും ഉണ്ട്. ഈ വിഭാഗത്തിൽ പെട്ടവർ ഏതാണ്ട് അറുനൂറോളും കുടുംബങ്ങൾ ഉണ്ട്. ആകെയാൽ ഇത് അടിയന്തിര പ്രാധാന്യത്തോടുകൂടി പരിഹരിക്കണം. ഭൂമിയും വീടും ഇല്ലാത്തവർക്ക് മുൺഗണനാക്രമത്തിൽ അത് ലഭ്യമാക്കാൻ നടപടിയുണ്ടാക്കണം.

പഞ്ചായത്തിലെ ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കെട്ടിട സാമഗ്രികളുടെ ലഭ്യത കുറവ്, ഉള്ളവയുടെ അമിതമായ വിലക്കയറ്റം, നിർമ്മാണ മേഖലയിലെ വിദഗദ്ധ തൊഴിലാളികളുടെ അഭാവം വർദ്ധിച്ച കൂലി നിരക്കുകൾ എന്നിവ സാധാരണക്കാരന്റെ വീട് എന്ന അഭിലാഷം സ്വപ്നമായിതന്നെ അവശേഷിപ്പിക്കുന്നു.

ഈ സ്ഥിതിവിശേഷം നിലനിൽക്കുമ്പോഴും ഗൾഫ് പണത്തിന്റെ സ്വാധീനം കെട്ടിടനിർമ്മാണരംഗത്ത് ഒരു കുതിച്ചുച്ചാട്ടം തന്നെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഈ വീടുകൾ ഏറെയും വമ്പിച്ച പണചെലവ് ഉള്ളവയാണ്. പണദുർവ്യയം ഒഴിവാക്കി ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ ശൈലിയ്ക്ക് പ്രചാരണം നൽകേണ്ടതായിട്ടുണ്ട്. ഭൂമിയ്ക്ക് ക്രമാതീതമായ വിലവർദ്ധനവ് സംഭവിച്ച ഒരു പഞ്ചായത്താണിത്.

J.R.Y.I.A.Y., രാജീവ് ദശലക്ഷപദ്ധതി, മൈത്രീഭവൻ നിർമ്മാണ പദ്ധതി എന്നിവ പഞ്ചായത്തിൽ നടക്കുന്നുണ്ട്. അവയുടെ ഫണ്ട് അലോട്ടുമെന്റുകൾ ലക്ഷ്യബോധത്തോടുകൂടിയല്ല നടക്കുന്നതെന്ന പരാതിയും ഉണ്ട്.

വീട്, വിശാലമുറ്റം, കൽകിണറ്, തൊഴുത്ത്, ജൈവവേലികൾ എന്നിവ ചേർന്നുള്ള നമ്മുടെ പൗരാണിക പാർപ്പിട സംസ്കാരം അന്യം നിന്നുകൊണ്ടിരിക്കുന്നു. എല്ലാവർക്കും വീട് എന്ന സങ്കൽപ്പം സാക്ഷാത്കരിക്കപ്പെടുന്നതിനുതകുന്ന ഒരു പുത്തൻ പാർപ്പിട സംസ്കാരം വളർത്തിയെടുക്കേണ്ട കാലമായി.

ഭവനങ്ങൾ – വാർഡുകളിലൂടെ

വാർഡ്	വോട്ടർമാർ	ആകെ കെട്ടിടങ്ങൾ	നികുതി അടയ്ക്കുന്നവ	നികുതി ഇല്ലാത്ത വീടുകൾ	വീടില്ലാത്ത കുടുംബങ്ങൾ (ഏകദേശം)
1	2308	1162	819	343	40
2	2649	1103	765	338	25
3	2810	1755	1349	406	45
4	2143	1165	798	367	55
5	1991	714	459	255	65
6	1423	734	397	337	40
7	1966	756	452	304	30
8	2094	862	468	394	30
9	2222	926	546	380	35
10	2334	1021	527	494	40
11	2290	853	463	390	25
12	1479	617	372	245	35
13	1565	639	358	281	25
14	1929	720	408	312	50
15	1045	410	260	150	20
ആകെ	30248	13467	8471	4996	560

(പഞ്ചായത്ത് രേഖകളിൽനിന്നും ഗ്രാമസഭകളിൽനിന്നും ലഭിച്ച വിവരങ്ങൾ)

പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്
2. വിദഗ്ദ്ധ നിർമ്മാണ തൊഴിലാളികളുടെ ലഭ്യതക്കുറവ്
3. ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും, ഇതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ്പ ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ
4. കോളനികളിലെ അസൗകര്യങ്ങൾ
5. നിലവിലുള്ള സ്കീമുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ടിന്റെ ലഭ്യതക്കുറവ്.
6. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ധ ഉപദേശങ്ങളുടെ അഭാവം.

സാധ്യതകൾ

1. ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഭവന നിർമ്മാണത്തിന് ആവശ്യമായ തുകയുടെ 75% ഒന്നിച്ച് ലോണായി അനുവദിക്കുക.
2. കെട്ടിടനിർമ്മാണ സാമഗ്രികൾ പഞ്ചായത്ത് തലത്തിൽ നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കുന്നതിന് ലൈസൻസിംഗ് ഏജൻസികളെ ചുമതലപ്പെടുത്തുക.
3. വിദഗ്ദ്ധ കെട്ടിട നിർമ്മാണ തൊഴിലാളികളെ ഉപയോഗപ്പെടുത്തി ഈ രംഗത്ത് താല്പര്യമുള്ള യുവാക്കളെ പരിശീലിപ്പിക്കുക. ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് നിർമ്മാണ പ്രവർത്തനം നടത്തുക.
4. കോളനികളുടെ അപര്യാപ്തത പരിഹരിക്കുക.
5. പഞ്ചായത്തിൽ ഭാവിയിൽ ഉണ്ടാകുന്ന ഭവനക്ഷേമ പരിപാടികൾക്ക് 'തിരുവനന്തപുരം ചെങ്കൽ ചുളച്ചേരി'യ്ക്ക് അവംലംബിച്ച നിർമ്മാണരീതി സ്വീകരിക്കണം. ഇത് സ്ഥലലഭ്യതയും നിർമ്മാണചെലവ് കുറയ്ക്കാൽ, ഗതാഗത സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ളപ്രശനം പരിഹരിക്കൽ, വൈദ്യുതി ലഭിക്കുന്നതിനുള്ള സൗകര്യം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരമാകും.
6. നിർമ്മാണ ചെലവ് കുറഞ്ഞ വീടുകൾക്ക് നികുതിയിളവ് അനുവദിക്കണം. അത്തരം വീടുകളുടെ നിർമ്മിതിക്കാവശ്യമായ ബോധവൽക്കരണം നടത്തണം.
7. വാസ്തുശില്പങ്ങോടുകൂടിയ നിരപുരകൾ പൊളിച്ചുമാറ്റുന്നത് നിരുത്സാഹപ്പെടുത്തണം. അവ സംരക്ഷിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം ഉണ്ടാവണം.
8. പഞ്ചായത്തിൽ ഭാവിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേകിച്ച് ലോണും മറ്റ് സഹായങ്ങളും തേടുന്നവർക്ക് ആവശ്യമായ എസ്റ്റിമേറ്റും പ്ലാനും മിതമായ ഫീസ് വാങ്ങി നൽകണം.
9. കെട്ടിട നിർമ്മാണത്തിന്റെ ദുർവ്യയം കുറയ്ക്കാനാവശ്യമായ നിയമങ്ങൾ ഏർപ്പെടുത്തണം.

സംസ്കാരം

ഉന്നതമായ സാംസ്കാരിക പാരമ്പര്യമുള്ള ഉറവിടങ്ങളിൽ ഒന്നാണ് നമ്മുടെ കൊച്ചുഗ്രാമമായ കരുനാഗപ്പള്ളി എന്ന് അവകാശപ്പെടാനർഹമായ നിരവധി ചരിത്രയാഥാർത്ഥ്യങ്ങൾ ഇവിടെയുറങ്ങുന്നതായി മുൻതലമുറ നമ്മെ പഠിപ്പിക്കുന്നു. കലാസാംസ്കാരിക സാമൂഹ്യരംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ചവർ പലപുതുമകൾക്കും ജന്മം നൽകിയവർ എല്ലാം ഇവിടെ ജനിച്ചുവളർന്നു പന്തലിച്ചിരിക്കുന്നു. ജാതിമേധാവിത്തവും ഉച്ചനീചത്വവും കൊടികുത്തിവാണിരുന്ന കാലത്ത് ജാതിശ്രേണിയാൽ പരിലസിച്ചിരുന്ന സി.എസ്സ്. സുബ്രഹ്മണ്യൻ പോറ്റിയേപ്പോലെയുള്ളമഹാരഥന്മാർ സമൂഹത്തിൽ താഴെകിടയിൽകിടന്നിരുന്നവരെ സമന്മാരായി കണ്ടിരുന്നു എന്നു മാത്രമല്ലഅത് പൊതുജനമധ്യത്തിൽ പ്രവർത്തിയിലൂടെ കാണിച്ചുകൊടുക്കുകയും ചെയ്തിരുന്നതായി ചരിത്രം പറയുന്നു.

കരുന്നാഗപ്പള്ളിയുടെ ഗതകാല സാംസ്കാരികചരിത്രത്തെക്കുറിച്ച് പറഞ്ഞുതുടങ്ങുമ്പോൾ ലാലാജി വായനശാലയിൽ നിന്നല്ലാതെ മറ്റെവിടെനിന്നാണ് തുടങ്ങാൻ കഴിയുക. 1929 ഒക്ടോബർ മാസം 26-ാം തീയതി പിണറും മൂട്ടിൽ ശ്രീ.കുഞ്ചുപിള്ള പ്രസിഡന്റും അഴകത്ത് ശ്രീ. എൻ ബാലകൃഷ്ണനുണ്ണിത്താൻ സെക്രട്ടറിയുമായി ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ തേജോഗോളമായിരുന്ന ലാലാലജപത്റായിയുടെ സ്മരണയെ നിലനിർത്തുക ലക്ഷ്യമാക്കി തയ്യിൽ ശ്രീ. നാരായണ പിള്ള സംഭാവനചെയ്ത സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചു ലാലാജിസ്മാരക ഗ്രന്ഥശാല ആന്റ് വായനശാല. 16311 പുസ്തകങ്ങൾ ഉള്ള കരുനാഗപ്പള്ളി താലൂക്കിലെ ഏറ്റവും വലിയ വായനശാലയായി ഇന്നത് തല ഉയർത്തിനിൽക്കുന്നു.

വിദ്യാഭ്യാസ വിചക്ഷണനും സാമൂഹ്യപരിഷ്ക്കർത്താവുമായിരുന്ന സി.എസ്. സുബ്രഹ്മണ്യൻ പോറ്റി, കഥകളി രംഗത്ത് പുതിയൊരദ്ധ്യായം രചിച്ച പന്നിശേരിൽ നാണുപിള്ള, മഹാകവി അഴകത്ത് ഇ.പത്മനാഭകുറുപ്പ്, സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ- കലാ-കായികരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച മഹാന്മാരായ മുഴങ്ങോട്ടുവിള കൃഷ്ണപിള്ള, എസ്. എൻ. കൃഷ്ണപിള്ള, ആക്കനാട്ടു നീലകണ്ഠപ്പിള്ള, കൊറ്റിനാട്ടു നാരായണപിള്ള, വിരുതറ കേശവൻ വൈദ്യൻ, ഡോക്ടർ വേലുക്കുട്ടി അരയൻ, കുഞ്ഞുപള്ളപ്പണിക്കർ, വി. എ. നാരായണപിള്ള, രാമചന്ദ്രദാസ്, സി. പി. അരുമനായകപ്പണിക്കർ, കൈരളീ ഭഗവദ്ഗീതയുടെ രചയിതാവായ ഇസഹാക്ക് സാഹിബ്, പ്രശസ്ത ഗുസ്തിക്കാരൻ വല്ലാടൻ മൈതീൻകുഞ്ഞ് തുടങ്ങി നിരവധി സർഗ്ഗപ്രതിഭകളെ സംഭാവന ചെയ്ത പുണ്യഭൂമിയാണ് നമ്മുടെ ഗ്രാമം

(ആ പാരമ്പര്യം അതുപോലെ നിലനിർത്തുവാൻ ഇന്നിലെ നമുക്ക് കഴിയുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തുവാനും ഈ അവസരം വിനിയോഗിക്കണം)

കഥകളിക്ക് പുതിയ മാനം നൽകിയ നമ്മുടെ നാട്ടിൽ നാടൻ കലകളായ പുലിവേഷം, കാക്കാരിശ്ശി നാടകം, വില്പാട്ട്, കോലടികളി, തിരുവാതിരക്കളി, പടയണി, ശാസ്താംപാട്ട് തുടങ്ങിയവയെല്ലാം സർവസാധാരണമായിരുന്നു. ശാസ്ത്രീയസംഗീതജ്ഞരായിരുന്ന ചെല്ലപ്പൻ ഭാഗവതർ, കണ്ണമംഗലം ശിവരാമഭാഗവതർ, ശിവറാം ഭാഗവതർ, ഫ്ലൂട്ട് വിദഗ്ദ്ധൻ സേതു മാസ്റ്റർ, നാദസ്വരവിദ്വാൻ പുല്ലന്തറ പി. കെ. ഷൺമുഖൻ ഭാഗവതർ തുടങ്ങിയവരെല്ലാം അവരവരുടേതായ സംഭാവനകൾ നമ്മുടെ സമൂഹത്തിന് നല്കി. ചിത്രരചനാരംഗത്ത് പ്രതിഭകളായിരുന്ന അച്യുതൻ പിള്ളയും ഉപേന്ദ്രനാഥും അവരുടേതായ സംഭാവനകൾ നല്കിയിട്ടുണ്ട്. നാടകസമിതികൾ, നൃത്തസംഘങ്ങൾ തുടങ്ങി സമസ്തമേഖലയിലും നമ്മുടെ നാടിന്റേതായ സംഭാവനകൾ സാംസ്കാരിക കേരളത്തിന് നൽകാൻ നമ്മുടെ പൂർവീകർക്കു കഴിഞ്ഞിട്ടുണ്ട്. ജാതിമതഭേദമെന്യേ സമസ്തജനവിഭാഗങ്ങളും ഒത്തൊരുമിച്ച്

എല്ലാ മതവിഭാഗങ്ങളുടെയും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടുള്ള ഉത്സവാഘോഷങ്ങൾ ആചരിക്കുന്നു എന്നത് മതസൗഹാർദ്ദത്തിൽ നാം എന്നും മുമ്പിലാണെന്ന് വിളിച്ചറിയിക്കുന്ന വസ്തുതകളാണ്. ഇന്നും അത് തുടരുന്നതിൽ നമുക്ക് അഭിമാനിക്കാം. കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ട് കലയെ അനുഭവിച്ച് ആസ്വദിക്കുന്ന അടിസ്ഥാനവർഗ്ഗത്തിന്റെ ശൈലി മാറിയിരിക്കുന്നു. സർഗ്ഗാത്മകപ്രവർത്തനങ്ങൾ ചിലർക്കു മാത്രം കഴിയുന്ന ഒന്നായി മാറി.

ദേശീയപ്രക്ഷോഭം

സ്വാതന്ത്ര്യസമരപ്രക്ഷോഭത്തെ അടിച്ചമർത്താൻ പോലീസ് നടത്തിയ കിരാതവേട്ടയ്ക്കെതിരേ കൊല്ലവർഷം 1114-ൽ ജനങ്ങൾ സംഘടിച്ച് നടത്തിയ പോലീസ് സ്റ്റേഷൻ ആക്രമണം എടുത്തു പറയത്തക്ക സംഘടിതപ്രക്ഷോഭമായിരുന്നു. ഈ സംഭവം യുവാക്കളെ സ്റ്റേറ്റ് കോൺഗ്രസ്സിലേക്ക് ആകർഷിക്കുകയും പ്രക്ഷോഭം ജനകീയമാവാൻ സഹായിക്കുകയും ചെയ്തു. ഇതല്ലാതെ ദേശീയപ്രക്ഷോഭത്തിൽ എടുത്തു പറയാവുന്ന വലിയ സംഭവങ്ങൾ ഒന്നും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. എങ്കിലും കേരളത്തിലെ അറിയപ്പെടുന്ന ദേശീയപ്രക്ഷോഭകാരികളായ നിരവധി നേതാക്കളെ അധികാരികളുടെ ആക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിൽ നമ്മുടെ ഗ്രാമം വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്.

രാഷ്ട്രീയ പ്രസ്ഥാനം

സംഘടിത തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ ആദ്യകാലരംഗമായിരുന്ന നാവികതൊഴിലാളിയൂണിയൻ കേന്ദ്രീകരിച്ചിരുന്ന പ്രദേശമായിരുന്നു നമ്മുടെ ഗ്രാമം. അതുമായി ബന്ധപ്പെട്ട് പല ചരിത്രസംഭവങ്ങൾക്കും തുറയിൽക്കുന്നു പോലുള്ള പ്രദേശം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഈ സംഭവങ്ങൾ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ശക്തി പ്രാപിക്കാനുള്ള ഭൗതികസാഹചര്യം ഒരുക്കി.

ഗ്രന്ഥശാലാപ്രസ്ഥാനം

ലാലാജിയെ കൂടാതെ കലാവിലാസിനി, ബോധോദയം, പന്നിശ്ശേരി നാണുപിള്ള മെമ്മോറിയൽ, പുള്ളിമാൻ ലൈബ്രറി എന്നിവയാണ് എടുത്തു പറയാവുന്ന ഗ്രന്ഥശാലകൾ. അതു കൂടാതെ പഞ്ചായത്തിലെ നാലു ഹൈസ്കൂളുകളിലും വമ്പിച്ച ഗ്രന്ഥശേഖരമുള്ള ലൈബ്രറികൾ ഉണ്ട്. അതിൽ എടുത്തു പറയാവുന്നതാണ് ബോയ്സ് ഹൈസ്കൂളിലെ ലൈബ്രറി. ജയശ്രീ ഗ്രന്ഥശാല ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ഗ്രന്ഥശാലകളുടെ പ്രവർത്തനം പൊതുവേ മെച്ചമാണ്. ലാലാജി വായനശാലയുടെ അംഗത്വ വിതരണം കൂടുതൽ വിപുലമാക്കണമെന്നും പ്രവർത്തനം കൂടുതൽ ജനാധിപത്യപരമാക്കണമെന്നും പൊതുവിൽ അഭിപ്രായമുണ്ട്. സഞ്ചരിക്കുന്ന വായനശാലകൾ സാർവത്രികമാക്കേണ്ടത് വനിതകളിൽ വായനാശീലം വളർത്താൻ സഹായകമായിരിക്കും. ഗ്രന്ഥശാലകളിൽ നല്ല രീതിയിലുള്ള പുസ്തകശേഖരമുണ്ടെങ്കിലും വായനാശീലം പൊതുവേ കുറവാണ്,പ്രത്യേകിച്ച് സ്ത്രീകളുടെ ഇടയിൽ. കേരളത്തിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന മിക്കവാറും എല്ലാ ദിനപത്രങ്ങളും വാരികകളും മാസികകളും നമ്മുടെ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. ലാലാജി വായനശാല കേന്ദ്രീകരിച്ച് ഒരു കയ്യെഴുത്തു മാസിക പ്രചാരത്തിലുണ്ട്.

ക്ളബ്ബുകൾ

ഏകദേശം ഇരുപതോളം റിക്രിയേഷൻ ക്ലബ്ബുകൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. അതൽ 7-ാം വാർഡിലെ ഗുരുദേവ സാംസ്കാരിക സമിതിക്കും 9-ാം വാർഡിലെ ശ്രീ നാരായണ ഗുരു സാംസ്കാരിക സമിതിക്കും 14-ാം വാർഡിലെ ടാഗോർ സ്പോർട്സ് & ആർട്സ് ക്ളബ്ബിനും സ്വന്തമായ കെട്ടിടങ്ങൾ ഉണ്ടെങ്കിലും മറ്റ് ഭൗതികസാഹചര്യങ്ങൾ ഇല്ല. പഞ്ചായത്തിൽ ഒരു പ്രൊഫഷണൽ നാടകസമിതി പ്രവർത്തിക്കുന്നുണ്ട്. 9-ാം വാർഡിലെ ശ്രീ നാരായണഗുരു സാംസ്കാരിക സമിതിയുടെ ചുമതലയിൽ ഒരു നഴ്സറി സ്കൂളും ടി. വി. കേന്ദ്രവും ഉണ്ട്. കലാസമിതികൾ ഏറെയുണ്ടെങ്കിലും അവയിൽ സ്ത്രീപങ്കാളിത്തം തീരെ കുറവാണ്.

ലൈബ്രററികളും അവയുടെ വിലയിരുത്തലും

പേര്	പുസ്തകങ്ങളുടെ എണ്ണം	പുസ്തകങ്ങളുടെ ആകെ വില	സ്ഥലം	അംഗങ്ങളുടെ എണ്ണം	ആനുകാലിക പ്രസിദ്ധീകരണങ്ങൾ	രജിസ്റ്റർ നമ്പർ	ആരംഭിച്ച വർഷം
ലാലജി ഗ്രന്ഥശാല കരുനാഗപ്പള്ളി	16311	96040	സംഭാവന ലഭിച്ചത്		ധാരാളം	നമ്പർ 9	26-10-1929
ബോധോധയം ലൈബ്രററി, ആലുംകടവ്	7550	59132.2	പുറം പോക്ക് പതിച്ച് കിട്ടിയത്	2182	പത്രം 5 വാരിക 8 മാസിക 6	നമ്പർ 1540	1953 ജൂൺ 25
കലാവിലാസിനി കോഴിക്കോട്	7000		സംഭാവനയായി കിട്ടിയത്	400			1952
പന്നിശ്ശേരിൽ ഗ്രന്ഥശാല മരുതൂർകുളങ്ങര	5306	36811.6		343	പത്രം 4 ആഴ്ച പതിപ്പ് 7	നമ്പർ 4297	10 വർഷം മുൻപ്
പുള്ളിമാൻ ലൈബ്രററി പുള്ളിമാൻ ജംഗ്ഷൻ	5000	70000	പുറം പോക്ക് ഭൂമി	300	പത്രം 5		1967

അവലംബം:- ഗ്രന്ഥശാലകളിൽനിന്നും കിട്ടിയ വിവരങ്ങൾ

ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ഇരുപതു ശതമാനം വീടുകളിലെങ്കിലും ടി. വി. സെറ്റുകളുണ്ട്. ടൗൺ കേന്ദ്രീകരിച്ചുള്ള വാർഡുകളിൽ കേബിൾ ടി. വി., നെറ്റവർക്കുകൾ ഉണ്ട്. നാലു സിനിമാ തിയേറ്ററുകളും പ്രവർത്തിക്കുന്നുണ്ട്.

കായികരംഗം

നമ്മുടെ പഞ്ചായത്തിൽ കായികപ്രതിഭകൾ ധാരാളമുണ്ട്. എന്നാൽ അവർക്ക് ഉപയുക്തമായ വേദികളും ഭൗതികസാഹചര്യങ്ങളും ഇല്ല. ബോയ്സ് ഹൈസ്കൂൾ ഒഴികെ മറ്റൊരു സ്കൂളിനും കളിക്കളങ്ങൾ ഇല്ല. ബോയ്സ് ഹൈസ്കൂളിലെ കളിസ്ഥലവും ഉപയോഗപ്രദമല്ല. കളരികൾ ഇല്ലതന്നെ. ജിംനേഷ്യവും കരാട്ടേ പരിശീലന കേന്ദ്രവും ഉണ്ട്. കളിക്കളങ്ങളുടെ അപര്യാപ്തത കാരണം ഗ്രാമോത്സവങ്ങൾ പോലും ഫലപ്രദമായി നടത്താൻ കഴിയുന്നില്ല.

പ്രശ്നങ്ങൾ

1. പുസ്തകപ്രസിദ്ധീകരണങ്ങളുടെ അമിതമായ വിലയ്ക്ക് അനുസൃതമായി ഫണ്ടിന്റെ അപര്യാപ്തത ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ ബാധിച്ചിരിക്കുന്നു.
2. വായനാശീലം പൊതുവിലും ഗൗരവപൂർപമായ രീതിയിൽപ്രത്യേകിച്ചും പിന്നോക്കാവസ്ഥയിലേക്ക് നീങ്ങുന്നുണ്ട്
3. വായനാശീലത്തിലും ചിന്താശീലത്തിലും സാമൂഹ്യപ്രവർത്തനത്തിലും ഇലക്ട്രോണിക് മാധ്യമങ്ങൾ വളരെയധികം വിഘാതം സൃഷ്ടിക്കുന്നു.

4. ലഹരിപദാർത്ഥങ്ങളുടെ അതിപ്രസരം പഞ്ചായത്തിൽ വ്യാപകമായി സ്വൈര ജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്നു.

5. ശക്തമായ ഇടപെടല്കളിലൂടെ ഒഴിവാക്കപ്പെട്ടിരുന്ന പല സാമൂഹ്യ അനാചാരങ്ങളും സൽക്കർമ്മങ്ങളുടെ മുഖം മൂടിയണിഞ്ഞുകൊണ്ട് സമൂഹത്തിൽ ദുഷ്കർമ്മങ്ങൾക്കായി വീണ്ടും പ്രത്യക്ഷപ്പെടുന്നു.

6. പാശ്ചാത്യ മൂതലാളിത്ത സംസ്ക്കാരത്തിന്റെ അനുകരണങ്ങൾ നാട്ടിൽ വ്യാപക മാകാനിടയാകുന്നുണ്ട്.

7. ശാരീരിക വികാസത്തിനും മാനസിക ഉല്ലാസത്തിനും ആവശ്യമായ കായികവിനോദങ്ങൾക്കുള്ള സൗകര്യങ്ങളുടെ അപര്യാപ്തത ഏറെയുണ്ട്.

8. സാമൂഹ്യ അനാചാരങ്ങളുടെ ആധിക്യം കലാസംസ്കാരിക സമതികളുടെ പ്രവർത്തനങ്ങളിലും പ്രതിസന്ധി സൃഷ്ടിക്കുന്നു.

പരിഹാര നിർദേശങ്ങൾ

1. ഗ്രന്ഥശാലകളുടെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കണം. ആധുനികസൗകര്യങ്ങൾ ഏർപ്പെടുത്തണം.

2. കലാകായികരംഗത്തെ പ്രതിഭകളുടെ പ്രോത്സാഹനത്തിന് ഗ്രാമോത്സവങ്ങൾ വിപുലമായി സംഘടിപ്പിക്കണം.

3. കായികവികാസത്തിനാവശ്യമായ കളിസ്ഥലങ്ങളും കായിക ഉപകരണങ്ങളും കായികവിനോദകേന്ദ്രങ്ങളായ കളരികൾ ജിംനേഷ്യങ്ങൾ മറ്റ് സാംസ്ക്കാരിക കേന്ദ്രങ്ങൾ എന്നിവയും ആവശ്യത്തിന് ലഭ്യമാക്കണം.

4. ഓണാഘോഷം, വാർഷികം എന്നിവപോലുള്ള ചടങ്ങുകൾക്ക് പകരം കലാസമിതികളുടെ പ്രവർത്തനം ഗ്രാമോത്സവങ്ങളായി നടത്താവുന്നവിധം ക്രമപ്പെടുത്തി സംഘടിപ്പിക്കണം.

5. സാമൂഹ്യപ്രവർത്തനത്വരതയുണ്ടാക്കുന്നതും കാർഷിക തൊഴിൽ കാര്യങ്ങളിൽ താല്പര്യം ജനിപ്പിക്കാനുതകുന്നതും ആരോഗ്യം, പരിസരശുചീകരണം, സേവനകാര്യങ്ങൾ എന്നിവയിൽ പരിശീലനം നൽകുന്നതിനുതകുന്ന വിധം ഉള്ള വീഡിയോ ക്ലബ്ബുകൾ സാംസ്കാരിക കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കുക.

6. നാടൻ കലകളേയും ശാസ്ത്രീയ കലകളേയും പ്രോത്സാഹിപ്പിക്കാനും വളർത്തുവാനും ഉതകും വിധം കഥകളി, നൃത്തം, സംഗീതം, വാദ്ധ്യോപകരണം, നാടൻകലകൾ ഇവ പരിശീലിപ്പിക്കുന്നതിന് പരിശീലനകേന്ദ്രങ്ങൾ സാംസ്കാരിക കേന്ദ്രത്തിനോടൊപ്പം തുടങ്ങണം. ഇത് നമ്മുടെ സാസ്ക്കാരിക പൈതൃകത്തെ നിലനിർത്തുന്നതിനും വളർത്തുന്നതിനും അത്യന്താപേക്ഷിതമാണ്.

7. വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്ന അശ്ലീല സിനിമാപോസ്റ്ററുകളുടെ പ്രചാരണം നിരോധിക്കാൻ നടപടികൾ ഉണ്ടാക്കണം.

8. അശ്ലീലസിനിമകൾ നമ്മുടെ പ്രദേശത്തെ സിനിമാശാലകളിൽ പ്രദർശിപ്പിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധവേണം. അത്തരം സിനിമകൾ നിരോധിക്കണം.

വനിത

ജനസംഖ്യയുടെ പകുതിയിൽ കൂടുതൽ വരുന്ന സ്ത്രീകൾ സാമൂഹ്യ പരിവർത്തനത്തിന്റെ പാതയിലേക്ക് കടന്നുവരേണ്ട ഈ കാലഘട്ടത്തിലും നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിലേക്ക് ഇനിയും അവർ കടന്നുവരുന്നില്ല. സാമൂഹ്യമാറ്റത്തിന്റെ ക്രിയാത്മകമായ പങ്ക് വഹിക്കാൻ കഴിയാത്ത തരത്തിൽ സ്ത്രീകളെ മാറ്റി നിർത്തുന്ന ഘടകങ്ങൾ പലതാണ്. ജാതി മത വിശ്വാസങ്ങളും ആചാരാനുഷ്ടാനങ്ങളും പുരുഷമേധാവിത്വപരമായി ചിന്തിക്കുന്ന സാമൂഹ്യവ്യവസ്ഥയും എല്ലാം സ്ത്രീകളും മേൽ വിലക്കുകൾ കല്പിക്കുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് സംവരണത്തിലൂടെ കുറച്ചൊക്കെ സ്ത്രീകൾ പൊതുരംഗത്തേക്ക് കടന്നു വന്നിട്ടുണ്ട്. എങ്കിലും ഇന്നും സ്ത്രീകൾ കുടുംബപരമായും സാമൂഹ്യപരമായും വളരെയധികം വിഷമങ്ങൾ അനുഭവിക്കുന്നുണ്ട്. വ്യക്തിപരമായ സാമ്പത്തിക ഭദ്രതയിലൂടെയും കുടുംബഭദ്രതയിലൂടേയും ഉണ്ടാവുന്ന മാറ്റങ്ങളിലൂടെ സ്ത്രീകളുടെ പദവി വർദ്ധിപ്പിക്കാനും അവർക്ക് പൊതുപ്രവർത്തനരംഗത്തേക്ക് കടന്നുവരാനും സാധിക്കും.

1991 ലെ സെൻസസ്പ്രകാരം പഞ്ചായത്തിലെ ആകെ സ്ത്രീകൾ 20943 ആണ്. പുരുഷൻമാരുടെ എണ്ണത്തേക്കാൾ 443 പേർ അധികം. ചരിത്രം പരിശോധിക്കുമ്പോൾ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിച്ച സ്ത്രീകൾ നമ്മുടെ പഞ്ചായത്തിൽ ചുരുക്കമാണെന്നുകാണാം. സ്വാതന്ത്ര്യസമരകാലത്ത് നടന്ന പ്രക്ഷോഭങ്ങളിൽ സ്ത്രീകൾ ഭാഗികമായെങ്കിലും പങ്കാളികളായിട്ടുണ്ട്. കേരളപ്പിറവിയോടുകൂടി സംസ്ഥാനത്തുടനീളം രൂപംകൊണ്ട മഹിളാ പ്രസ്ഥാനങ്ങളുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും മഹിളാസമാജങ്ങളും വനിതാസംഘടനകളും രൂപം കൊണ്ടു. ഇന്ന് വിവിധ രാഷ്ട്രീയ പാർട്ടികളിലും ബഹുജന സംഘടനകളിലും സ്ത്രീകൾ പ്രവർത്തിക്കുന്നു. വനിതാവിഭാഗവും ശക്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാമൂഹ്യരാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെ വനിതകൾക്ക് നേതൃപദവിയിലെത്താം എന്നതിന്റെ മകുടോദാഹരണമാണ് വനിതാ സംവരണ പഞ്ചായത്തല്ലാത്ത നമ്മുടെ പഞ്ചായത്തിൽ ഒരു വനിതാ പ്രസിഡന്റായിരിക്കുന്നത്.

സ്ത്രീകളുടെ വരുമാനത്തെ മുഖ്യമായി ആശ്രയിച്ച് പുലരുന്ന വീടുകൾ നമ്മുടെ പഞ്ചായത്തിൽ ഏറെയുണ്ട്. മഹിളാസമാജങ്ങളും സംഘടനകളും സ്ത്രീകളുടെ കൂട്ടായ്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ ഇല്ല. ഉള്ളവയിൽ പലതും പ്രവർത്തന ക്ഷമവുമല്ല. സമാജങ്ങളുടെ നേതൃത്വത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ നടക്കുന്നുണ്ട്. സ്ത്രീകൾ അധികവും കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ്. തുല്യവേതനനിയമം നിലവിലുണ്ടെങ്കിലും അസംഘടിത മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് പുരുഷന് ലഭിക്കുന്ന കൂലിയുടെ പകുതി മാത്രമെ ലഭിക്കുന്നുള്ളു. കാർഷികേതരമേഖലയിലും ഈ കൂലിവ്യത്യാസം നിലവിലുണ്ട്. കയർ, കശുവണ്ടി, നെയ്ത്ത്, തുടങ്ങിയവ പരമ്പരാഗത വ്യവസായങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീകൾ അധികമുണ്ട്. കൂലി കുറവ്, തൊഴിൽ സ്ഥിരതയില്ലായിമ ആരോഗ്യപ്രശനങ്ങൾ എന്നിവ ഈ രംഗത്തെ തൊഴിലാളി സ്ത്രീകളെ അലട്ടുന്നുണ്ട്. തീപ്പെട്ടിവ്യവസായം, ബ്രഷ്ട് നിർമ്മാണം, കാലിവളർത്തൽ, കോഴിവളർത്തൽ, തയ്യൽ ജോലി എന്നിവയിലൂടെ ഉപജീവനം നടത്തുന്ന സ്ത്രീകളും നമ്മുടെ പഞ്ചായത്തിലുണ്ട്. എങ്കിലും അധികം സ്ത്രീകളും വീട്ടമ്മയുടെ ഗാർഹിക ഉത്തരവാദിത്വത്തിൽ മാത്രം ഒതുങ്ങികഴിയുകയാണ്.

പെൺകുട്ടികൾക്ക് മാത്രമായി വിദ്യാഭ്യാസം നടത്തുന്ന ഒരു വിദ്യാലയം ഇവിടുണ്ട്. പൊതുവെ സ്കൂൾ കോളേജ് തലങ്ങളിൽ പഠനം നടത്തുന്നവരിലധികവും പെൺകുട്ടികളാണ്. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളുടെ എണ്ണം കുറവാണെങ്കിലും അദ്ധ്യാപകരംഗത്തും ആതുരസേവനരംഗത്തുംസ്ത്രീകളാണ് അധികം. വനിതാജീവനക്കാരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കു

വാനായി ഒരു ഡെ-കെയർ സെന്റർ സ്വകാര്യമേഖലയിലുണ്ട്. മാവേലിസ്റ്റോർ, റേഷൻകട, പലചരക്ക് കട തുടങ്ങിയ കച്ചവടകേന്ദ്രങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങാനെത്തുന്നവരിൽ കൂടുതൽ സ്ത്രീകളാണ്.

മദ്യപാനവും അതിലൂടെയുള്ള കുടുംബസാമൂഹ്യ പ്രശനങ്ങളും നിലനിൽക്കുന്നു. മദ്യപാനം മൂലം ദുരിതം അനുഭവിക്കുന്ന അമ്മമാരും കുഞ്ഞുങ്ങളും ഏറെയുണ്ട്. സമ്പൂർണ മദ്യവർജനം ആഗ്രഹിക്കുന്ന സ്ത്രീകളാണ് നമ്മുടെ പഞ്ചായത്തിലധികവും ഉള്ളത്. സ്ത്രീധന പീഡനം, സ്ത്രീപീഡനം, സാമൂഹ്യവിരുദ്ധരുടെ ശല്യം ഇവയും സ്ത്രീകൾ അനുഭവിക്കേണ്ടിയിരിക്കുന്നു. ഇ ക്കൂട്ടരെ കണ്ടെത്തിനിയമനടപടികൾ കർശനമായി കൈക്കൊള്ളണം.

സ്ത്രീകളുടെ സാമൂഹ്യ ഉന്നമനത്തിനായി ഉൾക്കാഴ്ചയോടുകൂടിയ പ്രവർത്തനങ്ങൾ ആവശ്യമാണ്. കുടുംബത്തിന്റെ നാലു ചുമരിനുള്ളിൽ മാത്രമൊതുങ്ങാതെ ദിവസത്തിന്റെ അല്പസമയമെങ്കിലും പൊതുസേവനത്തിനായി ഉപയോഗിക്കണം. ചുറ്റും കാണുന്ന സാമൂഹ്യ തിന്മകൾക്കെതിരെ പ്രതികരിക്കാനുള്ള കഴിവും സത്രീകൾ ആർജിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. തൊഴിൽ രഹിതരായ വനിതകൾ വളരെയധികം നമ്മുടെ പഞ്ചായത്തിലുണ്ട്. പത്താംക്ലാസ് മുതൽ ഉന്നതവിദ്യാഭ്യാസം ലഭിച്ചവർ വരെ
2. പരമ്പരാഗത തൊഴിൽ മേഖലയിലെ സ്ത്രീകളുടെ കൂലിക്കുറവ്, ജോലിസ്ഥിരതയില്ലായ്മ, ആരോഗ്യപ്രശ്നങ്ങൾ
3. പൊതുപ്രവർത്തനരംഗങ്ങളിലേക്ക് സ്ത്രീകൾ ഇനിയും കടന്നുവരുന്നില്ല.
4. സ്ത്രീധനത്തിന്റെ പേരിൽ കുടുംബപ്രശ്നങ്ങൾ നിലനില്ക്കുന്നുണ്ട്.
5. മദ്യപാനത്തിന്റെ ദോഷവശങ്ങൾ അനുഭവിക്കുന്നുണ്ട്.
6. അംഗനവാടികൾ ഇല്ല.

സാദ്ധ്യതകൾ

1. സ്ത്രീകൾക്കായി തൊഴിൽ സംരംഭങ്ങൾ തുടങ്ങണം. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉല്പന്നങ്ങൾ വൈദഗ്ദ്യത്തോടെ ചെയ്യാനുള്ള പരിശീലനം നൽകണം.
2. വനിതാസഹകരണ സംഘങ്ങൾ തുടങ്ങണം.
3. മഹിളാസമാജങ്ങളിലൂടെയും മാതൃസമിതികളിലൂടെയും സ്ത്രീകൾക്ക് ബോധവൽക്കരണവും നേതൃപരിശീലനവും നൽകണം.
4. സ്ത്രീപീഡനം സ്ത്രീധന പീഡനം, മദ്യപാനം ഇവയെക്കതിരെ ബോധവൽക്കരണവും നിയമനടപടികളും വേണം.
5. ഐ.സി.ഡി.എസ്സിന്റെ അംഗണവാടികൾ വേണം.
6. സാമൂഹ്യപ്രവർത്തനരംഗത്തുനിൽക്കുന്ന സ്ത്രീകളെക്കുറിച്ചുള്ള സമൂഹത്തിന്റെ വൂലയിരുത്തലിലെ മൂല്യച്ച്യുതി ഒഴിവാക്കുന്നതിന് സ്ത്രീകളെ പൊതുരഗത്തേക്ക് കൊണ്ടുവരാൻ രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങൾ ബോധപൂർവ്വം പ്രവർത്തിക്കണം
7. ഒരു വനിതാ പോലീസ് സ്റ്റേഷൻ വേണം.
8. വനിതകൾക്കായി ഒരു എംപ്ലോയ്മന്റ് ഏജൻസിയുണ്ടാക്കുക.

സഹകരണം

18-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ആണ് സഹകരണപ്രസ്ഥാനത്തിന്റെ തുടക്കം. 1844 ൽ ബ്രിട്ടണിലെ റോച്ച്ച് ഡെയ്ൽ പട്ടണത്തിൽ രൂപം കൊണ്ട ഈ പ്രസ്ഥാനത്തിൽ ഇപ്പോൾ 80 കോടിയിലധികം അംഗങ്ങൾ ലോകത്ത് ആകമാനം ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഇന്ത്യയിൽ ഈ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് 19 -ാം നൂറ്റാണ്ടിന്റെ ആരംഭത്തോടു കൂടിയായിരുന്നു. 1904 ഓടുകൂടി നമ്മുടെ രാജ്യത്ത് സഹകരണനിയമം ഉണ്ടാകുകയും ചെയ്തു. ലോകത്ത് ഇന്ന് ഇൻഡ്യയിലാണ് സഹകരണപ്രസ്ഥാനത്തിന് ഏറ്റവും കൂടുതൽ സ്ഥാപനങ്ങളും അംഗബലവും ഉള്ളത്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഇൻഡ്യയിൽ നാലു ലക്ഷത്തോളം സഹകരണസംഘങ്ങൾ ഉണ്ട്. 1990-91 കാലഘട്ടത്തിൽ സഹകരണസംഘങ്ങളിൽ കൂടി 6900 കോടി രൂപയോളം വിവിധയിനം വായ്പകളായി വിതരണം ചെയ്തിട്ടുണ്ട്. 1919-ൽ ഇൻഡ്യയിൽ സംസ്ഥാനങ്ങൾക്ക് സ്വന്തമായി സഹകരണനിയമം എഴുതി ഉണ്ടാക്കുവാൻ അനുമതി ലഭിച്ചു. അതോടെ തിരുവിതാംകൂറിനും കൊച്ചിക്കും പ്രത്യേക സഹകരണനിയമങ്ങൾ ഉണ്ടായി. കേരളപ്പിറവിയോടു കൂടി ഈ നിയമങ്ങൾക്ക് ഒരു ഏകീകൃതസ്വഭാവം ഉണ്ടാവുകയും 1960 കളുടെ അവസാനത്തോടുകൂടി സംസ്ഥാനത്ത് 'സഹകരണ ആക്ട്' നിലവിൽ വരുകയും ചെയ്തു. ഇന്ന് സഹകരണപ്രസ്ഥാനത്തിന് വളരെയധികം പ്രസക്തിയുള്ള നമ്മുടെ സംസ്ഥാനത്ത് വിവിധതരത്തിലുള്ള ഇരുപതിനായിരത്തിലധികം സംഘങ്ങളിലായി രണ്ടു കോടിയിൽ പരം അംഗങ്ങൾ ഉണ്ട്. കേരളജനതയിൽ ഭൂരിഭാഗവും സഹകാരികൾ ആണ്. ഇൻഡ്യയിലെ സഹകരണസ്ഥാപനങ്ങളിൽ ക്രഡിറ്റ് മേഖലയിൽ കേരളം പല കാര്യങ്ങളിലും മുൻപന്തിയിലാണ്.

സ്വാതന്ത്ര്യത്തിനു വളരെ മുമ്പ് തന്നെ നമ്മുടെ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന് വേരോട്ടമുണ്ടായിരുന്നു. അതിനു നിദാനമായി ചൂണ്ടിക്കാണിക്കാവുന്നതാണ് പഞ്ചായത്ത് ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന കരുനാഗപ്പള്ളി സർവീസ് സഹകരണ ബാങ്ക്. സഹകരണപ്രസ്ഥാനത്തിന്റെ പാഞ്ചജന്യം മുഴക്കി 1925 കാലഘട്ടത്തിൽ ഈ പ്രദേശത്ത് പ്രവർത്തനം ആരംഭിച്ച രണ്ടു സംഘങ്ങളായിരുന്നു വില്ലേജ് കൺസ്യൂമർ സഹകരണസംഘവും (നമ്പർ 1079) കരുനാഗപ്പള്ളി സർവീസ് സഹകരണ സംഘവും (നമ്പർ 1343). സ്കൂൾമേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും പഴയ സംഘമാണ് കരുനാഗപ്പള്ളി ബോയ്സ് ഹൈസ്കൂൾ സഹകരണ സംഘം (നമ്പർ 2668). 20-ാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ എത്തി നില്ക്കുന്ന ഈ അവസരത്തിൽ നമ്മുടെ പഞ്ചായത്തിൽ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന 35-ലധികം സംഘങ്ങളുണ്ട്. വ്യക്തമായ സ്ഥിതിവിവരക്കണക്കുകളുടെ അപര്യാപ്തത നിമിത്തം ഓരോ സംഘങ്ങളേയും വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. മേഖല തിരിച്ചുള്ള സംഘങ്ങളുടെ എണ്ണം ചുവടേ ചേർക്കുന്നു.

1. സഹകരണബാങ്ക് - 3 (ഇതിൽ കരുനാഗപ്പള്ളി കാർഷികവികസന ഭൂപണയബാങ്കിന്റെയും കരുനാഗപ്പള്ളി അർബൻ സഹകരണബാങ്കിന്റെയും ആസ്ഥാനങ്ങൾ നമ്മുടെ പഞ്ചായത്തിലാണ്. എന്നാൽ അവയുടെ പ്രവർത്തനമേഖല കരുനാഗപ്പള്ളി താലൂക്കു മുഴുവൻ വ്യാപിച്ചു കിടക്കുകയാണ്)

2. റൂറൽ ഹൗസിംഗ് സഹകരണസംഘം - 1

3. ഗവൺമെന്റ് സെർവന്റ്സ് സഹകരണസംഘം - 1

4. കയർ വ്യവസായ സഹകരണസംഘം -4

5. കൈത്തറി വ്യവസായ സഹകരണസംഘം -1

6. ഖാദി നെയ്ത്ത് സഹകരണസംഘം -1

7. ഫിഷർമെൻ ഡെവലപ്മെന്റ് വെൽഫെയർ സഹകരണസംഘം -1

8. ക്ഷീര സഹകരണ സംഘം -7

9. കൺസ്യൂമർ സഹകരണസംഘം –3

10. ഹരിജൻ സഹകരണസംഘം –1

11. എഡ്യൂക്കേഷണൽ സഹകരണസംഘം –1

12. പ്രിന്റിംഗ് സഹകരണസംഘം –1

13. ലേബർ കോൺട്രാക്ട് സഹകരണസംഘം –3

14. സ്കൂൾ സഹകരണസംഘം –8

സഹകരണ ബാങ്കുകൾ എല്ലാം തന്നെ മെച്ചപ്പെട്ട പ്രവർത്തനശൈലിയുള്ളതാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ മാത്രം പ്രവർത്തനമേഖലയുള്ള (സമീപ പഞ്ചായത്തായ തൊടിയൂരിന്റെ രണ്ടു വാർഡുകൾ ഉണ്ട് എന്നുള്ളത് വിസ്മരിക്കുന്നില്ല) കരുനാഗപ്പള്ളിയിലെ ഏറ്റവും പഴക്കം ചെന്ന സഹകരണ ബാങ്കായ കരുനാഗപ്പള്ളി സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എടുത്തുപറയാതിരിക്കാൻ സാദ്ധ്യമല്ല.

കൊല്ലവർഷം 1102 –ാമാണ്ട് ചിങ്ങമാസം 10 –ാം തീയതിയാണ് 1343 –ാം നമ്പർ കരുനാഗപ്പള്ളി സർവീസ് സഹകരണബാങ്കിന്റെ ആദ്യരൂപമായ കരുനാഗപ്പള്ളി സർവീസ് സഹകരണസംഘത്തിന്റെ പ്രവർത്തനം തുടങ്ങിയത്. തുടക്കത്തിൽ സംഘത്തിന്റെ പ്രവർത്തനമേഖല താലൂക്ക് കേന്ദ്രീകരിച്ചായിരുന്നു. കേരളപിറവിയോടുകൂടി പഞ്ചായത്തടിസ്ഥാനത്തിൽ സംഘങ്ങളുടെ രൂപീകരണം വ്യാപകമാക്കാൻ തുടങ്ങിയതോടുകൂടി പ്രവർത്തനമേഖല കുറച്ച് കൊണ്ട് കരുനാഗപ്പള്ളി സർവീസ് സഹകരണസംഘം കരുനാഗപ്പള്ളി സർവീസ് സഹകരണബാങ്കായിമാറുകയും ചെയ്തു.1970 കളുടെ ആരംഭത്തോടുകൂടി ഈ മേഖലയിൽ പ്രവർത്തിച്ചിരുന്ന മറ്റൊരു സംഘമായ വിവിധോദ്ദേശ സഹകരണ സംഘം 1343–ാം നമ്പർ സഹകരണബാങ്കുമായി ലയിപ്പിച്ചു. ഈ ബാങ്കിന്റെ പ്രവർത്തന രീതിക്ക് മാറ്റം വരുത്തി കൂടുതൽ ജനോപകാരപ്രദമാക്കിയെടുത്തതിൽ കാലാകാങ്ങളിൽ ഉണ്ടായിട്ടുള്ള ബാങ്കിന്റെ ഭരണസമതികൾ ക്രിയാത്മകമായ പങ്കുവഹിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ ഏറെകാലം ബാങ്കിന്റെ ഭരണ സാരഥ്യം വഹിച്ചിരുന്ന പരേതനായ നൂറാട്ട് ശ്രീ കൃഷ്ണനുണ്ണിത്താന്റെ നാമധേയം സ്മരണീയമാണ്. 1994 – 95 ലെ കണക്കുകൾ പ്രകാരം 8728 വ്യക്തികൾ അംഗങ്ങളായുള്ള ഈ ബാങ്കിന്റെ ഓഹരിമൂലധനം 13,40,702 രൂപയും വാർഷികടേൺ ഓവർ 1,17,32,815 രൂപയും ആണ്. ഈ കാലയളവിൽ ബാങ്ക് സംഭരിച്ചിട്ടുള്ള നിക്ഷേപം 1,56,92,546 രൂപയും കൊടുത്തിട്ടുള്ള വായ്പ്പകൾ 1,46,85,543 രൂപയുമാണ്. ബാങ്കിലെ സ്ഥിരം ജീവനക്കാർ 9 പേരും മറ്റു മേഖലകളിൽ പ്രവർത്തിക്കുന്ന 8 തൊഴിലാളികളും ഉണ്ട്. സ്റ്റേഷനറി വ്യാപാരം, ജൗളി വ്യാപാരം, വളം വ്യാപാരം, കൊപ്രാസംഭരണം എന്നിവയും ഈ ബാങ്കിന്റെ പ്രവർത്തനത്തിലെ എടുത്തുപറയേണ്ട പ്രത്യേകതകളാണ്. സഹകാരികളുടെ സംഘത്തോടുള്ള ആത്മാർത്ഥതയും ജനകീയ പിൻബലവും, സങ്കുചിതമായ ചേരിതിരുവുകളുടെ അഭാവവും, അപ്പക്സ് സംഘങ്ങളുടെ ശക്തമായ പിൻബലവും ഈ ബാങ്കിന്റെ ലാഭകരമായ നടത്തിപ്പിന് സഹായിക്കുന്ന ചില ഘടകങ്ങളാണ്.

ക്ഷീരസംഘങ്ങൾ, മത്സ്യസഹകരണ സംഘം, റൂറൽ ഹൗസിംഗ് സഹകരണ സംഘം, ഹരിജൻ സഹകരണ സംഘം, സ്കൂൾ സഹകരണസംഘങ്ങൾ എന്നിവ നല്ലരീതിയിൽ പ്രവർത്തിയ്ക്കുന്ന സംഘങ്ങളാണ്. മറ്റെല്ലാ സംഘങ്ങളുടേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. സാമ്പത്തിക ജീവിത ക്രമത്തിന് ഊന്നൽ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ എന്ന നിലയിൽ സഹകരണ സംഘങ്ങളുടെ സ്ഥാനം എടുത്തുപറയാവുന്നതാണ്. എന്നാൽ സംഘങ്ങളുടെ പ്രവർത്തനത്തിലുള്ള ബലഹീനതയും പ്രവർത്തനശൈലിയിലുള്ള അപാകതകളും മറച്ചുവെയ്ക്കുവാൻ സാദ്ധ്യമല്ല. കൂടുതൽ ജനപങ്കാളിത്തത്തോടുകൂടി സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതും, ആധുനിക ജീവിതത്തിലെ വെല്ലുവിളികളെ നേരിടുവാൻ അവയെ പര്യാപ്തമാക്കേണ്ടതും ആവശ്യമാണ്.

പ്രശ്നങ്ങൾ

1. സഹകരണമാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ.
2. സഹകരണ നിയമങ്ങളുടെ തടസ്സങ്ങൾ
3. ജീവനക്കാർക്ക് സഹകാരികൾക്കുള്ള സമീപനം.
4. സഹകാരികളോടുള്ള ബോധവൽക്കരണത്തിന്റെ കുറവ്.
5. പുതിയമേഖലയിലേക്ക് കടന്നു ചെല്ലുവാനുള്ള സാദ്ധ്യതകളെ ഉപയോഗപ്പെടുത്തൽ
6. സഹകരണ ജനാധിപത്യത്തിന്റെ അർത്ഥപൂർണ്ണമായ കാര്യക്ഷമതയില്ലായമ.
7. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ വിദ്യാർത്ഥികൾക്ക് ഭരണത്തിൽ ആവശ്യമായ പങ്കാളിത്തം ഇല്ലായ്മ.
8. അപ്പെക്സ് സംഘങ്ങളിൽ നിന്നുള്ള സഹായങ്ങളുടെ ലഭ്യതസമയബന്ധിതമല്ല.

സാദ്ധ്യതകൾ

1. പ്രവർത്തനക്ഷമത കുറഞ്ഞസംഘങ്ങളെ കാര്യക്ഷമമാക്കാൻ നടപടിക ർ ഉണ്ടാവുക
2. സഹകാരികൾക്കും, സംഘം ജീവനക്കാർക്കും സഹകരണപ്രസ്ഥാനത്തെക്കുറിച്ച് പ്രത്യേക ബോധവൽക്കരണം നടത്തുക.
3. ഡയറക്ടന്മാർക്ക് സഹകരണ മാനേജുമെന്റിൽ ആവശ്യമായ പരിശീലനം നൽകുക.
4. കുട്ടികളുടെ ഇടയിൽ അവശ്യസാധന വിതരണത്തോടൊപ്പം സമ്പാദ്യശീലം വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനം ഉണ്ടാകണം.
5. സ്കൂൾ സഹകരണസംഘങ്ങളിൽ വിദ്യാർത്ഥികൾക്ക് ഭാരവാഹിത്വത്തിലൂടെ സഹകരണ പരിശീലനം നൽകുക.
6. സഹകരണ ബാങ്കുകളുടെ പലിശനിരക്ക് കുറച്ച് വായ്പാപരിധിക്കൂട്ടുക.
7. വായ്പാ അപേക്ഷകളിന്മേലുള്ള നടപടികൾ ലഘൂകരിക്കുകയും അതിനുവേണ്ടി ഈടാക്കുന്ന രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുകയും ചെയ്യുക
8. നിലവിലുള്ള കൈത്തറിവ്യവസായ സഹകരണസംഘത്തെ നവീകരിക്കുകയും അപ്പെക്സ് സംഘമായ ഹാൻവീവിൽ നിന്നും ലഭിക്കേണ്ട റിബേറ്റ് തുക സമയാസമയങ്ങളിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികളും ഉണ്ടാവുക.
9. അപ്പെക്സ് സംഘങ്ങളുടെ സഹായങ്ങൾ സംഘങ്ങൾക്ക് സമയബന്ധിതമായി ലഭിയ്ക്കാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കണം.
10. സംഘങ്ങളുടെ വാർഷിക ജനറൽ ബോഡികൾ ചടങ്ങുകളായിമാറ്റാതെ ഫലപ്രദമാക്കി അർത്ഥപൂർണ്ണമാക്കുക.
11. കാർഷികമേഖലയെ പുഷ്ടിപ്പെടുത്തുവാൻ സഹായകമായി ഒരു ഫാർമേഴ്സ് സഹകരണബാങ്ക് രൂപീകരിയ്ക്കണം.
12. വനിതാക്ഷേമപദ്ധതികളെ സഹകരണാടിസ്ഥാനത്തിലാക്കി വനിതാസഹകരണ സംഘം ഇല്ലാത്ത നമ്മുടെ പഞ്ചായത്തിൽ അത് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകളെ കുറിച്ച് വിലയിരുത്തി അതു പ്രയോജനപ്പെടുത്താൻ കഴിയണം.
13. നിലവിലുള്ള ഉത്പാദന സംഘങ്ങളുടെ ഉദ്പാദനക്ഷമത ഉയർത്താനുള്ള നടപടികൾ ഉണ്ടാവുക.
14. ക്രെഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കുക.
14. ലേബർ കൊൺട്രാക്റ്റ് സഹകരണസംഘങ്ങൾപോലുള്ള നൂതന മേഖലകൾ കൂടുതൽ വ്യാപകവും ശക്തവുമാക്കുക.

പട്ടിക ജാതി – പട്ടിക വർഗ്ഗ ക്ഷേമം.

പഞ്ചായത്തിലെ 43801 വരുന്ന ജനസംഖ്യയിൽ 4849 പേർ (11%) പട്ടിക ജാതിയിലും 42 പേർ പട്ടിക വർഗ്ഗത്തിലും പെട്ടവരാണ്.

ഈ വിഭാഗത്തിൽപ്പെട്ടവരിൽ ബഹുപൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു. കഴിഞ്ഞിരുന്നത്. ഭൂപരിഷ്കരണ നിയമംമൂലം ഇതിൽ മഹാഭൂരിഭാഗത്തേയും ഭൂമിയുടെ ഉടമസ്ഥരാക്കപ്പെട്ടു. പട്ടികജാതിയിൽ പെട്ടവരിൽ കർഷകതൊഴിലാളികളായിരുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ടവർ തങ്ങളുടെ പരമ്പരാഗത തൊഴിൽ (പച്ചമരുന്നുകളുടെ സംഭരണം, തേൻ സംഭരണം, വിറകു സംഭരണം തുടങ്ങിയവ) തന്നെയായിരുന്നു ചെയ്തിരുന്നത്.

സാമൂഹ്യ ഇടപെടലുകളുടെ ഫലമായി ഈ മേഖലയിലെ ജനവിഭാഗത്തിന്റെ കുട്ടികൾ വിദ്യാലയങ്ങളിലേക്ക് ആകർക്ഷിക്കപ്പെട്ടു. കൂടാതെ സന്നദ്ധസംഘടനകളുടേയും സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങളുടേയും പ്രവർത്തനഫലമായി കൂട്ടായ വിലപേശലിലൂടെ അവകാശാങ്ങൾ ഉറപ്പിച്ചെടുത്തും സാമൂഹ്യരംഗത്ത് മെച്ചപ്പെട്ട സ്ഥിതി കൈവരിച്ചു ഇതിനോടൊപ്പം സർക്കാരുകളുടെ സഹായം ആർജിയ്ക്കാനും കഴിഞ്ഞു എന്നുള്ളതും സാമൂഹ്യമാറ്റത്തിന് കാരണമായി.

വിദ്യാഭ്യാസസൗകര്യങ്ങൾ മെച്ചപ്പെട്ടതോടുകൂടി തങ്ങളുടെ തൊഴിൽ മേഖലയ്ക്ക് മാറ്റം വരുത്തി. അങ്ങനെ കാർഷികമേഖലയിലെ തൊഴിലുകളും പട്ടികവർഗ്ഗത്തിന്റെ പരമ്പരാഗതതൊഴിലുകളും ഉപേക്ഷിച്ച് ഇതര തൊഴിൽ മേഖലയിൽ ഏർപ്പെടാൻ തുടങ്ങി. ഈ സാഹചര്യങ്ങൾ ഈ വിഭാവങ്ങളുടെ ജീവിതരീതിയിൽ മാറ്റം വരുത്താൻ കാരണമായി എന്നാൽ ഇവരിൽ സമ്പൂർണ്ണ സാശ്രയശീലം ഇതുവരെ ഉണ്ടായിട്ടില്ല. ഈ വിഭാഗങ്ങൾക്ക് ഭൂമിയും പാർപ്പിടവും തൊഴിൽ ഭദ്രതയും ഇനിയും പൂർണ്ണമായിട്ടില്ല. എല്ലാകുട്ടികളും സ്കൂളിൽ പോകുന്നുണ്ടെങ്കിലും തുടർ വിദ്യാഭ്യാസത്തിന് ഇന്നുള്ള സാഹചര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.

പാർപ്പിടസൗകര്യങ്ങൾ ശരാശരിയിൽ താഴെയാണ്. ഇത് മെച്ചപ്പെടുത്തുന്നതിന് ഗവൺമെന്റ് സ്കീമുകളിൽ മാറ്റം വരുത്തി കൂടുതൽ സഹായങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയണം. ഈ വിഭാഗത്തിൽ പെട്ടവർ മാത്രം കൂടുതലായി അധിവസിയ്ക്കുന്ന കോളനികൾ ഉണ്ട്. കോളനിവല്ക്കരണം ഇവരിൽ പലസാമൂഹ്യ പ്രശനങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഇതൊഴുവാക്കുവാൻ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് മെച്ചപ്പെട്ട വാസസ്ഥലങ്ങളും അനുകൂലസാഹചര്യങ്ങളും ഒരുക്കികൊടുക്കണം.

ബഹുജനസംഘടനകളുടെ സംസ്ഥാന നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പട്ടിക ജാതിയിൽ പെട്ടവർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അതുപോലെ തന്നെ ഈ വിഭാഗത്തിൽപ്പെട്ട 10% പേർഎങ്കിലും സാമൂഹ്യമായും ഉയർന്നവരാണ്. സാമൂഹ്യ ഉച്ചനീചത്വങ്ങൾക്ക് അതീതമായി എല്ലാ വിഭാഗങ്ങളിലും സവർണ്ണ അവർണ്ണ ഭേദമെന്യേ സഹോദരബുദ്ധ്യാ ജീവിക്കുന്ന പ്രദേശമാണ് നമ്മുടെ ഗ്രാമം.

പ്രശ്നങ്ങൾ

1. നിലവിലുള്ള കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
2. കൂടുതൽ പേരും കാർഷികമേഖലയിൽ പണിയെടുക്കുന്നവരായിട്ടുള്ളതുകൊണ്ട് കാർഷിക മേഖലയിലെ പ്രതിസന്ധി തൊഴിലില്ലായ്മ വളർത്തി.
3. തൊഴിലില്ലായ്മയും തത്ജന്യ സാമ്പത്തിക പ്രശനങ്ങളും ദാരിദ്ര്യവും പട്ടിണിയും.
4. ബോധവൽക്കരണത്തിന്റെ അപര്യാപ്തത കാരണം അനുവദിയ്ക്കപ്പെട്ട ക്ഷേമപ്രവർത്തനങ്ങൾ ഇടത്തട്ടുകാർ തട്ടിയെടുക്കുന്നു.

സാദ്ധ്യതകൾ

1. കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തുക പുതിയ തൊഴിൽ മേഖലകളിൽ അവസരങ്ങൾ സൃഷ്ടിക്കുക.
2. ഫലപ്രദമായ ഭവന നിർമ്മാണ സ്ക്കീമുകൾ നടപ്പാക്കുക. കോളനി സമ്പ്രദായം ഒഴിവാക്കി മെച്ചപ്പെട്ട വീടുകൾ എല്ലാ പ്രാഥമിക സൗകര്യങ്ങളോടും കൂടി നൽകുക.
3. വിദ്യാഭ്യാസ അവസരങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ അവസരമുണ്ടാക്കുക
4. വ്യക്തിത്വ വികസനത്തിനും സാശ്രയശീലനത്തിനും ആരോഗ്യ ശുചീകരണപ്രവർത്തനങ്ങൾക്കും കൂടുതൽ ഊന്നൽ നല്കികൊണ്ടുള്ള ബോധവൽക്കരണം വിപുലമാക്കുക.
5. തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള ശില്പശാലകൾ നടത്തുക.
6. പട്ടയംലഭിച്ച ഭൂമികൈമാറ്റം ചെയ്യാതിരിക്കാൻ നടപടികൾ സ്വീകരിച്ച് വീണ്ടും ഭവനരഹിതരാകുന്നതിനുള്ള സാധ്യതകൾ ഒഴിവാക്കുക.
7. പരിശീലനങ്ങൾ നൽകിയും തൊഴിൽസ്ഥാപനങ്ങൾ വികസിപ്പിച്ചും വനിതകളുടെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കാനുതകുന്ന നടപടികൾ സ്വീകരിക്കുക.

◆◆

വിഭവസമാഹരണം

വീടായാലും നാടായാലും സന്തുലിതമായൊരു സാമ്പത്തികാസൂത്രണം ആരോഗ്യപൂർണ്ണമായ നിലനില്പിന് അനിവാര്യമാണ്. നാളിതുവരെയുള്ളതിനേക്കാൾ വളരെയധികം ചെലവുകൾ പ്രതീക്ഷിക്കുന്ന നിരവധി പദ്ധതികൾക്ക് നാം രൂപം നൽകിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ മുമ്പെന്നത്തേതിനെക്കാളും വമ്പിച്ച സമ്പത്തും നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഗ്രാമത്തിൽ നിന്നും പിരിച്ചെടുക്കുന്ന നികുതികൾ, നികുതിയേതരവരുമാനം, സംസ്ഥാന നികുതിവിഹിതം, സംസ്ഥാനഗ്രാന്റുകൾ എന്നിവയാണ് പഞ്ചായത്തിന്റെ മൊത്തവരുമാനമായി ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ വരുമാനം കൊണ്ടായിരുന്നു പഞ്ചായത്തിന്റെ ഭരണച്ചെലവുകളും വികസനപ്രവർത്തനങ്ങളും മറ്റെല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടിയിരുന്നത്.

വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിട നികുതി	700357	637197	62060
സർവ്വീസ് ചാർജ്ജ്			
തൊഴിൽ നികുതി	785080	737740	47340
വാഹന നികുതി			-
വിനോദ നികുതി	3529454	352945	ഇല്ല
അഡി. വിനോദനികുതി	213593	213593	ഇല്ല
പ്രദർശന നികുതി	10224	10224	ഇല്ല
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്	2556	2556	ഇല്ല
ചന്ത വരവ്	10200	10200	ഇല്ല
ലാന്റ് സെസ്സ്			-
ലൈസൻസ് ഫീസ്	8600	8307	293
കെട്ടിട നികുതി സർചാർജ്ജ്	35000	29000	5001
വസ്തുകൈമാറ്റ നികുതി 75%	680564	680504	ഇല്ല
വസ്തു കൈമാറ്റനികുതി 25%			
സർക്കാർ ഗ്രാന്റുകളും മറ്റും മുഖേനയുള്ള മറ്റ് വരവുകൾ		-	-
സംഭാവന			
ഡെപ്പോസിറ്റ്	71836	71836	ഇല്ല
മറ്റുള്ളവ	1198592.1	1198315.75	256.35
ആകെ	4060527.1	3953676.75	115850.35

ഒൻപതാം പഞ്ചവത്സരപദ്ധതിക്കാലത്ത് സംസ്ഥാനപദ്ധതിയടങ്കൽത്തുകയുടെ 35-40 ശതമാനം ത്രിതലപഞ്ചായത്തുകളിലേക്ക് കൈമാറുമ്പോൾ തുടർന്ന് മറ്റൊരു സഹായത്തിനും ഗവണ്മെന്റിനെ സമീപിക്കാൻ നമുക്കാവില്ല. അപ്പോൾ പിന്നെ നാം തയ്യാറാക്കിയ പദ്ധതികൾ പൂർത്തിയാക്കാൻ ബാക്കി വേണ്ടിവരുന്ന പണം നാം തന്നെ കണ്ടെത്തേണ്ടതായി വരുന്നു. അവിടെയാണ് വിഭവസമാഹരണത്തേക്കുറിച്ചുള്ള ആലോചന പ്രസക്തമാകുന്നത്.

നാം അറിയാത്തതും ഇനിയും കണ്ടെത്താൻ കഴിയാതിരുന്നതുമായ അനവധി വിഭവങ്ങൾ നമുക്കു ചുറ്റും നമ്മുടെ പ്രകൃതിയിൽ ഒളിഞ്ഞു കിടപ്പുണ്ട്. ഈ പ്രകൃതിവിഭവത്തെ കണ്ടെത്തുക എന്നതാണ് വിഭവസമാഹരണ വേളയിൽ നമുക്കാദ്യം ചെയ്യാൻ കഴിയുക.

അനവധി നീർച്ചാലുകളും തോടുകളും കുളങ്ങളും അടങ്ങിയ ജലസ്രോതസ്സുകളുള്ള ഭൂപ്രകൃതിയാണ് നമുക്കുണ്ടായിരുന്നത്. അശാസ്ത്രീയമായ ഇടപെടലുകളിലൂടെ ഈ സ്രോതസ്സുകളെ ഒരു പരിധി വരെ നാം ഉപയോഗശൂന്യമാക്കി. ഇതു കൃഷിയുടെ നാശത്തിനു വഴിയൊരുക്കി. ഈ വിഭവത്തെ പുനർജ്ജനിപ്പിക്കുക എന്നതാണ് നാം ചെയ്യേണ്ടിയിരിക്കുന്നത്.

മനുഷ്യനിർമ്മിത വിഭവങ്ങളുടെ ലഭ്യത നമ്മുടെ പഞ്ചായത്തിൽ ഏറെ ഉണ്ടെങ്കിലും അതിനെ പൂർണ്ണമായി ചൂഷണം ചെയ്യുവാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. ഇവിടെ നിന്നും ലഭിക്കുന്ന പ്രധാന വിഭവമാണ് നാളീകേരം. അതിന്റെ ഉല്പാദനം വർദ്ധിപ്പിച്ച്, അതുകൊണ്ടുള്ള അനുബന്ധവ്യവസായങ്ങൾ പോഷിപ്പിച്ചാൽ ഗണ്യമായ തോതിൽ വിഭവസമാഹരണം വർദ്ധിപ്പിക്കാൻ നമുക്കു കഴിയും.

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉയർന്ന നിലവാരം പുലർത്തുന്ന നമ്മുടെ ഗ്രാമത്തിൽ ഏറ്റവും അധികം മരവിച്ച് കിടക്കുന്ന ഒരു വിഭവമാണ് മനുഷ്യാധ്വാനശേഷി. അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ ഒരു വലിയനിരതന്നെ സേവനതല്പരരായുള്ളവർ തൊഴിലൊന്നുമില്ലാതെ, ഒരു തൊഴിലുംചെയ്യാൻ അവസരം ലഭിയ്ക്കാതെ ഇവിടെ കഴിയുന്നു. നമ്മുടെ പഞ്ചായത്തിലെ വരുംകാല വികസനപ്രവർത്തനങ്ങളിൽ ഈ ശക്തിയെ ഫലപ്രദമായി വിനിയോഗിച്ചാൽ ലഭിയ്ക്കുന്ന ഫലം അത്യത്ഭുതകരമായിരിക്കും.

നമ്മുടെ ഗ്രാമത്തിൽനിന്നും ഇന്ത്യയ്ക്ക് പുറത്ത് വിവിധരാജ്യങ്ങലിൽ, പ്രത്യേകിച്ച് ഗൾഫ് നാടുകളിൽ, ഏതാണ്ട് എഴുന്നൂറോളം ആൾക്കാർ ജോലിയ്ക്കായിപോയിട്ടുണ്ട്. അവർ സ്വരൂപിക്കുന്ന സമ്പത്തിന്റെ 25% പോലും പ്രത്യുല്പാദനപരമായി നിക്ഷേപിക്കപ്പെടുന്നില്ല. കേരളത്തിൽ എത്തിച്ചേരുന്ന NRI നിക്ഷേപങ്ങളുടെ നാല്പതു ശതമാനം പോലും കേരളത്തിൽ പ്രത്യുല്പാദനപരമായി നിക്ഷേപിക്കപ്പെടുന്നില്ല എന്നാണ് ബാങ്കുകളുടെ കണക്കുകൾ തന്നെ സൂചിപ്പിക്കുന്നത്. ഇത് നമ്മുടെ ഗ്രാമത്തിനും ബാധകമാണെന്നിരിക്കെ ഈ നിക്ഷേപത്തെയാകെ ഫലപ്രദമായി വിനിയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ നമ്മുടെ നാടിന്റെ വിഭവത്തിൽ ഗണ്യമായ വർധന ഉണ്ടാക്കാൻ കഴിയും.

നമ്മുടെ ഗ്രാമത്തിൽ മൂന്ന് ദേശസാൽക്രതബാങ്കുകളും അഞ്ച് സഹകരണ ബാങ്കുകളും മൂന്ന് ഷെഡ്യൂൽഡ് ബാങ്കുകളും നിരവധി സ്വകാര്യധനകാര്യസ്ഥാപനങ്ങളും, ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ശാഖയും അനവധി ചിട്ടി സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാംകൂടി തദ്ദേശീയ നൂക്ഷേപമായി കോടിക്കണക്കിന് രൂപ എത്തിച്ചേരുന്നുണ്ട്. ഇതിന്റെ ഒരംശംപോലും നമ്മുടെഗ്രാമത്തിൽ ലോണുകളായോ മറ്റോ നൽകപ്പെടുന്നില്ല. ഈ നിക്ഷേപങ്ങളുടെ അൻപത് ശതമാനമെങ്കിലും ഈ ഗ്രാമത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുകയാണെങ്കിൽ വമ്പിച്ച കുതിച്ചുച്ചാട്ടം തന്നെ വിഭവലഭ്യതയിൽ നമ്മുക്കുണ്ടാക്കിയെടുക്കാൻ കഴിയും. ഇവിടെയാണ് സഹകരണ ബാങ്കുകളുടെ പ്രസക്തി ബോധ്യമാകുന്നത്.

നാളിതുവരെയുള്ള പദ്ധതിനടത്തിപ്പ് രീതിയുടെ ഫലമായി ടെണ്ടർ രൂപത്തിലും നോമിനിരൂപത്തിലും ഫണ്ടുകൾ വിനിയോഗിക്കുമ്പോൾ അതിന്റെ നല്ലൊരു ഭാഗം ചോർന്നു പോകുന്ന അവസ്ഥ നിലനിൽക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള വിമുഖത.
2. കോൺട്രാക്ടർമാരും മറ്റ് ഇടനിലക്കാരും തട്ടിയെടുക്കുന്ന വിഭവം.
3. വിവിധ ഡിപ്പാർട്ടുമെന്റുകൾ അതാതിന്റെ പദ്ധതികൾ പരസ്പരം ആലോചിച്ച് നടപ്പിലാക്കാതിരുന്ന തുമൂലമുണ്ടാകുന്ന അനാവശ്യചെലവുകളും ആവർത്തനചെലവുകളും ദുർവ്യയങ്ങളും
4. പ്രദേശത്തിന്റെ ആവശ്യകത മനസ്സിലാക്കാതെ അടിച്ചേൽപ്പിക്കപ്പെടുന്ന പദ്ധതികൾ.
5. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭിക്കാനുള്ള തടസ്സങ്ങൾ.
6. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം മൂലമുണ്ടാകുന്ന നഷ്ടം.
7. സന്നദ്ധപ്രവർത്തനങ്ങളിലെ താല്പര്യക്കുറവ്.
8. നടപ്പിലാക്കുന്ന പദ്ധതികളുടെ വ്യക്തതയില്ലായ്മ ധനവ്യയം വർധിപ്പിക്കുന്നു.
9. ലഭ്യമായ നികുതികൾ ഫലപ്രദമായി പിരിച്ചെടുക്കാൻ കഴിയായ്ക.

സാധ്യതകൾ

1. നികുതി ഘടനയിൽ മാറ്റം വരുത്തിക്കൊണ്ട് നികുതിപിരുവ് കാര്യക്ഷമമാക്കുക.
2. പുതിയതായിനൽകപ്പെടുന്ന സേവനങ്ങൾക്ക് മിതമായ തോതിൽ ഫീസ് ഏർപ്പെടുത്തുക.
3. അനധികൃതമായി നടത്തപ്പെടുന്ന ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾ കണ്ടുപി ടിച്ച് ആവശ്യമായ ഫീസ് ഈടാക്കാൻ വേണ്ട നടപടികൾ ശക്തമാക്കുക.
4. പഞ്ചായത്ത് നിയമം അനുമതി നൽകുന്ന പുതിയനികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തുക.
5. ബാങ്കുകൾ മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കൂടുതൽ ധനസഹായം സ്വീകരി ക്കാൻ ആവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കുക.
6. പഞ്ചായത്ത് തലത്തിൽ സ്കീമുകൾ തയ്യാറാക്കി വികസനപ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സമ്പാദ്യപദ്ധതിയിലൂടെ ഗ്രാമത്തിലെ ജനങ്ങളിൽ നിന്നും സമാഹരിക്കുക.
7. നികുതി ഭാഗമായി സർക്കാരിൽനിന്ന് ലഭിക്കേണ്ട പഞ്ചായത്ത് വിഹിതം സമയാസമയങ്ങളിൽ ലഭ്യ മാക്കുക.
8. തരിശായികിടക്കുന്ന കൃഷിയിടങ്ങളിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കർമ്മസേനകളെ സംഘടി പ്പിച്ചുകൊണ്ട് കൃഷിനടത്തി ലഭിക്കുന്ന ഉല്പാദനത്തിലൂടെ വിഭവം സമാഹരിക്കുക.
9. തെങ്ങിൻ തോപ്പുകളിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിച്ച് പച്ചക്കറി ഉല്പാദനം ഉൾപ്പടെ വർദ്ധിപ്പിച്ച് അതിലൂടെ ലഭ്യമാകുന്ന വിഭവം ഉപയുക്തമാക്കുക.
10. നിർമ്മാണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി പദ്ധതികളുടെ പൂർത്തീകരണം നടപ്പി ലാക്കുക.

പഞ്ചായത്തിന്റെ ചിലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
1	2
ഭരണം	1352738
പൊതുമരാമത്ത്	941527
വിദ്യാഭ്യാസം	10480
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	245468
തെരുവു വിളക്കുകൾ കത്തിക്കുന്നത്	332593
മറ്റുള്ളവ	147200
ആകെ	3030006

	പൊതുകണക്ക്	മൂലധന കണക്ക്	കടംസംബന്ധിച്ച കണക്ക്
1	2	3	4
വരവ്	3994581	-	-
ചെലവ്	3030006	-	-

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചെലവ്		
		ഗ്രാന്റ് തുക	പഞ്ചാ. ഫണ്ട്	ആകെ
1	2	3	4	5
നോഡ് തോട്	434357	94380	310238	405618
കെട്ടിടം	58000		48300	48300
നടപ്പാലം				
മറ്റുള്ളവ	381040		303133	303133
ആകെ	845437	95380	661869	757049

അവലംബം:- പഞ്ചായത്ത് രേഖ

22-12-'96-ൽ നടന്ന

കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ

വികസന സെമിനാറിൽ വന്ന നിർദ്ദേശങ്ങൾ

വികസന റിപ്പോർട്ടിന്റെ അനുബന്ധമായി ചേർക്കുന്നു.

ജനറൽ

1) പേജ് 2 പഠനപര്യടനത്തിൽ പങ്കെടുത്തവരുടെ കൂട്ടത്തിൽ കൃഷിവേൻ ഉദ്യോഗസ്ഥന്മാരായ
1) അജികുമാർ 2) പുഷ്പരാജൻ എന്നിവരെ കൂടി ചേർക്കണം.

2) പേജ് 11 2–ാം ഖണ്ഡികയിൽ ''സംസ്ഥാനത്തെ നാല് ഡിവിഷനുകളായി'' എന്നത് മാറ്റി സംസ്ഥാനത്തെ മൂന്ന് ഡിവിഷനുകളായി എന്നാക്കണം.

3) പേജ് 14 3–ാം ഖണ്ഡിക തിരുത്തു
''പ്രജാസഭയിലേയും സക്കാർ സർവ്വീസിലേയും അവഗണക്കെതിരെ ശബ്ദമുയർത്തിയവരിൽ ഏറ്റവും കൂടുതൽ പീഡനം അനുഭവിച്ച ധീരദേശാഭിമാനികളാണ് രാമകൃഷ്ണദാസ്, രാമചന്ദ്രദാസ് Ex. M L A എന്നിവർ.

പേജ് 14 സാമൂഹ്യസാംസ്ക്കാരിക നായകന്മാരുടെ കൂട്ടത്തിൽ താഴെ പറയുന്നവരെ കൂടി ഉൾപ്പെടുത്തണം

1) പാരമ്പര്യ കലാരംഗത്ത് ശോഭിച്ചിരുന്നവർ
(a) പട: തെക്ക് കൊച്ചുവീട്ടിൽ കുട്ടിയമ്മ
(b) മരു: വടക്ക് 8–ാംവാർഡിലെ രാഘവൻ

2) സാമൂഹ്യ വ്യാവസായിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ
(a) എൽ. കെ. സ്വാമി (b) പരപ്പാടി കേശവൻ

3) കായികരംഗത്തു് ശോഭിച്ചിട്ടുള്ള കെ. എൽ. വരാഹൻ

4) കലാ, നാടക, ചിത്രരചന രംഗത്തെ എൻ. രാജേന്ദ്രൻ

5) നാടകനടനും അഭിനേതാവുമായ (a) ജി. ജനാർദ്ദനക്കുറുപ്പ് (b) ആർ. ഗോപാലകൃഷ്ണൻനായർ

6) രാഷ്ട്രീയ രംഗംപോലെ തന്നെ ഗ്രന്ഥശാലാരംഗത്തും ശോഭിച്ചിരുന്ന പനയറ എം., മുഹമ്മദുകുഞ്ഞ്

7) സാഹിത്യകാരന്മാരായ (a) പന്നിശ്ശേരിൽ ശ്രീനിവാസക്കുറുപ്പ്
(b) കെ. എൻ. പോറ്റി വെള്ളിമന

8) നിയമ പുസ്തകങ്ങളും രചിച്ച വി. കൃഷ്ണസ്വാമി

9) സഹകരണനിയമത്തിന്റെ ഗ്രന്ഥങ്ങളും രചിച്ച ഒട്ടത്തിൽ എൻ. ഐ. കരീം

10 ഗ്രന്ഥശാലാരംഗത്തു് ദേശീയ തലത്തിൽ ശോഭിച്ച പ്രൊ: വല്ലാടൻ മൈതീൻകുഞ്ഞു്

11 സാമൂഹ്യ രാഷ്ട്രീയരംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ച പഞ്ചായത്തിന്റെ ആദ്യപ്രസിഡന്റ് ശ്രീ. വി. എസ്. ഗോപാലൻ

4) പേജ് 15 പഞ്ചായത്തു് ഭരണചരിത്രത്തിൽ ആദ്യഖണ്ഡികയിലെ ആലക്കോട്ട് മാറ്റി ആലപ്പാട്ട് എന്നാക്കണം.

5) പേജ് 16 1979–84 വരെയുള്ള ഭരണസമിതി അംഗങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതു്
മാവലശ്ശേരി കുട്ടൻ,
എം. വി. കോയാക്കുഞ്ഞ് മാറ്റി മുമ്പത്തു് എം. വി. കോയാക്കുഞ്ഞു് എന്നാക്കണം.

6) പേജ് 52 ആലപ്പാടൻ കയറിന്റെ പ്രധാന വിപണനകേന്ദ്രങ്ങളിൽ 'തുറയിൽകുന്നു്' കൂടിച്ചേർക്കണം

7) പേജ് 54 നിർദ്ദേശം 1 ''പ്രാദേശികമായ ആവശ്യകത അനുസരിച്ചു് വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും സ്ഥാപിക്കുക'' എന്നു് മാറ്റണം
നിർദ്ദേശം 6 ''ഓരോ വാർഡിലും'' എന്നുള്ളതു് ''വാർഡുകളും കേന്ദ്രീകരിച്ചു്'' എന്നാക്കണം
നിർദ്ദേശം 12 ''കയർ വ്യവസായവുമായി ബന്ധപ്പെട്ടുള്ള മലിനീകരണം ഒഴിവാക്കും വിധം തൊഴിൽ നഷ്ടപ്പെടാത്തരീതിയിൽ ആധുനികവൽക്കരിക്കണം'' എന്നു് മാറ്റണം
നിർദ്ദേശം 14 ''ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ പരിശീലിപ്പിച്ചുകൊണ്ടു് കയർ ഉല്പന്നങ്ങളും ഉണ്ടാക്കുവാനുള്ള യൂണിറ്റുകളും സ്ഥാപിക്കുക'' എന്നു് മാറ്റണം

കൃഷിയും ജലസേചനവും

വിഷയ വിശകലനത്തിൽ (പേജ് 27, ഖണ്ഡിക 2) പാഠങ്ങളുടെ പട്ടികയിൽ ''ഉപ്പുട്ടിൽപാടം, പോക്കാട്ട പാടം'' എന്നിവ കൂടി ഉൾപ്പെടുത്തണം.

നിർദ്ദേശങ്ങൾ

1 വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ, എന്നിവ പുരയിടങ്ങളിൽ ഇടവിളകൃഷികളായി ചെയ്യുവാൻ കർഷരെ പ്രോത്സാഹിപ്പിക്കുക.

2 വിളവുമത്സരങ്ങൾ ഏർപ്പെടുത്തുക

3 70 വയസ്സ് കഴിഞ്ഞ കർഷകത്തൊഴിലാളികളെ ആദരിക്കുക

4 തെങ്ങുകയറ്റത്തൊഴിലാളികൾക്ക് കീട നിയന്ത്രണ പരിശീലനം നൽകുകയും യൂണിഫോം നൽകുകയും ചെയ്യുക.

5 കർഷക ടൂർ സംഘടിപ്പിക്കുക.

6 വാർഡുതലത്തിൽ കാർഷിക വിജ്ഞാനകേന്ദ്രം തുടങ്ങുക

7 ഇറിഗേഷൻ സൗകര്യത്തിന് വൈദ്യുതിലഭ്യമാക്കുക

8 സംഭരണ വിതരണകേന്ദ്രങ്ങൾ രൂപീകരിക്കുന്നതിൽ കൃഷിക്കാർക്ക് പങ്കാളിത്വം നൽകുക

9 കാർഷിക വായ്പയുടെ പലിശനിരക്ക് 4 % ആയി കുറക്കുക (ബാങ്ക് ബോർഡിലേതുപോലെ)

10 കാർഷിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക

11 എള്ളുകൃഷിയ്ക്ക് പ്രോത്സാഹനം നൽകുക.

12 ആശുപത്രികളിൽ കർഷകത്തൊഴിലാളികൾക്ക് ഒരു പ്രത്യേക വാർഡ് ഏർപ്പെടുത്തുക.

13 പാടങ്ങളിൽ കൃഷിക്കാർക്ക് സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിന് സൗകര്യപ്രദമായ പാതകൾ നിർമ്മിക്കുക.

14 മലക്കറി കച്ചവടകർ വീടുകളിൽ എത്തിക്കുവാൻ സംവിധാനം ഏർപ്പെടുത്തുക

15 കരുനാഗപ്പള്ളി പെടോൾ പമ്പിന് വടക്കുവശം കൂടി ഓട നിർമ്മിക്കുക.

16 മുണ്ടകൻ നിലങ്ങളിൽ മൽസ്യകൃഷി നടത്തുക.

17 തരിശു നിലങ്ങളിൽ കൃഷിചെയ്യുന്നതിന് കർഷകരെ പ്രേരിപ്പിക്കുക.

18 പഞ്ചായത്തുതലത്തിൽ ഒരു കൊയ്ത്ത് യന്ത്രം വാങ്ങി കർഷകർക്ക് സൗജന്യ നിരക്കിൽ വാടകയ്ക്ക് നൽകുക.

19 കോഴിക്കോട് ഉപ്പുട്ടികടവ് പാടം കൂടി ഉൾപ്പെടുത്തണം.

മൃഗസംരക്ഷണം–മൽസ്യബന്ധനം

മൃഗസംരക്ഷണം

നിർദ്ദേശങ്ങൾ

1 ആധുനിക രീതിയിലുള്ള ഒരു അറവുശാല ഉണ്ടാകണം,

2 പോഷിഷ നിർമ്മാർജ്ജന പരിപാടി ഏർപ്പെടുത്തുക.

3 താറാവ് കൃഷിയുടെ വികസനവും പ്രതിരോധകുത്തിവയ്പും ഏർപ്പെടുത്തുക.

4 കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ ആടുവളർത്തൽ പ്രോൽസാഹിപ്പിക്കുക.

5 ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുക

6 നല്ലയിനം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ എല്ലാവീടുകളിലും ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തുക.

7 13, 14, 6 എന്നീ വാർഡുകൾ ഉൾപ്പെടുത്തി 13–ാം വാർഡിൽ മൃഗാശുപത്രി സ്ഥാപിക്കുക.

8 ഓരോ വാർഡിലും ഏറ്റവും പാവപ്പെട്ട 5 കുടുംബങ്ങൾക്ക് സൗജന്യമായി പശുവിനെ കൊടുക്കുക.

9 കോഴിവസന്തയ്ക്ക് എതിരേയുള്ള കുത്തിവയ്പ് വിപുലീകരിക്കുക

10 വഴിയോര അനധികൃത കോഴിവില്പന നിർത്തലാക്കുക

11 മുട്ട സംഭരണ കേന്ദ്രങ്ങൾ ഏർപ്പെടുത്തുക.

12 മുയൽ വളർത്തൽ പ്രോൽസാഹിപ്പിക്കുക,

13 മൃഗാശുപത്രിയിൽ ടെലിഫോൺ സംവിധാനം ഏർപ്പെടുത്തുക.

14 കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം ഏർപ്പെടുത്തുക.

15 ബന്ദ് ദിവസങ്ങളിൽ പാൽ വിപണനത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക

16 കാലിത്തീറ്റ, ധാതുലവണമിശ്രിതം, മീനെണ്ണ ഇവ സബ്സിഡി ഏർപ്പെടുത്തി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക

17 പാൽ ഉല്പന്ന യൂണിറ്റുകൾ തുടങ്ങുക

18 കന്നുകാലിപ്രദർശനം സംഘടിപ്പിക്കുക

19 കന്നുകുട്ടി പരിപാലന പദ്ധതി പഞ്ചായത്തിൽ സാർവ്വത്രികമാക്കുക

മൽസ്യ ബന്ധനം

നിർദ്ദേശങ്ങൾ

1 വട്ടക്കായലിൽ ബണ്ടുകെട്ടി വേതിരിച്ച് മൽസ്യകൃഷിഫാമുകൾ ഉണ്ടാക്കുക.

2 എസ്. വി. മാർക്കറ്റിന്റെ വടക്കുവശം കോഴിക്കോട്, തുറയിൽകുന്ന് (12–ാംവാർഡിന്റെ പടിഞ്ഞാറു ഭാഗം) ആലുംകടവിന്റെ വടക്കുവശം എന്നിവിടങ്ങളിലുള്ള മുണ്ടകനിലങ്ങളിൽ മൽസ്യകൃഷി ഏർപ്പെടുത്തുക.

3 പഞ്ചായത്തു കേന്ദ്രീകരിച്ച് ഒരു ഹാച്ചറിയും സീഡ്കേന്ദ്രവും ഏർപ്പെടുത്തുക.

4 പുറമ്പോക്ക് കായലുകൾ വലകൾ ഇട്ട് കേന്ദ്രീകരിച്ച് കരിമീൻ, സിലോപ്പിയ, മുരിങ്ങ എന്നിവ ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യുക.

5 മൽസ്യകൃഷി ചെയ്യുന്നതിന് വിദഗ്ദ്ധോപദേശം ലഭ്യമാക്കുക.

6 വനിതകൾക്ക് വലനിർമ്മാണകേന്ദ്രം ഏർപ്പെടുത്തുക.

7 മൂന്ന്, അഞ്ച് എന്നീ വാർഡിന്റെ കിഴക്കുഭാഗം ബണ്ടുകെട്ടി വേർതിരിച്ച് മൽസ്യകൃഷിക്ക് അനുയോജ്യമാക്കുക.

8 മൽസ്യമാർക്കറ്റിൽ വളരെ പഴകിയ മൽസ്യം വിപണനം നടത്തുന്നത് തടയുക.

9 മൽസ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ന്യായമായ വിലയ്ക്ക് നൽകുന്നതിനുംവേണ്ടി പഞ്ചായത്തു തലത്തിൽ കോൾഡ് സ്റ്റോറേജ് ഏർപ്പെടുത്തുക.

വിദ്യാഭ്യാസം

നിർദ്ദേശങ്ങൾ

1 മലയാളം മീഡിയം സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുകയും രക്ഷകർത്താക്കൾക്ക് അതിനനുസൃതമായി ബോധവൽക്കരണം നൽകിയും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള കുട്ടികളുടെ പ്രവാഹം തടയുക.

2 ആവശ്യമുള്ള എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം ലഭ്യമാകത്തക്കവിധത്തിലുള്ള നടപടികൾ ഉണ്ടാകുക. (ഇപ്പോൾ ആവശ്യമുള്ള കുട്ടികളുടെ 50 ശതമാനത്തിന് മാത്രമേ ലഭ്യമാകുന്നുള്ളൂ)

3 ഗവൺമെൻറ് H. S. S ലെ U. P. വിഭാഗം, U P. G. S–ലേയ്ക്കും U.P.G. S–ലെ L. P വിഭാഗം ഗവൺ L. P. S–ലേക്കും മാറ്റുക.

4 പ്രീ–പ്രൈമറി അദ്ധ്യാപക പരിശീലനകേന്ദ്രം പഞ്ചായത്തിന്റെ ചുമതലയിൽ ആരംഭിക്കുക

5 പ്രീ–പ്രൈമറി വിദ്യാഭ്യാസമേഖലയിൽ വേണ്ടിവരുന്ന അദ്ധ്യാപകരെ പഞ്ചായത്തിൽനിന്നും കണ്ടെത്തുക

6 കുടിപ്പള്ളിക്കൂടങ്ങളിലെ ആശാന്മാരേയും ആശാട്ടിമാരേയും നിലനിർത്തികൊണ്ടുവേണം പ്രീ–പ്രൈമറി വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കേണ്ടത്

7 സ്ത്രീ കുട്ടികൾക്ക് യൂണിഫോം നിർബന്ധിതമാക്കുകയും ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക അവ സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക

8 സ്കൂളുകളിലെ ലബോറട്ടറി, ലൈബ്രറി എന്നിവ പ്രവർത്തനക്ഷമമാക്കുക

9 കൊഴിഞ്ഞുപോകുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്തുക

10 തൊഴിൽ മേഖലകളുമായി ബന്ധപ്പെടുത്തി അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം നടത്തുക

11 തൊഴിൽ അധിഷ്ഠിത കോഴ്സുകൾ–തൊഴിൽലഭ്യമാകത്തക്കവിധത്തിലും തുടർവിദ്യാഭ്യാസം ലഭ്യമാകത്തക്കവിധത്തിലും പുനഃക്രമീകരണം നടത്തുക

12 സെക്കൻററിതലംമുതൽ ദേശീയ ഭാഷാ പഠനത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള പാഠ്യപദ്ധതി സംസ്ഥാന തലത്തിൽ രൂപീകരിക്കുക

13 കുടുംബവികസനത്തിനു് ആവശ്യമായ എല്ലാവിവരങ്ങളും ഉൾക്കൊള്ളുന്ന ഒരു ഗൈഡ്ബുക്ക് പ്രസിദ്ധീകരിച്ച് എല്ലാ വീടുകളിലും ലഭ്യമാകത്തക്കവിധത്തിൽ വിതരണം ചെയ്യുക

14 ഗവ: ഹയർ സെക്കൻററി സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ഗവ: അനുവദിച്ചിട്ടുള്ള ഫണ്ട് പെട്ടെന്ന് ലഭ്യമാക്കി കെട്ടിടം പൂർത്തീകരിക്കുക

15 ഗവ: ഹയർ സെക്കൻററി സ്കൂളിന്റെ പുറകുവശത്തുള്ള കുളം നികത്തി കളിസ്ഥലം നിർമ്മിക്കുക

പൊതുജനാരോഗ്യം – കുടിവെള്ളം

വിഷയ റിപ്പോർട്ടിൽ വരുത്തേണ്ട ഭേദഗതി

പേജ് 48–ൽ രണ്ടാംഖണ്ഡികയിൽ (1) ഓരിന്റെ അംശമുള്ള ജലം എല്ലാ വാർഡുകളിലും കാണപ്പെടുന്നുണ്ടെന്നു് വേണം. (2) 'ആലുംകടവിലും കരിപ്പുഴയിലും' എന്നതുമാറ്റി 'ആലുംകടവിലും കോഴിക്കോട്ടും' എന്നാക്കി മാറ്റണം.

പ്രശ്നങ്ങൾ

1 ഉഷ്ണകാലത്തും മഴക്കാലത്തും വൈറസുരോഗങ്ങളും ഉണ്ടാകുന്നു
2 മലേറിയ, കോളറ തുടങ്ങിയ രോഗങ്ങളുടെ തിരിച്ചുവരവു്
3 പൊതുസ്ഥലങ്ങളിലെ പുകവലി
4 പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം
5 ഹോട്ടലുകളിൽ പഴകിയ ഭക്ഷണസാധനങ്ങളും വിൽക്കുന്നു
6 അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം

നിർദ്ദേശങ്ങൾ

1 കരുനാഗപ്പള്ളിയിൽ I. C. D. C. പ്രോജക്ട് നടപ്പിലാക്കണം
2 ആരോഗ്യ സംരക്ഷണത്തിനുള്ള ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക
3 മാലിന്യത്തിന്റെ ഉല്പാദനകാരണക്കാരിൽ നിന്നും തുക ഈടാക്കി മാലിന്യങ്ങളും നീക്കംചെയ്യുക
4 ഹോമിയോ ചികിത്സാരീതികളെപ്പറ്റിയുള്ള ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുക
5 ആരോഗ്യത്തെപ്പറ്റിയുള്ള സെമിനാറുകളും, സന്നദ്ധസംഘടനകളെക്കൂടി ഉൾപ്പെടുത്തി സ്കൂളുകളിൽ സംഘടിപ്പിക്കുക
6 മാലിന്യനിർമ്മാർജ്ജന സൗകര്യം ഏർപ്പെടുത്തുന്ന കടകൾക്ക് മാത്രം ലൈസൻസ് കൊടുക്കുക
7 വഴിയോരങ്ങളിലുള്ള മത്സ്യ–മാംസ വിപണനം നിർത്തലാക്കുക
8 ശുചീകരണപ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും യഥാസമയം ശുചീകരണ പ്രവർത്തനം നടത്തുകയും ചെയ്യുക
9 മാനസിക സംഘർഷം ലഘൂകരിക്കുന്നതിനുള്ള പരിശീലനം കൊടുക്കുക
10 പൊതു ശ്മശാനത്തിന്റെ പ്രവർത്തനം തുടങ്ങുകയും ശ്മശാനത്തിലേക്ക് ശവശരീരങ്ങളും കൊണ്ടുപോകുന്നതിനു് വാഹനം വാങ്ങുകയും ചെയ്യുക
11 സ്റ്റേഡിയം വേണം
12 അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക
13 കരുനാഗപ്പള്ളി പഞ്ചായത്തിൽ 12–ാം വാർഡിൽ വളാലിൽ പടിഞ്ഞാറുവശം പഞ്ചായത്തുവക പുറംപോക്കു് ചാലുനികത്തി ആയുർവേദാശുപത്രിയും വായനശാലയും നിർമ്മിക്കുക

വ്യവസായം

നിർദ്ദേശങ്ങൾ

1 തകർച്ചയെ നേരിടുന്ന വ്യവസായങ്ങളെ നിലനിർത്താനും പോഷിപ്പിക്കാനും സഹായകമായവിധം നടപടികളും സ്വീകരിക്കുന്നതിനു് അടിയന്തിര പ്രാധാന്യം നൽകണം

2 പഞ്ചായത്തിലെ പ്രധാന കാർഷികഉല്പന്നമായ നാളീകേരത്തെ കേന്ദ്രീകരിച്ചുള്ള സമഗ്ര കേരസംസ്ക്കരണ യൂണിറ്റുകളും സ്ഥാപിക്കണം

3 പട്ടുനൂൽപുഴു കൃഷി പുനർജീവിപ്പിച്ചു് പട്ടുനൂൽവ്യവസായ യൂണിറ്റുകളും സ്ഥാപിക്കണം

4 മുല്ലപ്പൂകൃഷിയെ വ്യാവസായികാടിസ്ഥാനത്തിൽ പോഷിപ്പിച്ചു് ഉല്പന്നം സംഭരിച്ചു് വിപണനം ചെയ്യാൻ നടപടിയുണ്ടാകണം

5 ബീഡി വ്യവസായ യൂണിറ്റുകൾക്കു് സാദ്ധ്യതയുണ്ടു്, അതു് സഹകരണമേഖലയിൽ തുടങ്ങാൻ നടപടി വേണം

6 പാഴ്വസ്തുക്കളും സംസ്ക്കരിച്ചു പുത്തൻ ഉല്പന്നങ്ങളും ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റുകളും ആരംഭിക്കണം

വ്യവസായ വകുപ്പു് നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ

1 മാർജിൻ മണി വായ്പ

2 മൂലധനനിക്ഷേപ സബ്സിഡി

3 വില്പനനികുതി ഒഴിവാക്കൽ

4 നികുതി നിരക്കിലുള്ള സൗജന്യം

5 വനിതാ വ്യവസായ പദ്ധതികളും

6 പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കു് പലിശരഹിതവായ്പ

7 റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം

8 പീഡിതവ്യവസായങ്ങളുടെ പുനരുദ്ധാരണം

9 പ്രധാനമന്ത്രിയുടെ തൊഴിൽദാനപദ്ധതി

10 സഹകരണമേഖലയ്ക്കും കരകൗശലരംഗത്തും ഒട്ടേറെ ആനുകൂല്യങ്ങളോടുകൂടിയ പദ്ധതികളും

നിലവിലുള്ള ചെറുകിട വ്യവസായങ്ങളുടെ ഇനം തിരിച്ചുള്ള വിവരം

ക്രമ നമ്പർ	ഇനം	യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം	
			പുരുഷൻ	സ്ത്രീ
1	ചുട്ടുകട്ടനിർമ്മാണം	5	54	16
2	റെഡിമെയ്ഡ് വസ്ത്രനിർമ്മാണം	16	4	42
3	ജനറൽ എൻജിനീയറിംഗ്	3	8	—
4	തടി അടിസ്ഥാനമാക്കിയുള്ള വ്യവസായം	4	17	—
5	കംപ്യൂട്ടർ പ്രോഗ്രാമിംഗ് യൂണിറ്റ്	1	2	—
6	ഹൽവാ നിർമ്മാണ യൂണിറ്റ്	2	7	—
7	പ്ലാസ്റ്റിക് വ്യവസായം	1	6	—
8	പ്രിൻറിംഗ്	4	6	4
9	പൊടിപ്പ് മിൽ	2	4	2
10	ഹോളോബ്രിക്സ്	3	12	5

അവലംബം വ്യവസായ വകുപ്പ്

ഗതാഗതം

14–ാം വാർഡ്

ടാറിംഗ്

1) കുറിച്ചിയിൽ ജംഗ്ഷനിൽനിന്നും തെക്കോട്ട് കണ്ണാട്ടിൻതറ ജംഗ്ഷൻവരെ 1 കിലോമീറ്റർ നീളം. 16 അടി വീതി. ഇപ്പോഴും ഗ്രാവൽറോഡാണ്. പതിയിൽ ഹരിജൻകോളനി ഈ റോഡിന്റെ സൈഡിൽ സ്ഥിതിചെയ്യുന്നുണ്ട്. 50 % പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഈ റോഡിന്റെ ഉസെഡുകളിൽ താമസിക്കുന്നു. കൂടാതെ മറ്റു പ്രദേശവാസികളും നിത്യേന ഉപയോഗിക്കുന്ന റോഡുകൂടിയാണ്.
2) മുണ്ടപ്പള്ളി ജംഗ്ഷനിൽനിന്നും കൂട്ടുക്കരകടവുവരെ 1 കിലോമീറ്റർ. വീതി 16 അടി. ഇപ്പോഴും ഗ്രാവൽ ആണ്. ഈ റോഡ് മുത്തേടത്തുകാവ് ഐ.എച്ച്. സി. കോളനിയുടെ ഒരു പ്രധാനറോഡാണ്. ഏതാണ്ട് 500 വീട്ടുകാർ ഈ റോഡിന്റെ സൈഡിൽ താമസിക്കുന്നു.
3) കൊറ്റിനാട്ടുശേരി ആലിന്റെ അടുത്തുനിന്നും തെക്കോട്ട് കായിക്കര കടവുവരെ 1 കിലോമീറ്റർ. വീതി 16 അടി. ഇവിടേയും 500–ൽ അധികം വീട്ടുകാർ ഉണ്ട്.

ഗ്രാവൽ ചെയ്യേണ്ട റോഡുകൾ

1) പള്ളിയുടെ ജംഗ്ഷനിൽനിന്നും കണ്ണേത്തുചിറക്കാലയിൽ ജംഗ്ഷൻവരേയും, പോച്ചയിൽനിന്ന് സൂര്യൻപറമ്പിൽ കടവുവരെ 900 മീറ്റർ പുതിയതായി വെട്ടിയ റോഡ്. ധാരാളം വീട്ടുകാർ ഉപയോഗിക്കുന്ന റോഡ് 14 അടി വീതി.
2) പള്ളിയുടെ കിഴക്കുവശത്തുനിന്നും, തെക്കോട്ട് തറയിൽവടക്കതിൽ ജംഗ്ഷൻവരെ 800 മീറ്റർ നീളവും 14 അടി വീതിയും. ഈ റോഡിന്റെ മദ്ധ്യഭാഗത്തു പഞ്ചായത്തുവക ഒരു കുളം ഉണ്ട്, കുളത്തിന്റെ പേരു് പാണയേത്തുചാൽ. ഇവിടെ ഇരുപതോളം പട്ടികജാതി കുടുംബങ്ങളും ഉണ്ട്. മറ്റാളുകളും ഏതാണ്ട് 250–ഓളം വീട്ടുകാർ വരും.

ഗ്രാവൽ ഇടേണ്ട ചെറിയ ഇടറോഡുകൾ

1) ശാസ്താംനട ജംഗ്ഷനിൽനിന്നും വെള്ളായണിപാടം വരെ 600 മീറ്റർ. വീതി 12 അടി.
2) അടീക്കലത്തു് ജംഗ്ഷനിൽനിന്നും കിഴക്കോട്ട് വരമ്പേൽ ജംഗ്ഷൻവരെ 10 അടി വീതി. നീളം 500 മീറ്റർ
3) കളത്തിൽകിഴക്കതിൽ ജംഗ്ഷനിൽനിന്നും കരിഞ്ഞാട്ടിൽകിഴക്കേ തോട്ടവരെ 400 മീറ്റർ നീളവും 12 അടി വീതിയും ഉണ്ട്.
4) കണ്ണേത്തുമുക്കിൽനിന്നും പനക്കളങ്ങര ജംഗ്ഷൻവരെ നീളം 400 മീറ്റർ. വീതി 12 അടിയും ഉണ്ട്.
5) കൊറ്റുകുളങ്ങര ജംഗ്ഷനിൽനിന്നും വാറണത്തുമുക്കുവരെ നീളം 200 മീറ്റർ, വീതി 14 അടിയും ഉണ്ട്.
6) വാത്തിശേരി മുക്കിൽനിന്നും മാവലശേരി മുക്കുവരെ 400 മീറ്റർ നീളവും 12 അടി വീതിയും
7) ആലപ്പുഴ ജംഗ്ഷനിൽനിന്നും ഇലംപ്പാവിൽ ജംഗ്ഷൻവരെ നീളം 400 മീറ്റർ. വീതി 10 അടി

ഊർജ്ജം, ഗതാഗതം, മാർക്കറ്റ്.

വൈദ്യുതി എത്താത്ത സ്ഥലങ്ങൾ:-

വാർഡ് 1. കരോട്ടുംകര ജംഗ്ഷൻ മുതൽ പൊട്ടൻറയ്യത്തു് ജംഗ്ഷൻവരെ പുതിയതായി ലൈൻ വലിച്ചു് ലൈറ്റുകൾ സ്ഥാപിക്കണം.

വാർഡ് 5. മനശേരി പടിഞ്ഞാറുവശം മുതൽ വടക്കോട്ടു് കുറിക്കളങ്ങര കിഴക്കുവശമുള്ള പാലംവരെ.

വാർഡ് 6. അയണിവേലിക്കളങ്ങര വില്ലേജാഫീസിനു് കിഴക്കുവശം തെക്കോട്ടു്. കോളശേരി വീടിനു് തെക്കുവശംകൂടി കിഴക്കോട്ടു് കരിഞ്ഞട്ട ചിറവയ്യാട്ടുമുക്കുവരെ.

വാർഡ് 8. മരുതൂർക്കളങ്ങര ക്ഷേത്രത്തിനു് തെക്കുവശം കൊച്ചമ്പലം മുതൽ തെക്കോട്ടു് ഗവ: L P S വരെ. പഴവൂർ കോളനി മുതൽ മുക്കട തോട്ടുവരെ. ആലുംതറമുക്കിനു് പടിഞ്ഞാറു് കോട്ടവീട്ടിൽവീട്ടു് മുതൽ തെക്കോട്ടു് ചെട്ടിയാരുമഠത്തിനുതെക്കുവശംവരെ. ചക്കാലയിൽ തെക്കുവശംമുതൽ ആണോലിൽ ജംഗ്ഷൻവരെ.

വാർഡ് 9. നാട്ടന്നൂർവീടിനു് തെക്കുംവശം വൈദ്യുതി ഇല്ല.

വാർഡ് 11. വാഴേത്തു് ജംഗ്ഷൻ മുതൽ തെക്കോട്ടു് കളീലിൽ ജംഗ്ഷൻവരെ. വയനകത്തു് ജംഗ്ഷൻ മുതൽ കിഴക്കോട്ടു് പട്ടരു് ജംഗ്ഷൻ വരെ. അമ്പിതെക്കതിൽ ജംഗ്ഷൻ മുതൽ വടക്കോട്ടു് മുണ്ടമനയ്ക്കൽ ജംഗ്ഷൻ വരെ.

വാർഡ് 13. 1) പെമ്പിളക്കാവു് ജംഗ്ഷൻ മുതൽ പാവശേരിമുക്കുവരെ. 2) കോഴിക്കോട്ടു് മിൽമ ജംഗ്ഷൻ മുതൽ കിഴക്കോട്ടു് പെമ്പിളയുക്കാവു് ജംഗ്ഷൻ വരെ. 3) തുപ്പാശേരി ജംഗ്ഷൻ മുതൽ വടക്കോട്ടു് മറവനാൽ ജംഗ്ഷൻ വരെ. 4) ആനപ്പിട്ടിമുക്കു് മുതൽ വളാലികോളനി വരെ. 5) മനക്കിമുക്കു് മുതൽ വലിയതറമുക്കുവരെ. 6) അയനിക്കത്തറമുക്കു് മുതൽ തുരുത്തിമുക്കുവരെ. 7) പെല്ലുപുത്തുമുക്കു് മുതൽ പുളിമൂട്ടിമുക്കു് വരെ. 8) കോട്ടക്കുഴിമുക്കു് മുതൽ അറപ്പുറത്തുമുക്കു് വരെ.

വാർഡ് 14. മുണ്ടപ്പള്ളി ജംഗ്ഷൻ മുതൽ വട്ടക്കായൽ വരെ. കുറിച്ചി ജംഗ്ഷൻ മുതൽ തെക്കോട്ടു് കണ്ണാത്തറ ജംഗ്ഷൻ വരെ. S. V. മാർക്കറ്റ് മുതൽ തെക്കോട്ടു് പത്മനാഭൻ ജട്ടി വരെ. ആൽത്തറമുക്കു് മുതൽ ടാഗോർ ജംഗ്ഷൻ വട്ടക്കായൽ വരെ. സ്വകാര്യ വസ്തുവിൽകൂടിയുള്ള ലൈൻ പൊതുവഴിയിലേക്കു് മാറ്റി സ്ഥാപിക്കണം.

വാർഡ് 15. കൊല്ലൻറയ്യത്തുമുക്കു് മുതൽ തട്ടാരയ്യത്തു് തെക്കുവശം വരെ. തുണ്ടിമുക്കു് മുതൽ പെരുമനമുക്കു് വരെ. ആശാരിതെക്കേമുക്കു് മുതൽ വല്ലാട്ടിൻതെക്കേമുക്കു് വരെ.

വഴിവിളക്കു് ഇല്ലാത്ത സ്ഥലം.

വാർഡ് 1. കോടിയാട്ടു് ജംഗ്ഷൻ മുതൽ വാലയ്യത്തു് ജംഗ്ഷൻ വരെ. അറുപതിൽ ജംഗ്ഷൻ മുതൽ മാടൻകാവു് വരെ. പെട്ടവിളയിൽ കിഴക്കുവശത്തുള്ള ജംഗ്ഷനിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കണം. സിയാറത്തു പള്ളി (വടക്കേപള്ളി) മുതൽ കിഴക്കോട്ടുള്ള റോഡിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കണം. തിരുവാലി ജംഗ്ഷൻ മുതൽ തണ്ടാൻറയ്യത്തു് ജംഗ്ഷൻ വരെ ലൈറ്റ് സ്ഥാപിക്കണം.

വാർഡ് 3. K I P ജംഗ്ഷൻ മുതൽ കുന്നത്തു് ജംഗ്ഷൻ വരെ ലൈറ്റ് സ്ഥാപിക്കണം. വടക്കടത്തും ജംഗ്ഷൻ മുതൽ സി. എസ്. കടവു് വരെ. കുന്നത്തു് ജംഗ്ഷൻ മുതൽ റസ്റ്റ് ഹൗസ് വരെ. അലുവാമുക്കു് മുതൽ സി. എസ്. കടവു് വരെ.

വാർഡ് 4. പാലമൂട് ജംഗ്ഷൻ മുതൽ പിണറുംമൂട്ടിൽ ജംഗ്ഷൻ വരെ. തറയിൽ ജംഗ്ഷൻ മുതൽ മണ്ണൂർ ജംഗ്ഷൻ വരെ. കുന്നയ്യത്തു് ജംഗ്ഷൻ മുതൽ ഇടയിലെവീട് ജംഗ്ഷൻ വരെ. പമ്പുഹൗസിനു് കിഴക്കോട്ടും തെക്കടത്തു് ജംഗ്ഷൻ വരെ.

വാർഡ് 5. കെന്നഡി സ്ക്കൂളിന് കിഴക്കുവശം ഉപ്പൂട്ടിതെക്കെ പടിഞ്ഞാറുവശം വരെ അയണിവേലിക്കുളങ്ങര ജംഗ്ഷൻ മുതൽ കിഴക്കോട്ട് കൃഷ്ണൻനട ജംഗ്ഷൻ വരെ അലൂമിനിയംഫാക്ടറിക്ക് കിഴക്കോട്ടുള്ളറോഡ് പുത്തൻപുരജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് കടകശേരി വടക്കുവശം കിഴക്കോട്ട്.

വാർഡ് 6. കോഴിക്കോട് ഗവ: എൽ. പി. എസ് ജംഗ്ഷൻ മുതൽ കല്ലുംപുറത്ത് ജംഗ്ഷൻ വരെ അയണിവേലിക്കുളങ്ങര വില്ലേജ് ഓഫീസ് ജംഗ്ഷൻ മുതൽ ചിറക്കാട്ടുമുക്കുവരെ. പുത്തൻപുരജംഗ്ഷനു വടക്കുവശം പടിഞ്ഞാറോട്ട് വയലിൽ വരെ.

വാർഡ് 8. പറയന്റെ തെക്കതിൽ ജംഗ്ഷൻ മുതൽ മാമ്പോഴി ലക്ഷംവീടുവരെ പറയന്റെതെക്കതിൽ ജംഗ്ഷനിൽ ട്യൂബ്ലൈറ്റ്, മരുതൂർക്കുളങ്ങര ക്ഷേത്രത്തിനു വടക്കുവശം കന്നേൽ ജംഗ്ഷനിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കണം കവറാട്ടുകിഴക്കുവശം ചെന്നല്ലൂർ ജംഗ്ഷനിൽ ട്യൂബ്ലൈറ്റ്, മരുതൂർക്കുളങ്ങര ക്ഷേത്രത്തിനു തെക്കുവശം മുതൽ താലൂക്ക് ഹോമിയോ ആശുപത്രിവരെ.

വാർഡ് 9. കാവിൽമുക്കുമുതൽ കുറ്റിത്തറമുക്കുവരെ. കല്ലിക്കാട്ടു മുക്കുമുതൽ വെട്ടുകാട്ടുമുക്കുവരെ. കായക്കാട്ട്ജംഗ്ഷൻ മുതൽ തെക്കോട്ട് പുലത്ത ജംഗ്ഷൻ വരെ. ചാലിതെക്കതിൽ മുക്കു മുതൽ മണ്ണേൽ കടവ് വരെ കായിക്കാട്ടു മുക്കുമുതൽ ആക്കനാട്ടുമുക്കുവരെ മാനാംപുഴ കിഴക്കുവശം മുതൽ വടക്ക് കുറശ്ശേരി പുരയിടംവരെ ചാത്തൻപയ്യ ജംഗ്ഷൻ മുതൽ പടിഞ്ഞാറ് നാട്ടന്നൂർ കിഴക്കുവശം വരെ.

വാർഡ് 10. ചന്തമുറി മുക്കു മുതൽ തെക്ക് നെടുവെള്ളയിൽ ജംഗ്ഷൻ വരെ. കുറ്റിതെക്കെ ജംഗ്ഷനിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

വാർഡ് 12. മിൽമാ മുക്ക്മുതൽ തെക്കോട്ട് തീപ്പെട്ടി ജംഗ്ഷനിൽ ട്യൂബ്ലൈറ്റ് സ്ഥാപിക്കണം. ഊട്ടുതറ ജംഗ്ഷൻ മുതൽ പടിഞ്ഞാറ് വളാലിൽ ജംഗ്ഷൻ വരെ.
വേരോളിൽ പടിഞ്ഞാറുവശം മുതൽ കാവനാട് ലക്ഷംവീടുവരെ. മിൽമാമുക്കിനു പടിഞ്ഞാറുവശം ഓടപ്പുറത്ത് ട്യൂബ്ലൈറ്റ് നിർമ്മിക്കണം.

വാർഡ് 13. പോക്കാട്ടുമുക്കുമുതൽ S. V. മാർക്കറ്റ് വരെ ട്യൂബ്ലൈറ്റ്. കരേശേരിമുക്ക്, മിൽമാമുക്ക്, പണിക്കർകടവ്, വളാലിക്കോളനി, വലിയതറമുക്ക്.

വാർഡ് 14. A K G ജംഗ്ഷൻ മുതൽ കണ്ണാത്തറ ജംഗ്ഷൻവരെ. ശാസ്താംനട ജംഗ്ഷൻ മുതൽ കിഴക്കോട്ട് കോട്ടൂർ ജംഗ്ഷൻ വരെ, മുണ്ടപ്പള്ളി ജംഗ്ഷൻ മുതൽ വട്ടക്കായൽവരെ, മനയിൽ മുക്ക് മുതൽ പടിഞ്ഞാറോട്ട് സൂര്യൻ പറമ്പ്കടവ് വരെ, ടാഗോർമുക്ക് മുതൽ തെക്കോട്ട് കായിക്കര കടവ്വരെ, കൃസ്ത്യൻ പള്ളിക്ക് കിഴക്കുവശം തറയിൽ ജംഗ്ഷൻവരെ.

നിർദ്ദേശങ്ങൾ :

1 പുതിയകാവ് 66 KV. സബ്സ്റ്റേഷൻ 110 ആക്കി ഉയർത്തുക.
2 സമഗ്രമായ ഒരു ഊർജ്ജ സർവ്വേ നടത്തി പവർലൈൻ മാപ്പ് ഉണ്ടാക്കണം.
3 അശാസ്ത്രീയമായ വൈദ്യുതി ഉപഭോഗത്തിനെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തണം.
4 വാളന്തറപാടത്തും, കല്ലിംങ്ങൽകിഴക്കുവശവും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക.(10-ാംവാർഡ്)
5 പണിക്കർകടവ്, കോഴിക്കോട് പീടിക മുക്ക് എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക

ഗതാഗതം.

വാർഡ് 1. മാടൻകാവ് ജംഗ്ഷനു വടക്കവശത്തുള്ള ഇലക്ട്രിക് പോസ്റ്റും ടെലഫോൺ പോസ്റ്റും മാറ്റി റോഡിനു വീതി കൂട്ടണം. സിയാറത്ത് പള്ളി (വടക്കേപള്ളി) മുതൽ കിഴക്കോട്ടുള്ള റോഡ് ഗ്രാവൽ ചെയ്യണം. കാട്ടുപറമ്പിൽ മുക്കിൽനിന്നും NH-ലെ ചിറ്റത്തറയിൽമുക്കുവരെ പുതിയറോഡ് നിർമ്മിക്കുക. പൊട്ടൻറയ്യത്തു് ജംഗ്ഷൻ മുതൽ കരോട്ടംകര ജംഗ്ഷൻ വരെയുള്ള റോഡ് ടാർ ചെയ്യണം. കാട്ടുപറമ്പിൽ ജംഗ്ഷൻ മുതൽ വാലയ്യത്തു് ജംഗ്ഷൻ വരെയുള്ള റോഡ് ടാർ ചെയ്യണം.

വാർഡ് 2. പുള്ളിമാൻ ജംഗ്ഷനു വടക്കുവശം ചക്കാലത്തു് കിഴക്കേമുക്കുവരെ ഗ്രാവൽ ചെയ്യണം. ആശുപത്രി ജംഗ്ഷനു വടക്കു മുതൽ കളീക്കൽ ജംഗ്ഷൻ വരെയും പുള്ളിമാൻ ജംഗ്ഷനു തെക്കു ചുങ്കശേരി മൻസിലിനു പടിഞ്ഞാറോട്ടുള്ള റോഡ് കോൺക്രീറ്റ് ചെയ്യണം.

വാർഡ് 3. കോൺഗ്രസ്സ് ഭവനു് തെക്കുവശം റെയിൽവേ സ്റ്റേഷനിലേക്കുള്ള റോഡ് ടാർ ചെയ്യണം. കരുനാഗപ്പള്ളിയിൽ ഗതാഗതം വൺവേ ആക്കണം പ്രൈവറ്റ് ബസ് സ്റ്റാൻഡ് നേരത്തേ എടുത്ത തീരുമാന പ്രകാരം നടപ്പാക്കണം. നിലവിലുള്ള സ്റ്റാൻഡ് പ്രവർത്തനക്ഷമമാക്കണം.

വാർഡ് 4. മുൻപഞ്ചായത്തു് മെമ്പർ മാവിലശേരി കുട്ടപ്പന്റെ പേരു് റിപ്പോർട്ടിൽ ചേർക്കണം. കുഴടത്തു കിഴക്കുവശം മുതൽ തെക്കോട്ടുള്ള റോഡ് പണിക്കരുകടവു് റോഡും ലാലാജി റോഡുമായി ബന്ധിപ്പിക്കണം.

വാർഡ് 5. മനയശേരി പടിഞ്ഞാറുവശം മുതൽ വടക്കോട്ട് കുറിക്കളങ്ങര കിഴക്കുവശംവരെ. കോടികോളനി മുതൽ പടിഞ്ഞാറോട്ട് വരമ്പേകടവു് റോഡുമായി ബന്ധിപ്പിക്കണം.

വാർഡ് 6. കോളശേരിമുക്കു് – ചിറയ്ക്കോട്ടമുക്കു് റോഡ് സഞ്ചാരയോഗ്യമാക്കി കണ്ണമ്പള്ളിമുക്കുമായി ബന്ധിപ്പിക്കണം.

വാർഡ് 8. ആലുംതറമുക്കിനു് വടക്കുവശം കൊച്ചുപുരയ്ക്കൽ ജംഗ്ഷൻ മുതൽ കിഴക്കോട്ടു് മുക്കടതോട്ടു് വരെ ഗ്രാവൽചെയ്യണം. കൊച്ചുപുര ജംഗ്ഷൻ മുതൽ മാമ്പോഴി ലക്ഷംവീടു് വരെ ഗ്രാവൽ ചെയ്യണം. മരുതൂർക്കുളങ്ങര ക്ഷേത്രത്തിനു് കിഴക്കുവശം. കളീക്കൽ ജംഗ്ഷൻ മുതൽ വിത്തുൽ തെക്കുവശം വരെ റോഡ് ഉയർത്തി കലുങ്കുകൾ സ്ഥാപിക്കുക. മണ്ണുത്തറ ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ടു് കുറശേരിമുക്കുവരെ ഗ്രാവൽചെയ്യണം.

9-ാം വാർഡ് വാർഡിലെ കുണ്ടുംകുഴിയുമായി കിടക്കുന്ന റോഡുകൾ ടാർ ചെയ്യണം. കായക്കാട്ടുമുക്കു് മുതൽ വടക്കോട്ടു് ആലപ്പാടു് LPS വഴി കണ്ണങ്കരമുക്കു് വരെ ടാർചെയ്യണം. ആലുംകടവു് കാട്ടിൽകടവു് റോഡു് ഗതാഗതയോഗ്യമാക്കണം. കീരിക്കത്തറ പടിഞ്ഞാറുഭാഗം മുതൽ പണിക്കരെറയ്യത്തു് പടിഞ്ഞാറുവശം വരെയുള്ള റോഡിൽ മാനാമ്പുഴ കിഴക്കുവശം 25 മീറ്റർ നീളം കഴിയായി കിടക്കുന്നതു് മണ്ണിട്ടു് നികത്തി സഞ്ചാര യോഗ്യമാക്കുക. കണ്ണങ്കരമുക്കിൽനിന്നു് ആലപ്പാടു് LPS-ലേക്കുള്ള റോഡിൽ വാഴപ്പുള്ളിൽ വടക്കുവശം 15 മീറ്റർ കഴിയായി കിടക്കുന്നതു് നികത്തി ഗതാഗതയോഗ്യമാക്കുക. കാണിയാട്ടുമുക്കു് മുതൽ പടിഞ്ഞാറോട്ടു് താലയുള്ളതറ കിഴക്കുവശംവരെ ഗ്രാവലിട്ടു് സഞ്ചാരയോഗ്യമാക്കുക.

വാർഡ് 10. കരുനാഗപ്പള്ളി കല്ലുംമൂട്ടിൽകടവു് റോഡ് ടാർ ചെയ്യണം.

വാർഡ് 11. മണ്ണുത്തു് ജംഗ്ഷൻ മുതൽ തെക്കോട്ടു് കുറിയിലിൽമുക്കുവരെ സഞ്ചാരയോഗ്യമാക്കുക. കൊച്ചുമാംമൂടു് ജംഗ്ഷൻ മുതൽ വടക്കോട്ടു് ശ്രീമന്ദിരം വരെ ഓട കെട്ടണം.

വാർഡ് 12. കൊച്ചുമാംമൂടു് ജംഗ്ഷനിൽനിന്നു് വടക്കോട്ടു് ഓടകെട്ടി വെള്ളം വടക്കോട്ടു് ഒഴുക്കണം.

ടാറിംഗ് 1) കൊച്ചുമാമൂട്ടിൽമുക്കു് – മാവനാൽമുക്കു് റോഡ്. 2) പേരോളിൽമുക്കു് - ഐക്കര ജംഗ്ഷൻ വഴി കാവനാൽ ലക്ഷംവീടു് വരെ. 3) SKVUPS ജംഗ്ഷൻ മുതൽ നെടിയത്തുമുക്കുവരെയുള്ള റോഡ് വീതികൂട്ടി നിലവിലുള്ള ഓട പൊളിച്ചു് കെട്ടകയും ആവശ്യംവേണ്ടിടത്തു് പുതിയ ഓട നിർമ്മിച്ചു് റോഡ് ടാർചെയ്യുക.
4) ഊട്ടതറമുക്കു് മുതൽ തോപ്പിൽ മണ്ണേൽകടവുവരെയുള്ള റോഡ് ആവശ്യമായ ഓടകളും നിർമ്മിച്ചു് ടാർചെയ്യുക.

ഗ്രാവലിംഗ് : 1) വരമ്പകാലിൽമുക്കു് മുതൽ വേലിയിൽമുക്കു് വഴി പീടികത്തറമുക്കുവരെ റോഡിന്റെ സൈഡിൽ ഓട കെട്ടി റോഡ് ഗ്രാവൽചെയ്യുക. 2) പണിക്കർകടവു് മുതൽ വടക്കോട്ടു് തോപ്പിൽ മണ്ണേൽകടവു വരെ നിലവിലുള്ള റോഡ് ന്റെ സൈഡുകെട്ടി ഗ്രാവൽ ഇടുക. 3) തുറയിൽക്കടവു് അരയശേരികടവു് റോഡു് ഗ്രാവൽചെയ്യുക.

ഓട : 1) കൊച്ചുമാമൂട്ടിൽ ജംഗ്ഷൻ മുതൽ തീപ്പെട്ടി കമ്പനി ജംഗ്ഷൻ വരെ ഓടകെട്ടി ടി ഓടുള്ള സ്ലാബ് ഇട്ടു് സൈഡിൽ ഫുഡ്പാത്തു് നിർമ്മിച്ചു് ഗ്രാവൽചെയ്യുക.

2) ചിറയിൽപടിഞ്ഞാറുവശം മുതൽ കെ. കെ. കനാൽ വരെ ഓടകെട്ടി ഓടുള്ള മുകളിൽ സ്ലാബ് ഇട്ടു് ഫുഡ്പാത്തു് നിർമ്മിച്ചു് ഗ്രാവൽ ഇടുക.

3) തുറയിൽക്കടവു് ക്ഷേത്രത്തിനു് കിഴക്കുവശം മുതൽ കെ. കെ. കനാൽ വരെ ഓടകെട്ടി സ്ലാബ് ഇട്ടു് ഫുഡ്പാത്തു് നിർമ്മിച്ചു് ഗ്രാവൽ ഇടുക.

4) ശ്രീമന്ദിരത്തു് ജംഗ്ഷൻ മുതൽ ചിറയിൽ പടിഞ്ഞാറുവശം വരെ നിലവിലുള്ള ഓട പൊളിച്ചു് ബലപ്പെടുത്തികെട്ടി സ്ലാബ് ഇട്ടു് ടി ഓടുടെ സൈഡിൽ ഫുഡ്പാത്തു് നിർമ്മിച്ചു് ഗ്രാവൽ ഇടുക.

ഫുഡ്പാത്ത് 1) തുറയിൽക്കുന്ന് ക്ഷേത്രത്തിനു് കിഴക്കവശം മുതൽ വളാലിൽ ജംഗ്ഷൻ വരെ ആവശ്യ, വേണ്ടിടത്തു് ഓട നിർമ്മിച്ചു് ഫുഡ്പാത്ത് നിർമ്മിച്ചു് ഗ്രാവൽ ഇടുക.

2) തീപ്പെട്ടി കമ്പനിജംഗ്ഷൻ മുതൽ നെടുംതറയിൽ പടിഞ്ഞാറുവശം വരെ ഫുഡ്പാത്തു് നിർമ്മിച്ചു് ഗ്രാവൽ ഇടുക.

മെയിന്റനൻസ് : 1) SKVUPS – തുറയിൽകുന്നു് റോഡു്.

2) മിൽമാമുക്കു് – പോക്കാട്ടുമുക്കു്.

വാർഡ് 13. വാർഡിലെ മൊത്തം റോഡും ടാർ ചെയ്യണം. ആനവിട്ടിമുക്കു് – വളാലി കോളനി റോഡ് നീട്ടി മണ്ടോനത്തു് ഭാഗത്തുകൂടി S. V. മാർക്കറ്റ് – പോക്കാട്ടുമുക്കു് റോഡുമായി ബന്ധിപ്പിക്കണം.

വാർഡ് 14. കറിച്ചിയിൽ ജംഗ്ഷൻ മുതൽ കണ്ണാത്തറ ജംഗ്ഷൻ വരെ ടാർചെയ്യണം. വായനശാല ജംഗ്ഷൻ മുതൽ കായിക്കരകടവു് വരെ ഗ്രാവൽചെയ്യണം.

1) കറിച്ചിയിൽമുക്കു് കണ്ണാട്ടുതറമുക്കു് റോഡു്.

2) പീടികമുക്കു് – കന്നുകാലികടവു് റോഡു്.

3) കണ്ണേത്തുമുക്കു് – വട്ടത്തറമുക്കു് റോഡു്.

4) മങ്ങാട്ടേത്തു്മുക്കു് – കുട്ടകര റോഡു്.

5) പള്ളിയുടെ പടിഞ്ഞാറുവശംകൂടി തെക്കോട്ടുള്ള കണ്ണേത്തുചിറകാലിൽ– സൂര്യൻപറമ്പിൽകടവു്

6) കൊറ്റിനാട്ടശേരി മുക്കട മുതൽ കായിക്കരകടവുവരെ.

ഇതുയും റോഡുകളും റിപ്പോർട്ടിൽ എഴുതി ചേർക്കണം, പ്രത്യേകിച്ചു് ഓട.

1) പീടിക ജംഗ്ഷനിൽനിന്നും പോച്ചയിൽകടവു് വരെ.

കണ്ണേത്തു ജംഗ്ഷൻ മുതൽ വട്ടത്തറ ജംഗ്ഷൻ വരെ ഗ്രാവൽ ചെയ്യണം. ശാസ്താംനടജംഗ്ഷൻ മുതൽ കോട്ടൂർജംഗ്ഷൻവരെ ഗ്രാവൽ ചെയ്യണം. മാമലശാരി മുതൽ വട്ടക്കായൽവരെ ഓടകെട്ടണം. തയ്വിളാകത്തുമുതൽ കായൽവാരം വരെ ഓട കെട്ടണം.

വാർഡ് 15 പെരുമന മുക്കു് പീടികമുക്കു് ടാർ ചെയ്യണം. ആശുപത്രി ജംഗ്ഷനിലും കരുനാഗപ്പള്ളി പഴയ N H ലും രണ്ടു് പ്രൈവറ്റു് സ്റ്റാൻഡു് ഉണ്ടാവണം.
S V മാർക്കറ്റ് ഒരു വ്യക്തി കൈവശം വെച്ചിരിക്കുന്നതു് പഞ്ചായത്തു് ഏറ്റെടുക്കണം, കരുനാഗപ്പള്ളി K S R T C ബസ്സ്റ്റാൻറിനു് മുൻവശവും സിവിൽസ്റ്റേഷനു് മുൻവശവും ട്രാഫിക് ഏർപ്പെടുത്തണം പ്രൈവറ്റു് ബസുകളും പ്രൈവറ്റ്സ്റ്റാൻറിൽ നിന്നും മാത്രം പോകാനും വരുവാനും സംവിധാനമുണ്ടാക്കണം വഴിവാണിക്കാരെ ബങ്കുകളും നല്കി ഗതാഗതക്കുരുക്കു് ഒഴിവാക്കണം. പഞ്ചായത്തു് മാർക്കറ്റ് സംരക്ഷിക്കണം. പള്ളിമുക്കിലുള്ള മീൻമാർക്കറ്റിനു് പ്രത്യേകസ്ഥലം വാങ്ങി സ്ഥിരമായി മീൻമാർക്കറ്റ് ഉണ്ടാവണം കെട്ടിടനിർമ്മാണത്തിൽ സമ്പത്തുള്ളവർക്കുവേണ്ടി സൗജന്യങ്ങളും നല്കി റോഡുസൈഡിൽ കെട്ടിടം വെക്കുവാൻ അനുവദിക്കുന്നു ഈ അഴിമതി അവസാനിപ്പിക്കണം കെട്ടിട നിർമ്മാണത്തിനു് വ്യക്തമായ മാനദണ്ഡം ഉണ്ടാക്കി നടപ്പാക്കണം. പുള്ളിമാൻ ജംഗ്ഷൻ മുതൽ ലാലാജി ജംഗ്ഷൻ വരെ വൺവേ ആക്കണം. നാഷണൽ ഹൈവേ വിപുലീകരിക്കണം കരുനാഗപ്പള്ളിയിൽ പുതിയ പ്രൈവറ്റു് ബസ്സ്റ്റാൻറു് ഉണ്ടാക്കി ടൗണിലെ ഗതാഗതകുരുക്കു് ഒഴിവാക്കണം ലാലാജിജംഗ്ഷനും പുള്ളിമാൻ ജംഗ്ഷനും ഇടയ്ക്കു് പ്രൈവറ്റ്സ്റ്റാൻറിനുള്ള സ്ഥലം കണ്ടെത്തണം. പ്രൈവറ്റു് സ്റ്റാൻറിനുവേണ്ടി പഞ്ചായത്തു് മുമ്പു് കണ്ടെത്തിയ സ്ഥലം എത്രയും വേഗം ഏറ്റെടുത്തു് പ്രൈവറ്റു് സ്റ്റാൻറു് സ്ഥാപിക്കണം. PWD റോഡിന്റെ സൈഡുകെട്ടി സംരക്ഷിക്കുക. ബൗണ്ടറി നിശ്ചയിക്കുക. പഞ്ചായത്തു് റോഡുകളുടെ പണി യഥാസമയം ചെയ്യുന്നതിനു് ആവശ്യമുള്ള N M R ജീവനക്കാരെ നിയമിക്കുക.

വാർഡ് 11. ആവശ്യമുള്ള റോഡുകളും :–

അമ്പീമുക്കു് മുറിശേരി ലക്ഷംവീടു് കോളനി, പള്ളിക്കൽ കിഴക്കവശത്തുനിന്നും കിഴക്കോട്ടു് കുന്നേത്തറ പടിഞ്ഞാറുവശം വരെ, ക്രിസ്ത്യൻപള്ളി വടക്കോട്ടു് കടത്തൂർ പീടിക (കല്ലുംമൂട്ടിൽ റോഡു്) തുറയിൽക്കുന്നു് പറശേരിൽ കിഴക്കവശത്തുനിന്നും വടക്കോട്ടു് ക്രിസ്ത്യൻപള്ളി വരെ, കല്ലുംമൂട്ടിൽകടവിൽ

നിന്നും വടക്കോട്ട് ആലുംകടവ് വരെ, പള്ളിക്കൽ കളത്തിന്റെ വടക്കുവശത്തുനിന്നും കിഴക്കോട്ട് താന്നിക്കമുക്ക് വരെ, സൂര്യൻപറമ്പിൽ കൊല്ലാശേരിമുക്ക്, മാച്ചിറമുക്ക് പീടികമുക്ക് (തയ്യിൽ കിഴക്കുവശം), ആയിരത്തി ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ടി. എസ്. കനാൽ വരെ.

ടാറിംഗ് മുസ്ലീംപള്ളി – പനായിമുക്ക്, വാഴേത്തുമുക്ക് - പനായിമുക്ക്, വളാലിൽമുക്ക് മുതൽ കിഴക്കോട്ട് മണ്ണേത്തുമുക്ക് വഴി തെക്കോട്ട് തിരിഞ്ഞു കിഴക്കോട്ട് കളീലിൽ മുക്കുവരെ.

ഗ്രാവലിംഗ് വാടയിൽകടവ് - പീടികമുക്ക്, പള്ളിക്കൽ കിഴക്കുവശത്തുനിന്നും കിഴക്കോട്ട് കനാൽ പറ പടിഞ്ഞാറുവശംവരെ. മുറാശേരി ലക്ഷംകോളനി അമ്പീമുക്ക് (സൈഡ് വാഹം ഉൾപ്പെടെ)

ഓട: കൊച്ചുമാംമൂട് ജംഗ്ഷനിൽനിന്നും വടക്കുപടിഞ്ഞാറോട്ട് ശ്രീമന്ദിരത്തു കിഴക്കുവശം വരെ, മുറാശേരി ലക്ഷംകോളനി കണിമംഗലത്തു വടക്കുവശത്തുള്ള (തുറയിൽക്കുന്നു) ഓടവരെ, പള്ളിക്കൽകളത്തിന്റെ വടക്കുഭാഗത്തുനിന്നും പള്ളിക്കൽ പാടം വരെ, തയ്യിൽകിഴക്കുവശത്തുനിന്നും തെക്കോട്ട് കല്ലുംമൂട്ടിൽകടവ് T S കനാൽ വരെ, പീടികമുക്ക് – T S കനാൽ, കടത്തൂർ പീടിക കിഴക്കുവശത്തുള്ള ഓടയുടെ അറ്റകുറ്റപ്പണി ചെയ്തു തോട്ടുമുപ്പിൽ തെക്കു T S കനാൽ വരെ എത്തിക്കുക.

കലുങ്കും സൈഡ് വാളും കല്ലുംമൂട്ടിൽകടവിനു വടക്കു T S കനാൽ വിളക്കുമരം, കൊല്ലാശേരി വടക്കുവശത്തു.

നിർമ്മാണ പ്രവർത്തനങ്ങൾ : പടന്നോൽ തെക്കുവശം (T S കനാൽ) കിഴക്കോട്ട് വളാലിൽ കിഴക്കുവശംവരെ ഓടപ്പുനർത്തു സ്ലാബ് ഫിറ്റു ചെയ്യുക. (കാൽനട യാത്രയ്ക്കും, അനാരോഗ്യപരമായ മലമൂത്ര വിസർജ്ജനാദികളിൽ നിന്നുമുണ്ടാകുന്ന പകർച്ചവ്യാധിയിൽനിന്നും രക്ഷനേടാൻ)

വാർഡ് 14. ടാറിംഗ് :– പതിയിൽമുക്ക് To കണ്ണാട്ടംതറമുക്ക്
കൊറ്റിനാട്ടശേരിമുക്ക് To കായിക്കരകടവ്
മങ്ങാട്ടേത്തുമുക്ക് To കൂട്ടുക്കരകടവ്
പീടികമുക്ക് To കന്നാലിക്കടവ്

ഗ്രാവലിംഗ് :– കണ്ണേത്തുമുക്ക് To വട്ടത്തറമുക്ക്
ശാസ്താംനടമുക്ക് To പതിമുക്ക്
പള്ളിമുക്ക് To സൂര്യൻപറമ്പിൽമുക്ക്
പോച്ചയിൽമുക്ക് To കണ്ണേത്തുചിറക്കാലമുക്ക്
ആൽത്തറമുക്ക് To അമ്മംശേരിമുക്ക്

ഓടയും നടപ്പാതയും : കണ്ണേത്തുവടക്കുഭാഗം മുതൽ കായൽ വരെ
കായിക്കര വടക്കുഭാഗം മുതൽ കൊച്ചുകായൽ വരെ

സൈഡുവാഹം കെട്ടേണ്ട സ്ഥലങ്ങൾ :– പതിമുക്ക് – ശാസ്താംനട റോഡിന്റെ സൈഡുകൾ നിർമ്മിക്കുക.
കൊറ്റിനാട്ടശേരി – കായിക്കര റോഡിന്റെ സൈഡുവാഹം കെട്ടുക.

സാമൂഹ്യക്ഷേമം

പ്രശ്നങ്ങൾ.

1. അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാരക്കുറവും തന്മൂലമുള്ള ആരോഗ്യപ്രശ്നങ്ങളും വളരെ രൂക്ഷമാണ്.

2. സാമൂഹ്യക്ഷേമ പദ്ധതികളെ കുറിച്ചുള്ള വിവരം പാവപ്പെട്ട ജനങ്ങൾക്ക് യഥാസമയത്ത് ലഭിക്കുന്നില്ല.

3. ഐ. ആർ. ഡി. പി; ഡി. ഡബ്ല്യു. സി. ആർ. എ; ടൈസം; ജെ. ആർ. വൈ. എന്നീ പദ്ധതികൾ അവ വിഭാവനംചെയ്ത രൂപത്തിലും ഗുണമേന്മയിലും ഇന്ന് നടപ്പിലാക്കി വരുന്നില്ല.

4. നമ്മുടെ നാട്ടിലെ യുവതീയുവാക്കളുടെ തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്.

നിർദ്ദേശങ്ങൾ:-

1. കരുനാഗപ്പള്ളി പഞ്ചായത്തു് കേന്ദ്രീകരിച്ചു് ഐ. ഡി. ഡി. എസ്. പദ്ധതി നടപ്പിലാക്കുക.

2. നിലവിലുള്ള പെൻഷൻ പദ്ധതികളെ കുറിച്ചുള്ള അജ്ഞതമൂലം അവ ലഭ്യമാകാത്ത ഗുണഭോക്താക്കളെ കണ്ടു പിടിക്കുന്നതിനുവേണ്ടി വാർഡുതലത്തിൽ സർവ്വേ നടത്തുകയും അവർക്കു് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയുംചെയ്യുക.

3. പഞ്ചായത്തുതലത്തിലും, വിവിധ പ്രാദേശികതലത്തിലുമുള്ള സാമൂഹ്യ സാംസ്കാരിക സംഘടനകളുടെ നടത്തിപ്പിനുവേണ്ടി വൃദ്ധജനങ്ങളെകൂടി പങ്കെടുപ്പിക്കുന്നതിനുള്ള അവബോധം ഉണ്ടാക്കുക.

4. നിലവിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളെകുറിച്ചു് സാധാരണ ജനങ്ങളെ ബോധവാന്മാരാക്കുന്നതിനു് പ്രചരണവും ബോധവല്ക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക.

5. ഓരോ വാർഡിലും ഓരോ ഡി. ഡബ്ല്യു. സി. ആർ. എ. ഗ്രൂപ്പ് എങ്കിലും ആരംഭിക്കുക.

6. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ സർവ്വീസ് സഹകരണ ബാങ്കുകളെകൂടി സഹകരിപ്പിച്ചുകൊണ്ടു് വായ്പാ വിതരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുക.

7. വായ്പ തുക കൃത്യമായും ഗുണഭോക്താക്കളും ബാങ്കിൽ തിരിച്ചടയ്ക്കുന്നുണ്ടോ എന്നു് പരിശോധിക്കുന്നതിനും തിരിച്ചടയ്ക്കുന്നതിനു് പ്രേരിപ്പിക്കുന്നതിനും പഞ്ചായത്തുതലത്തിൽ ജനകീയ സമിതി രൂപീകരിക്കുക.

8. പഞ്ചായത്തുതലത്തിൽ നിർമ്മാണ പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും ഏറ്റെടുത്തു് നടത്തുവാൻ കഴിയത്തക്ക ഒരു സന്നദ്ധ സംഘടന രൂപീകരിക്കുക.

9. ടൈസം ടെയിനിംഗ് ഉൽപ്പെടുത്തി ഒരു ഹോം നഴ്സിംഗ് സെൻറർ ആരംഭിക്കുക.

10. മദ്യപാനശീലംകൊണ്ടു് ഉണ്ടാകുന്ന കുടുംബ സംഘർഷങ്ങളും ഒഴിവാക്കുവാൻ നടപടികളും സ്വീകരിക്കുക.

പാർപ്പിടം

പ്രശ്നങ്ങൾ:- 1. നിലവിൽ വാസയോഗ്യമായ വീടില്ലാത്തവരുടെ സർവ്വേ ചെയ്ത ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

നിർദ്ദേശങ്ങൾ:-

1. വാർഡ് തിരിച്ചു് വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങളുടെ ലിസ്റ്റ് മുൻഗണനാക്രമം അനുസരിച്ചു് തയ്യാറാക്കി പ്രസിദ്ധീകരിക്കുക. പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ടവരുടേയും അല്ലാത്തവരുടേയും ലിസ്റ്റ് പ്രത്യേകം പ്രത്യേകം തയ്യാറാക്കുക.

2. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ ക്രമമനുസരിച്ചു് ലിസ്റ്റ് തയ്യാറാക്കുക.

3. ഭൂമിയില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കു് ഭൂമി വാങ്ങി വീടുവയ്ക്കുന്നതിനു് നിലവിലുള്ള പദ്ധതി ആനുകൂല്യം എല്ലാ കുടുംബങ്ങൾക്കും ഒരുമിച്ചു് കിട്ടത്തക്ക വിധത്തിൽ നടപ്പിലാക്കുക.

4. വേന നിർമ്മാണത്തിനുള്ള ബാങ്ക് വായ്പകളും ഗുണഭോക്താവിനു് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

5. വീടു് നിർമ്മാണത്തിനു് 'ആർഭാടം' കാട്ടുന്ന ആൾക്കാരിൽനിന്നും ഗണ്യമായ നികുതി വസൂലാക്കി പഞ്ചായത്തിന്റെ വിഭവം വർദ്ധിപ്പിക്കുക.

സംസ്ക്കാരം

ൗൺ ക്ലബ്ബ്, വ്യാസാ കഥകളിക്ലബ്ബ്, പന്നിശ്ശേരി നാണുപിള്ള മെമ്മോറിയൽ കഥകളിക്ലബ്ബ് എന്നിവ ിപ്പോർട്ടിൽ ചേർക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1 പോസ്റ്ററുകൾ ഗ്രാമപഞ്ചായത്തുകൾ സെൻഷർ ചെയ്യണം

2 കലാ–കായിക രംഗങ്ങളിലും, ദൃശ്യമാധ്യമങ്ങളിൽ കൂടിയും പാശ്ചാത്യ സംസ്ക്കാരത്തിന്റെ കടന്നു കയറ്റം മൂലം നമ്മുടെ സംസ്ക്കാരത്തെ ദുഷിപ്പിക്കുന്ന പ്രവണത ഇല്ലാതാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം

3 ഫാമിലി കൗൺസിലുകൾ രൂപീകരിക്കുക

4 ഗ്രന്ഥശാലകൾക്ക് ഗ്രാൻറുകൾ പുനഃസ്ഥാപിക്കുക

5 ഗ്രന്ഥശാലകൾ ഗ്രാമീണസർവ്വകലാശാലകളായി കണ്ടുകൊണ്ട് ചർച്ചാക്ലാസ്സുകളും, സിമ്പോസിയങ്ങളും, പഠനക്ലാസ്സുകളും സംഘടിപ്പിക്കുക

6 വായനാശീലം വളർത്തുവാൻ സഹായിക്കുമാറുള്ള ക്യാമ്പയിനുകൾ നടത്തുക

7 ഓരോ ഗ്രന്ഥശാലയിലും ഉള്ള പുസ്തകങ്ങളുടെ ലിസ്റ്റ് (വിവിധ മേഖലകളിലേത് പ്രത്യേകം പ്രത്യേകം) പ്രദർശിപ്പിക്കുക

8 അമൂല്യഗ്രന്ഥശേഖരമുള്ള ലാലാജി ഗ്രന്ഥശാലയെ ഒരു റിസർച്ച് സെൻറാക്കി മാറ്റുക

9 വായനശാലകൾ കുറെക്കൂടി ജനകീയവൽക്കരിക്കുക

10 ലാലാജി ഗ്രന്ഥശാലാ കേന്ദ്രീകരിച്ചുകൊണ്ട് ഒരു സഞ്ചരിക്കുന്ന ലൈബ്രറി ഏർപ്പെടുത്തുക

11 കോഴിക്കോട് യുവജനകലാസമിതി വായനശാലയ്ക്ക് സ്വന്തമായി ഒരു കെട്ടിടം പണിതുകൊടുക്കുവാൻ പദ്ധതി തയ്യാറാക്കുക

വനിത

നിർദ്ദേശങ്ങൾ

1 സ്ത്രീകളെ പൊതുരംഗത്തേക്ക് കൊണ്ടുവരുന്നതിന് യോജിച്ച പ്രവർത്തനങ്ങൾ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ നടത്തണം

2 എല്ലാ വാർഡിലും മഹിളാസമാജങ്ങൾ രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിക്കണം

3 എല്ലാ വിഭാഗത്തിലുമുള്ള സാമൂഹ്യപ്രവർത്തകരായ വനിതകളുടെ യോജിച്ച പ്രവർത്തനം ഉണ്ടാകണം

4 സ്ത്രീധന സമ്പ്രദായം ഇല്ലാതാക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടാകണം

5 ആഡംബരപരമായ വിവാഹച്ചടങ്ങുകൾ ഒഴിവാക്കാൻ വേണ്ട ബോധവൽക്കരണം നടത്തണം

6 വിവാഹസമയത്ത് 25 പവൻസ്വർണ്ണത്തിൽ കൂടുതൽ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നത് നിയമപരമായി തടയണം കൂടുതൽ സ്വർണ്ണം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നവരെ കണ്ടെത്തി അവരിൽനിന്നും നികുതി ഈടാക്കണം. അതിനുവേണ്ടി പഞ്ചായത്തുതലത്തിൽ വിജിലൻസ് കമ്മിറ്റികൾ ഉണ്ടാക്കണം

7 സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കത്തക്കവിധത്തിൽ പച്ചക്കറികൃഷി, ഉദ്യാനകൃഷി, ഔഷധച്ചെടികൃഷി, കോഴിവളർത്തൽ, കന്നുകാലിസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക

8 പെൻഷനു് അർഹരായ കയർത്തൊഴിലാളികൾക്ക് പെൻഷൻ കിട്ടുന്നതിനുള്ള നടപടികൾ ഉണ്ടാക്കുക അർഹതയില്ലാതെ പെൻഷൻ വാങ്ങുന്നവരെ ഒഴിവാക്കുക

9 ആശുപത്രി വികസനസമിതികളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കുക

10 എല്ലാ വാർഡുകളിലും ജനസംഖ്യാനുപാതികമായി അംഗനവാടികൾ തുടങ്ങുകയും, സ്ത്രീകൾക്ക് ഒത്തുചേരാനുള്ള കേന്ദ്രമാക്കി അംഗനവാടിയെ മാറ്റുകയും ചെയ്യുക

11 പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ കേന്ദ്രീകരിച്ച് ഉണ്ടാക്കുന്ന കമ്മിറ്റികളിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുക

12 മഹിളാ പ്രധാൻഏജൻറുമാരുടെ പ്രവർത്തനം പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തണം

13 ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹച്ചെലവുകൾക്ക് പഞ്ചായത്തിൽ നിന്നും ധനസഹായം ലഭ്യമാകത്തക്കവിധത്തിൽ ''സാധുജന വിവാഹ കോർപ്പറേഷൻ'' രൂപീകരിക്കുക

14 ഡേ കെയർ സെൻറുകൾ തുടങ്ങുന്നതിനു് മഹിളാസമാജങ്ങൾക്ക് സഹായധനം നൽകുക

15 'പൊതു അടുക്കള' പരിപാടി മഹിളാ സമാജങ്ങളിൽകൂടി നടപ്പാക്കുക

സഹകരണം

നിർദ്ദേശങ്ങൾ

1 കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തണം. ഇപ്പോഴുള്ള മൂന്ന് കൺസ്യൂമർ സഹകരണ സംഘങ്ങളും ഒരു വനിതാ കൺസ്യൂമർ സഹകരണസംഘവും പ്രവർത്തനരഹിതമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിറുത്തുന്നതിന് പൊതുവിതരണ സമ്പ്രദായ പ്രകാരം 'സിവിൽ സപ്ലൈസ് കോർപ്പറേഷൻ' കൺസ്യൂമർ ഫെഡറേഷനുമായി ബന്ധപ്പെട്ട് ഇവയുടെ പ്രവർത്തനം പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

2 ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങളും പലതും വ്യക്തികളുടെ വകയായി പ്രവർത്തിക്കുകയാണ്. ഇത് യഥാർത്ഥ സഹകരണ പ്രസ്ഥാനമായി പ്രവർത്തിക്കുന്നതിനും ഇവയുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനും വേണ്ട നടപടികളും സ്വീകരിക്കണം.

3 സഹകരണം സ്കൂൾതലത്തിലും കോളേജ്തലത്തിലും പാഠ്യവിഷയമാക്കണം

4 ഖാദിരംഗത്തെ സാദ്ധ്യതകളും കണക്കിലെടുത്ത് ഖാദി സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയും ആവശ്യമെങ്കിൽ പുതിയ സഹകരണസംഘങ്ങളും തുടങ്ങുകയും വേണം

5 ചെറുകിട കച്ചവടക്കാർക്ക് അവരുടെ വ്യവസായം തുടർന്ന് നടത്തുന്നതിന് ആവശ്യമുള്ള വായ്പ കരുനാഗപ്പള്ളി സർവ്വീസ് കോ–ഓപ്പറേറീവ് ബാങ്കിൽനിന്നും അർബൻബാങ്കിൽനിന്നും കൊടുത്ത് അവരെ ഫ്രണ്ടിക പിരിവുകാരിൽനിന്നും വിമുക്തമാക്കുക

6 കരുനാഗപ്പള്ളി പഞ്ചായത്തിൽ ഒരു ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം

7 പാൽ ഉല്പാദക സഹകരണസംഘങ്ങളും ഉല്പാദകരുടേയും ഉപഭോക്താക്കളുടേയും താല്പര്യം സംരക്ഷിച്ച് പ്രവർത്തനം കുറ്റമറ്റതാക്കണം, പാൽ ഉല്പാദകർക്ക് ഇപ്പോഴും ന്യായമായ വില സംഘത്തിൽനിന്നും ലഭിക്കുന്നില്ല

8 കയർ, കൈത്തറി സഹകരണസംഘങ്ങളെ അതിന്റെ ശോചനീയാവസ്ഥയിൽനിന്നും സംരക്ഷിച്ച് ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആശ്വാസപ്രദമായ രീതിയിൽ പുനഃക്രമീകരിക്കണം

9 കൂടുതൽ കാർഷികവായ്പകളും കൊടുത്ത് ഭക്ഷ്യോൽപാദന രംഗത്തും പച്ചക്കറി രംഗത്തും പുരോഗതി കൈവരിക്കണം

10 അർബൻ സഹകരണ ബാങ്കിന്റെ പ്രവർത്തനം ജനകീയവൽക്കരിച്ച് സാധാരണക്കാർക്ക് വായ്പ ലഭിക്കത്തക്കവണ്ണം ക്രമീകരിയ്ക്കേണ്ടതാണ്

11 പഞ്ചായത്തിലെ റൂറൽഹൗസിംഗ് സഹകരണസംഘം പുതിയ വായ്പകൾ കൊടുക്കുന്നതിനുവേണ്ടി പ്രവർത്തനം ത്വരിതപ്പെടുത്തണം. വായ്പയുടെ 75% ആദ്യ ഗഡുവായി ലഭിക്കത്തക്കവണ്ണം വേണ്ട നടപടികളും സ്വീകരിക്കുക

12 കാർഷിക വികസന ബാങ്ക് വിപുലമായ വായ്പാവിതരണപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും കടിശീഖ പിരിച്ചെടുക്കുന്നതിലെ താമസം കാരണം വായ്പാവിതരണം മന്ദഗതിയിലാണ്. ആവശ്യമുള്ള എല്ലാ കൃഷിക്കാർക്കും ദീർഘകാല കാർഷിക വായ്പ കൊടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം

13 പ്രവർത്തനരഹിതമായിരിക്കുന്ന ഗവ: സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കണം

14 പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനും, മെച്ചപ്പെടുത്തുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു ''ഇവാലുവേഷൻ കമ്മിറ്റി'' രൂപീകരിക്കുകയും ഈ കമ്മിറ്റി മൂന്നു മാസം കൂടുമ്പോഴും കൂടുകയും വേണം

കമ്മിറ്റിയുടെ ഘടന

ചെയർമാൻ —ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

കൺവീനർ —ഗ്രാമപഞ്ചായത്ത് സെക്രട്ടറി

മറ്റ് മെമ്പറൻമാർ

1 പഞ്ചായത്തിലെ എല്ലാ സഹകരണസ്ഥാപനങ്ങളുടേയും പ്രസിഡൻറുമാരും സെക്രട്ടറിമാരും
2 അസി: രജിസ്ട്രാർ (ജനറൽ ആഡിറ്റ്)
3 ചെയർമാൻ സക്കീം സഹകരണ യൂണിയൻ
4 ബ്രാഞ്ച് മാനേജർ ജില്ലാ സഹകരണ ബാങ്ക്
5 കമ്മ്സമിതിയിലെ ഒരു പ്രതിനിധി

15 സഹകരണമേഖലയിൽ ഒരു വനിതാ കാറ്ററിംഗ് യൂണിറ്റ് പഞ്ചായത്തു് തലത്തിൽ സ്ഥാപിക്കുക ഇതിനു് വേണ്ടി മിനിസിവിൽ സ്റ്റേഷനിലുള്ള ഉപയോഗശൂന്യമായ കാൻറീൻ ഉപയോഗപ്പെടുത്താവുന്നതാണു്

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

നിർദ്ദേശങ്ങൾ

1 ലക്ഷംവീട് കോളനികൾ പുതുക്കിപ്പണിയുക
2 ഇരട്ടവീട് സമ്പ്രദായം ഒഴിവാക്കുക
3 ചെറുകിട വ്യവസായങ്ങൾ തുടങ്ങുകയും ഗ്രൂപ്പ് അടിസ്ഥാനത്തിൽ പരിശീലനം കൊടുക്കുകയും സാമ്പത്തിക സഹായങ്ങൾ സ്വന്തം ജാമ്യത്തിൽ ചെയ്തുകൊടുക്കുകയും ചെയ്യുക
4 ഭവന നിർമ്മാണത്തിനു് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക കുറവായതിനാൽ അതു് വർദ്ധിപ്പിക്കുക
5 നെൽകൃഷിക്കു് അനുയോജ്യമായ നിലം നികത്തുന്നതിനെതിരെ നടപടി എടുക്കുക
6 പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു് നിലവിലുള്ള ഗ്രാൻറ് വരുമാനത്തിൻറെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുക
7 S. S. L. C. പാസ്സായ എല്ലാ കുട്ടികൾക്കും സീനിയോറിറ്റി നോക്കാതെ നിയമനം നടത്തുക
8 ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും തൊഴിൽ സാദ്ധ്യത ഉണ്ടാക്കുക
9 വെള്ളക്കെട്ടുപ്രദേശത്തു താമസിക്കുന്നവർക്കു് അതു് നികത്തുന്നതിനുള്ള ധനസഹായം ഏർപ്പെടുത്തുക
10 തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുക
11 പട്ടികജാതി – പട്ടികവർഗ്ഗ വികസന കോർപ്പറേഷൻറെ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക
12 പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള പ്രായപരിധി 60 വയസ്സിൽനിന്നും 55 വയസ്സായി കുറക്കുക
13 വാർഡുകൾതോറും പൊതുവിതരണ സമ്പ്രദായം ഏർപ്പെടുത്തുക
14 ലോൺ അനുവദിക്കുന്നതിനുള്ള പ്രായപരിധി 45-ൽ നിന്നും 50 ആയി ഉയർത്തുക
15 പഞ്ചായത്തടിസ്ഥാനത്തിൽ പട്ടികജാതി – പട്ടികവർഗ്ഗവിഭാഗങ്ങൾക്കായി ഒരു ധർമ്മാശുപത്രി തുടങ്ങുക
16 കോളനി അടിസ്ഥാനത്തിൽ ഗ്രന്ഥശാലകൾ അനുവദിക്കുക
17 വ്യാജമദ്യവില്പനക്കാരെ കർശനമായി പിടിച്ചുടി ശിക്ഷിക്കുക
18 പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിനുള്ള ആനുകൂല്യങ്ങൾ അവർക്കുതന്നെ കിട്ടുന്നു എന്നുറപ്പു വരുത്തുവാൻ ഒരു സമിതി രൂപീകരിക്കുക

വിഭവ സമാഹരണം

നിർദ്ദേശങ്ങൾ

1 പഞ്ചായത്തു് മാർക്കറ്റുകളും, ചാലുകളും കുളങ്ങളും എന്നിവയുടെ ലേലനടപടികളും കൂടുതൽ ജനകീയവൽക്കരിച്ചുകൊണ്ടു് ലേലവരുമാനം വർദ്ധിപ്പിക്കുക

2 സിനിമാശാലകളിലെ വിനോദനികുതികളും കർശനമായി പിരിച്ചെടുക്കുകയും പരിശോധന കർശനമാക്കുകയും ചെയ്യുക

3 സംഭാവന ഇനങ്ങളിലും മറ്റും പഞ്ചായത്തിനുലഭിക്കുന്ന തുക പ്രയോജനപ്പെടുത്തി ജനങ്ങളുടെ സഹകരണത്തോടെ നടത്തുന്ന പ്രവർത്തനങ്ങളും താൽക്കാലികമാകാതെ സ്ഥിരമായ സ്ഥാപനങ്ങളായും സേവനങ്ങളായും വിനിയോഗിക്കുക

4 അൺഎയിഡഡ്, സ്വകാര്യസ്ഥാപനങ്ങളിൽനിന്നും വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ളവരിൽനിന്നും തൊഴിൽ കരം പിരിച്ചെടുക്കുക

5 നിർത്തലാക്കിയ സൈക്കിൾ–കൈവണ്ടി നികുതികളും പുനരാരംഭിക്കുക

6 ലഭ്യമായ നികുതികളും കർശനമായി പിരിച്ചെടുക്കുക

7 മാർക്കറ്റുകളും വികസിപ്പിച്ചു് ലേലഇനത്തിൽ വരുമാനം വർദ്ധിപ്പിക്കുക

8 വള്ളം–ബോട്ടു് നിർമ്മാതാക്കളിൽനിന്നും നികുതി ഈടാക്കുക

9 സ്വകാര്യ ടി. വി ചാനൽ ഓപ്പറേറ്റർമാർക്കും തീരദേശത്തിലെ ജലയാത്രാ ഏജൻസികൾക്കും നികുതി ഏർപ്പെടുത്തുക

10 കെട്ടിടനികുതികളും ഉൾപ്പെടെ തൊഴിൽ നികുതികളും അല്ലാത്തതുമായ നികുതികളും 5–വർഷത്തിൽ കുറയാത്ത കാലാവധിക്കു് മുൻകൂറായി അടയ്ക്കുവാനും അങ്ങനെയുള്ളവർക്കു് നികുതി ഇളവു് നൽകുവാനും സംവിധാനം ഉണ്ടാക്കുക

11 പഞ്ചായത്തു് ഏർപ്പെടുത്തുന്ന എല്ലാവിധ നികുതി നിരക്കുകളെക്കുറിച്ചും പൊതുജനങ്ങളെ അറിയിക്കുക

12 ക്ഷേമപ്രവർത്തനങ്ങളിൽ ഉപഭോക്താക്കളുടെ സേവനവും സംഭാവനയും ഉറപ്പാക്കുക

12 നാഷണൽ സർവ്വീസ് സ്കീമിനു് സമാനമായ സന്നദ്ധസംഘടന പഞ്ചായത്തിൽ രൂപീകരിക്കുകയും അവരുടെ കർമ്മശേഷി വികസനപ്രവർത്തനങ്ങളിലേക്കു് തിരിച്ചുവിടുകയും ചെയ്യുക

14 ഇടനിലക്കാർ വഴി നടത്തപ്പെടുന്ന സേവനനിർമ്മാണപ്രവർത്തനങ്ങളും ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിൽ നടത്തുക

15 പ്രദേശത്തിന്റെ ആവശ്യകത മനസ്സിലാക്കിയും വിഭവങ്ങളുടെ ലഭ്യത കണക്കാക്കിയും പദ്ധതികൾ നടപ്പിലാക്കുക

16 മനുഷ്യശേഷി വർദ്ധിപ്പിക്കുവാൻ വീടുവീടാന്തരം കയറിയുള്ള ബോധവൽക്കരണ പ്രവർത്തനം നടത്തുക

17 പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സേവനനിർമ്മാണ പ്രവർത്തനങ്ങളിലെ തൊഴിൽ എടുക്കുന്നതിനാവശ്യമായ സന്നദ്ധ തൊഴിലാളികളുടെ ഗ്രൂപ്പ് വാർഡുതലങ്ങളിൽ രൂപീകരിക്കുകയും മിതമായ കൂലികൊടുത്തു് ഈ ഗ്രൂപ്പുകളെകൊണ്ടു് അതാതു് വാർഡിൽ ഉൾപ്പെടുന്ന തൊഴിൽ എടുപ്പിക്കുകയും ചെയ്യുക

IRDP സർവ്വേ പ്രകാരം ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്രരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പടെ	കാലഘട്ടം
3527	210	102	33	10	3517	92—93
82	9	86	26	8	74	93—94
41	5	94	32	9	32	94—95
—	—	102	33	10	—	95—96
3650	224	384	124	37	3623	

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

കാലഘട്ടം	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
92—93	—	18	—	3	15
93—94	—	13	—	3	10
94—95	—	14	—	5	9
95—96	—	19	6	9	4
		64	6	20	38

D. W. C. R. A. പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

യൂണിറ്റുകളുടെ എണ്ണം	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്നഅംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത സംബന്ധിച്ചകുറിപ്പ്
1 unit	—	1993–94	15	—
2 unit	—	1994–95	25	—
3 unit	—	1995–96	32	—
6 unit			72	

നിലവിലുള്ള പദ്ധതികൾ പ്രകാരം ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ

പദ്ധതികൾ	അനുവദിച്ച വീടുകൾ(1992 ന് ശേഷം)	പണിപൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനിയും പൂർത്തീകരിക്കാനുള്ള വീടുകൾ
I A Y	61	33	28
M W S	52	47	5
J R Y	92	87	5

നിലവിലുള്ള പദ്ധതികൾ പ്രകാരം അനുവദിച്ച കക്കൂസുകൾ സംബന്ധിക്കുന്ന വിവരങ്ങൾ

പദ്ധതികം	അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നു ശേഷം)	പണി പൂർത്തീകരിച്ചവയുടെ എണ്ണം	പൂർത്തീകരിക്കാത്ത കക്കൂസുകളുടെ എണ്ണം
C R S P	79	44	35
J R Y	133	133	Nil

നിർമ്മാണം പൂർത്തിയാക്കിയ സാമൂഹിക ആസ്തികളുടെ വിവരം (1992–നു ശേഷം)

1 സ്ത്രീ കെട്ടിടങ്ങം —2

2 ജലസേചന കിണറുകം —1

3 റോഡ് ടാർ ചെയ്തത് —3 കിലോമീറ്റർ

4 മറ്റ് നിർമ്മാണപ്രവർത്തനങ്ങം —62